GEORGIAN MIRROR
The Journal of Indian Orthodoxy

2013 **CONTENTS** APRIL - JUNE

Cover FEATURE
വിമോചനം

5 **സുരപാനശീലത്തിന്റെ കാണാപ്പുറങ്ങൾ**
- ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

6 **ലഹരിക്കു പിന്നിലെ മനഃശാസ്ത്രം**
- പ്രൊഫ. വി.ജെ. ആന്റണി

10 **മദ്യവും ഭരണകൂടവും നീതിപീഠവും**
- എം. ദാമോദരൻ

13 **മദ്യവും മയക്കുമരുന്നും പരീക്ഷിക്കരുത്**
- ഡോ. കെ.പി. ജോർജ്

14 **വിശ്വാസ സത്യങ്ങൾ**
വി. കുർബാന: ഒരു പഠനം
വി. കുർബാനയുടെ സമാപനഭാഗം
- പ്രൊഫ. തോമസ് പി. വർഗ്ഗീസ്

16 **വഴിവിളക്ക്**
വിശുദ്ധ ത്രിത്വം
- GJI

17 **പൗരസ്ത്യം**
ക്രിസ്തു സായിപ്പിന്റെയല്ല; നമ്മുടെയാളാണ്
- എൻ. ഗോപാലകൃഷ്ണൻ

18 **മെൽതൊ**
ക്രിസ്തു കഥകൾ: ഒരു പുനർവ്യാഖ്യാനം
- ഫാ. ഡോ. തോംസൺ റോബി

21 **വേദവിചാരം**
പെന്തക്കോസ്തുകാർ ക്രിസ്തുവിന്റെ ഉടമ്പടിയിൽ നിലനിൽക്കുന്നില്ല.
- ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

22 **സ്മരണാഞ്ജലി**
ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത സൽപ്പാതയിൽ ജനത്തെ നയിച്ച പുണ്യാത്മാവ്
- കെ.എം. വർഗ്ഗീസ്

31 **രത്നദീപം**
പുത്തൻകാവ് കൊച്ചുതിരുമേനി കാതോലിക്കേറ്റിന്റെ "രത്നദീപം"
- കെ.വി. മാമ്മൻ കോട്ടയ്ക്കൽ

32 **ഇരുളും വെളിച്ചവും**
സാഹോദര്യം സഭയിൽ
- ഫാ. ഡോ. ഒ. തോമസ്

33 **ചരമശതാബ്ദി**
അരമനയും ആറടി മണ്ണും ചെങ്കോലും ഇല്ലാതിരുന്ന ഒന്നാം കാതോലിക്കായുടെ ചരമശതാബ്ദി
- കെ.എം. വറുഗീസ്, കോട്ടയം

34 **ക്രൈസ്തവപീഡനം**
ഇബ്രാഹിം യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത

35 **സാന്ത്വനം**
സ്നേഹത്തണലിൽ ഈ സായാഹ്നം
- ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

37 **സാന്ത്വനം**
വാർദ്ധക്യം കയ്പോ? മധുരമോ?
- ഡോ. വർഗീസ് പുന്നൂസ്

40 **PARENTING**
Ideal Parenting -
An Orthodox Christian Perspective
- Metropolitan Dr. Abraham Mar Seraphim

42 **സഭൈക്യം**
പഞ്ചായത്തു മെമ്പർ ഉമ്മട്ടി പണിക്കരും മലങ്കര സഭാ സമാധാനവും
- ഡോ. എം. കുര്യൻ തോമസ്

43 **നസ്രാണിപഠനം**
എന്റെ നേരാങ്ങളയുടെ മകനെക്കൊന്നാൽ....
- ഡോ. എം. കുര്യൻ തോമസ്

46 **ജന്മശതാബ്ദി**
ഇ. ജോൺ ജേക്കബെന്ന സഭാ സ്നേഹി ജന്മശതാബ്ദിയുടെ നിറവിൽ
- തോമസ് കുതിരവട്ടം എക്സ്.എം.പി.

48 **ബഹുമതി**
സപ്തതിയുടെ നിറവിലും കാർഷിക പുരസ്കാരങ്ങൾ വാരിക്കൂട്ടുന്ന വർഗീസ് ജോർജ്
- ജോബ് സ്രായിൽ

49 **Letters**



കവർ:

കേരളം മദ്യത്തിൽ മുങ്ങുന്നു

ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്ന സംസ്ഥാനമാണ് കേരളം എന്ന് എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു 2013 ജൂൺ 10ന് കേരളനിയമസഭയിൽ പ്രസ്താവിച്ചു.

വരിക്കാരുടെ ശ്രദ്ധയ്ക്ക്

Change of Address യഥാസമയം സർക്കുലേഷൻ മാനേജരെ അറിയിക്കുക.

ജോർജിയൻ മിറർ

മലങ്കരയുടെ സത്യദർശനം

പു.5 * ലക്കം 2 2013 ഏപ്രിൽ – ജൂൺ

MISSION STATEMENT

To fight for
the MOST HOLY
FAITH that God
has once for all
entrusted to
His Saints
(St. Jude 3,20)



വിശുദ്ധന്മാർക്ക്
ഒരിക്കലായിട്ട്
ഭരമേൽപിച്ചിരിക്കുന്ന
അതിവിശുദ്ധ വിശ്വാ
സത്തിനു വേണ്ടി
പോരാടേണ്ടതിന്
(വി. യൂദാ 3,20)

രക്ഷാധികാരി
ഡോ. യാക്കോബ് മാർ ഐറേനിയോസ്

ചീഫ് എഡിറ്റർ
ഫാ. ജെയിംസ് വർഗീസ്

എഡിറ്റർ
സി. വി. ബഞ്ചമിൻ

മാനേജിംഗ് എഡിറ്റർ
സജു സി. ഡാനിയൽ

എക്സിക്യൂട്ടീവ് എഡിറ്റർ
പി. എ. അലക്സാണ്ടർ

കോ-ഓർഡിനേറ്റിങ്ങ് എഡിറ്റേഴ്സ്
അഡ്വ. വർഗീസ് പി. തോമസ്
ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

പ്രൂഫ് എഡിറ്റേഴ്സ്
സി.വി. സോളമൻ, കെ.സി. കുരുവിള

ഫോട്ടോ എഡിറ്റർ
ഏബ്രഹാം തരകൻ

ജനറൽ മാനേജർ
ഫാ. തോമസ് കെ. ഏലിയാസ്

മാർക്കറ്റിംഗ് മാനേജർ
പി. ഐ. ബാബു

സർക്കുലേഷൻ മാനേജർ
പി. എം. പീറ്റർ

ക്യാമ്പെയിൻ മാനേജർ
ജോർജ് വർഗീസ്

ഫൈനാൻസ് മാനേജർ
ജേക്കബ് ഡാനിയേൽ പി.

പ്രോഗ്രാം മാനേജർ
അഡ്വ. പി. സി. ചാക്കോ

എഡിറ്റോറിയൽ ബോർഡ്
ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്,
ഡി. വർഗീസ്, പ്രൊഫ. തോമസ് പി. വർഗീസ്,
പി.എ. ജോർജ്

അഡ്വൈസറി ബോർഡ്
ഫാ. സൈമൺ ജോസഫ്,
അലക്സാണ്ടർ കെ. ജോൺ
ടി.ഇ. വർഗീസ്, ലീലാമ്മ കുര്യൻ,
റേച്ചൽ ലാബി, എം.ഐ. സൈമൺ
കെ.ജെ. ശിവജി

ടെക്നിക്കൽ കൺസൾട്ടന്റ്
മാത്യൂ ആൻഡ്രൂസ്

Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.

© All rights reserved. Reproduction in any manner without permission is prohibited.

Printed and Published by:
D. Varghese for St. George Orthodox Valiyapally, Palarivattom, Kochi-682 025

Editor : C.V. Benjamin, Responsible for selection of news under the PRB Act

Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
Email: gmirror2009@yahoo.com
Chief Editor: 94972 57474 Email: frjames2003@hotmail.com
General Manager: 97464 05938 Editor: 93884 73243
Church Website: www.sgovp.com
Church Office Email: sgovpp@gmail.com
Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

എഡിറ്റോറിയൽ

ലജ്ജിപ്പിക്കുന്ന ഒന്നാം സ്ഥാനം

ഈ ലക്കം ജോർജിയൻ മിറർ സമൂഹത്തിന്റെ സത്വര ശ്രദ്ധ ആവശ്യമായിരിക്കുന്ന ഒരു വിപത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്. സാക്ഷര കേരളത്തെ ഞെട്ടിപ്പിക്കുന്നതും ലജ്ജിപ്പിക്കുന്നതുമായ കണക്കുകളാണ് 2013 ജൂൺ 10ന് നമ്മുടെ നിയമസഭയിൽ അവതരിപ്പിച്ചത്. മദ്യ വിപണന – ഉപഭോഗരംഗത്ത് ഒന്നാം സ്ഥാനത്ത് നിന്നിരുന്ന പഞ്ചാബിനെ പിന്നിലാക്കി കേരളം ആ സ്ഥാനത്തേക്ക് കയറിയിരിക്കുന്നു എന്ന പ്രസ്താവന ഏവരേയും ആശങ്കപ്പെടുത്തുന്നതാണ്. രാജ്യത്തിന് എന്നും മാതൃകയായി തലയുയർത്തി നിന്നിരുന്ന ഈ കൊച്ചു സംസ്ഥാനത്തിന്റെ തലയിൽ ലജ്ജയുടെ പുതപ്പണിയിക്കുന്ന കണക്കുകൾ നമ്മുടെ മത-സാമൂഹ്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്.

- ദേശീയ ശരാശരിയേക്കാൾ 3 ഇരട്ടി മദ്യം മലയാളികൾ ഉള്ളിലാക്കുന്നു.
- രാജ്യത്തെ മദ്യവിൽപ്പനയുടെ 16%വും ഈ കൊച്ചു കേരളത്തിൽ ആണ്.
- സ്ത്രീപുരുഷസമത്വം മദ്യപാനത്തിലും. മദ്യത്തോടുള്ള ആസക്തി സ്ത്രീകളിലും വർദ്ധിക്കുന്നു.
- ദൈവത്തിന്റെ നാട്ടിൽ മദ്യപാനം ആരംഭിക്കുന്ന പ്രായം 12 വയസ്സ്.
- 85% കുടുംബകലഹങ്ങൾക്കും കാരണം മദ്യപാനം.
- മദ്യം ഉപയോഗിക്കുന്ന യുവാക്കളിൽ 42% കടുത്ത മദ്യപാനികളാണ്.

William Shakespearesâ *Othello* യിലെ ആത്മഗതം ഈ തരുണത്തിൽ ശ്രദ്ധേയമാണ്.

"O God, that men should put an enemy
in their mouth to steal their brains".

സുബോധമുള്ള ഒരു സമൂഹത്തെ മറ്റൊരു 'വിമോചനസമരത്തിന്' സമയമായി എന്ന് ഓർമ്മിപ്പിക്കുന്നതാണ് ഈ കണക്കുകൾ. "മദ്യവിമുക്തസുബോധകേരളം' എന്ന ആഹ്വാനവുമായി ഈ വിഷയത്തിൽ ഈടുറ്റ ചിന്തകൾ ഈ ലക്കം വായനക്കാർക്കായി കോർത്തിണക്കിയിരിക്കുന്നു. "മദ്യപൻമാരേ ഉണർന്നു കരയുവിൻ" (യോവേൽ 1:5) എന്ന പ്രവാചകന്റെ ആഹ്വാനം സ്മൃതിപഥത്തിൽ കൊണ്ടുവരുന്നു.

വി. കുർബ്ബാനയെക്കുറിച്ചുള്ള പഠനപരമ്പരയുടെ സമാപ്തി കുറിക്കുന്നു ഈ ലക്കത്തിൽ .

മൗനത്തിലൂടെയും, ധീരനിലപാടുകളിലൂടെയും സഭാമക്കൾക്ക് ആത്മീയ ഊർജ്ജം പകർന്നിരുന്ന അഭിവന്ദ്യ ഈവാനിയോസ് തിരുമേനിയുടെ ദേഹവിയോഗത്തിൽ ജോർജിയൻ മിറർ ആദരവോടെ കണ്ണീരിൽ കുതിർന്ന അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നു.

ചിന്തോദ്ദീപകമായ മറ്റനേകം ലേഖനങ്ങൾകൊണ്ട് സമ്പന്നമാണീ ലക്കം.

ഏവരേയും വായനയുടെ വിരുന്നിലേക്ക് ക്ഷണിച്ചുകൊള്ളുന്നു

ക്രിസ്തുയേശുവിൽ നിങ്ങളുടെ

ജയിംസ് വർഗ്ഗീസ് അച്ചൻ

സുരപാനശീലത്തിന്റെ കാണാപ്പുറങ്ങൾ

■ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



'സുരപാനം' എന്നത് കേവലം 'മദ്യപാനം' എന്നു പറയുന്നതിനെക്കാൾ മാന്യതയുള്ളതാണെന്നു തോന്നിയേക്കാം! പദത്തിന്റെ നിഷ്പത്തി പ്രകാരം സുരലോകത്തുനിന്നാരംഭിച്ചതാണോ എന്തോ? എന്തായാലും മനുഷ്യരാശിയുടെ ചരിത്രത്തോളം തന്നെ പ്രായമുള്ളതാണ് ലഹരിയുടെ ഉപയോഗം. 'മറ്റൊരു ലോകാനുഭൂതി' ഉളവാക്കുന്ന ചില വസ്തുക്കളുടെ ഉപയോഗത്തെപ്പറ്റിയുള്ള അറിവിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. പ്രശസ്തരായിരുന്ന ഏതാനും സാഹിത്യകാരന്മാർക്ക് എഴുതാനുള്ള പ്രചോദനം (inspiration) ഏതെങ്കിലും ഒരു പ്രത്യേക വസ്തുവിന്റെ ഉപയോഗം വഴിയുള്ള 'യാത്ര'യിലൂടെ ലഭിച്ചിരുന്നു എന്നത് സുവിദിതമാണല്ലോ. ആധുനികകാലത്തും ഈ ധാരണ വച്ചുപുലർത്തുന്നവരും പ്രയോഗത്തിൽ വരുത്തുന്നവരും കണ്ടേക്കാം. അമേരിക്കപോലെയുള്ള 'വികസിത' രാഷ്ട്രങ്ങളിൽ മദ്യാദി ലഹരി വസ്തുക്കളെപ്പൊലെ ലഹരിദായകമായിത്തീർന്നിട്ടുണ്ട് തോക്കിന്റെ ഉപയോഗം. അങ്ങനെ ശാസ്ത്രത്തിന്റെ സമ്മാനമായ മരണം വിതയ്ക്കുന്ന യന്ത്രം പ്രയോഗിച്ച്, മനുഷ്യരെ കൊല്ലുന്നതും ലഹരിയായി മാറിയിരിക്കുന്നു!

അതിശൈത്യം അനുഭവപ്പെടുന്ന മേഖലകളിൽ മദ്യം ഒരു സാധാരണ പാനീയംപോലെ കരുതപ്പെടുന്നു. ഉഷ്ണമേഖലാ പ്രദേശങ്ങളിലെ കഥ വിഭിന്നമാണ്. 'മദ്യം' ഒരു അനിവാര്യതയായോ, ആഹാരസാധനമായോ ഒരിടത്തും അംഗീകരിച്ചിട്ടില്ല. വ്യക്തിസ്വാതന്ത്ര്യത്തിലെ ഒരു ഘടകം എന്നു പറഞ്ഞുവയ്ക്കാം; അത്രതന്നെ. സ്വാതന്ത്ര്യം എന്നാൽ എന്താണെന്ന് ഗ്രഹിക്കുന്ന സാമൂഹ്യജീവിയായ മനുഷ്യൻ, തന്നിഷ്ടംപോലെ, വിവേചനരഹിതമായി പ്രവർത്തിക്കുന്നതാണ് അത് എന്നു പറയാനിടയില്ല. വ്യക്തിസ്വാതന്ത്ര്യം, അറിയാനുള്ള അടിസ്ഥാന അവകാശം മുതലായവ ഏറ്റം പ്രകീർത്തിക്കപ്പെടുന്ന നൂറ്റാണ്ടാണ് നമ്മുടേത്. മദ്യപാനത്തിന്റെ 'അനന്തര'ങ്ങൾ നിരുപദ്രവമാണെന്ന് ആരും വാദിക്കുമെന്നും തോന്നുന്നില്ല.

മദ്യപാനം ആരംഭിച്ച കാലം മുതൽ തന്നെ അതിനെതിരായ ശബ്ദങ്ങളും ഉയർന്നിരിക്കാനാണു സാധ്യത. മദ്യപാനം ഉതിർക്കുന്ന ദുഷ്ടഫലങ്ങൾ തന്നെ കാരണം. ദൈവഭക്തനും നീതിമാനും ദൈവനിയോഗത്തിന്റെ സജീവ 'സാക്ഷി'യുമായിരുന്ന നോഹ വീഞ്ഞുകുടിച്ച് ലക്കുകെട്ടു കിടന്നപ്പോഴത്തെ 'പോഴത്തം' പഴയനിയമത്തിലെ ഒരു ആദ്യകാല ദൃഷ്ടാന്തം മാത്രം (ഉല്പ. 9:20+). വീഞ്ഞുകുടിച്ച് മദോന്മത്തരാകുന്നവരുടെ 'പ്രതിസംസ്കാര' പ്രവണതകളെപ്പറ്റി വി. വേദഗ്രന്ഥം വിശദമായി, പലയിടത്തായി പ്രതിപാദിക്കുന്നുണ്ട്. മറ്റു മതങ്ങളുടെയും, മതഗ്രന്ഥങ്ങളുടെയും ഉപദേശങ്ങൾ വിഭിന്നമല്ല. ചുരുക്കിപ്പറഞ്ഞാൽ, നേർബുദ്ധിയെ 'കൂനൻബുദ്ധി'യാക്കുന്ന മദ്യപാനത്തെ സംസ്കാരമുള്ള ആരും തന്നെ അനുകൂലിക്കുന്നില്ല.

ഒരു വൃക്ഷത്തെ അതിന്റെ ഫലംകൊണ്ട് തിരിച്ചറിയണം എന്ന ലോകരക്ഷകന്റെ പ്രസ്താവം ഇവിടെയും പ്രസക്തമാണ്. മദ്യപാനം അഭിലഷണീയമോ, അല്ലയോ എന്ന്, അതിന്റെ ഫലങ്ങളും പ്രത്യാഘാതങ്ങളും കൊണ്ട് തിരിച്ചറിയാം. ദുഃഖവും നിരാശാബോധവുമകറ്റാൻ മദ്യപാനം ഉപകരിക്കുന്നു എന്നു പറയുന്നവരുണ്ടാകാം. എങ്കിലും സൂക്ഷ്മപരിശോധനയിൽ ഇതും അടിസ്ഥാനരഹിതമാണെന്നു കാണാം. മദ്യസേവകൊണ്ട് ദുഃഖവും നിരാശയും കൂടുന്നതല്ലാതെ കുറയുന്നതിന് തെളിവുകളില്ല. കുടുംബബന്ധങ്ങളുടെ തകർച്ച, കുടുംബങ്ങളിലെ അസമാധാനം, അക്രമവാസന, ലൈംഗിക അതിക്രമങ്ങൾ, കലഹങ്ങൾ തുടങ്ങിയവയ്ക്കെല്ലാം വഴിവച്ചുകൊണ്ടിരിക്കുന്ന മദ്യപാനശീലത്തിന് അധികം പേരും അടിമപ്പെടുന്നതെന്തുകൊണ്ട്? മറുപടി ഒന്നേയുള്ളു - ലഹരി. ഒരിക്കൽ തുടങ്ങിക്കഴിഞ്ഞാൽ നീരാളിപ്പിടിത്തം പോലെയാണത്; അതിൽനിന്നും വിമുക്തമാകുക അനായാസകരമല്ല.

മറ്റേതു തിന്മയോടെന്നതുപോലെ, മദ്യപാനശീലത്തോടും ഒരു ഒത്തുതീർപ്പ് (compromise) ആധുനിക ലോകത്തിന്റെ ഒരു സവിശേഷതയാണ്. ഈ ദുഃശീലത്തിന് ഉണ്ടെന്നു കരുതിയിരുന്ന 'പേരുദോഷം' മിക്കവാറും മാറി. ഏറെ വാഹനാപകടങ്ങളും, സമൂഹത്തിലെ അതിക്രമങ്ങളും, മദ്യപാനത്തിൽ നിന്നുണ്ടാകുന്നു എന്നറിയാത്തവർ ചുരുങ്ങും. എന്നിട്ടും എന്തേ, മദ്യവിൽപനയുടെയും മദ്യപാനത്തിന്റെയും വലിപ്പം കൂടിക്കൊണ്ടിരിക്കുന്നത്? മദ്യം ഔദ്യോഗികമായി വിറ്റു ലാഭമുണ്ടാക്കി 'ചെലവു നടത്തുന്ന' സർക്കാരിനും കുടിച്ചു മനോരോഗികളാകുന്ന കുടിയന്മാർക്കും ഈ പ്രവണതയിൽ ഒരു 'ദൂഷ്യവും' കാണാനാവുന്നില്ല. ഈ പ്രതിഭാസം സമൂഹത്തിന്റെ അഴിവിനും സർവ്വനാശത്തിനും അരാജകത്വത്തിനും വഴിവയ്ക്കുമെന്ന് അറിയാത്തവരായി ആരുമില്ല!

വാഹനാപകടങ്ങളുടെയും സ്ത്രീകളുടെ നേർക്കുള്ള അതിക്രമങ്ങളുടെയും പ്രതിസ്ഥാനത്തു നിൽക്കുന്നവരിൽ ബഹുഭൂരിഭാഗവും 'മദ്യപിച്ചിരുന്നു' എന്ന വാർത്തയ്ക്ക് ഇന്നു പുതുമയില്ല; അതിൽ ആരും ബേജാറാവുന്നുമില്ല.

ഇന്ന് മദ്യപാനം ചെറുപ്പത്തിലേ തുടങ്ങുന്നു; പ്രധാനകാരണം മുതിർന്നവരുടെ മാതൃകാദോഷമായ സ്വഭാവവും, മദ്യത്തിന്റെ സുലഭ്യതയുമാണ്. മദ്യനിരോധനം, വ്യാജമദ്യനിർമ്മാണത്തിനും, തൻമൂലമുണ്ടാകുന്ന അപകടങ്ങൾക്കും വഴിവയ്ക്കുമെന്നാണ് ഒരു വിശദീകരണം. ഈയിടെ അമേരിക്കയിലെ ന്യൂ ടൗൺ എന്ന സ്ഥലത്തെ ഒരു സ്കൂളിൽ ഇരുപതു വയസ്സുകാരനായ ഒരു വിദ്യാർത്ഥി 26 പേരെ വെടിവച്ചുകൊന്നത് ഞെട്ടിപ്പിക്കുന്ന ഒരു സംഭവമായിരുന്നു. ഇത്തരം സംഭവം ഇതാദ്യമായിട്ടല്ലെങ്കിലും, തോക്കിന്റെ ഉപയോഗത്തിനു നിയന്ത്രണമേർപ്പെടുത്തണമെന്ന ആവശ്യം വീണ്ടും സജീവമായി. അമേരിക്കയിലെ തോക്കുവ്യവസായികളുടെ ശക്തമായ ഗൺ ലോബി അടങ്ങിയിരിക്കുമോ? അവർ നിർദ്ദേശിച്ച പരിഹാരം രസാവഹമാണ്. സ്കൂളുകളിലും മറ്റു സ്ഥലങ്ങളിലും തോക്കുധാരികളായ സുരക്ഷാ ഉദ്യോഗസ്ഥരുടെ എണ്ണംകൂട്ടുക; അപ്പോൾ സുരക്ഷിതത്വവും മെച്ചമാകും. ചുരുക്കത്തിൽ, കുറെ തോക്കുകൾ കൂടെ വിൽക്കാമെന്നു സാരം!

'വിശ്വാസം' വ്യക്തിപരമായ കാര്യമാണെന്നും, അതു വേണമോ വേണ്ടയോ അഥവാ എങ്ങനെ വേണം എന്നെല്ലാം നിർണ്ണയിക്കുന്നത് വ്യക്തിയാണ് എന്നുമുള്ള വാദം പലയിടത്തും കാണാം. വ്യക്തിസ്വാതന്ത്ര്യത്തിന് അതിരുകൾ പരിമിതമാണ് എന്നത് മറന്നുപോകുന്നു. ഏകദേശം അതേ രൂപത്തിൽ തന്നെ മദ്യത്തിന്റെ ഉപയോഗത്തെയും വ്യക്തിസ്വാതന്ത്ര്യമെന്ന പീഠത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. അങ്ങനെ അതിന് മറ്റേതു കാര്യവും പോലെ സാമാന്യതയും മാന്യതയും കൈവന്നു. ലഹരിയിൽ നിൽക്കുന്നവർ മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തിലേക്ക് അതിക്രമിച്ചു കടക്കുന്നത്, "മദ്യപാനത്തിന്റെ പരിണിതഫല'മായി കാണാൻ പലരും മടിക്കുന്നുണ്ട്. മദ്യപാനം വരുത്തുന്ന വിപത്തുകൾ അനുനിമിഷം മുമ്പിൽ കണ്ടിട്ടും, അതിനെ നിയന്ത്രിക്കാനോ തള്ളിപ്പറയാനോ അറച്ചുനിൽക്കുന്ന ഭയാനകമായ ദൃശ്യം ഒരുതരം ആത്മഹത്യാ പ്രവണതയുടെ സൂചനയല്ലേ?

പണം സുലഭമാവുകയും, അനുകരണഭ്രമം വർദ്ധിക്കുയും, ആത്മനിയന്ത്രണത്തിന്റെ ചരടുകൾ ദുർബലമാവുകയും ചെയ്തിരിക്കുന്ന ഒരു സാമൂഹ്യ പശ്ചാത്തലത്തിലാണ് മദ്യമെന്ന വിപത്തിനെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടത്. ഒരു വഴിക്ക് 'ഗാന്ധിയൻ' രീതിയിൽ മദ്യമെന്ന വിഷവസ്തുവിനെക്കുറിച്ച് പ്രബോധനം നൽകുകയും, മറുവഴിക്ക് ഭരണയന്ത്രം കറക്കുന്ന എണ്ണയായി മദ്യം തീരുകയും ചെയ്തിരിക്കുന്ന കാഴ്ച പരമദയനീയമാണ്. തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികൾ പണം ചെലവഴിക്കുന്നതിനു നിയന്ത്രണം ഏർപ്പെടുത്തുകയും വിവരാവകാശ നിയമം നടപ്പാക്കുകയും ചെയ്ത രാജ്യത്ത്, പൗരന്മാരെ മദ്യം കുടിപ്പിച്ചു കിട്ടുന്ന ലാഭംകൊണ്ട് സർക്കാരിന്റെ ചെലവുകൾ നടത്തുന്നത് സഭ്യതയും ധാർമ്മികതയും തീർക്കുന്ന അതിരുകൾക്കപ്പുറമായി എന്നു പറഞ്ഞാൽ അത് ഒട്ടും കൂടുതലല്ല.

കുറെക്കഴിയുമ്പോൾ കുടിയന്മാർക്ക് സബ്സിഡിയോ, മറ്റ് ഇൻസെന്റീവ് വല്ലതുമോ കൊടുത്താൽ അദ്ഭുതപ്പെടാനില്ല. അങ്ങനെയാണ് ഇപ്പോൾ കാര്യങ്ങൾ.

മദ്യമെന്ന കൊടിയ വിപത്തിനെപ്പറ്റി വളർന്നുവരുന്ന തലമുറയ്ക്ക് ശരിയായ ബോധവൽക്കരണം നൽകുന്നത് ഒരു പരിഹാരമാർഗ്ഗമാകാം. സമൂഹഗാത്രത്തെ ഗ്രസിച്ചിരിക്കുന്ന ഒട്ടനവധി 'കൊള്ളരുതായ്മകളുണ്ട്. നന്മയായിട്ടുള്ളതിനെക്കാൾ ശീഘ്രഗതിയിൽ വളരുന്നത് തിന്മയുടെ വിഷവിത്തുകളാണ്. അധികം അനുകരിക്കപ്പെടുന്നതും തിന്മതന്നെ. പബ്ലിക് റിലേഷൻസിൽ നന്മയെക്കാൾ തിന്മയാണ് മുമ്പിൽ. ആരോഗ്യകരമായ കുടുംബ വിദ്യാഭ്യാസം സ്കൂളുകളിലും

ലഹരിക്കു പിന്നിലെ മനഃശാസ്ത്രം

■ പ്രൊഫ. വി.ജെ. ആന്റണി

ലഹരിയിൽ എരിഞ്ഞടങ്ങുന്ന യുവത്വം സമൂഹത്തിനു മുമ്പിൽ ചോദ്യചിഹ്നമായി ഉയർന്നുനിൽക്കുന്നു. സാമൂഹ്യ സാഹചര്യങ്ങൾ വിദ്യാർത്ഥിയെ - യുവത്വത്തെ ലഹരിയിലേക്ക് എങ്ങനെ മാടിവിളിക്കുന്നു?

ബിനോജിന്റെ കഥ



ഒരു സംഭവം ഓർമ്മയിൽ വരുന്നു.

ഏകദേശം നാലു മാസം മുമ്പ് ബിനോജ് എന്നു പേരുള്ള ഒരു കുട്ടിയുടെ അച്ഛൻ എന്നെ കാണുവാൻ വന്നു. പരിചയപ്പെട്ട ലിനുശേഷം അദ്ദേഹം തന്റെ വരവിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തി.

"എന്റെ മകൻ ഒമ്പതാം ക്ലാസിൽ തോറ്റ് വീണ്ടും അവിടെ തന്നെ പഠിക്കുകയാണ്. ഈ വർഷത്തെ പരീക്ഷയിൽ ഒന്നിനു പോലും ജയിച്ചിട്ടില്ല. പലപ്പോഴും പുസ്തകത്തിനു മുന്നിലിരിക്കുന്നതു കാണാം. പക്ഷേ ഒരു ഫലവുമില്ല."

"ആള് പാവമാണ്. എന്തു പറഞ്ഞാലും അനുസരിക്കും. മിക്കപ്പോഴും മുറി അടച്ചിട്ടിരുന്നാണ് പഠിപ്പ്. പണ്ടൊക്കെ തുള്ളിച്ചാടി നടന്നിരുന്ന കുട്ടിയാണ്. അഞ്ചാം ക്ലാസിൽ എത്തിയതിൽ പിന്നെ എല്ലാം മാറി. അവന്റെ കളിയും ചിരിയും കണ്ടിട്ട് വർഷങ്ങളായി."

"താഴ്ന്ന ക്ലാസുകളിലും ഇപ്രകാരമായിരുന്നുവോ?" ഞാൻ ചോദിച്ചു.

"അല്ല. നാലാം ക്ലാസുവരെ ക്ലാസിൽ ഒന്നാമനോ രണ്ടാമനോ ആയിരുന്നു. അഞ്ചാം ക്ലാസിൽ വേറൊരു സ്കൂളിലേക്കു മാറ്റേണ്ടിവന്നു. ആദ്യമൊക്കെ നന്നായി പഠിച്ചിരുന്നു. പിന്നെ പെട്ടെന്നായിരുന്നു മാറ്റം. കാരണമൊന്നും അവൻ പറയുന്നില്ല. ഞങ്ങളും അദ്ധ്യാപകരുമൊക്കെ മാറിമാറി ചോദിച്ചു. 'ഒന്നുമില്ല' എന്നല്ലാതെ മറ്റൊന്നും അവൻ പറയുന്നില്ല. പല ഡോക്ടർമാരെയും കാണിച്ചു. അസുഖമൊന്നുമില്ലെന്നാണ് അവർ പറയുന്നത്. ചിലർ പറഞ്ഞു മടിയാണെന്ന്. കുറെ ശിക്ഷിച്ചു. ഒരു ഫലവുമില്ല. ഞങ്ങളാകെ തകർന്നിരിക്കുകയാണ്. എന്തു ചെയ്യണമെന്ന് ഒരു രൂപവുമില്ല."

"വല്ല കഞ്ചാവോ മറ്റോ............"

'ഒരിക്കലുമില്ല. അവൻ ഒരു സിഗരറ്റ് പോലും വലിക്കില്ല."

"കളവ്?"

"ഒട്ടുമില്ല. അവൻ അത്തരക്കാരനല്ല. വീട്ടിലെ ചില സാധനങ്ങൾ ഇടയ്ക്കു കാണാതായിട്ടുണ്ട്. പക്ഷേ അതൊന്നും അവൻ ചെയ്തതല്ല, പണിക്കാർ എടുത്തതാകാനാണ് സാധ്യത."

"കൂട്ടുകാർ ഏതു തരക്കാരാണ്?"

"കൂട്ടുകാർ ധാരാളം പേരുണ്ട്. മിക്കവാറും ദിവസങ്ങളിൽ അവനെ അന്വേഷിച്ച് ആരെങ്കിലും വരും. പലരും ഇവനെക്കാൾ പ്രായക്കൂടുതലുള്ളവരാണെന്ന ഒരു പ്രത്യേകത ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പക്ഷേ ആരും അത്ര പ്രശ്നക്കാരായി തോന്നിയിട്ടില്ല."

അച്ഛൻ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബിനോജ് മയക്കുമരുന്നിന് അടിമയാണെന്ന നിഗമനത്തിലാണ് ഞാൻ എത്തിച്ചേർന്നത്.

ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് കുട്ടിയെ പിറ്റേദിവസം കൊണ്ടുവന്നു. അധികം ഉയരമില്ലാത്ത, വെളുത്ത് വിളറിയ, ശാന്തനായ, ഒരു ചെറിയ കുട്ടി. മുഖത്ത് പരിഭ്രമം നിഴലിച്ചിരുന്നു.

"മോൻ ഡ്രഗ്സ് എടുക്കാറുണ്ട് അല്ലെ?" ഞാൻ അവന്റെ കണ്ണിൽ നോക്കി ശാന്തസ്വരത്തിൽ, പക്ഷേ തറപ്പിച്ച് ചോദിച്ചു.

ഏതാനും നിമിഷം എന്റെ മുഖത്ത് സംശയദൃഷ്ട്യാ നോക്കിയ ശേഷം ബിനോജ് പറഞ്ഞു.

"ഉവ്വ്. പക്ഷേ അച്ഛനോട് ഇക്കാര്യം പറയരുത്."

"എത്രനാളായി തുടങ്ങിയിട്ട്?"

"അഞ്ചാം ക്ലാസിൽവച്ച് തുടങ്ങിയതാണ്!"

" സംഭവിച്ചതെല്ലാം ഒന്നു വിശദമായി പറയാമോ?"

"ഞാൻ നാലാം ക്ലാസ് വരെ ഒരു സ്കൂളിലാണ് പഠിച്ചിരുന്നത് ക്ലാസിൽ എന്നും ഒന്നാമനായിരുന്നു. അഞ്ചിൽവച്ച് മറ്റൊരു സ്കൂളിലേക്കു മാറി. അവിടെയും ക്ലാസിൽ ഒന്നാമനായിരുന്നു."

"ഒരു ദിവസം ഒരു കൂട്ടുകാരൻ എന്നോട് സിഗരറ്റ് വലിക്കണോ എന്നു ചോദിച്ചു. ഞാൻ വേണമെന്നു പറഞ്ഞു. അവൻ ക്ലാസ് കഴിഞ്ഞപ്പോൾ സ്കൂളിൽനിന്ന് അകലെ ഒരു കുറ്റിക്കാട്ടിൽ എന്നെ കൊണ്ടുപോയി. അവിടെ കുറെ ചേട്ടന്മാർ നിൽക്കുന്നുണ്ടായിരുന്നു. അവരിൽ ഒരു ചേട്ടൻ എനിക്കൊരു സിഗരറ്റ് തന്നു. അവനും ഒരെണ്ണം കൊടുത്തു. രണ്ടു പേരും വലിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ എനിക്ക് നല്ല സുഖം തോന്നി. വായുവിൽ പൊങ്ങിനിൽക്കുന്നതുപോലെയാണ് തോന്നിയത്."

"രാത്രിയായപ്പോഴേക്കും എന്റെ സുഖമെല്ലാം മാറി. ശരീരം വേദനിക്കാൻ തുടങ്ങി. എല്ലാ പേശികളും വലിഞ്ഞുമുറുകുന്നതുപോലെ തോന്നി. തലകറക്കവും വിഭ്രാന്തിയും അനുഭവപ്പെട്ടു. എല്ലാം കൂടി പറഞ്ഞറിയിക്കാൻ പറ്റാത്ത വിഷമങ്ങളായിരുന്നു അനുഭവപ്പെട്ടത്. കുറേനേരം കഴിഞ്ഞാണ് ഉറങ്ങാൻ സാധിച്ചത്."

"പിറ്റേന്നു രാവിലെ എണീറ്റപ്പോൾ എനിക്കു വല്ലാത്ത അവശത അനുഭവപ്പെട്ടു. വീണ്ടും സിഗരറ്റ് വലിക്കുവാൻ അതിയായ ആഗ്രഹം തോന്നി. ക്ലാസ് കഴിഞ്ഞ് കൂട്ടുകാരന്റെ കൂടെ വീണ്ടും പഴയ സ്ഥല

മറ്റും നൽകേണ്ടതാണെന്നുള്ള ധാരണ ഇന്നു പ്രബലമായിട്ടുണ്ട്. അപ്രകാരം തന്നെ മദ്യപാനത്തിന്റെ ദോഷവശങ്ങളെപ്പറ്റി 'ശാസ്ത്രീയ'മായി ത്തന്നെ പഠിപ്പിക്കുന്നതിനുള്ള പദ്ധതികൾ അനിവാര്യമായിത്തീർന്നിരിക്കുന്നു. അഭ്യസ്തവിദ്യരിലും നിരക്ഷരരിലും ഒരുപോലെ പടർന്നുപിടിച്ചിരിക്കുന്ന മദ്യശീലം വരുത്തുന്ന ദുരന്തങ്ങൾ 'കുടിയന്മാർ' വേണ്ടവിധം അറിഞ്ഞിട്ടുണ്ടോ, എന്തോ? കുടിക്കാത്തവരോടു മാത്രമല്ല, കുടിയന്മാരോട് ഇതേപ്പറ്റി സംസാരിക്കേണ്ടത് അനിവാര്യമാണെന്നു തോന്നുന്നു. കുടിയന്മാരുടെ ഒരു സംഗമം സംഘടിപ്പിച്ചാൽ വളരെ വലിയ ഒരു പുരുഷാരമായിരിക്കും അതിൽ സംബന്ധിക്കുക! തലമുറകൾക്ക് മദ്യപാനശീലം വരുത്തിത്തീർക്കുന്ന ദുരന്തത്തെപ്പറ്റി, മദ്യപർക്ക് 'സുബോധമുള്ളപ്പോൾ' അവരെ ധരിപ്പിക്കുന്നത് പ്രയോജനകരമാവാം.

ജനങ്ങൾക്ക് കയ്യെത്തുന്ന ദൂരത്ത് മദ്യം ലഭ്യമാക്കുകയും, മദ്യപിച്ച് വണ്ടി ഓടിക്കുന്നവരെ 'ഊതുന്ന'ന്നതിലൂടെ പിടികൂടി ശിക്ഷിക്കുകയും ചെയ്യുന്ന സർക്കാർ പ്രക്രിയ ഒരു കോമഡി ഷോ പോലെ തമാശതന്നെ. 'വീട്ടിലിരുന്നു കുടിച്ചിട്ട് ഉറങ്ങിക്കൊള്ളണം, ആ സ്ഥിതിയിൽ പുറത്തിറങ്ങാൻ പാടില്ല' എന്ന സർക്കാർ ശാഠ്യം എത്ര പ്രായോഗികമെന്ന് ഇന്നു സുവിദിതമാണ്. ജനങ്ങളുടെ കായികവും മാനസികവും ധാർമ്മികവുമായ ആരോഗ്യം സംരക്ഷിക്കുന്ന ചുമതലയിൽ സർക്കാരിനു ഗണ്യമായ പങ്കുണ്ട്. അല്ലെങ്കിൽ 'ആരോഗ്യപരിപാലനത്തിന്' ഒരു വകുപ്പും അതിന്റെ തലപ്പത്ത് ഒരു മന്ത്രിയും ആവശ്യമില്ലല്ലോ. മനുഷ്യനെ, 'ലക്കുകെട്ട്' എന്ത് അധർമ്മം ചെയ്യുന്നതിനും സജ്ജമാക്കുന്ന മദ്യം നൽകുന്നതുതന്നെ ഒരളവിൽ 'കൊലക്കുറ്റം' തന്നെയല്ലേ!

പൗരന്മാരെ മദ്യം കുടിപ്പിച്ച് കിട്ടുന്ന കൊള്ള ലാഭം കൊണ്ട് ഭരണയന്ത്രം നടത്തുന്ന ഏർപ്പാട് ലോകത്ത് മറ്റൊരിടത്തും ഉണ്ടാവില്ല

ഈ വിഷയത്തിൽ മതങ്ങൾ, സാമൂഹ്യസംഘടനകൾ, സാംസ്കാരിക കൂട്ടങ്ങൾ തുടങ്ങിയവയ്ക്ക് നിർണ്ണായകമായ പങ്കുവഹിക്കാനുണ്ട്. ജനനം, വിവാഹം, മരണം, സമ്മേളനങ്ങൾ ഇവയെല്ലാം ഇക്കാലത്ത് മദ്യപാനം അകമ്പടി സേവിക്കുന്ന ആഘോഷങ്ങളല്ലേ? രാഷ്ട്രീയം എന്നതിൽ ഇന്ന് മദ്യം നന്നായി കലർന്നിരിക്കുന്നു. മഹാത്മജി വിഭാവനം ചെയ്ത ധർമ്മനിബദ്ധമായ രാഷ്ട്രീയം എവിടെ? ഇന്നത്തെ, പണത്തിലും മദ്യത്തിലും മുങ്ങിയ രാഷ്ട്രീയം എവിടെ?

മദ്യപൻ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന പ്രസ്താവം വിശ്വസിക്കുന്നവർക്ക് എങ്ങനെ മറിച്ചു പ്രവർത്തിക്കാനാവും. മദ്യസേവ ഒരു 'പാപ'മല്ല എന്നു കരുതുന്ന 'വിശ്വാസികൾ' ഇന്ന് ഉണ്ടെന്നുള്ളത് കേവലം പരമാർത്ഥം മാത്രം. 'അൽപസ്വൽപം' നല്ല കാര്യങ്ങൾ ചെയ്ത് ജീവിച്ചാൽ മതി, 'അൽപസ്വൽപം' മിനുങ്ങിയാലും തരക്കേടില്ല എന്ന ഒരു ധാരണ ഇന്നു പരക്കെ കാണുന്നുണ്ട്. മദ്യപർ പല മേഖലയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല. ഉദാ: രാഷ്ട്രീയം, ഭരണകൂടം, സാമൂഹ്യസേവനം. മതങ്ങളുടെ പ്രവർത്തകർ മദ്യപരല്ല എന്ന് ഉറപ്പാക്കാൻ ഒരു മതത്തിനും കഴിയുന്നില്ല എന്നത് ഒരു പരാജയം തന്നെയല്ലേ? GM

ത്തേക്കു പോയി. ഒരു ചേട്ടൻ ഒരു സിഗരറ്റ് തന്നു. അതു വലിച്ച് കുറച്ചു കഴിഞ്ഞപ്പോൾ എന്റെ വിഷമതകളെല്ലാം മാറി. നല്ല സുഖം തോന്നി. രാത്രിയായപ്പോൾ വീണ്ടും തലേദിവസത്തെപ്പോലെ വിഷമതകൾ തുടങ്ങി. ദേഹം മുഴുവനും വേദനയും മനസ്സിന് അസ്വസ്ഥതയും പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരുതരം ഭയവും അനുഭവപ്പെട്ടു."

"പിറ്റേദിവസം സിഗരറ്റിനു വേണ്ടി ചെന്നപ്പോൾ ആ ചേട്ടൻ എന്നോട് അഞ്ചു രൂപ ചോദിച്ചു. ഇല്ലെന്നു പറഞ്ഞപ്പോൾ നാളെ മുതൽ ഒരു സിഗരറ്റിന് അഞ്ചു രൂപ വീതം കൊടുക്കണമെന്ന് പറഞ്ഞു,"

"അന്നു രാത്രി ഞാൻ അച്ഛന്റെ മേശയിൽനിന്ന് പണം മോഷ്ടിച്ചു. അൻപതു രൂപ. അന്നു മുതൽ ഇന്നുവരെ ഞാൻ മോഷ്ടിച്ചും, വീട്ടിലെ പല സാധനങ്ങളും വിറ്റും, മിക്കവാറും എല്ലാ ദിവസവും മയക്കുമരുന്നു പയോഗിക്കുന്നു. അമ്മയുടെ കമ്മലും വളയും ഞാൻ വിറ്റിട്ടുണ്ട്."

"ചിലപ്പോൾ പണം ഇല്ലാതെ വരുമ്പോൾ ചേട്ടന്മാർ പറയും; 'നീ ഒരുത്തനെ പിടിച്ചുകൊണ്ടുവന്നാൽ മൂന്നെണ്ണം ഫ്രീ തരാം.' ഇങ്ങനെ ഞാൻ എന്റെ പല കൂട്ടുകാരെയും ചേട്ടന്മാരുടെ അടുത്ത് കൊണ്ടുപോയിട്ടുണ്ട്. അവരും ഇന്ന് മയക്കുമരുന്നിന് അടിമകളാണ്."

"മയക്കുമരുന്ന് ഉപയോഗം തുടങ്ങിയതിൽ പിന്നെ എനിക്കു പഠിക്കാൻ പറ്റുന്നില്ല. എനിക്കു ചിന്തിക്കാനും സന്തോഷിക്കാനും ഒന്നും പറ്റുന്നില്ല. മനസ്സിൽ എപ്പോഴും വിഷാദവും, ഭയവും വിട്ടുമാറാതെ നിൽക്കുന്നു. നാളേക്കുള്ള മരുന്ന് എങ്ങനെ ഉണ്ടാക്കും എന്ന ചിന്ത മാത്രമേ മനസ്സിലുള്ളൂ. ഒരു ദിവസം മരുന്നെടുത്തില്ലെങ്കിൽ പ്രാണൻ പോകുന്ന വേദനയും വിഷമതകളുമാണ്. അപ്പോൾ എനിക്ക് മറ്റുള്ളവരെ കൊന്നുപോലും പണം തട്ടിയെടുക്കാൻ തോന്നാറുണ്ട്."

"ഇനി എനിക്കു രക്ഷയില്ല. രക്ഷപ്പെടണമെന്നുണ്ട്. പക്ഷേ സാധ്യമല്ല. അച്ഛനുമമ്മയും ഇക്കാര്യം അറിഞ്ഞാൽ അവർ പിന്നെ ജീവിച്ചിരിക്കില്ല. അത്ര സ്നേഹിച്ചാണവർ എന്നെ വളർത്തുന്നത്."

(ബിനോജ് ഇപ്പോൾ ഒരു ചികിത്സാകേന്ദ്രത്തിൽ ചികിത്സയിലാണ്).

മയക്കുമരുന്നിന്റെ ഭീകരത വെളിവാക്കുന്ന ഒരു ചെറിയ സംഭവം മാത്രമാണിത്.

കില്ലർ ഡ്രഗ്സ്

ഏതാനും വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെ മയക്കുമരുന്ന് വിരുദ്ധ ഏജൻസിയുടെ തലവനായിരുന്ന ഡോ. ജോസഫ് കിംങ് എറണാകുളത്തു വച്ചു നടത്തിയ ഒരു സെമിനാറിൽ സംസാരിച്ചത് കേൾക്കുവാനിടയായി. അദ്ദേഹം പറഞ്ഞ ചില വസ്തുതകൾ ഞെട്ടിക്കുന്നവയായിരുന്നു. അദ്ദേഹം പറഞ്ഞു. "ലോകത്തിലെ ഏറ്റവും സമ്പന്നമായ അഞ്ചു രാഷ്ട്രങ്ങളുടെ ഗവൺമെന്റിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ പത്തിരട്ടിയാണ് ലോകവ്യാപകമായി കിടക്കുന്ന മയക്കുമരുന്ന് മാഫിയയുടെ വാർഷിക വരുമാനം!"

അദ്ദേഹം തുടർന്നു "മയക്കുമരുന്നുകളിലെ കൂടിയ ഇനങ്ങളെ കില്ലർ ഡ്രഗ്സ് എന്നു വിളിക്കുന്നു. അതിശക്തങ്ങളായ ഇവയുടെ ഒരൊറ്റ ഡോസ് മാത്രം മതി ഒരാളെ ഇതിനടിമയാക്കാൻ! ചുരുക്കം ചിലർക്ക് രണ്ട് ഡോസും വളരെ ചുരുക്കം പേർക്ക് മൂന്നു ഡോസും വേണ്ടിവരുമെന്നു മാത്രം. ഭൂരിപക്ഷം പേരും ഒറ്റ ഡോസുകൊണ്ടുതന്നെ ഇതിനടിമയാകും.."

അദ്ദേഹം നെഞ്ചിൽ കൈവച്ചുകൊണ്ട് തന്റെ മുന്നിലിരുന്നിരുന്ന ഏകദേശം ഇരുന്നൂറോളം വരുന്ന ശ്രോതാക്കളോട് പറഞ്ഞു. "മാതാപിതാക്കളെ, അദ്ധ്യാപകരെ, നിങ്ങൾ നിങ്ങളുടെ മക്കളോടും വിദ്യാർത്ഥികളോടും ആവർത്തിച്ചുപറയൂ ആദ്യത്തെ ഡോസ് എടുക്കരുതെന്ന്."

അദ്ദേഹം തന്റെ പ്രസംഗത്തിൽ ആവർത്തിച്ചുപറഞ്ഞ വാചകമായിരുന്നു ഇത്. എന്തുകൊണ്ടാണ് അദ്ദേഹം അപ്രകാരം പറഞ്ഞതെന്നറിയണമെങ്കിൽ 'മയക്കുമരുന്നിന് അടിമയാകുന്നു' എന്നു പറയുന്നതിന്റെ ശരിയായ അർത്ഥം നാം ഗ്രഹിച്ചിരിക്കണം. അതിലേക്കു കടക്കുന്നതിനു മുൻപായി മയക്കുമരുന്ന് ഉപയോഗിക്കുന്ന രീതികളെക്കുറിച്ച് അറിയേണ്ടതുണ്ട്.

മയക്കുമരുന്നുകൾ പലതരത്തിലുണ്ട്. ഏതു തരത്തിൽ പെട്ടതായാലും ശരി മരുന്നിന്റെ വളരെ ചെറിയൊരംശം രക്തത്തിൽ പ്രവേശിച്ചാൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയായി.

മരുന്നെടുക്കുവാൻ പല രീതികൾ ഉപയോഗത്തിലിരിക്കുന്നു. ഗുളികയോ, പൊടിയോ,ദ്രാവകമോ ആയി ഉള്ളിൽ കഴിക്കാവുന്നതാണ് ഒരു രീതി. കത്തിച്ചുവലിക്കുക, പൊടിയായി മൂക്കിൽ വലിക്കുക, ആവിയാക്കിവലിക്കുക, കുത്തിവയ്ക്കുക എന്നിങ്ങനെ മറ്റു പല രീതികളുമുണ്ട്. പാമ്പുകടി, തേളുകടി എന്നിവയും പ്രചാരത്തിലുണ്ട്.

പ്രവർത്തനം

രക്തത്തിൽ പ്രവേശിക്കുന്ന മരുന്ന് നിമിഷങ്ങൾക്കകം തലച്ചോറിൽ ചെന്നെത്തുന്നു. മരുന്നിന്റെ ഏതാനും തന്മാത്രകൾ (മോളിക്യൂൾസ്) തലച്ചോറിന്റെ ചിലഭാഗത്ത് പറ്റിപ്പിടിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നു. തുടക്കത്തിൽ നല്ലതരം അനുഭൂതിയായിരിക്കും ഉളവാക്കുക. ആനന്ദം, ഉന്മേഷം, ശരീരസുഖം, ചിലപ്പോൾ ഉയർന്ന് വായുവിൽ നിൽക്കുന്നതുപോലെ തോന്നൽ, ശാന്തത, വിഷമതകൾ മറക്കൽ തുടങ്ങിയവ ഇതിൽപെടുന്നു. ഈ അനുഭവം ഏതാനും മണിക്കൂർ നീണ്ടുനിൽക്കും. പിന്നീട് സാവധാനത്തിൽ ഈ അനുഭവം കുറഞ്ഞുകുറഞ്ഞുവരികയും ഇല്ലാതാകുകയും ചെയ്യും. ഇവിടംകൊണ്ട് കാര്യങ്ങൾ അവസാനിക്കുന്നില്ല എന്നതാണ് പ്രധാനസംഗതി. പിന്നീട് മരുന്നിന്റെ പ്രവർത്തനം നേരെ വിപരീതമാകുന്നു. കോപം, ശുണ്ഠി, അസ്വസ്ഥത, മാനസികവിഭ്രാന്തി, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, വിറയൽ, തളർച്ച, മനംമറിച്ചിൽ, ഛർദ്ദി, വയറിളക്കം, പേശികൾ കോച്ചിവലിയൽ, കൂടിയ രക്തസമ്മർദ്ദവും ഹൃദയമിടിപ്പും, സന്ധിവേദന, വിഷാദാവസ്ഥ, സ്ഥലകാലബോധം നഷ്ടപ്പെടൽ, നാഡിക്ഷീണം, കാഴ്ചക്കുറവ് തുടങ്ങിയവ മരുന്നിന്റെ തരമനുസരിച്ച് അനുഭവപ്പെടും. ഇത്തരത്തിലുള്ള കടുത്ത വിഷമതകൾക്ക് അറുതിവരുത്തുവാൻ ഒരൊറ്റ മാർഗ്ഗമേയുള്ളൂ. ഈ അസ്വാസ്ഥ്യങ്ങൾ ഉണ്ടാക്കിയ മരുന്ന് ഏതാണോ അതുതന്നെ വീണ്ടും ഉപയോഗിക്കണം! മരുന്നുകഴിക്കുന്നത് നിർത്തിയാൽ (പിൻവലിച്ചാൽ) ഇത്തരം വൈഷമ്യങ്ങൾ പ്രത്യക്ഷപ്പെടുന്നതുകൊണ്ട് ഇവയെ പിന്മാറ്റ വൈഷമ്യങ്ങൾ (Withdrawal Symptoms) എന്നു വിളിക്കുന്നു. ഈ പിന്മാറ്റ വൈഷമ്യങ്ങളാണ് ഒരു വ്യക്തിയെ മയക്കുമരുന്നിന് അടിമയാക്കുന്നത്.

കൂടിയ മയക്കുമരുന്നുകളായ കില്ലർ ഡ്രഗ്സ് ഒരൊറ്റ പ്രാവശ്യം ഉപയോഗിച്ചാൽ മതി അതിനടിമയാകാൻ. അതുകൊണ്ടാണ് ഡോ. കിംങ് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞത്, 'ആദ്യത്തെ ഡോസ് എടുക്കരുതേ' എന്ന്.

കാരണങ്ങൾ

മയക്കുമരുന്നിന് അടിമപ്പെട്ട കോടിക്കണക്കിനാളുകൾ ഇന്ന് ഭൂമുഖത്ത് തീതിന്ന് ജീവിക്കുന്നു.

വലിയൊരുപങ്കും കൂട്ടുകാരുടെ പ്രേരണയ്ക്കു വഴങ്ങി, അറിഞ്ഞും, അറിയാതെയും, ഇതിൽ ചെന്ന് ചാടിയവരാണ്. ഡോ. കിംങ് അടിവരയിട്ട് പറഞ്ഞ ഒരു കാര്യമുണ്ട്. **സ്വന്തം കൂട്ടുകാരെ സൂക്ഷിക്കുക!** ബിനോജിനെ കെണിയിൽ പെടുത്തിയത് കൂട്ടുകാരനായിരുന്നല്ലോ. ബിനോജും പലരെയും കെണിയിൽ വീഴ്ത്തുകയും ചെയ്തുവല്ലോ?

മയക്കുമരുന്നിൽ ചെന്നുചാടുവാൻ മറ്റു പല കാരണങ്ങളുമുണ്ട്.

മറ്റുള്ളവരുടെ മുമ്പിൽ ധീരത കാട്ടുവാനോ, പന്തയത്തിന്റെ പേരിലോ, മാതാപിതാക്കളോടുള്ള എതിർപ്പ് പ്രകടമാക്കുവാനോ, മാനസികവൈഷമ്യങ്ങളിൽനിന്ന് മോചനം നേടുവാനോ, ഒരു രസത്തിനുവേണ്ടിയോ മരുന്നുപയോഗിച്ച് അതിനടിമയാകുന്നവർ ധാരാളമുണ്ട്. മറ്റുചിലർ 'എല്ലാം അറിഞ്ഞിരിക്കണം' എന്ന അബദ്ധധാരണയുടെ ഫലമായി ഇതിൽ ചെന്നുചാടുന്നു. ചില കച്ചവടക്കാർ സോഡ, ഐസ്ക്രീം തുടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ കലർത്തി പലരെയും ഇതിനടിമപ്പെടുത്താറുണ്ട്. ചിലതരം കളിഅടയ്ക്കയിൽ (പാൻ) മയക്കുമരുന്നുചേർത്ത് വിൽക്കുന്നതായി കണ്ടുപിടിക്കുകയും അവ നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ മദ്യപരുടെ എണ്ണം വർദ്ധിക്കുന്നു; മദ്യംകഴിച്ചു തുടങ്ങുന്ന പ്രായം പന്ത്രണ്ട്

കോഴിക്കോട്: കേരളത്തിൽ മദ്യപരുടെ എണ്ണം വർദ്ധിക്കുന്നതായി ശാസ്ത്രസാഹിത്യപരിഷത്ത്. കഴിഞ്ഞ ഏതാനും നാളുകളായി ശാസ്ത്രസാഹിത്യപരിഷത്തിന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിലാണ് കേരളത്തിൽ മദ്യപരുടെ എണ്ണം ഞെട്ടിപ്പിക്കുന്നതായി വിവരമുള്ളത്.

കേരളത്തിൽ ഉത്സവാഘോഷങ്ങൾക്കായി വൻതോതിൽ മദ്യമാണ് വിപണിയിൽ ഒഴുകുന്നത്. വിവിധ ബ്രാൻഡുകളിലുള്ള മദ്യവിൽപ്പന അടുത്തകാലത്തായി ചരിത്രം സൃഷ്ടിക്കുന്നതിലേക്കെത്തിയിട്ടുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് ശാസ്ത്രസാഹിത്യപരിഷത്ത് ഇതുസംബന്ധിച്ച പഠനം നടത്തിയത്.

മുമ്പെങ്ങുമില്ലാത്തവിധം വിദ്യാർത്ഥികളിൽ മദ്യപാനം വർദ്ധിച്ചിട്ടുണ്ടെന്നു പഠനം വ്യക്തമാക്കുന്നു. കേരളത്തിൽ മദ്യം കഴിച്ചുതുടങ്ങുന്ന പ്രായം പന്ത്രണ്ടു വയസ്സാണെന്ന ഞെട്ടിപ്പിക്കുന്ന വിവരവും പഠനത്തിൽ എടുത്തുപറയുന്നുണ്ട്. രാജ്യത്തെ മദ്യവിൽപ്പനയുടെ പതിനാറു ശതമാനവും കേരളത്തിലാണെന്നു പരിഷത്തിന്റെ പഠനം വ്യക്തമാക്കുന്നു. യുവമദ്യപാനികളിൽ 42 ശതമാനവും കടുത്ത മദ്യപാനികളാണ്. 85 ശതമാനം കുടുംബകലഹത്തിനും കാരണം മദ്യപാനമാണെന്നും പഠനത്തിൽ പറയുന്നു.

ദീപിക 18 ഒക്ടോബർ 2012

മയക്കുമരുന്നിന്റെ ഭീഷണിയിൽനിന്ന് ആരും വിമുക്തരല്ല എന്ന് ഡോ. കിംങ് പറയുകയുണ്ടായി. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ. ആണായാലും പെണ്ണായാലും, ഇതിന്റെ പിടിയിലമർന്നുപോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് സംശയം തോന്നുന്ന വ്യക്തികളെയും സാഹചര്യങ്ങളെയും കച്ചവട സ്ഥാപനങ്ങളെയും തീരെ ഒഴിവാക്കുന്നതാണ് ബുദ്ധി. കേരളത്തിലെ ഒരു ബ്യൂട്ടി പാർലറിൽ മുഖക്കുരുവിന് ചികിത്സ അന്വേഷിച്ചുചെന്ന ഒരു പെൺകുട്ടിക്ക് മുഖക്കുരുവിന് പ്രതിവിധിയായി ഒരു പൊടി നൽകുകയും പിന്നീടത് കഞ്ചാവാണെന്നു കണ്ടുപിടിക്കുകയും ചെയ്ത സംഭവം ഏതാനും വർഷങ്ങൾക്കു മുൻപ് വലിയ പത്രവാർത്തയായിരുന്നു.

മയക്കുമരുന്നുകളുടെ വില

നാം വീട്ടിലുപയോഗിക്കുന്ന പഞ്ചസാര (ഷുഗർ) ഒരു കിലോയ്ക്ക് 35 രൂപയാണ് വിലയെങ്കിൽ ബ്രൗൺ ഷുഗർ എന്ന മയക്കുമരുന്നിന്റെ വില കിലോയ്ക്ക് ഒരു കോടി രൂപയാണ്! ഒരു മൊട്ടുസൂചിയുടെ മുനകൊണ്ട് കോരിയാൽ കിട്ടുന്നത്ര മതി ഒരു ഡോസിന്!

ശിക്ഷകൾ

ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ച് മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്കു നൽകുന്ന ഏറ്റവും കുറഞ്ഞ ശിക്ഷ 10 വർഷത്തെ കഠിനതടവാണ്. 3 ലക്ഷം രൂപ പിഴയുമാകാം.

മലേഷ്യ, സിംഗപ്പൂർ, ഫിലിപ്പൈൻസ് തുടങ്ങിയ രാഷ്ട്രങ്ങളിൽ ഒരേ ഒരു ശിക്ഷയേയുള്ളു. തൂക്കിക്കൊല!

ഒരു രാജ്യത്തിലെ ജനങ്ങളെ മുഴുവൻ നശിപ്പിക്കാൻ കഴിവുള്ള മഹാവിപത്താണ് മയക്കുമരുന്ന് എന്നതാണ് ഇത്ര കടുത്ത ശിക്ഷകൾ നൽകുന്നതിന്റെ പിന്നിലെ പ്രേരകശക്തി.

അന്ത്യം

മയക്കുമരുന്നിന് അടിമയായവർക്ക് തക്കസമയത്ത് ചികിത്സ ലഭിച്ചില്ലെങ്കിൽ അവരുടെ അന്ത്യം ദാരുണമായിരിക്കും. സ്വയം രക്ഷിക്കാനാകാതെ അവർ ഇഞ്ചിഞ്ചായി മരിക്കും. സുബോധവും, ചിന്താശക്തിയും നഷ്ടപ്പെട്ട്, പലതരം അസുഖങ്ങൾ പിടിപെട്ട് ബുദ്ധി മന്ദിച്ച്, വീട്ടുകാരാലും നാട്ടുകാരാലും ഉപേക്ഷിക്കപ്പെട്ട്, മാനസിക വിഭ്രാന്തിയിൽ മുങ്ങി അവർ അലഞ്ഞുതിരിയും. ഏതു വിധേനയും നാളേക്കുള്ള മരുന്ന് സംഘടിപ്പിക്കണമെന്ന ഒരൊറ്റ ആഗ്രഹമേ അവർക്കുണ്ടാകൂ. ആക്രമണസ്വഭാവവും ആത്മഹത്യാ പ്രവണതയും ഇവരിൽ തെളിഞ്ഞുകാണാം. അച്ഛനേയും അമ്മയേയും പോലും അവർ ആക്രമിച്ചെന്നിരിക്കും.

നാം ദിനപത്രങ്ങളിൽ വായിക്കാറുള്ള പല ക്രൂരസംഭവങ്ങളുടെയും പിന്നിൽ മയക്കുമരുന്നിൽ മത്തുപിടിച്ച മനുഷ്യമനസ്സുകളാണെന്ന സത്യം ഒളിഞ്ഞുകിടക്കുന്നു.

ചികിത്സ

മയക്കുമരുന്നിനടിമയായവരെ കഴിയുന്നതും വേഗം ചികിത്സാകേന്ദ്രത്തിൽ എത്തിക്കണം. വീട്ടുതടങ്കലിൽ വയ്ക്കുക, ശിക്ഷിക്കുക, ഭീഷണിപ്പെടുത്തുക, മധുരവാഗ്ദാനങ്ങൾ നൽകുക, കരഞ്ഞുകാണിക്കുക തുടങ്ങിയവകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകില്ല. ലഹരി എടുക്കുന്നയാൾ അതുപേക്ഷിക്കുന്നത് തനിക്കു വേണ്ടിത്തന്നെയാണെന്നും മറ്റുള്ളവർക്കു വേണ്ടിയല്ലെന്നും ഉള്ള ധാരണ അയാളിൽ വളർത്തണം. അയാൾക്ക് ശുഭപ്രതീക്ഷ നൽകണം. ശാന്തത, സഹാനുഭൂതി ഇവ പ്രകടിപ്പിക്കാൻ മറ്റുള്ളവർ നിരന്തരം യത്നിക്കണം.

ഡോക്ടറുടെ വിദഗ്ധോപദേശം കൃത്യമായി പാലിക്കണമെന്നത് വളരെ പ്രധാനസംഗതിയാണ്. ചികിത്സ മാസങ്ങളോ വർഷങ്ങളോ നീളാൻ സാദ്ധ്യതയുണ്ട്. ആരും പ്രതീക്ഷ കൈവെടിയരുത്.

പുകവലി

പുകവലി മനുഷ്യശരീരത്തെ വളരെ ദോഷകരമായി ബാധിക്കുന്ന ഒരു ദുശ്ശീലമാണ്. ശ്വാസകോശരോഗങ്ങൾ, അൾസർ, ഹൃദ്രോഗം, കാൻസർ തുടങ്ങിയവയാണതിന്റെ സംഭാവനകൾ.

തിരുവനന്തപുരത്തെ റീജണൽ കാൻസർ സെന്ററിൽ എത്തുന്ന രോഗികളിൽ 51% പുരുഷന്മാരും 18% സ്ത്രീകളും പുകവലിമൂലം കാൻസർ ബാധിച്ചവരാണെന്ന് കണക്കുകൾ പറയുന്നു.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് വർഷംതോറും പുകവലി മൂലം മരിക്കുന്നവരുടെ എണ്ണം ഏകദേശം 55 ലക്ഷമാണ്! അതായത് ഓരോ 5 സെക്കൻഡിലും ഭൂമുഖത്ത് ശരാശരി ഒരാൾ വീതം പുകവലിമൂലം മരിച്ചുവീഴുന്നു.

അമേരിക്കയിൽ വളരെ പ്രചാരത്തിലിരിക്കുന്ന ഒരു സിഗരറ്റാണ് Marlboro സിഗരറ്റ്. ആ സിഗരറ്റിന്റെ പരസ്യത്തിന് മോഡലായി, എപ്പോഴും പ്രത്യക്ഷപ്പെടാറുള്ള ഒരാളുണ്ടായിരുന്നു. Marlboro Man എന്നാണദ്ദേഹത്തെ ആളുകൾ വിളിച്ചിരുന്നത്. 'Western' സിനിമകളിൽ കാണാറുള്ള Cowboy സ്റ്റൈലിൽ ചുണ്ടിൽ എരിയുന്ന സിഗരറ്റുമായി പരുക്കൻ പുരുഷത്വം പ്രകടമാക്കുന്ന രീതിയിലാണദ്ദേഹം പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടായിരുന്നത്. 20വർഷത്തോളം പ്രസ്തുത പരസ്യത്തിനു വേണ്ടി വേഷമിട്ട അദ്ദേഹം തികഞ്ഞ പുകവലിക്കാരനുമായിരുന്നു. ഏതാനും വർഷങ്ങൾക്കു മുൻപായിരുന്നു അദ്ദേഹത്തിന്റെ മരണം. രോഗമോ? തൊണ്ടയിൽ കാൻസർ!

രണ്ടു വർഷത്തോളം മരണവുമായി മല്ലിട്ട അദ്ദേഹത്തെ കുറ്റബോധം വല്ലാതെ അലട്ടി. തന്റെ പരസ്യങ്ങൾ കണ്ട് പ്രലോഭിതരായി പുകയിലയുടെ പുകയിൽ എരിഞ്ഞടങ്ങിയ അനേകലക്ഷം മനുഷ്യാത്മാക്കളെയും അവരുടെ കുടുംബങ്ങളെയും ഓർത്ത് അദ്ദേഹം വിലപിച്ചു. തനിക്കു വീണുകിട്ടിയ അവസാനത്തെ രണ്ടു വർഷക്കാലം പുകവലിക്കെതിരായി ഒരു കുരിശുയുദ്ധം തന്നെ അദ്ദേഹം നടത്തി. മരിക്കുന്നതിനു മുൻപ് അദ്ദേഹം ലോകത്തോടായി പറഞ്ഞു.

"ദയവായി എന്നോട് ക്ഷമിക്കുക. എനിക്കു വന്ന ദുരന്തം നിങ്ങൾക്ക് വരാതിരിക്കട്ടെ."

എത്ര സിഗരറ്റ് വലിക്കണം?

കാൻസർ വരുവാൻ എത്ര എണ്ണം വലിക്കണം? അഞ്ഞൂറോ ആയിരമോ വേണ്ട. ഒരൊറ്റ കവിൾ പുകമാത്രം മതി! ഒരു സിഗരറ്റിന്റെ പുകയിൽ ആയിരക്കണക്കിന് വ്യത്യസ്ത രാസപദാർത്ഥങ്ങൾ (chemicals) ഉണ്ടായിരിക്കും. അവയിൽ എഴുപതോളം പദാർത്ഥങ്ങൾക്ക് കാൻസർ ഉണ്ടാക്കുവാനുള്ള കഴിവുണ്ട്. ഒരു കവിൾ പുകയിൽ ഇത്തരം ലക്ഷക്കണക്കിനു തന്മാത്രകൾ (molecules) ഉണ്ടായിരിക്കും. അവയിൽ ഒരെണ്ണം നമ്മുടെ ശരീരത്തിലെ ഒരു കോശത്തെ (cell) ആക്രമിച്ചാൽ കാൻസറിന്റെ തുടക്കമായി! ചിലർക്ക് ഒരായിരം സിഗരറ്റ് വലിച്ചാലും കാൻസർ വന്നെന്നിരിക്കില്ല. ചിലർക്ക് ആദ്യത്തെ ഒരൊറ്റ സിഗരറ്റ് മതി മരണവുമായി മൽപിടിത്തം നടത്തുവാൻ!

മറ്റു രോഗങ്ങൾ

കാൻസറിനു പുറമേ പുകവലികൊണ്ട് മറ്റു പല മാരക രോഗങ്ങളുമുണ്ടാകാം. പുകവലിക്കാരിൽ വലിക്കാത്തവരെക്കാൾ ഹൃദ്രോഗം മൂലമുള്ള മരണം 70% കൂടുതലാണ്. ഹൃദയസ്തംഭനം മൂലമുള്ള മരണം അഞ്ചിരട്ടിയത്രെ. 45 വയസ്സിന് താഴെയുള്ളവർക്ക് ഇത് 15 ഇരട്ടിയാണ്! തലമരവിപ്പ്, തലകറക്കം, തലവേദന, അൾസർ തുടങ്ങിയവയും പുകവലിമൂലം ഉണ്ടാകാം.

പുകവലിയുടെ കാരണങ്ങൾ

പുകവലി തുടങ്ങുന്നതിന് കാരണങ്ങൾ പലതാണ്. അതിൽ പ്രധാനമായ ഒന്നാണ് കൂട്ടുകാരുടെ പ്രേരണ.

ഒരു തെറ്റു ചെയ്യുന്നയാളിന് മറ്റൊരാളെ കൂട്ടിന് കിട്ടിയാൽ വലിയ സമാധാനം ലഭിക്കുമല്ലോ. പുകവലിക്കുവാനും മദ്യപിക്കുവാനും കൂട്ടുകാരെ നിർബന്ധിക്കുന്നതിനു പിന്നിലുള്ള മനഃശാസ്ത്രമിതാണ്. അതല്ലാതെ, കൂട്ടുകാർക്ക് നന്മ വരണമെന്ന ആഗ്രഹമല്ല ഈ നിർബന്ധത്തിനു പിന്നിൽ പ്രവർത്തിക്കുന്നത്.

കൂട്ടുകാരെ കെണിയിൽ വീഴ്ത്താൻ വലിക്കുന്നവർ പലതും പറഞ്ഞുനോക്കും. "ആണായാൽ അല്പമൊക്കെ വലിക്കണമെടാ," "ഒരെണ്ണം വലിച്ചു എന്നു കരുതി എന്തു വരാനാ?", "നിന്നെയൊക്കെ എന്തിനുകൊള്ളാം, മീശ മുളയ്ക്കാത്ത പയ്യൻ", "എന്താ, നിനക്കച്ഛനെ പേടിയാണോ?" "ഓ, ഒരു പുണ്യവാളൻ വന്നിരിക്കുന്നു," "ഏതായാലും ഒരിക്കൽ മരിക്കണം, എങ്കിൽ പിന്നെ സുഖിച്ചു മരിച്ചുകൂടെ?," "മനുഷ്യനായാൽ എല്ലാം കുറെശ്ശെ അറിഞ്ഞിരിക്കണം," "ഒരെണ്ണം വലിച്ചാൽ നീ തല കറങ്ങി വീഴുമല്ലൊ?", "നീ പെൺപിള്ളേരേക്കാൾ കഷ്ടമാണല്ലൊ?" "നിനക്ക് മാത്രമേ ഉള്ളോ അമ്മ?" തുടങ്ങിയ കമന്റുകൾ കേൾക്കുമ്പോൾ ചങ്കുറപ്പും വിവേകവുമില്ലാത്ത യുവാക്കൾ കാലിടറി വീണെന്നുവരും.

ചിലർ പുകവലി ആരംഭിക്കുന്നത് മുതിർന്നവരെ അനുകരിച്ച് 'വലിയ ആൾ' ആകാനാണ്. അച്ഛൻ പുകവലിക്കുന്നത് കണ്ടാൽ മക്കളും വലിക്കുവാൻ സാധ്യതയുണ്ട്. അഥവാ അച്ഛൻ പുകവലിക്കുന്നുവെങ്കിൽ വലിയുടെ ഭവിഷ്യത്ത് മക്കളെ പറഞ്ഞ് മനസ്സിലാക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

നിഷ്ക്രിയ പുകവലി

വലിക്കുന്ന ആളുടെ അടുത്തിരിക്കുന്നവർ അവരറിയാതെ തന്നെ വിഷപ്പുക ശ്വസിക്കുവാനിടവരുന്നു. ഇപ്രകാരമുള്ള പുകവലിയെ നിഷ്ക്രിയ ധൂമപാനം (Passive smoking) എന്നു വിളിക്കുന്നു. ഇപ്രകാരം പുക ശ്വസിക്കുന്നവർക്ക് സിഗരറ്റ് വലിക്കുന്നയാളെക്കാൾ അപകടസാധ്യത കൂടുതലായി കാണപ്പെടുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് നിഷ്ക്രിയ പുകവലി മൂലം മരിക്കുന്നവർ ഓരോ വർഷവും 6 ലക്ഷം ആളുകളാണ്.

കൊച്ചുകുഞ്ഞുങ്ങളുള്ള വീട്ടിലെ പുകവലി കുഞ്ഞുങ്ങളെ സാരമായി ബാധിക്കും. വേണ്ടത്ര പ്രാണവായു തലച്ചോറിന് ലഭിക്കാതെ വരുന്നതുകൊണ്ട് ബുദ്ധിമാന്ദ്യംപോലും സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ശ്വാസകോശരോഗങ്ങൾ, നെഞ്ചുവേദന, തളർച്ച തുടങ്ങിയവയ്ക്കുള്ള സാദ്ധ്യത വളരെ അധികമാണ്.

പുകവലിക്കുന്ന അമ്മമാരുടെ കുഞ്ഞുങ്ങളുടെ കാര്യം ഏറെ കഷ്ടമാണ്. പുകവലിയിലൂടെയോ നിഷ്ക്രിയ പുകവലിയിലൂടെയോ ശ്വാസകോശങ്ങളിൽ എത്തുന്ന വിഷാംശങ്ങൾ ഏതാനും സെക്കൻഡുകൾക്കുള്ളിൽ രക്തത്തിൽ കയറിപ്പറ്റുന്നു. രക്തത്തിൽനിന്ന് ഇവ മുലപ്പാലിൽ എത്തിച്ചേരുന്നു. അത് കുടിയ്ക്കുന്ന കുഞ്ഞിന് നെഞ്ചുവേദന, ശ്വാസംമുട്ടൽ, ശ്വാസകോശരോഗങ്ങൾ എന്നിവ ഉണ്ടാകാൻ ഏറെ സാദ്ധ്യതയുണ്ട്. വലിക്കുന്ന അമ്മമാർക്ക് കുഞ്ഞു ജനിക്കുമ്പോൾ 200 ഗ്രാം മുതൽ 250 ഗ്രാം വരെ തൂക്കം കുറവായി കാണപ്പെടുന്നു.

വനിതാ വിമോചനപ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിക്കുന്നവരിൽ ചിലർ സ്ത്രീകളെ പുകവലിക്കുവാൻ പ്രേരിപ്പിക്കുന്നുവെന്ന വസ്തുത അത്യന്തം ഖേദകരമാണ്.

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പേരിലോ അന്ധമായ പാശ്ചാത്യാനുകരണത്തിന്റെ ഫലമായോ പുക തുപ്പുന്ന മനുഷ്യയന്ത്രങ്ങളായി മാറുന്ന സ്ത്രീകൾ തനിക്കും കുടുംബത്തിനും, സമൂഹത്തിനും വരുത്തിവയ്ക്കുന്ന വിന എത്ര ഭയാനകമാണെന്നറിഞ്ഞിരുന്നുവെങ്കിൽ!

മദ്യപാനം

മദ്യപാനം മൂലം നശിക്കുന്ന കുടുംബങ്ങൾ നിരവധിയാണ്. കോടീശ്വരന്മാർ മുതൽ പിച്ചക്കാർ വരെ ഇക്കൂട്ടത്തിൽ പെടും.

പട്ടിണി, മാനഹാനി, വ്യഭിചാരം, കടുത്ത കുറ്റബോധം, കൊലപാതകം, അനാരോഗ്യം, ജീവിതപരാജയം, ബിസിനസ് തകർച്ച, ഭാര്യാപീഡനം, ധനനഷ്ടം, കബളിപ്പിക്കപ്പെടൽ, കുടുംബബന്ധങ്ങളിൽ അകൽച്ച, ഭാവിയെപ്പറ്റി നിരന്തരമായ ഉൽക്കണ്ഠ, പ്രതികാരദാഹം, ബുദ്ധിമാന്ദ്യം, പഠനത്തിൽ അശ്രദ്ധ, വാഹനാപകടം, ജോലിനഷ്ടപ്പെടൽ, ആത്മഹത്യ, അലക്ഷ്യമായ ജീവിതം, ദാമ്പത്യബന്ധത്തിൽ തകർച്ച, നിരാശ, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട അനുഭവം, 'തലതിരിഞ്ഞ' മക്കൾ, ജയിൽവാസം തുടങ്ങിയവ അതിരുകടന്ന മദ്യപന്മാരുടെയോ അവരുടെ കുടുംബാംഗങ്ങളുടെയോ വേദനിക്കുന്ന അനുഭവങ്ങളിൽ ചിലതു മാത്രമാണ്.

ഇതെല്ലാം അറിഞ്ഞിട്ടും ചിലർ മദ്യത്തിന് മാന്യത കൽപ്പിക്കുന്നത് ഏറെ കഷ്ടമാണ്. മദ്യം കഴിച്ചതുകൊണ്ട് ജീവിതത്തിൽ അഭിവൃദ്ധി പ്രാപിച്ചവർ ആരും തന്നെയില്ല. മദ്യം വിറ്റ് ലക്ഷങ്ങൾ സമ്പാദിച്ചവരുണ്ട്. പക്ഷെ, 'രക്തക്കറപറ്റിയ' ആ പണം ആനന്ദകരമായ ഒരു ജീവിതത്തിനുപകരിക്കുകയില്ല.

മദ്യം കഴിക്കുക എന്നത് ബുദ്ധിമുട്ടുള്ള ഒരു കാര്യമല്ല. ആർക്കും ഇതു സാധിക്കും. കുട്ടികൾക്കു പോലും സാധിക്കുന്ന ഒരു കാര്യമാണിത്. അതുകൊണ്ട് മദ്യപിക്കുന്നത് ഒരു കഴിവല്ല. അതിൽ അഭിമാനിക്കാൻ ഒന്നുമില്ല. അതേസമയം **മറ്റുള്ളവർ എത്ര നിർബന്ധിച്ചാലും കുടിയിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയെന്നത് ഒരു വലിയകാര്യം തന്നെയാണ്. അതാണ് ബുദ്ധി. അതാണ് വിവേകം. അവിടെ അഭിമാനിക്കാൻ വകയുണ്ട്.**

എങ്ങനെ നിർത്താം?

മദ്യപാനത്തിൽനിന്നു വിമുക്തി നേടുവാൻ ആർക്കും സാധിക്കും. കഠിനയത്നം ആവശ്യമാണെന്നു മാത്രം. പലരും കുടിനിർത്തുന്നതിൽ വിജയിക്കുന്നു. പക്ഷേ പരാജയപ്പെടുന്നവർ നിരവധിയാണ്. അതിന് അനവധി കാരണങ്ങളുണ്ട്. സ്ഥലപരിമിതിമൂലം ഈ ലേഖനത്തിൽ അവ വിസ്തരിച്ചു പറയുവാൻ ശ്രമിക്കുന്നില്ല. എങ്കിലും പ്രധാനപ്പെട്ട രണ്ടു മൂന്നു കാര്യങ്ങൾ മാത്രം ഇവിടെ കുറിക്കാം.

> Let me be the first to tell you, drinking alcohol is the worst thing to do in cold weather. Hot soup is the best because the process of digesting food helps to warm you up.
>
> Morgan Freeman

ഒന്നാമതായി കുടിനിർത്തുവാൻ തീവ്രമായ ആഗ്രഹം വേണം. വെറും ആഗ്രഹം മാത്രം പോരാ. "കുടിനിർത്തിയിട്ട് എന്തിനാ, കുറച്ചുനാൾ കൂടി കഴിയട്ടെ", "ഞാൻ തൽക്കാലം മാത്രം നിർത്തുന്നു," "വീട്ടിലിരുന്നു മാത്രമേ കുടിക്കൂ", "മക്കളെ പ്രതി കുടിനിർത്താം", "ബിയർ മാത്രമേ ഇനി കുടിക്കൂ", "പ്രത്യേക അവസരങ്ങളിൽ മാത്രമേ കുടിക്കൂ," "അടുത്ത പിറന്നാളിന് നിർത്താം" തുടങ്ങിയ ചിന്തകളും വാഗ്ദാനങ്ങളും കുടിനിർത്തുന്നതിനുള്ള അബോധ മനസ്സിന്റെ വൈമുഖ്യത്തെയാണ് കാണിക്കുന്നത്. മയക്കുമരുന്നും സിഗരറ്റും പോലെ മദ്യവും പിന്മാറ്റ വൈഷമ്യങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടാണ് കുടിനിർത്തുവാൻ മടികാണിക്കുന്നത്. ഒറ്റയടിക്ക് പൂർണ്ണമായും എന്നന്നേക്കുമായും മദ്യം ഉപേക്ഷിക്കുവാൻ ഉറച്ച തീരുമാനമെടുക്കുകയാണ് ഏറ്റവും ആവശ്യം.

രണ്ടാമതായി കുടുംബത്തിലുള്ളവരുടെയും കൂട്ടുകാരുടെയും സഹായസഹകരണങ്ങൾ ഏറ്റവും അത്യാവശ്യമായ ഒരു ഘടകമാണ്. മദ്യപന്മാരെ കുറ്റം പറയുന്നതും, കളിയാക്കുന്നതും, പരിഹസിക്കുന്നതും വിപരീതഫലങ്ങളേ ഉളവാക്കൂ. അവർക്കു വേണ്ടത് സ്നേഹപൂർവ്വമായ സമീപനമാണ്. കുറ്റപ്പെടുത്തിയാൽ കുറ്റബോധം വർദ്ധിക്കും. അത് മറക്കുവാൻ വേണ്ടി വീണ്ടും കുടിക്കും.

കുടിച്ച് വീട്ടിൽ വരുന്നയാളോട് ഭാര്യയോ മക്കളോ കയർക്കരുത്. ഒന്നും സംഭവിക്കാത്ത മട്ടിൽ സ്വീകരിക്കുക. പിന്നീട് സുബോധം കൈവരുമ്പോൾ (അത് പിറ്റേദിവസമായിരിക്കാം) വളരെ ശാന്തതയോടെ, സ്നേഹത്തോടെ, അതേസമയം ചിരിക്കാതെ പറയുക. 'കുടി നിർത്തൂ, നിങ്ങൾക്കത് സാധിക്കും, സുപ്രസിദ്ധ മനഃശാസ്ത്രജ്ഞനായ Dr. Claude Steiner തന്റെ പ്രസിദ്ധമായ Games Alcoholics Play എന്ന പുസ്തകത്തിൽ ഒരു കാര്യം പ്രത്യേകം എടുത്തുപറയുന്നുണ്ട്. അദ്ദേഹം ചികിത്സിച്ച പല കുടിയന്മാരും അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞിട്ടുണ്ടത്രെ.



"എന്നോട് കുടിനിർത്തുവാൻ ആരും പറഞ്ഞിട്ടില്ല. കുടിയുടെ ദൂഷ്യഫലങ്ങളെപ്പറ്റി എല്ലാവരും പറയാറുണ്ട്. എന്നെ കുറ്റപ്പെടുത്താറുമുണ്ട്. പക്ഷേ 'കുടിനിർത്തൂ' എന്ന് സ്നേഹപൂർവ്വം ആരും പറഞ്ഞിട്ടില്ല."

നമ്മിൽ മിക്കവർക്കും പറ്റാറുള്ള അബദ്ധവും ഇതുതന്നെയാണ്. കുടിയുടെ ദൂഷ്യഫലങ്ങളെപ്പറ്റി വാതോരാതെ നാം പറഞ്ഞ് ഉപദേശിക്കും. പക്ഷേ കുടിനിർത്തുവാൻ പറഞ്ഞെന്നു വരില്ല. ധൈര്യം പകരുവാനും പിന്തുണ വാഗ്ദാനം ചെയ്യുവാനും നാം ശ്രമിക്കാറുമില്ല.

മറ്റൊരു പ്രധാനകാര്യമിതാണ്. കുടിയന്മാർ തങ്ങളുടെ 'വീരകൃത്യങ്ങൾ' വിവരിക്കുമ്പോൾ നാം ഒരിക്കലും ചിരിക്കുകയോ, പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത്. കുടി കൂടുതൽ ശക്തമായി തുടരുവാൻ ഇത് അവരെ പ്രേരിപ്പിക്കുകയായിരിക്കും ഫലം.

ആദ്യഡോസ് പരീക്ഷിക്കരുത്

നമ്മുടെ ഭാവി നമ്മുടെ കൈകളിലാണെന്ന സത്യം നാം എപ്പോഴും ഓർക്കണം. മറ്റുള്ളവരെ പ്രീതിപ്പെടുത്തുവാനോ, 'ഞാൻ വലിയ ആളായി' എന്ന് മറ്റുള്ളവരെ കാണിക്കുവാനോ, പരസ്യങ്ങളാൽ ആകർഷിക്കപ്പെട്ടോ, ഒരു പരീക്ഷണത്തിനു വേണ്ടിയോ, ആരെയെങ്കിലും അനുകരിക്കുവാനോ, വാശിപ്പുറത്തോ, പന്തയംവച്ചോ, തൽക്കാലം വിഷമങ്ങൾ മറക്കുവാനോ, മറ്റെന്തെങ്കിലും കാരണത്താലോ ലഹരി പരീക്ഷിക്കുന്നത് ബുദ്ധിക്കും വിവേകത്തിനും ചേർന്നതല്ല. ഡോക്ടർ കിംഗ് പറഞ്ഞ വാചകം ഓർക്കുക, "ആദ്യത്തെ ഡോസ് എടുക്കരുത്."

ലഹരിയിൽ എരിയുന്നവരോടൊരു വാക്ക്

നിങ്ങൾ ഒരിക്കലും, ഒരു കാരണവശാലും, മറ്റുള്ളവരെ ലഹരിയിലേക്ക് വലിച്ചിഴയ്ക്കരുത്. അത് തിന്മയാണ്, ക്രൂരതയാണ്, വഞ്ചനയാണ്, സദാചാരമൂല്യങ്ങൾക്ക് എതിരാണ്. അത് മഹാപാപമാണ്. GM

മദ്യവും ഭരണകൂടവും നീതിപീഠവും

■ എം. ദാമോദരൻ

ചാരായനിരോധനം, തെങ്ങിൻകള്ളിന്റെയും പനങ്കള്ളിന്റെയും ലഭ്യതക്കുറവ് എന്നിവ മൂലം മലയാളികൾക്ക് ഇന്ന് 'മദ്യ'മെന്നാൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യം മാത്രമാണ്. സംസ്ഥാനത്തെ മൊത്തം പുരുഷന്മാരിൽ 62 ശതമാനത്തോളം പേർ മദ്യപിക്കുന്നവരാണെന്നു ചില സമീപകാല സർവ്വേകൾ വ്യക്തമാക്കുന്നു. തീരെ താഴ്ന്ന സാമൂഹിക-സാമ്പത്തിക സ്ഥിതിയിലുള്ളവരും ഏറ്റവും ഉയർന്ന നിലയിലുള്ളവരും ആയ സ്ത്രീകൾക്കിടയിലെ ചെറുതല്ലാത്തൊരു ശതമാനവും മദ്യപിക്കുന്നവരായുണ്ടത്രേ. മദ്യം മൊത്തം ജനസംഖ്യയിലെ മഹാഭൂരിപക്ഷ ഉപഭോഗവസ്തുവായി, അഥവാ പ്രധാന'നിത്യോപയോഗസാധന' മായി മാറിയിരിക്കുന്നുവെന്നതാണ് സത്യം. മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയുള്ള സർക്കാർ വക ബിവറേജസ് ഔട്ട്ലറ്റുകളുടെയൊക്കെ മുമ്പിൽ ഏതോ ജീവൻരക്ഷാ ഔഷധത്തിനെന്നോണം വരിവരിയായി നിൽക്കുന്ന ജനങ്ങൾ എന്തിനെയാണ് സാക്ഷ്യപ്പെടുത്തുന്നത്?

മദ്യപന്റെയും കുടുംബത്തിന്റെയും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാൻ ഭരണകൂടത്തിന് ബാധ്യതയില്ലേ?

ടൂറിസം വികസനത്തിന്റെ മറവിൽ മദ്യം വിറ്റ് പണം വാരുകയെന്ന സദുദ്ദേശ്യം മാത്രം മുൻനിർത്തി വിദേശമദ്യ-അബ്കാരി മാഫിയകൾ പ്രകൃതിരമണീയ ഗ്രാമീണ മേഖലകളിലടക്കം പുതിയ പുതിയ ടൂ സ്റ്റാർ, ത്രീ സ്റ്റാർ, ഫൈവ് സ്റ്റാർ ഹോട്ടലുകളും റിസോർട്ടുകളും തുടങ്ങുന്നു. അവിടങ്ങളിലൊക്കെ അധികൃത-അനധികൃത മദ്യക്കച്ചവടം പൊടിപൊടിക്കുന്നു. ഓരോ സർക്കാർ വരുമ്പോഴും – കമ്യൂണിസ്റ്റ് വിപ്ലവകാരികളുടേതായാലും ഗാന്ധിയൻ കോൺഗ്രസുകാരുടേതായാലും – ബാറുകളുടെ എണ്ണം കൂട്ടുക തന്നെ ചെയ്യുന്നു. കോടികൾ വാരിയെറിയുമ്പോൾ ഭരണകൂട ഭാഗത്തുനിന്നുണ്ടാകുന്ന ആശീർവാദംകൊണ്ടായാലും നിയമത്തിന്റെ തലനാരിഴകൾ കീറി 'സ്റ്റേ'കളിലൂടെയും 'അപ്പീലുകളിലൂടെയുമായി നീതിപീഠങ്ങളിൽനിന്നു കിട്ടുന്ന അനുഗ്രഹങ്ങൾ കൊണ്ടായാലും മാഫിയകൾ ഉദ്ദേശിക്കുന്നിടങ്ങളിലൊക്കെ – ആരൊക്കെ എതിരുനിന്നാലും – ബാറുകൾ സ്ഥാപിതമാവുകതന്നെചെയ്യുന്നു. മദ്യവ്യാപാരമേഖല ഇവ്വിധം ഉത്തരോത്തരപുരോഗതി കൈവരിക്കുമ്പോൾ 'മഹാഭൂരിപക്ഷമായ' മദ്യപരുടെ ഗതിയെങ്ങോട്ടാണ്? മദ്യപരുമായി ബന്ധപ്പെട്ട ലക്ഷക്കണക്കായ കുടുംബങ്ങളുടെയും അവയിലൊക്കെയുള്ള സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും വൃദ്ധരായ മാതാപിതാക്കളുടെയുമൊക്കെ അവസ്ഥയെന്താണ്?

മദ്യപന്റെയോ അവന്റെ കുടുംബത്തിന്റെയോ സാമ്പത്തിക ഭദ്രത ആർക്കും പ്രശ്നമാകുന്നില്ല. മാധ്യമങ്ങൾക്കും വിഷ്വൽ മീഡിയകൾക്കും മദ്യപനും അവന്റെ 'സങ്കടകുടുംബവും ഫലിത സ്കിറ്റുകളുടെ തിരക്കഥകളോ അപഹാസിതവാർത്തകളോ മാത്രം.. 'വൈപ്പിനിലെപ്പോലുള്ള കൂട്ടമരണങ്ങളെ മീഡിയക്കാർ ശ്രദ്ധിക്കും. അല്ലാത്തവ ശ്രദ്ധിക്കപ്പെടാറില്ല. കടക്കെണിയിൽപെട്ട കർഷകന്റെ, കുടുംബനാഥന്റെ, വ്യാപാരിയുടെയൊക്കെ ആത്മഹത്യകൾ നിത്യേനപ്രാദേശിക പംക്തികളിൽ വരുന്നു. ഇവയിൽ പലതിന്റെയും പിന്നാമ്പുറത്ത് (അതാരും തിരക്കാറില്ല) മദ്യവും മദ്യപനുമാണുണ്ടാവുക. നമ്മുടെ ഖജനാവിനെ കോടികൾ കൊടുത്തു സംരക്ഷിക്കുന്ന മദ്യപനെ ആർക്കും വേണ്ട. അവനോ അവന്റെ കുടുംബത്തിനോ ആനുകൂല്യങ്ങൾ നൽകുകയോ രക്ഷിക്കുകയോ ചെയ്യേണ്ടതു തങ്ങളുടെ കടമയെന്ന് ആരും കരുതുന്നില്ല. ഒരു സാധാരണ പൗരനെന്ന നിലയിൽ അയാൾക്കുള്ള ഭരണഘടനാപരമായ അവകാശങ്ങളും സാമൂഹ്യനീതികളും പോലും സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന് അധികൃതരാരും കരുതുന്നില്ല. ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളോ ഭരണകൂടമോ (അവരാണല്ലോ വർഷാവർഷം മദ്യപരുടെ എണ്ണം കൂട്ടുകയും 'കൊല്ലി'നു കൂട്ടുനിൽക്കുകയും ചെയ്യുന്നത്) നീതിന്യായ സ്ഥാപനങ്ങളോ സാമൂഹിക-സാംസ്കാരിക സംഘടനകളോ പൊതുപ്രവർത്തകരോ മദ്യപനുവേണ്ടിയോ അവന്റെ മുടിയുന്ന കുടുംബത്തിനുവേണ്ടിയോ സംസാരിക്കുകയില്ല. കള്ളന്മാർക്കും കൊള്ളക്കാർക്കും തീവ്രവാദികൾക്കും ലൈംഗികത്തൊഴിലാളികൾക്കും വരെ സംഘടനകളും സംരക്ഷകരുമുള്ള നമ്മുടെ നാട്ടിൽ ജനസംഖ്യയിലെ തന്നെ ഒരു വലിയ വിഭാഗമായ മദ്യപനു മാത്രം സംഘടനകളോ സംരക്ഷകരോ ഇല്ല.

മദ്യ ഉത്പാദനം, ഗുണനിയന്ത്രണം, വില നിശ്ചയിക്കൽ, വർദ്ധിപ്പിക്കൽ, നികുതി തീരുമാനിക്കൽ, വിതരണം, ഏതു തരത്തിലുള്ള മദ്യമാണ് കുടിക്കേണ്ടത്, ഏതേതു സമയങ്ങളിലാണ് കുടിക്കേണ്ടത് തുടങ്ങി മദ്യവുമായും മദ്യപരുമായും ബന്ധപ്പെട്ട സർവ്വകാര്യങ്ങളും തീരുമാനിക്കുന്നതിൽ ഉപഭോക്താവായ മദ്യപന് ഒരു പങ്കുമില്ല. പകരം മദ്യവിരുദ്ധ സംഘടനകൾ, ജീവിതത്തിലൊരിക്കൽ പോലും കള്ളോ ചാരായമോ, എന്തിന് ഇന്ത്യൻ നിർമ്മിത വിദേശമദ്യം പോലും രുചിച്ചുനോക്കിയിട്ടില്ലാത്ത (റോയൽ സല്യൂട്ട്, ജോണിവാക്കർ, ഗോൾഡ് ലേബൽ തുടങ്ങിയ കൂടിയ ഇനം വിദേശ ബ്രാൻഡുകൾ വല്ല ക്ലബുകളിൽ നിന്നോ വിദേശ പര്യടനവേളകളിലോ ചിലർ ചിലപ്പോൾ കഴിച്ചിട്ടുണ്ടാകാമെങ്കിലും) രാഷ്ട്രീയ നേതാക്കൾ, മന്ത്രിമാർ, ഐ.എ.എസ്. സെക്രട്ടറിമാർ, ന്യായാധിപന്മാർ തുടങ്ങിയവരാണ് മദ്യവും മദ്യപനുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും നിയമനിർമ്മാണങ്ങളും നടത്തുക. ഒരിക്കൽ പോലും ചായകുടിക്കുകയോ രുചിക്കുകയോപോലും ചെയ്തിട്ടില്ലാത്തവർ അതിന്റെ ഉപയോഗരീതികളും ഗുണഗണങ്ങളും തീരുമാനിക്കുക! എന്തൊരസംബന്ധമാണത്.

കേരളം നാമിന്നു കാണുംവിധമുള്ള ഒരു 'മദ്യമഹാസാഗരമായി മാറിയത് 1996 ഏപ്രിൽ 1 ന് നടന്ന ഒരു നിയമനിർമ്മാണത്തിലൂടെയായിരുന്നുവെന്ന നമ്മുടെ 'മദ്യചരിത്ര' വസ്തുതകൾ വ്യക്തമാക്കുന്നുണ്ട്. എ.കെ. ആന്റണി മുഖ്യമന്ത്രിയായ മന്ത്രിസഭ നടപ്പിലാക്കിയ 'ചാരായനിരോധനനിയമ' മായിരുന്നു അത്. 'മദ്യ'ത്തെയും മനുഷ്യരിലെ 'മദ്യാസക്തി'യെയും കുറിച്ചുള്ള ആന്റണിയുടെ തികഞ്ഞ അജ്ഞതയാലോ അതോ അദ്ദേഹത്തിന്റെ തന്നെ അനുയായികളിൽ ചിലരുടെയും എക്സൈസ്-ധനവകുപ്പുകളിലെ 'ബുദ്ധിരാക്ഷസരായ ഉന്നതോദ്യോഗസ്ഥരുടെയും 'ഇന്ത്യൻ നിർമ്മിത വിദേശമദ്യ' നിർമ്മാണ വിതരണ ലോബികളുടെയും ചാണക്യ തന്ത്രങ്ങളുടെ പ്രയത്നഫലമായോ ആണ് 96 ലെ ചാരായനിരോധനനിയമമുണ്ടായത്. അറിവുള്ളവർ പറയുന്ന മറ്റൊരു കാരണം അന്നു പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുവിന്റെ അനുഭാവം പിടിച്ചുപറ്റാനായി ആന്റണി നടത്തിയ 'ഗിമ്മിക്സ്' ആയിരുന്നു കേരളത്തിലെ ചാരായനിരോധനം എന്നാണ്. ഇതിനുപോൽബലകമായി ചൂണ്ടിക്കാണിക്കുന്ന വസ്തുത നരസിംഹറാവുവും അന്നു കേന്ദ്രത്തിൽ നടപ്പിലാക്കിക്കൊണ്ടിരുന്ന സാമ്പത്തിക മേഖലയിലെ 'ഉദാരവത്കരണനയത്തിന്റെ ഭാഗമായി പതിനെട്ട് വിദേശമദ്യക്കമ്പനികൾക്ക് ഇന്ത്യയിൽ വിൽപനാനുമതി നൽകിയതാണ്. **വിദേശമദ്യക്കമ്പനികളുടെ വ്യാപാരം കൊഴുപ്പിക്കുന്നതിനുള്ള ഒരെളുപ്പമാർഗ്ഗമായിരുന്നു ഇവിടത്തെ പ്രാദേശിക/സ്വദേശി മദ്യങ്ങളായ കള്ള്, ചാരായം എന്നിവയുടെ ഉത്പാദനം തടസ്സപ്പെടുത്തുകയോ നിരോധനം ഏർപ്പെടുത്തുകയോ ചെയ്യുന്നത്.** കള്ളുഷാപ്പുടമകളും കള്ളുചെത്തു തൊഴിലാളികളും കേരളത്തിൽ അക്കാലത്തെ വലിയൊരു സംഘടിതശക്തിയായിരുന്നതിനാലാണ് ആന്റണി കള്ളൊഴിവാക്കി 'ചാരായനിരോധനം' ഏർപ്പെടുത്തിയത്. ഇന്നിപ്പോൾ ഭരണകൂടവും നീതിപീഠവും കള്ളുകുടി നിരോധിക്കുന്നതിനുള്ള ആലോചനകളിലാണെന്നു കേൾക്കുന്നു.

ചാരായനിരോധനം നടപ്പാക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രി ആന്റണി ഉദ്ദേശിച്ചതിന്റെ (?) – പുറമേ പറഞ്ഞതിന്റെയൊക്കെ നേർവിപരീതമായിരിക്കുന്നു ഫലപ്രാപ്തി.

ഉദ്ദേശ്യങ്ങൾ: 1. കേരളത്തിലെ ഭൂരിപക്ഷം മദ്യപരും ഉപയോഗിക്കുന്ന മദ്യം ചാരായമാണ്. അതിന്റെ ലഭ്യത ഇല്ലാതാക്കുന്നതോടെ ഒരു വലിയ വിഭാഗം മദ്യപർ മദ്യപാനം ഉപേക്ഷിക്കും.

2. ചാരായനിരോധനത്തോടൊപ്പം വിദേശമദ്യങ്ങളുടെ വിലകളും തീരുവകളും വർദ്ധിപ്പിച്ചതിനാൽ അത്തരം മദ്യങ്ങളുടെ ഉപഭോഗവും കുറയും.
3. ചാരായനിരോധനത്തോടെ 1982 ലെ ഓണക്കാലത്തുണ്ടായ വൈപ്പിൻ മദ്യദുരന്തംപോലുള്ള കൂട്ടമരണങ്ങൾ ഇല്ലാതാവും.
4. ചാരായനിരോധനം മൂലം സർക്കാരിന്റെ ആ ഇനത്തിലുള്ള നികുതിവരവായ 333

കോടി രൂപയുടെ നഷ്ടമുണ്ടാകും സാരമില്ല. അത്രയും വലിയൊരു തുകയുടെ നഷ്ടം കേരള ജനതയുടെ ക്ഷേമത്തിനായി സഹിക്കാൻ തന്റെ സർക്കാർ തയ്യാറാണെന്ന ആന്റണിയുടെ അന്നത്തെ പ്രഖ്യാപനം മദ്യവർജ്ജനസമിതിക്കാരെയാകെ കോൾമയിർ കൊള്ളിച്ചു.

പക്ഷേ, കൊട്ടിഘോഷിച്ചു നടത്തിയ 'ചാരായനിരോധനനിയമ'ത്തിന്റെ യഥാർത്ഥ ഫലപ്രാപ്തികൾ എന്തൊക്കെയായിരുന്നു?

1. ചാരായക്കുടിയന്മാർ ഒന്നടങ്കം, അതുവരെ അവരിൽ പലരും പടിച വിട്ടുകപോലും ചെയ്തിട്ടില്ലാത്ത വിദേശമദ്യ ബാറുകളിലേക്കു കൂട്ടമായൊഴുകി (കാശല്പം കൂടുതൽ പോയാലും അതിനല്പം ആഭിജാത്യവും അന്തസ്സുമൊക്കെ തോന്നുകയും ചെയ്യും). വിദേശ മദ്യ മാഫിയ കൊഴുത്തുതടിച്ചു.
2. ചാരായ നിരോധനം മൂലം സർക്കാരിനു നഷ്ടമായ 333 കോടി രൂപയ്ക്കു പകരം തൊട്ടടുത്ത വർഷം തന്നെ സർക്കാരിനു നികുതിയിനത്തിൽ മാത്രമുള്ള വരുമാനം 700 കോടിയായി വർദ്ധിച്ചു (വിദേശമദ്യവില വർദ്ധനമൂലം ആയിന നികുതിയിലും വൻ വർദ്ധനയായി).
3. വൈപ്പിൻ ദുരന്തംപോലുള്ള 'കൂട്ട'മരണങ്ങൾക്കു പകരം ബാറുകളുടെ മുറ്റത്തും ഓടകൾക്കരികിലും റോഡിലും വീടുകളിലുമായി 'വ്യാജ വിദേശമദ്യസേവയാൽ ചെറുപ്പക്കാരടക്കമുള്ള നൂറുകണക്കിനു മനുഷ്യർ ആരാലുമറിയാതെ ഓരോ വർഷവും കാലപുരി പൂകി.
4. ചാരായനിരോധനശേഷം, ഇന്ന് 2012 ആകുമ്പോഴേക്കും സർക്കാരിന് 'മദ്യനികുതിയിന'ത്തിൽ മാത്രം വരവ് 7200 കോടിയോളമായി. ബിവറേജസുകളിലെ കച്ചവടലാഭമായ ആയിരത്തിലധികം കോടികൾ – അതും ഒരർത്ഥത്തിൽ സർക്കാർ ഖജനാവിൽ വരവു തന്നെ. ധനലഭ്യത ആകെ കുശാൽ! ആന്റണി സർക്കാർ ഒരുപക്ഷേ, വിഭാവനം ചെയ്തിട്ടില്ലാത്ത മറ്റു ചില പരിണതികൾകൂടി ഇതേത്തുടർന്ന് കേരള ജനത (മദ്യപരും അവരുടെ കുടുംബാംഗങ്ങളുമടങ്ങുന്ന മനുഷ്യർ 'കേരള ജനത' എന്ന വകുപ്പിൽപ്പെടുമെങ്കിൽ) ഏറ്റുവാങ്ങി. മുപ്പതോ നാൽപതോ രൂപയ്ക്കു രണ്ടു പാക്കറ്റ് 'ചാരായം വാങ്ങിക്കഴിച്ച്' മദ്യാസക്തി നിവർത്തിച്ച സാധാരണക്കാരായ മദ്യപർക്ക് നിത്യേന ആയിനത്തിലെ ചെലവ് കുറഞ്ഞത് 200 ഓ 300 ഓ രൂപയായി. അവനെ ആശ്രയിച്ചു ജീവിച്ചുവന്ന കുടുംബങ്ങളെല്ലാം അസമാധാനത്തിന്റെയും നിത്യദാരിദ്ര്യത്തിന്റെയും പടുകുഴികളിലേക്കു പടിപടിയായി നിപതിച്ചു.

കേരളത്തിലെ ഏറ്റവും വലിയ മദ്യവ്യാപാരി സർക്കാർ തന്നെയാണ്.

നമ്മുടെ ഭരണാധികാരികളും ന്യായാധിപരുമൊക്കെ ധരിക്കുന്നത് – ധരിപ്പിക്കുന്നത് ചാരായത്തിലും കള്ളിലുമേ വ്യാജനുള്ളൂ എന്നാണ്. വിദേശമദ്യമെന്നത് വ്യാജരഹിത ദൈവനിർമ്മിത അമൃതാണോ? വിദേശമദ്യങ്ങളുടെ 'വ്യാജ'തയുടെ അണിയറക്കഥകൾ ആരെയും രോമാഞ്ചം കൊള്ളിക്കുന്നവയാണ്.

കേരളത്തിലെ റേഷൻ കടക്കാർക്കു നിയമപ്രകാരം ഏതെങ്കിലും സ്വകാര്യ കച്ചവടക്കാരിൽനിന്ന് അവനിഷ്ടമുള്ള അരിയും ഗോതമ്പുമൊക്കെ വാങ്ങി അവർക്കു തോന്നുന്ന വിലയ്ക്കു ജനങ്ങൾക്കു വിൽക്കാൻ അധികാരമില്ല എന്നതുപോലെ വിദേശമദ്യ ബാറുകൾക്കോ ഔട്ട്ലെറ്റുകാർക്കോ അവർക്കിഷ്ടുള്ളിടങ്ങളിൽനിന്ന് മദ്യം



വാങ്ങാനോ തോന്നുന്ന വിലയ്ക്കു വിൽക്കാനോ നിയമം അനുവദിക്കുന്നില്ല. എല്ലാ ബാറുകാരും ലിക്കർ ഔട്ട്ലെറ്റുകാരും സത്യത്തിൽ മദ്യം വാങ്ങേണ്ടത് സർക്കാർ ഉടമസ്ഥതയിലുള്ള ജില്ലാ ബിവറേജസ് വെയർ ഹൗസുകളിൽനിന്നു മാത്രമാണ്. കുപ്പികൾക്കു മുകളിൽ രേഖപ്പെടുത്തിയ വിലകളേ ഉപഭോക്താക്കളിൽനിന്ന് ഈടാക്കാൻ പാടുള്ളൂ. ഇങ്ങനെ നിയമാനുസൃതം ജില്ലാ വെയർ ഹൗസുകളിൽനിന്നു മാത്രം മദ്യം വാങ്ങുകയും അവ മാത്രം വിൽക്കുകയും ചെയ്യുന്ന എത്ര ബാറുകളാണ് കേരളത്തിലുള്ളത്? ഒരുപക്ഷേ, വിരലിലെണ്ണാവുന്നവ ഉണ്ടായേക്കാം എന്നു മാത്രം. അതുതന്നെ ഒരസാധ്യതയാണ്. കാരണം ബാറുമുതലാളി ലൈസൻസിനും മറ്റുമായി വാരിയെറിയുന്ന കോടികൾ, ക്രമസമാധാനപാലനസേനയായ പോലീസ് വകുപ്പുദ്യോഗസ്ഥർ, നിയമപരിശോധകരായ എക്സൈസ് വകുപ്പ് അധികാരികൾ 'സർവ്വസംരക്ഷകരായ രാഷ്ട്രീയക്കാർ' എന്നിവർക്ക് തിരഞ്ഞെടുപ്പ് – പാർട്ടി ഫണ്ടുകൾ, കൈക്കൂലി, മാസപ്പടി, വീട്ടുചിലവ്, വിശേഷദിന സ്പെഷൽ ബത്തകൾ തുടങ്ങി അനേക ഇനങ്ങളിലായി വർഷാവർഷം ചെലവിടേണ്ട കോടികൾ എല്ലാം നേരായ വ്യാപാരത്തിലൂടെ എങ്ങനെയുണ്ടാക്കുവാനാണ്? ആവുകയില്ല. അപ്പോൾ അതിനുള്ള പോംവഴി 'വ്യാജ'നിർമ്മിതിയും വിൽപനയും തന്നെ. അതവർ നിർബാധം നടത്തുന്നു.

ജനങ്ങൾക്ക് നല്ല മദ്യം കൊടുക്കുക എന്നതാണ് സർക്കാർ നയം. 'നല്ല മദ്യം' ഉണ്ടാക്കുന്നതെങ്ങനെ?

കേരളത്തിലെ ഏതെങ്കിലുമൊരു പട്ടണത്തിലെ "X' എന്ന ഒരു ബാറുടമ ഒരു മാസം സർക്കാർ വക വെയർഹൗസിൽ നിന്ന് 1000 കെയ്സ് മാൻഷൻ ഹൗസ് ബ്രാൻഡി അയാളുടെ ക്വോട്ടയായി വാങ്ങുന്നുവെന്നു കരുതുക. അയാൾ വിൽക്കുന്നത് മൂവായിരമോ അയ്യായിരമോ കെയ്സ് എം.എച്ച്. ബ്രാൻഡിയാവും. ഓരോ ബ്രാൻഡിന്റെയും സ്ഥിതിയിതുതന്നെ (എല്ലാറ്റിന്റെയും പരിശോധനയ്ക്ക് എക്സൈസ് വകുപ്പുണ്ടെന്നാണു വെപ്പെങ്കിലും ബാറുകളിലിരുന്നു സദാ വിൽപനയും സ്റ്റോക്കുമൊക്കെ പരിശോധിക്കാൻ മാത്രം 'സ്റ്റാഫ്' ആ വകുപ്പിലുണ്ടോ? ഉണ്ടെങ്കിൽ തന്നെ 'വൻകക്ഷി'യായ ബാറുകാരനെ തൊട്ടുകളിക്കാനുള്ള മൂഢത അവരുടെ ഭാഗത്തുനിന്നുണ്ടാകുമോ?)

കൂടുതലായി ബാറുടമകൾ വില്ക്കുന്ന മദ്യമെവിടെനിന്നാണു വരുന്നത്? ഒരുപക്ഷേ അവർ പണിക്കാരെ വച്ചു സ്വന്തമായി ഉണ്ടാക്കുന്നു. അല്ലെങ്കിൽ ഏതാനും ബാറുകാരുടെ സിൻഡിക്കേറ്റ് ഒരു വ്യാജ നിർമ്മിതി കേന്ദ്രം നടത്തുന്നു. അതുമല്ലെങ്കിൽ ഏതെങ്കിലും സ്വകാര്യ ഡിസ്റ്റിലറികൾ വ്യാജനുണ്ടാക്കി കുറഞ്ഞവിലയ്ക്കു ബാറുകാർക്കു നൽകുന്നു.

വ്യാജ വിദേശമദ്യങ്ങൾ – ഏതു ബ്രാൻഡായാലും നിർമ്മിക്കുക അത്ര ക്ലേശകരമല്ലെന്നാണു പറയപ്പെടുന്നത്. ആദ്യം 300 ലിറ്റർ വീതം കൊള്ളുന്ന വലിയ ബാരലുകളിൽ പ്രത്യേകം നിറമോ മണമോ ഇല്ലാത്ത സാദാ പട്ടച്ചാരായം ഉണ്ടാക്കിയൊഴിക്കുന്നു. പിന്നെ ഓരോ ബാരലിലും, ഏതു ബ്രാൻഡാണ് ആവശ്യമെന്നു നോക്കി ആയതിന്റെ നിറവും മണവും രുചിയും കിട്ടുന്ന 'ഫ്ളേവർ പൊടി' ചേർക്കുന്നു. ശീതളപാനീയങ്ങൾക്കു മാങ്ങയുടെയും ഓറഞ്ചിന്റെയും പൈനാപ്പിളിന്റെയും രുചിയും മണവും കിട്ടാൻ മാങ്ങയോ ഓറഞ്ചോ പൈനാപ്പിളോ ഉണക്കിപ്പൊടിച്ചിടുകയല്ലല്ലോ ചെയ്യുന്നത്? പാക്കറ്റിൽ വരുന്ന ഓരോന്നിന്റെയും 'ഫ്ളേവർപൊടികൾ' കലക്കുകയല്ലേ? അതുപോലെതന്നെയിതും. വെറും വ്യാജച്ചാരായത്തിൽ ഓരോന്നിന്റെയും ഫ്ളേവറിട്ടാൽ അത് എം.എച്ച്. ബ്രാൻഡിയായും മക്ഡവൽ വിസ്കിയായും ഓൾഡ് കാസ്ക് റമ്മായും രൂപാന്തര പ്രാപ്തി നേടുന്നു! ഇപ്പഴിപ്പോൾ ഇത്തരം വ്യാജമദ്യ നിർമ്മാതാക്കൾ **മദ്യപനു ടോപ്പ് ലവൽ കിക്കു കിട്ടുന്നതിനും അവനെ സ്ഥിരം കസ്റ്റമറാക്കി മാറ്റുന്നതിനുമായി ഫ്ളേവറുകൾക്കൊപ്പം ബ്രൗൺ ഷുഗർ, ലെഡ്സ് എന്നിവകൂടി ചെറിയ അളവുകളിൽ ചേർക്കുന്നുണ്ടെന്നു പറയപ്പെടുന്നു.** ബ്രൗൺ ഷുഗർ ചേർത്ത മദ്യം കഴിക്കുന്നയാളിൽ കഴിച്ചു 24 മണിക്കൂർ – നേരത്തോടു നേരം – കഴിയുമ്പോൾ വീണ്ടും കഴിക്കാനുള്ള 'ടെൻഡൻസി' ഉണ്ടാകുമത്രേ. ഏതാനും ദിവസത്തെ ഈ 'വ്യാജ വിദേശമദ്യസേവ' അരോഗദൃഢഗാത്രനായ ഏതു ചെറുപ്പക്കാരനെയും ഒരഡിക്റ്റാക്കി മാറ്റിയെടുക്കും. അതുപോലെ 'ലെഡ്സ്' ചേർത്ത മദ്യം കഴിക്കുന്ന മദ്യപാനി കഴിച്ച ഗ്ലാസ് മേശപ്പുറത്തുവെച്ചു, ചിറിതുടയ്ക്കുമ്പോഴേക്കും ഫിറ്റാകുമെന്നാണു കഥ. ഇത്തരക്കാരാണ് ബാറുകളുടെ മുറ്റത്തും ഓടകൾക്കരികിലും വീണുകിടന്നു വീടുപൂകാനാകാതെ സ്വർഗ്ഗം പൂകുന്നത്! ഇവർ കാലമേറെയാകാതെ കിഡ്നി, ലിവർ, ഹാർട്ട് എന്നിവ കേടായി കാലപുരിയിലുമെത്തുന്നു.

മിക്ക ഇന്ത്യൻ സംസ്ഥാനങ്ങളിലും വിദേശമദ്യത്തിന്റെ വില്പനനികുതി 25% വും അതിൽ കീഴെയുമാണ്. കേരളത്തിലോ? വാണിജ്യ-വില്പനനികുതി 100%, ടേണോവർ ടാക്സ് 10% ഇവയ്ക്കെല്ലാം പുറമേ എക്സൈസ് തീരുവ, സെസ്സ് എന്നീ ഓമനപ്പേരുക

ളിൽ ഇതരനികുതികളും! മദ്യ ഉപഭോക്താവായ മനുഷ്യർ എല്ലാ അർത്ഥത്തിലും ഭരണകൂടദൃഷ്ടിയിലും കേരളീയ പൊതുസമൂഹവീക്ഷണത്തിലും ഒരു നികൃഷ്ടജീവിതന്നെയെങ്കിലും, കേരളമെന്ന ഈ വെള്ളരിക്കാപട്ടണത്തിലല്ലാതെ ലോകത്തൊരിടത്തും ഏത് ഏകാധിപതിയുടെ രാജ്യത്തും ഒരു കമ്മോഡിറ്റിയുടെ പ്രൊഡക്ഷൻ കോസ്റ്റിനെക്കാളും 130% ശതമാനത്തിലധികം നികുതിയായി സർക്കാർ ഈടാക്കുന്നുണ്ടാവില്ല. അടുത്തിടെ, 2012 ഡിസംബർ 5 ന് ചേർന്ന മന്ത്രിസഭായോഗം മദ്യത്തിനുമേൽ 5% അധിക സെസ്സ് ഏർപ്പെടുത്തുവാനുള്ള തീരുമാനം കൂടി എടുത്തിരിക്കുന്നു! ഈ വർധനവ് എന്തിനെന്നറിയുമ്പോഴാണ് നമ്മുടെ സർക്കാരിന്റെ, ഭരണകൂടത്തിന്റെ ഫലിതബോധമറിയുക. "ഇങ്ങനെ കിട്ടുന്ന പണം കേരളത്തിലെ യുവജനങ്ങളുടെ ക്ഷേമപ്രവർത്തനത്തിനായി നീക്കിവയ്ക്കുക എന്ന പുതിയ യുവജന നയത്തിനും മന്ത്രിസഭ അംഗീകാരം നൽകി" എന്നാണു പത്രവാർത്ത!

ഏതെങ്കിലും ഒരു കച്ചവടക്കാരൻ ഏതെങ്കിലും ഒരു നിത്യോപയോഗ വസ്തു അയാൾ വാങ്ങിയതിന്റെ എട്ടോ പത്തോ ഇരട്ടി വിലയ്ക്ക് വിൽക്കുമോ?

സ്വകാര്യ ബാറുകാരെ ഒഴിവാക്കിയാൽ കേരളത്തിലെ ഏറ്റവും വലിയ മദ്യവ്യാപാരിയും മൊത്തവ്യാപാരിയും അഥവാ 'അബ്കാരി മാഫിയ' സർക്കാർ തന്നെയാണ്. ആ സർക്കാരിനു വിദേശ മദ്യ വ്യാപാരത്തിലൂടെയുണ്ടാകുന്ന 'കച്ചവടലാഭം' എന്നത് മറ്റൊരു തരം ലോകാദ്ഭുതമാണ്. കേരളത്തിലിന്നു ഏറ്റവുമേറെ വില്പനയുള്ള ഒരു ബ്രാൻഡി 'മാൻഷൻ ഹൗസ്' (എം.എച്ച്) എന്നയിനമാണ്. ഒരു കുപ്പി (750 മില്ലി) എം.എച്ച് ബ്രാൻഡിയുടെ ബിവറേജസ് ഡിപ്പോയിലെ വില്പനവില 520 രൂപയാണ്. ഈ മദ്യം സർക്കാരിനു മദ്യക്കമ്പനി (ഡിസ്റ്റിലറി)ക്കാരൻ നൽകുന്ന വില കേട്ടു ഞെട്ടരുത്. വെറും 68 രൂപ! സാധാരണക്കാരന്റെ ഇഷ്ടബ്രാൻഡായ VSOP ബ്രാൻഡി സർക്കാർ വാങ്ങുന്ന വില 27 രൂപ, വിൽക്കുന്ന വില 200 രൂപ!

ഏതെങ്കിലും ഒരു കച്ചവടക്കാരൻ എന്തെങ്കിലുമൊരു നിത്യോപയോഗ വസ്തു അയാൾ വാങ്ങിയതിന്റെ ഒരിരട്ടി വിലയിലധികത്തിനു വിൽക്കുമോ? എട്ടോ പത്തോ ഇരട്ടി വിലയ്ക്കാണ് അയാൾ സാധനം വിൽക്കുന്നതെങ്കിൽ ജനങ്ങളവനെ കല്ലെറിഞ്ഞു കൊല്ലില്ലേ? സർക്കാരവനെ കൈയാമം വച്ചു തുറുങ്കിലടയ്ക്കില്ലേ? ഇവിടെയോ? മദ്യപന് ആരു തുണ? സർക്കാരും മാന്യ പൊതുജനവും സന്തോഷാതിരേകം കൊണ്ടു പറയും: വേണം. അങ്ങനെതന്നെ വേണം. അവൻ കുടിയനല്ലേ? അവനും കുടുംബവും കുടിച്ചു കുടിച്ചു നശിച്ചു നശിച്ചു നാറാണക്കല്ലു പിടിക്കട്ടെ! ഇതേ സർക്കാർ ഭക്ഷ്യപാനീയങ്ങൾ ഉത്പാദനവിലയെക്കാൾ കൂടിയ നിരക്കിനു വിൽക്കുന്നതിനെതിരെ ഹോട്ടലുകളെ നിയന്ത്രിക്കാൻ പ്രത്യേകം 'മോണിറ്ററിംഗ്' സെൽ രൂപീകരിക്കുന്നു! 'ഹോട്ടൽ പ്രൈസ് റഗുലേഷൻ ആക്ട്' എന്ന പേരിൽ നിയമം കൊണ്ടുവന്ന് ചായ, കാപ്പി, ഇഡ്ഡലി, വട എന്നിവയുടെ വിലവർധനവു തടയും പോലും! എങ്ങനെയാണു ചിരിക്കാതിരിക്കുക? സർക്കാർ വക ഫലിതങ്ങൾ വേറെയുമുണ്ട്. അടുത്തകാലത്ത് മലയാളത്തിലെ ആനുകാലികങ്ങളിൽ എക്സൈസ് വകുപ്പിന്റേതായി 'മദ്യപാനം ആർക്കു വേണ്ടി?' എന്ന പേരിൽ ആഴ്ചകളോളം ഒരു പരസ്യം വന്നിരുന്നു. പരസ്യത്തിൽ പറയുന്നത്, ഹൃദ്രോഗം, അർബുദം, ഷണ്ഡത്വം, സിറോസിസ്, ഭ്രാന്ത് തുടങ്ങി പതിനൊന്നോളം മാരകരോഗങ്ങൾക്കു മദ്യപാനം കാരണമാകുമെന്നാണ്. എൻഡോസൾഫാൻ എന്ന മാരക കീടനാശിനിപോലും ഇത്രയധികം രോഗങ്ങൾ മനുഷ്യശരീരത്തിലുണ്ടാക്കുകയില്ല. ഇത്തരമൊരു സാധനം ഒരു സ്വകാര്യ കമ്പനിയോ വ്യക്തിയോ ആണ് ജനങ്ങൾക്കു വിറ്റ് കോടികൾ കൊയ്യുന്നതെങ്കിൽ അയാളെ നമ്മുടെ ഭരണകൂടവും നീതിപീഠവും നിയമങ്ങളും എന്താണു ചെയ്യുക? നൂറു തവണ തൂക്കിക്കൊല്ലില്ലേ?

ഉടൻ വരുന്നൂ!
ക്യൂ നിന്ന് ബുദ്ധിമുട്ടാതിരിക്കാൻ കേരളത്തിലെ എല്ലാ പട്ടണങ്ങളിലും സർക്കാർ വക മദ്യസൂപ്പർ ബസാറുകൾ

കഴിഞ്ഞ ഡിസംബർ 5ന് മന്ത്രിസഭായോഗശേഷം മറ്റൊരു പത്രവാർത്ത കൂടി കണ്ടു. 'കേരളത്തിലെ ബിവറേജസ് ഔട്‌ലെറ്റുകളേറെയും പട്ടണങ്ങളിലെ തിരക്കേറിയ പാതയോരങ്ങളിലാകയാൽ അവിടങ്ങളിലെ മദ്യപർ പൊരിവെയിലിൽ ക്യൂ നിൽക്കുന്ന ദയനീയത ഒഴിവാക്കാനായി (ഗതാഗതതടസ്സമുണ്ടാകാതിരിക്കാനും) കേരളത്തിലെ എല്ലാ പ്രധാനപട്ടണങ്ങളിലും ബിവറേജസ് കോർപ്പറേഷന്റെ ഓരോ 'മദ്യ സൂപ്പർ മാർക്കറ്റുകൾ' തുറക്കുന്നതാണ്! പരീക്ഷണാർത്ഥം ജില്ലാ ആസ്ഥാനങ്ങളിൽ ഉടനെ തുടങ്ങും. തുടർന്ന് മറ്റു പട്ടണങ്ങളിലും. എങ്ങനെയുണ്ട് ഭരണകൂടത്തിന്റെ 'മദ്യജനസേവനതൽപരത?'

I Å sâ D Å

സംസ്ഥാനത്ത് പ്രതിദിനം വിൽക്കുന്നത് ഉൽപ്പാദിപ്പിക്കുന്ന കള്ളിനേക്കാൾ 2,91,306 ലിറ്റർ അധികമെന്നാണ് കണക്ക്. ഡയസപാം പോലെ പൊടികൾ വെള്ളത്തിൽ കലർത്തി സ്പിരിറ്റും ചേർത്തുണ്ടാക്കുന്നതാണ് മിക്ക ഷാപ്പുകളിലും കിട്ടുന്ന കള്ള്. ഇത് പരിശോധനയ്ക്ക് അയച്ചാലും വ്യാജനാണോയെന്നു കണ്ടെത്താനാകില്ല.

എക്സൈസ് പിടികൂടുന്ന വ്യാജക്കള്ളിൽ ഈഥൈൽ ആൽക്കഹോളിന്റെ അളവ് 8.01 ശതമാനത്തിൽ താഴെയാണോ എന്നാണ് കോടതി പരിശോധിക്കുന്നത്. ഇത് 8.01ൽ താഴെ നിൽക്കും.

മലയാള മനോരമ: 25.2.2013

ഇനി മുതൽ മദ്യപർ വെയിലത്തു ക്യൂ നിൽക്കേണ്ട. ബിവറേജസ് സൂപ്പർ മാർക്കറ്റിൽ ചെന്നു ഓരോ ബ്രാൻഡും വിലയും തരവും നോക്കി ഇഷ്ടപ്പെട്ടതെടുത്ത് ബില്ലടിച്ചു വാങ്ങിപ്പോകാം. കുടിയന് ജോലിത്തിരക്കുണ്ടെങ്കിൽ മക്കളെയോ ഭാര്യമാരെയോ അയച്ചു വാങ്ങിപ്പിക്കുകയുമാവാം!

നമ്മുടെ കോടതികൾക്കും ന്യായാധിപന്മാർക്കും മദ്യ ഉപഭോക്താക്കളായ ജനത്തോടല്ല, മറിച്ചു മദ്യക്കച്ചവടക്കാരായ 'ഭരണകൂടത്തോടും 'ബാറുകാരോടുമാണ് അനുഭാവമെന്ന് അടുത്തകാലത്തെ പല കോടതിവിധികളും ഉത്തരവുകളും അഭിപ്രായപ്രകടനങ്ങളും സംശയിപ്പിക്കുന്നു. മദ്യപരായ സാധാരണക്കാരും ഇന്ത്യൻ പൗരന്മാരാണെന്നും അവർക്കും ഭരണഘടനാപരമായ മൗലിക അവകാശങ്ങളും വ്യക്തിസ്വാതന്ത്ര്യവുമൊക്കെ കിട്ടേണ്ടതാണെന്നും അവ സംരക്ഷിക്കാൻ നീതിപീഠങ്ങൾ ബാദ്ധ്യസ്ഥമാണെന്നുമുള്ള സൂചനകളൊന്നും ഒരിക്കലും ഉണ്ടാകുന്നില്ല. ഇടത്തരക്കാരും താഴ്ന്ന വരുമാനക്കാരുമായവരുടെ മദ്യപാനവും അതിനു ശേഷമുള്ള അവരുടെ സഞ്ചാരസ്വാതന്ത്ര്യവുമൊക്കെ ഹനിക്കുന്നിടത്തേക്കാണു കാര്യങ്ങൾ നീങ്ങുന്നത്. മദ്യപിച്ചിട്ടുണ്ടെങ്കിൽ അവർ പ്ലാറ്റ്ഫോമുകളിൽ കടന്നാൽ പോലും Breath Analizer ടെസ്റ്റിൽ മദ്യമണമുണ്ടായാൽ ശിക്ഷിക്കുമെന്നൊക്കെയായിരുന്നു ഉത്തരവ്! **മദ്യപിച്ചവനു ബസ്സിലും ഓട്ടോയിലും റോഡിലും പാട്ടുംപാടി സഞ്ചരിക്കാം. ട്രെയിനിൽ മാത്രം പാടില്ല!** മദ്യം സംസ്ഥാനപാനീയവും തീവണ്ടി കേന്ദ്രവാഹനവുമായതുകൊണ്ടാകുമോ? മദ്യപിച്ചിട്ടായാലും ചായ കുടിച്ചിട്ടായാലും വെറുതെ മറ്റുള്ളവന്റെ മേക്കിട്ടുകേറുന്നവർക്കെതിരെ കേസെടുക്കാൻ – അതെവിടെവച്ചായാലും – നിലവിൽത്തന്നെ നിയമങ്ങളുണ്ട്. പിന്നെന്തിനാണാവോ സർക്കാർ തന്നെ പ്രോത്സാഹിപ്പിക്കുന്ന മദ്യപാനം നിർവ്വഹിക്കുന്നവനു മാത്രം ഒരു പ്രത്യേക നിയമം? 'മദ്യമണം' ഉണ്ടെന്നതിന്റെ പേരിൽ മാത്രം – അതും നമ്മുടെ സർക്കാർ നമുക്കു മനസ്സറിഞ്ഞുതരുന്ന ഒരു പാനീയത്തിന്റെ – ഒരുവനെ ക്രിമിനലും കുറ്റവാളിയുമൊക്കെയായി കാണുന്നതെന്തിന്?

മുമ്പു കേരളത്തിൽ ചാരായനിരോധനമുണ്ടായപ്പോൾ നീതിപീഠവും നിയമപാലകരും അതിനനുകൂലമായിനിന്നു. ഇതാ ഇന്നിപ്പോൾ പാവപ്പെട്ടവരുടെ മറ്റൊരു മദ്യമായ തെങ്ങിൻകള്ളും പനങ്കള്ളും (സാധാരണനിലയിൽ യാതൊരുവിധ അനാരോഗ്യ പ്രശ്നങ്ങളുമുണ്ടാക്കാത്തതും ആരോഗ്യദായകവുമായ രണ്ടു സ്വദേശി ഉൽപ്പന്നങ്ങൾ) കൂടി നിരോധിച്ചുകൂടേയെന്നു കോടതി സർക്കാരിനോട് അഭിപ്രായമാരാഞ്ഞതായും ചില മന്ത്രിമാരടക്കം അതിൽ പ്രകോപിതരായതായും പത്രവാർത്തകൾ! നീതിപീഠം കരുതുന്നതു ചാരായത്തിലും കള്ളിലുമേ മായമുള്ളൂ എന്നാണോ? പരിപ്പിലും പഞ്ചസാരയിലും അരിയിലും ഒക്കെ മായമുണ്ടെന്നു കരുതി ഏതെങ്കിലും രാജ്യത്തെ ഭരണകൂടമോ നീതിപീഠമോ അവ നിരോധിക്കുമോ? മായമുണ്ടെങ്കിൽ അതില്ലാത്തവ വിതരണം ചെയ്യാനുള്ള നിയമവും സംവിധാനവും ഉണ്ടാക്കുയല്ലേ ഒരു പരിഷ്കൃതരാജ്യത്തെ ഭരണകൂടത്തിന്റെയും നീതിപീഠത്തിന്റെയും കടമ? **സർക്കാർ തന്നെ പതിനൊന്നു തരം മാരകരോഗകാരണമെന്നു പരസ്യസമ്മതം നടത്തുന്ന 'വിദേശ മദ്യക്കച്ചവടം ഉപേക്ഷിക്കുന്നതിനോ നിരോധിക്കുന്നതിനോ നീതിപീഠമോ ഭരണകൂടമോ എന്തുകൊണ്ടു മുതിരുന്നില്ല?** പാവങ്ങളുടെ ചോരകുടിക്കുകയും പണക്കാരന് ഓശാന പാടുകയുമാണോ ഭരണകൂട കടമ? ലോകത്തൊരിടത്തും കൊടുംക്രൂരരായ ഏകാധിപതികൾ പോലും സ്വന്തം ജനതയോടു കാണിക്കാത്തവിധമുള്ള 'മനുഷ്യത്വരഹിതക്രൂരതകളാണ് ഇന്ത്യൻ നിർമ്മിത (വ്യാജനിർമ്മിതവുമായ) വിദേശമദ്യ വ്യാപാരത്തിലൂടെ കേരള ജനതയോടു കാണിക്കുന്നതെന്നു ദയവായി നമ്മൾ തിരിച്ചറിയേണ്ടയിരിക്കുന്നു. **GM**

മദ്യവും മയക്കുമരുന്നും പരീക്ഷിക്കരുത്

■ ഡോ. കെ.പി. ജോർജ്

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും ലഭ്യത ചുറ്റുവട്ടത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ അവ ഉപയോഗിക്കുന്നവരുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുകയാണ്. തല്പരകക്ഷികളുടെ ഒരു സൗജന്യ ഓഫർ പരീക്ഷണാർത്ഥം ഒരു രസത്തിനുവേണ്ടി തുടങ്ങി പലരും ആ അനുഭൂതിയോട് ആകർഷിക്കപ്പെട്ടുപോകും. അന്തിമമായി ചിലർ അതിന് അടിമപ്പെട്ടുപോകുകയും ചെയ്യും.

ഇതിനെത്തുടർന്ന് മാനസികമായി ആ ശീലം നിർത്താൻ സാധിക്കാതെ വരും. പിന്നീട് ശരീരപ്രവർത്തനത്തിന്റെ ഭാഗമായി അത് ആവശ്യമായി തീരുന്നു. ഇത്തരക്കാർക്ക് ആ ഉത്തേജനം നിർത്തിപ്പോയാൽ പല ശാരീരികപ്രശ്നങ്ങളും 'കോട്ടൽ' വരെയും വന്നുകൂടും. ഒടുവിൽ ഉദ്ദേശിച്ച ഫലത്തിനായി മരുന്നുകൾ കൂടുതൽ കൂടുതൽ അളവിൽ കഴിക്കേണ്ടതായും വരുന്നു.

ലോകമെമ്പാടും നോക്കിയാൽ ലക്ഷക്കണക്കിനാളുകൾ വാർദ്ധ്യകൃത്തിലെത്തുന്നതിനു മുൻപ് പുകയിലയുടെ ഉപയോഗം മൂലം മൃതിയടയുന്നുണ്ട്. അതിലധികം പേരും കുടുംബം പോറ്റുന്ന പുരുഷന്മാരാണ്. അർബുദം, തളർവാതം, സ്മൃതിനാശം, വയറ്റിൽ അൾസർ, വീഴ്ചയിൽ എല്ലൊടിയൽ, കാൽ മരപ്പ്, വേദന, രുചിയും മണവും തിരിച്ചറിയാനുള്ള വിഷമം, മുതലായവയിലേതെങ്കിലും ചിലതു വന്നു കൂടും. പുകവലിക്കാരുടെ സാമീപ്യം അവരോട് അടുത്തിടപെടുന്നവർക്ക് പരോക്ഷമായി ദോഷം ചെയ്യും. മുപ്പതു ശതമാനത്തോളം പുക അന്തരീക്ഷ സാമീപ്യത്തിൽ കൂടി അവരുടെ അകത്തും ചെല്ലുമെന്നാണ് കണക്കാക്കപ്പെടുന്നത്.

പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിച്ചിട്ടുണ്ടെങ്കിലും പുകയിലയുടെ മറ്റുതരത്തിലുള്ള ഉപയോഗം വർദ്ധിച്ചുവരുന്നുണ്ട്. ഹാൻസ് മാതിരി പുകയിലപ്പൊടി തിന്നുന്നത് വ്യാപകമായിരിക്കുകയാണ്. ഒരു ശീലം സൃഷ്ടിക്കുവാൻ എളുപ്പമാണ്. പക്ഷേ അതു മാറ്റിയെടുക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. ഹാൻസ് ഉപയോഗിക്കുന്ന ചിലർ സങ്കടപ്പെട്ട് ആ ശീലം നിർത്തുവാനുള്ള മാർഗ്ഗം തേടിവരാറുണ്ട്.

ഹൃദ്രോഗം വന്ന ഒരു രോഗിയോടു പുകവലി നിർത്തണമെന്ന് ഡോക്ടർ ഉപദേശിച്ചപ്പോൾ അത് അക്ഷരാർത്ഥത്തിൽ സ്വീകരിച്ചു. പക്ഷേ പകരം "മൂക്കിൽപൊടി" ഉപയോഗം തുടങ്ങി. നെഞ്ചിടിപ്പിന്റെ വേഗത കൂടി പ്രശ്നം ഉണ്ടായപ്പോഴാണ് അത് മറ്റൊരു ദോഷവശമാണെന്നു മനസ്സിലാക്കിയത്. പല്ലുവേദനയ്ക്ക് ഗുണം ചെയ്യുമെന്നു പറഞ്ഞ് പുകയില ചവയ്ക്കുന്നവർ പല്ലുപോയി കഴിയുമ്പോൾ ഊനുവേദനയ്ക്കെന്നും പറഞ്ഞ് ആ ശീലം പിന്നെയും തുടരും. നിർബന്ധിച്ചതുകൊണ്ടോ വഴക്കുപറഞ്ഞതുകൊണ്ടോ ശീലങ്ങൾ മാറ്റാനാവില്ല. അതിനായി സ്വയം ഒരു ഉറച്ച തീരുമാനമെടുക്കണം.

കറുപ്പും കഞ്ചാവും വ്യാപകമായി വിപണിയിൽ ലഭ്യമായിരുന്ന കാലമുണ്ടായിരുന്നു. ഇന്ന് അവ നിരോധിച്ചിരിക്കയാണ്. ഗഗനസഞ്ചാരികളെപ്പോലെ പറന്നു നടക്കുന്ന അനുഭവം ഉണ്ടാക്കുന്നതിനായി കുത്തിവെപ്പും മറ്റും എടുക്കുന്നവർ ഇന്നുമുണ്ട്. പക്ഷേ വേഗം അടിമപ്പെട്ടുപോകയാണ് പതിവ്. അചിരേണ എല്ലാം നഷ്ടപ്പെട്ട് ഒരു നിഴൽ പോലെ രോഗിയായി തീരും. പലരും അക്രമവാസന ഉള്ളവരായി തീർന്ന് കുറ്റകൃത്യങ്ങൾ ചെയ്യുന്നവരായി മാറുന്നുമുണ്ട്.

സ്കൂളുകളുടെ ചുറ്റുവട്ടത്തിൽ മദ്യവില്പനയും കഞ്ചാവു വില്പനയും വ്യാപകമായി തുടരുന്നുണ്ട്. കുട്ടികളുടെ ഇടയിലെ ഈ ദുശ്ശീലം മാറ്റുവാനായി എല്ലാ സ്കൂളുകളിലും കൗൺസലിംഗ് നിർബന്ധമായി നടത്തുന്നുണ്ട്. പല കുട്ടികളുടെയും അനുഭവങ്ങൾ ഞെട്ടിപ്പിക്കുന്നവയാണ്. അദ്ധ്യാപകരും മാതാപിതാക്കളും ഒന്നിച്ചുനിന്ന് ഇതിനെതിരായി പോരാടേണ്ടതുണ്ട്.

ലഹരി ശീലിച്ചിട്ടില്ലാത്ത കുടുംബങ്ങളും ഭാവിയിൽ ലഹരിയുടെ ദുരന്തത്തെ നേരിടേണ്ടിവന്നേക്കാം.

മദ്യനിരോധനം ഇന്നും പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. മദ്യം സേവിക്കുന്നവരിൽ 85 ശതമാനവും അല്പസ്വല്പം ബഹളം വെക്കുമെന്നതിനപ്പുറം പ്രശ്നങ്ങളൊന്നും സൃഷ്ടിക്കാറില്ല. എന്നാൽ 15 ശതമാനം ആൾക്കാരിൽ ആ ശീലം നിർത്തുവാനാകാതെ കൂടുതൽ കൂടുതൽ അളവിൽ കുടിച്ച് കരളിനേയോ ഹൃദയത്തേയോ തലച്ചോറിനേയോ മറ്റേതെങ്കിലും അവയവത്തേയോ തകരാറിലാക്കും. കുടുംബജീവിതം താറുമാറിലായ പല ഭാര്യമാരും, ഭർത്താവറിയാതെ എങ്ങനെയെങ്കിലും മദ്യപാനം നിർത്തിക്കുവാൻ സാധിക്കുമോ എന്ന് ചോദിക്കാറുണ്ട്. ക്ഷമയോടെയും സ്നേഹത്തോടെയും കൂടിയുള്ള പരിചരണത്തിൽ കൂടി മാത്രമേ ഇത് സാധ്യമാകയുള്ളൂ. നിർത്തിക്കഴിഞ്ഞാൽ തന്നെയും വീണ്ടും ആ ദുശ്ശീലത്തിലേക്ക് വഴുതിപ്പോകാതിരിക്കാൻ മദ്യപാനത്തിൽ നിന്നും മോചനം ലഭിച്ചവരുടെ സംഘടനയായ "ആൽക്കഹോളിക് അനോനിമസ്" പ്രവർത്തകരുമായി നേരിട്ട് ബന്ധപ്പെടുന്നത് വളരെ ഗുണം ചെയ്യുന്നതായി കാണുന്നുണ്ട്.

പല കായികതാരങ്ങളും ഉത്തേജക മരുന്നുകൾ ഉപയോഗിച്ച് മുൻനിരയിലെത്തുന്നതായി നാം കാണുന്നുണ്ട്. പലപ്പോഴും ഇതു കണ്ടുപിടിച്ച് ശിക്ഷിക്കപ്പെടുന്നുമുണ്ട്. അടിസ്ഥാനപരമായി കോർട്ടിസോൺ കുടുംബത്തിൽ നിന്നും പല പല വ്യതിയാനങ്ങൾ വരുത്തിയെടുത്ത മരുന്നുകളാണ് ഇതിനായി ഉപയോഗിച്ചുവരുന്നത്.

മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ജാഗ്രതയായി നിരന്തര ബോധവല്ക്കരണം നടത്തേണ്ടിയിരിക്കുന്നു.

എനിക്ക് ഒരു ദോഷവും സംഭവിക്കുകയില്ല എന്ന് ആരും അഹങ്കരിക്കരുത്.

GM

മലയാളമനോരമ ആഴ്ചപ്പതിപ്പിൽ 30 വർഷമായി വായനക്കാരുടെ ആരോഗ്യപരമായ സംശയങ്ങൾക്ക് മറുപടി പറയുന്ന ഡോ. ജോർജ് കോട്ടയം ചെറിയപള്ളി ഇടവകാംഗമാണ്.

വി. കുർബാന: ഒരു പഠനം

hn. IpÀ_m\ bpsS kam]\`mKw

■ പ്രൊഫ. തോമസ് പി. വർഗ്ഗീസ്



കഴിഞ്ഞ ലക്കത്തിൽ കർത്താവിന്റെ രണ്ടാമത്തെ വരവിനെ സ്മരിച്ചുകൊണ്ട് പട്ടക്കാരനും ശുശ്രൂഷക്കാരും വലിയ ആഘോഷമായി പടിഞ്ഞാറോട്ടു വരുന്നതിനെക്കുറിച്ചായിരുന്നു പ്രതിപാദിച്ചത്.

"വി: കുർബാന എന്നത് യേശുക്രിസ്തുവിന്റെ ജനനം മുതൽ രണ്ടാമത്തെ വരവ് വരെയുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ (events) വെറുതെ സ്മരിക്കുകയല്ല – മറിച്ച് കഴിഞ്ഞകാല സംഭവത്തിന്റെ അനുഭവം 'പങ്കെടുത്തും അനുഭവിച്ചും' (participation of communion) യാഥാർത്ഥ്യമാണെന്ന വിശ്വാസത്തിലും ബോധത്തിലും കാലത്തെയും സമയത്തെയും മറികടന്ന് ഇന്നും ദൈവസന്നിധിയിലേക്ക് ഉയരുവാൻ മുഖാന്തരമായ ദൈവിക ശുശ്രൂഷയാണ്."

ഈ ദൈവിക ബലിയുടെ സമാപനശുശ്രൂഷയെക്കുറിച്ച് ഈ ലക്കത്തിൽ പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നു. സമാപനത്തിന്റെ ആദ്യഭാഗം കൃതജ്ഞതാ പ്രകടനമാണ്.

ആർക്ക്, എന്തിനുവേണ്ടിയാണ് നന്ദിപ്രകടനം നടത്തുന്നത്

പട്ടക്കാരൻ നന്ദിപ്രകടനം നടത്തുന്നത് പിതാവാം ദൈവത്തോടാണ്. എന്തിനുവേണ്ടി? പാപത്തിൽ ആണ്ടുകിടക്കുന്ന മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ പിതാവാം ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്കു അയയ്ക്കുവാൻ തക്കവണ്ണം മനുഷ്യനെ സ്നേഹിച്ച ആ വലിയ സ്നേഹത്തിനും, അതോടൊപ്പം പുത്രന്റെ തിരുബലിയിൽ പങ്കെടുക്കാനും വിശുദ്ധ ശരീരരക്തങ്ങൾ ഭക്ഷിക്കാനുമുള്ള അർഹത തന്നതിനും കൂടിയാണ് കൃതജ്ഞത അർപ്പിക്കുന്നത്. എത്ര വലിയ പദവിയാണ് പിതാവാം ദൈവം മനുഷ്യനു നൽകിയിരിക്കുന്നത്. തന്നെ എന്നും വാഴ്ത്തി സ്തുതിക്കുന്ന മാലാഖമാർക്കു പോലും ഈ പദവി നൽകിയിട്ടില്ല. ഈ ഗീതം ശ്രദ്ധിക്കുക

'അഗ്നിമയന്മാരാരേ നോക്കിൽ വിറച്ചീടുന്നു
അവനേ മേശയിലപ്പം വീണ്ണായ് നീ കാണുന്നു.
ആരേ മിന്നലുടുത്തോർ നോക്കുകിലെരിയുന്നുടനെ
അവനേ മൺമയർ – ഭക്ഷിച്ചു മുഖം – തെളിയുന്നേറ്റം.

വി. യാക്കോബിന്റെ തക്സായിൽ പട്ടക്കാരന്റെ കൃതജ്ഞതാ പ്രാർത്ഥന ഇപ്രകാരമാണ്.

"കർത്താവേ നിന്റെ സ്വർഗ്ഗീയവിരുന്നിൽ സംബന്ധിക്കുവാൻ ഞങ്ങളെ അർഹരാക്കിത്തീർത്ത നിന്റെ മഹാ കരുണ നിമിത്തം ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. കർത്താവേ നിന്റെ വിശുദ്ധ രഹസ്യങ്ങളുടെ അനുഭവം മൂലം ഞങ്ങൾ ശിക്ഷാർഹരായിത്തീരരുതേ. പിന്നെയോ നിന്റെ പരിശുദ്ധാത്മ സംസർഗ്ഗത്തിനു ഞങ്ങൾ അർഹരായിത്തീരേണമെ.. ഞങ്ങൾ നിനക്കും (പിതാവിനും) നിന്റെ ഏകജാതനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകണമെ"

ഹൃദയസ്പർശിയായ ഈ പ്രാർത്ഥനയ്ക്ക് ജനം മറുപടിയായി "ആമ്മീൻ"എന്നു ചൊല്ലുന്നു.

ഇവിടെ വിശ്വാസികളുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരുന്നു.. പട്ടക്കാരൻ തിരുബലി അർപ്പിക്കുന്നതു പിതാവാം ദൈവത്തിന്റെ മുൻപാകെയാണ്. ആയതിനാൽ വി. കുർബാന രഹസ്യമായി ആരംഭിക്കുന്നതു മുതൽ (വിശ്വാസപ്രമാണത്തിനു ശേഷം പട്ടക്കാരൻ ദർഗ്ഗായിൽ കയറുന്നതു മുതൽ) വി. കുർബാനയുടെ അവസാനഭാഗമായ കൃതജ്ഞതാ പ്രാർത്ഥനവരെയുള്ള പട്ടക്കാരന്റെ എല്ലാ പ്രാർത്ഥനയും അപേക്ഷയും പിതാവാം ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ടാണ്. അത് ഇപ്രകാരമാണ്.

"ഞങ്ങൾ നിനക്കും (പിതാവ്) നിന്റെ ഏകജാതനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു"

എന്നാൽ വിശുദ്ധ കുർബാന പരസ്യമായി ആരംഭിക്കുന്നതിനു മുൻപും കൃതജ്ഞതാ പ്രാർത്ഥനയ്ക്കു ശേഷവുമുള്ള പട്ടക്കാരന്റെ പ്രാർത്ഥനകൾ പുത്രൻ തമ്പുരാനോടാണ്. അത് ഇപ്രകാരം അവസാനിക്കുന്നു.

ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടി

"ഞങ്ങൾ നിനക്കും (പുത്രൻ) നിന്റെ പിതാവിനും, പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു."

വിശ്വാസികളുടെ "ആമ്മീൻ" എന്ന പ്രതിവാക്യത്തിനു ശേഷം പട്ടക്കാരൻ "നിങ്ങൾ എല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ"യെന്നും ആശംസിക്കുന്നു. ജനം പ്രതിവാക്യമായി "അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ" എന്നും ചൊല്ലുന്നു. അടുത്തതായി ശുശ്രൂഷക്കാരൻ: "നൽകപ്പെട്ട രഹസ്യങ്ങൾ കൈക്കൊണ്ടതിനു ശേഷം വീണ്ടും കർത്താവിന്റെ മുൻപാകെ നാം തല കുനിക്കണ"മെന്ന് ആഹ്വാനം ചെയ്യുന്നു. വി. കുർബാനയിൽ ഇതു മൂന്നാം പ്രാവശ്യമാണ് തല കുനിക്കുവാൻ ആഹ്വാനം നൽകുന്നത്. ജനം ഇതിനു പ്രതിവാക്യമായി "ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ തിരുമുമ്പാകെ ഞങ്ങൾ തലകൾ കുനിക്കുന്നു"എന്നു പറയുന്നു.

ദൈവ മുമ്പാകെ തല വണങ്ങി നിൽക്കുന്ന സഭയ്ക്കു വേണ്ടി പട്ടക്കാരൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു.

ഞങ്ങൾക്കു വേണ്ടി മനുഷ്യനായിത്തീർന്ന നിന്റെ (പുത്രൻ) ബലിയർപ്പണം മൂലം ഞങ്ങളെ രക്ഷിച്ച ഞങ്ങളുടെ രക്ഷകനാകുന്ന ദൈവമായ കർത്താവേ സകല വിനാശത്തിൽനിന്നും ഞങ്ങളെ രക്ഷിച്ച് തിരുനാമത്തിനു ഞങ്ങളെ ആലയങ്ങളാക്കിത്തീർക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും സ്തുതിയും സ്തോത്രവും കരേറ്റുന്നു.

പട്ടക്കാരന്റെ പ്രാർത്ഥനയ്ക്കു പ്രതിവാക്യമായി ജനം "ആമ്മീൻ" പറയുന്നു.

തുടർന്ന് വി. കുർബാനാംഗീകാരത്തിന്റെ പ്രാർത്ഥനയാണ്. ഇതിനു രണ്ടു ഭാഗങ്ങൾ ഉണ്ട് (1) പുരോഹിതൻ ചൊല്ലുന്ന ഹൂത്തോമോയും (2) ആരാധനാ സമൂഹത്തിന്റെ ഗീതവും.

ഹൂത്തോമോ എന്നതിന്റെ അർത്ഥം എന്താണ്

ഹൂത്തോമോ എന്ന സുറിയാനി പദത്തിന്റെ അർത്ഥം മുദ്രവയ്ക്കൽ – ഒപ്പുവയ്ക്കൽ – ഉറപ്പിക്കൽ – എന്നൊക്കെയാണ്. വി. കുർബാനയും മറ്റ് ആരാധനാ കർമ്മങ്ങളും ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടികളാണ്. ഈ ഉടമ്പടി മുദ്രവയ്ക്കണം – മുദ്രവച്ചു കഴിഞ്ഞാൽ അതിനനുസരിച്ചു ജീവിച്ചോളാമെന്നതിന്റെ ഒപ്പുവയ്ക്കലാണ് ഹൂത്തോമോ. വി. കുർബാന അനുഭവിച്ച നാം ദൈവികരായി ജീവിച്ചുകൊള്ളാമെന്നു മുദ്രയിട്ടു സത്യം ചെയ്യലാണ് ഹൂത്തോമോ. വി. കുർബാനയുടെ അവസാനം വരുന്നതിനാൽ ഹൂത്തോമോയെ സമാപനപ്രാർത്ഥനയായും ആശീർവാദമായും കണക്കാക്കുന്നു. വി. തക്സായിൽ ഓരോ സന്ദർഭത്തിനും, ഓരോ പെരുനാളുകൾക്കും പ്രത്യേകം പ്രത്യേകം ഹൂത്തോമോകൾ ക്രമീകരിച്ചിട്ടുണ്ട്. വി. കുർബാനയിൽ സാധാരണ ഉപയോഗിക്കുന്ന ഒരു ഹൂത്തോമോ

"പരമോന്നതമാം പദമതിലമരും പരനാം ദേവാ!
കൃപ നിറയും നിൻ തിരുനയനത്താൽ സൂക്ഷിക്കണമെ
ചേർത്തീടണമെ ഞങ്ങളെ ദിവ്യ സ്ലീബാ തണലിൽ
താവക കൃപയീ പൂജകനിവഹേ വർഷിക്കണമേ."

പട്ടക്കാരന്റെ ഹൂത്തോമോയ്ക്കു ശേഷം സന്ദർഭത്തിന് അനുസരിച്ചുള്ള ഗീതം ആരാധനാ സമൂഹം ഒന്നായി ചൊല്ലണം. സാധാരണ ഉപയോഗിക്കുന്ന ഗീതം

"കാഴ്ചയതിൽ – കർത്താവേ നിൻ
തിരുവുള്ളം – തുഷ്ടിപ്പെട്ട്
നല്ലമരി–ച്ചോർ പുണ്യപ്പെ–
ട്ടിറയരാ–നന്ദിക്കേണം."

തുടർന്ന് പട്ടക്കാരൻ നാലാമത്തേതും അവസാനത്തേതുമായ ആശീർവാദം വിശ്വാസ സമൂഹത്തിന് നൽകുന്നു.

ഈ ആശീർവാദത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം

വി. കുർബാനയിൽ പട്ടക്കാരൻ വിശ്വാസികൾക്ക് നൽകിയ മൂന്നു ആശീർവാദങ്ങളും ത്രിത്വാടിസ്ഥാനത്തിൽ ആയിരുന്നു.

എന്നാൽ നാലാമത്തെ ഈ ആശീർവാദം ത്രിത്വാടിസ്ഥാനത്തിലല്ല. ഈ ആശീർവാദത്തിൽ പട്ടക്കാരൻ പിരിഞ്ഞുപോകുന്ന ആരാധനാ സമൂഹത്തിനു ഉപദേശവും ആശംസയും നൽകുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇസ്രയേല്യരുടെ ആരാധനാവസാനത്തിൽ ഇതുപോലെയൊരു ആശീർവാദം നൽകുന്ന പതിവുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് സുറിയാനി പിതാക്കന്മാർ വി. കുർബാനയുടെ അന്ത്യയാത്രാശംസയിൽ ഇപ്രകാരമൊരു ആശംസ ക്രമീകരിച്ചിരിക്കുന്നത്.

ഇപ്പോൾ പട്ടക്കാരൻ നൽകുന്ന ആശീർവാദത്തിൽ **നാലു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു (1) അനുഗ്രഹം നൽകൽ (2) സമാധാനത്തോടെ പോക എന്ന യാത്രയയ്ക്കൽ (3) മുദ്രയിടൽ (4) പട്ടക്കാരന്റെ പ്രത്യേകമായ അപേക്ഷ.**

വി. യാക്കോബിന്റെ തക്സായിൽ നൽകിയിരിക്കുന്ന നാലാമത്തെ ആശീർവാദം എപ്രകാരമെന്നു നോക്കാം.

പട്ടക്കാരന്റെ ഇടതുകൈ ത്രോണോസിന്റെ ബന്ധത്തിൽ വച്ചുകൊണ്ടുതന്നെ, ത്രോണോസിൽ നിന്ന് വലതുകൈകൊണ്ട് ശക്തി പ്രാപിച്ച ശേഷം വലതുവശം തിരിഞ്ഞ് പടിഞ്ഞാറേക്ക് ജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു.

"വത്സല സഹോദരങ്ങളെ കർത്താവിന്റെ പാപപരിഹാരം നൽകുന്ന ബലിപീഠത്തിൽനിന്നു നിങ്ങൾ പ്രാപിച്ചിരിക്കുന്ന യാത്രാഭക്ഷണത്തോടും (വഴിയാഹാരം - വി. കുർബാനാനുഭവം) **(1) അനുഗ്രഹങ്ങളോടും കൂടെ,** പരിശുദ്ധവും മഹനീയവുമായ ത്രിത്വത്തിന്റെ കൃപയ്ക്കും കരുണയ്ക്കും നിങ്ങളെ ഞങ്ങൾ ഭരമേൽപ്പിക്കുന്നു. ഈ സമയത്തു **(2) സമാധാനത്തോടെ പോകുവിൻ.** (ഈ സമയം ജനത്തിനുനേരെ പട്ടക്കാരൻ കുരിശുവരയ്ക്കുന്നു +).

ദൂരസ്ഥരും സമീപസ്ഥരും മരിച്ചുപോയവരും കർത്താവിന്റെ വിശുദ്ധ സ്ലീബായാൽ (+) രക്ഷിക്കപ്പെട്ടവരും പരിശുദ്ധ മാമോദീസായുടെ റൂശ്മായാൽ **(3) മുദ്രകുത്തപ്പെട്ടവരുമെ!** ഈ ത്രിത്വം നിങ്ങളുടെ കടങ്ങൾക്ക് പരിഹാരം നൽകും, നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും നിങ്ങളുടെ മരിച്ചുപോയവരുടെ ആത്മാക്കൾക്ക് ആശ്വാസം നൽകും."

തുടർന്ന് പട്ടക്കാരൻ വലതുകാൽ ദർഗ്ഗയിൽനിന്ന് ഇറക്കി കുത്തിക്കൊണ്ട് (മേൽപ്പട്ടക്കാരോ പ്രായമുള്ള പട്ടക്കാരോ ഉണ്ടെങ്കിൽ ആദ്യമേ തന്നെ വലതുകാൽ ദർഗ്ഗയിൽ നിന്ന് ഇറക്കി കുത്തും.) "ബലഹീനനും പാപിയുമായ ദാസനാകുന്ന ഞാൻ നിങ്ങളുടെ പ്രാർത്ഥനകളാൽ കരുണയും സഹായവും പ്രാപിക്കുവാൻ ഇടയാകട്ടെ. നിങ്ങൾ സന്തോഷിച്ച്, ആനന്ദിച്ച് (കൊണ്ട്) സമാധാനത്താലെ പോകുവിൻ (+), എന്നും എനിക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവിൻ" എന്നു **പ്രത്യേകം അപേക്ഷിക്കുന്നു.**(4)

പട്ടക്കാരന്റെ ഈ ആശീർവാദത്തിനു വിശ്വാസി സമൂഹം "ആമ്മീൻ കർത്താവ് അവിടുത്തെ കുർബാന അംഗീകരിക്കുകയും അവിടുത്തെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യുമാറാകട്ടെ" എന്ന് പ്രതിവാക്യമായി പറയുന്നു. ഇതിനു ശേഷം മറയിടുന്നു.

ഇപ്പോൾ തിരശ്ശീലയിടുന്നതിന്റെ അർത്ഥം എന്താണ്

വി. കുർബാനയുടെ അനുഷ്ഠാനത്തിന്റെ കാലനിർണ്ണയ പ്രകാരം ഇപ്പോൾ മറയിടുന്നത് ലോകസമയം അവസാനിക്കുകയും പുതിയ ലോകം ആരംഭിക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കാനാണ്.

രഹസ്യമായ സമാപനശുശ്രൂഷ

ഇപ്പോഴത്തെ ആശീർവാദത്തിനു ശേഷം മറയിട്ട് മദ്ബഹായിൽ നടത്തുന്ന സമാപനകർമ്മങ്ങൾ എന്തൊക്കെയെന്ന് വിശ്വാസികൾ കേൾക്കുകയോ അവ കാണുകയോ ചെയ്യാത്തിനാൽ, അവയെക്കുറിച്ചു ലഘുവായി വിവരിക്കാൻ ആഗ്രഹിക്കുന്നു.

മറയിട്ടതിനു ശേഷം പട്ടക്കാരൻ ത്രോണോസിന്റെ മുമ്പിൽ മുട്ടുകുത്തി "ഇന്നു ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ കുർബാനയിൽ ദൈവമായ കർത്താവും തന്റെ തിരഞ്ഞെടുക്കപ്പെട്ട മാലാഖമാരും പരിശുദ്ധന്മാരും പ്രീതിപ്പെട്ട് ഇതുമൂലം തന്റെ ജനനിക്കും പരിശുദ്ധന്മാർക്കും വിശ്വാസികളായ സകല മരിച്ചുപോയവർക്കും പ്രത്യേകിച്ച് ആർക്കെല്ലാം വേണ്ടി ഈ കുർബാന അണക്കപ്പെട്ടിരിക്കുന്നുവോ ആയവർക്കും ആശ്വാസവും നല്ല ഓർമ്മയും ലഭിക്കുവാൻ ഇടയാക്കണമെ" എന്നു പ്രാർത്ഥിക്കുന്നു.

ഈ സമയത്ത് ശുശ്രൂഷക്കാരും ജനങ്ങളും ചേർന്ന് കൗമ്മാ നമസ്കരിക്കുകയും അതിനുശേഷം മറ വലിച്ചു പട്ടക്കാരൻ ജനങ്ങളെ കൈയ്യും സ്ലീബായും മുത്തിക്കുകയും വിശ്വാസികൾ കാണിക്ക സമർപ്പണം നടത്തി പിരിഞ്ഞുപോകുകയും ചെയ്യുന്നു.

എന്തിനാണ് പട്ടക്കാരന്റെ കൈയ്യും സ്ലീബായും മുത്തുന്നത്?

വി. കുർബാനയുടെ എല്ലാ കർമ്മങ്ങളും പട്ടക്കാരന്റെ കൈകളിൽ കൂടിയാണ് നടത്തുന്നത്. വിശുദ്ധ ശരീരരക്തങ്ങൾ എടുത്ത ആ കൈ പരിശുദ്ധമാണ്, വി. സ്ലീബാ നമ്മുടെ രക്ഷയും ആയുധവും കാവലുമാണ് എന്നതിന്റെ പ്രതീകമായിട്ടാണ് ഇവയെ മുത്തുന്നത്.

കാണിക്ക സമർപ്പണം

പള്ളിയിൽ വരുന്നവർ വെറും കൈയ്യായി വരുന്നത് ശരിയല്ല. ദൈവം നമുക്കു നൽകിയിരിക്കുന്ന അനുഗ്രഹങ്ങളുടെ ഒരു പങ്ക് ദൈവത്തിനാണ്, അവരവരുടെ കഴിവിനനുസരിച്ച് പണമായോ മറ്റു സാധനങ്ങളായോ ദൈവസന്നിധിയിൽ സമർപ്പിക്കുന്നത് നമ്മുടെ കടമയാണ്. അർപ്പണ മനോഭാവം ഇല്ലാതെ ഭക്തി പൂർണ്ണമാവുകയില്ല

പട്ടക്കാരന്റെ വി. കുർബാനാനുഭവം

ജനങ്ങളെ കൈമുത്തിച്ച് വിട്ടതിനു ശേഷം വീണ്ടും മറ ഇട്ട് പട്ടക്കാരൻ ദർഗ്ഗായിൽ കയറി 23-ാം സങ്കീർത്തനവും പ്രത്യേക പ്രാർത്ഥനയും ചൊല്ലിക്കൊണ്ട് ബാക്കിയുള്ള വിശുദ്ധ ശരീരരക്തങ്ങൾ ഭക്ഷിക്കുന്നു. ഈ സമയത്തു ശുശ്രൂഷക്കാർ "അഗ്നിമയന്മാർ ആരെ നോക്കി വിറച്ചീടുന്നു...", "എന്റെ കടങ്ങളശേഷം നിൻ......" ഇത്യാദി ഗീതങ്ങൾ ആലപിക്കുന്നു. പട്ടക്കാരൻ തിരുശരീര രക്തങ്ങൾ അനുഭവിച്ചതിനു ശേഷം ത്രോണോസിലെ തിരികൾ കെടുത്തുന്നു.

തുടർന്ന് പട്ടക്കാരൻ പ്രത്യേക പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് കാസായും പീലാസായും മൂന്നു പ്രാവശ്യം വീതം കഴുകി കുടിക്കുന്നു. തിരുശരീരരക്തങ്ങളുടെ ഏതെങ്കിലും അംശം ശേഷിച്ചിട്ടുണ്ടെങ്കിൽ ദൈവമേ ക്ഷമിക്കണമേയെന്നു പ്രാർത്ഥിക്കുന്നു. അതിനു ശേഷം പ്രത്യേക പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് കൈകൾ കഴുകി ആ വെള്ളവും കുടിക്കുന്നു. 29-ാം സങ്കീർത്തനവും ചെറിയ പ്രാർത്ഥനയും ചൊല്ലിക്കൊണ്ട് കൈകൾ തുടയ്ക്കുന്നു.

ഇതിനുശേഷം മരിച്ചുപോയവർക്ക് വേണ്ടിയുള്ള പ്രൂമിയോൻ, സെദ്റ ചൊല്ലുന്നു. പിന്നീട് 'മോറാനീശോ മ്ശിഹാ നിന്റെ കരുണയുടെ വാതിൽ..........' എന്ന പ്രാർത്ഥനയും എത്രോയും ചൊല്ലുന്നു, തുടർന്ന് കുറിയേലായിസ്സോൻ കുറിയേ... കുറിയേ.. ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യേണമെ... എന്ന പ്രാർത്ഥന ചൊല്ലുന്നു. തുടർന്ന് സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... എന്ന പ്രാർത്ഥന പട്ടക്കാരനും ശുശ്രൂഷക്കാരനും ചേർന്ന് ചൊല്ലുന്നു. തുടർന്നു നടക്കുന്നതു ത്രോണോസിനോടുള്ള പട്ടക്കാരന്റെ യാത്രപറച്ചിലാണ്.

ത്രോണോസിനോടുള്ള പട്ടക്കാരന്റെ യാത്രപറച്ചിൽ

പട്ടക്കാരന്റെ ജീവിതത്തിലെ ഹൃദയസ്പർശിയായ സന്ദർഭമാണ് ബലി അർപ്പിച്ച ത്രോണോസിനോടുള്ള യാത്രചോദിക്കൽ. **ആദ്യം ത്രോണോസിന്റെ മുമ്പാകെ തല വണങ്ങിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു.**

"ദൈവമേ നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ച്
സ്വർഗ്ഗീയ രാജാവേ നിന്റെ സിംഹാസനത്തിൻ മുമ്പാകെ
ഞാൻ വന്ദിക്കുകയും ചെയ്തു. നിന്നോടു ഞാൻ ചെയ്ത
സകല പാപങ്ങളും എന്നോടു ക്ഷമിക്കേണമേ."

തുടർന്ന് **ത്രോണോസിന്റെ മദ്ധ്യഭാഗം മുത്തിക്കൊണ്ട്** ഹൃദയവേദനയോടെ ഇപ്രകാരം പ്രാർത്ഥിക്കുന്നു

"കർത്താവിന്റെ പരിശുദ്ധവും ദിവ്യവുമായ ബലിപീഠമേ, സമാധാനത്തോടെ വസിക്ക. ഇനി ഈ സന്നിധിയിലേക്ക് ഞാൻ വരുമോ ഇല്ലയോ എന്ന് എനിക്ക് നിശ്ചയമില്ല. സ്വർഗ്ഗീയ കടിഞ്ഞൂലുകളുടെ സഭയിൽ വച്ചു നിന്നെ കാണുവാൻ കർത്താവ് എന്നെ യോഗ്യനാക്കട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെട്ടുകൊള്ളുന്നു."

പിന്നീട് **ത്രോണോസിന്റെ വടക്കുവശം മുത്തി ഇപ്രകാരം പ്രാർത്ഥിക്കുന്നു**

"പരിശുദ്ധവും പാപപരിഹാരപ്രദവുമായ ബലിപീഠമേ സമാധാനത്തോടെ വസിക്കുക. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഇതിൽനിന്നു ഞാൻ പ്രാപിച്ച പരിശുദ്ധ ശരീരവും, പാപപരിഹാരപ്രദമായ രക്തവും എനിക്ക് എന്നേക്കും കടങ്ങളുടെ മോചനത്തിനും പാപപരിഹാരത്തിനും നിന്റെ ഭയങ്കര സിംഹാസനസന്നിധിയിൽ മുഖപ്രസന്നതയ്ക്കുമായി ഭവിക്കുമാറാകണമേ!"

തുടർന്ന് ത്രോണോസിന്റെ തെക്കുവശം മുത്തി ഇപ്രകാരം പ്രാർത്ഥിക്കുന്നു

"ജീവന്റെ മേശയാകുന്ന പരിശുദ്ധ ബലിപീഠമേ! സമാധാനത്തോടെ വസിക്ക. ഇനി എന്നന്നേക്കും എന്റെ സ്മരണ നിന്നിൽ നിന്നു മാഞ്ഞുപോകാനിടയാകാതെ കർത്താവേശു മ്ശിഹായോട് എനിക്കു വേണ്ടി പ്രാർത്ഥിക്കേണമേ ആമ്മീൻ"

ബലിപീഠത്തോടുള്ള യാത്രപറച്ചിൽ കഴിഞ്ഞതിനു ശേഷം വിരിക്കുട്ടം മുതലായവ മടക്കി തബ്ലൈത്തായുടെ മുകളിൽ വയ്ക്കുന്നു. വെള്ളം പറ്റിയ തുണികൾ വെയിലത്തു ഉണക്കണം. വിരലുകൾ തുട

യ്ക്കുന്ന തുണി മാമോദീസാ തൊട്ടിയിൽ കൂടെക്കൂടെ സോപ്പിട്ടു കഴുകി വൃത്തിയാക്കണം. ഉപയോഗയോഗ്യമല്ലെങ്കിൽ കത്തിച്ചുകളയണം. കൈകൾ കഴുകുമ്പോൾ വെള്ളം താഴെ പോകാതെ നോക്കണം. കൈവിരലുകൾ കഴുകി ആ വെള്ളവും കുലുക്കുഴിഞ്ഞ് കുടിക്കണം. വിശുദ്ധ കുർബാനയുടെ ഒരു അംശവും വായിൽ അവശേഷിക്കാതെ കുലുക്കുഴിഞ്ഞ് കുടിക്കേണ്ടതാണ്. അനന്തരം പട്ടക്കാരൻ കുർബാനവസ്ത്രങ്ങൾ എല്ലാം മാറി മദ്ബഹായിൽ നിന്ന് ഇറങ്ങുന്നു.

ബുർക്ക്സാ വാഴ്വ്

അടിച്ചു കാച്ചിയ അപ്പം (ഹമീറാ) ഒന്നിലധികം ഉണ്ടെങ്കിൽ വി. കുർബാനയ്ക്ക് അവയിൽ നല്ലത് നോക്കി എടുത്ത ശേഷം ബാക്കിയുള്ളവ ശുശ്രൂഷയുടെ അവസാനത്തിൽ ബുർക്സായായി, പ്രത്യേക പ്രാർത്ഥനകൾ ചൊല്ലി വാഴ്ത്തി ശുശ്രൂഷക്കാരനെ ഏൽപ്പിക്കുന്നു. ശുശ്രൂഷക്കാരൻ അതു മുറിച്ചു കഷണങ്ങളാക്കുകയും മദ്ബഹായിലുള്ളവർക്ക് മൂപ്പ് മുറയ്ക്കു കൊടുക്കുകയും ചെയ്യുന്നു. ബാക്കിയുണ്ടെങ്കിൽ ജനങ്ങൾ കാർമ്മികന്റെ കൈമുത്തി പിരിയുമ്പോൾ അവർക്കു നൽകണം. അതു വാങ്ങുന്നവർ അതു പള്ളിയിൽ വച്ചുതന്നെ അനുഭവിക്കണം.

* * * * *

ജോർജിയൻ മിററിൽ പ്രസിദ്ധീകരിച്ചുവന്ന 'വിശ്വാസ സത്യങ്ങൾ' എന്ന പംക്തി 2007 ഒക്ടോബർ - ഡിസംബർ ലക്കത്തിലാണ് ആരംഭിച്ചത്. ഈ ലക്കത്തോടുകൂടി ഇത് സമാപിക്കുകയാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സാധാരണ ജനങ്ങൾക്ക്, അതായത് അത്മായർക്ക്, വി. കുർബാനയുടെ ചരിത്രപരവും വേദശാസ്ത്രപരവുമായ ആഴങ്ങളിലേക്കു കടക്കാതെ, അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് ഒരു അവബോധം ഉണ്ടാക്കുക എന്നതായിരുന്നു ഈ പഠനപരിപാടിയുടെ ലക്ഷ്യം. ഇപ്രകാരമൊരു പംക്തി തുടങ്ങാൻ എന്നെ പ്രേരിപ്പിച്ച ഘടകം, നമ്മുടെ ജനങ്ങളിൽ ഭൂരിപക്ഷവും വി. കുർബാന"കാണുകയും കേൾക്കുകയും" മാത്രമാണു ചെയ്യുന്നത് എന്നുള്ളതാണ്. എന്നാൽ അത് സ്വർഗ്ഗത്തിലെ ആരാധനയുടെ യഥാർത്ഥ അനുഭവമായി മാറണമെങ്കിൽ, വിശ്വാസികൾ വി. കുർബാനയിലെ വിവിധ സന്ദർഭങ്ങൾ (events) അതിന്റെ അർത്ഥം, എന്നിവ മനസ്സിലാക്കി അതിൽ പങ്കുചേരുകയും അനുഭവിക്കുകയും (Participation & Holy Communion) ചെയ്യണം.

വി.കുർബാന ഒരു ആത്മീയ അനുഭവമായി മാറ്റണമെങ്കിൽ, വി.ബലിയുടെ രഹസ്യവും പരസ്യവുമായ ശുശ്രൂഷകൾ, അതിൽ ഉപയോഗിക്കുന്ന പ്രതീകങ്ങൾ, പദങ്ങളുടെയും ഗീതങ്ങളുടെയും മറ്റും അർത്ഥം, വേദപുസ്തകവുമായുള്ള ബന്ധം മുതലായവ അറിഞ്ഞിരിക്കണം. അതിനു സാധാരണ ജനങ്ങളെ സഹായിക്കുന്നതിനുള്ള ഒരു എളിയ ശ്രമമാണ് 'വി.കുർബാന ഒരു പഠനം' എന്ന പംക്തിയിലൂടെ നടത്തിയത്. വായനക്കാരിൽ നിന്ന് എന്റെ എളിയ ശ്രമത്തിനു നല്ല പ്രതികരണം ലഭിച്ചിട്ടുണ്ട്. അതിനു പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഇനി വി.കുർബാനയിൽ പങ്കെടുക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കി ഭയഭക്തി ബഹുമാനങ്ങളോടെ സംബന്ധിച്ച് ആത്മീയ ആഹാരം അനുഭവിച്ച് പ്രകാശത്തിന്റെ സ്രഷ്ടാവിന്റെ വീഥിയിലൂടെ എല്ലാവരും നടപ്പാൻ ഇടവരട്ടെയെന്ന് ആശംസിക്കുന്നു.

"വി. കുർബാന ഒരു പഠനം" എന്ന പംക്തി പൂർത്തീകരിക്കാൻ സഹായിച്ച സർവ്വശക്തനായ ദൈവത്തിന് നന്ദി കരേറ്റിക്കൊണ്ട്, നിർത്തുന്നു.

എന്ന് ലേഖകൻ

വഴിവിളക്ക്

വിശുദ്ധ ത്രിത്വം

എന്താണ് വി. ത്രിത്വം? എങ്ങനെയാണ് അതിനെ വിശദീകരിക്കുക? ആദിമകാലം മുതൽ ഇന്നുവരെയും മനുഷ്യബുദ്ധിക്ക് വ്യക്തമായി വഴങ്ങാത്ത ഒന്നാണ് വി. ത്രിത്വം എന്നു പറഞ്ഞാൽ അത് ശരിയാണ്. എങ്കിലും **ബൗദ്ധികമായി ത്രിത്വത്തെ വ്യാഖ്യാനിക്കുവാൻ ശ്രമിച്ച് സ്വയം എത്തിച്ചേരുന്ന തെറ്റായ നിഗമനങ്ങളാണ് 'യഹോവ സാക്ഷികൾ' പോലെയുള്ള ചില കൂട്ടായ്മകളുടെ രൂപീകരണത്തിനു കാരണം.**

ഈ പശ്ചാത്തലം മനസ്സിൽ വെച്ചുകൊണ്ട് 'പരിശുദ്ധാത്മാവിന്റെ കിന്നരം' എന്ന് അറിയപ്പെടുന്ന ശ്രേഷ്ഠപിതാവായ മാർ അപ്രേം വിശുദ്ധ ത്രിത്വത്തെക്കുറിച്ചു പറയുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കുമ്പോൾ, ഒരു പക്ഷെ, സംഗതികൾ നമുക്കു കുറച്ച് വ്യക്തമായേക്കും. അദ്ദേഹം വിശുദ്ധത്രിത്വത്തെ വിശദീകരിക്കുവാനല്ല ശ്രമിക്കുന്നത്. കാരണം അത് മനുഷ്യ ചേതനയ്ക്ക് അതീതമായ മഹാരഹസ്യമാണ്. അതേസമയം ത്രിത്വത്തിന്റെ പ്രതീകങ്ങൾ പ്രകൃതിയിലുണ്ട്. പ്രകൃതിയിലെ വിഭവങ്ങളിലൂടെ, വിശ്വസിച്ചുകൊണ്ട്, വി. ത്രിത്വത്തെ മനസിലാക്കണം.

ബൗദ്ധികമായി വിശുദ്ധ ത്രിത്വത്തെ വ്യാഖ്യാനിക്കുന്നത് അപകടം

സൂര്യൻ വി.ത്രിത്വത്തിന്റെ ഒരു പ്രതീകമാണ്. സൂര്യഗോളത്തെ പിതാവായും സൂര്യപ്രകാശത്തെ പുത്രനായും സൂര്യോഷ്മത്തെ പരിശുദ്ധാത്മാവായും തൽക്കാലം സങ്കൽപ്പിക്കുക. സൂര്യന്റെ പ്രഭ സൂര്യനെക്കാൾ ഇളപ്പമല്ല. സൂര്യന് പ്രഭ ഇല്ലാത്ത സമയവും ഇല്ല. സൂര്യോഷ്മാവ് അഥവാ രശ്മി സൂര്യനിൽനിന്ന് വേർപെടുന്നതേയില്ല. അത് സൂര്യന് മുൻപോ പിൻപോ അല്ലതാനും. ഒന്ന് മറ്റൊന്നിൽ ഐക്യപ്പെട്ടു വസിക്കുന്നു. മാത്സര്യം കൂടാതെ കൂട്ടിക്കലർത്തപ്പെട്ടിരിക്കുന്നു. മിശ്രിതമാകാതെ ചേർക്കപ്പെട്ടിരിക്കുന്നു. ബന്ധിതമാകാതെ സമ്മിളിതമായിരിക്കുന്നു. ഒന്നായിരിക്കെ അതിൽ ത്രിത്വം കാണപ്പെടുന്നു. എന്നാൽ അതിനെ വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല; ശ്രമിക്കുന്നത് അപകടകരവും ആണ് എന്ന് മനസിലാക്കണം. വി.ത്രിത്വത്തിന് മഹത്വം പാടുകയല്ലാതെ ബൗദ്ധികമായി വിവരിക്കുവാൻ മാർ അപ്രേം തുനിയുന്നില്ല. സൂര്യനും അതിന്റെ ചൂടും രശ്മിയും തമ്മിലുള്ള പാരസ്പര്യം വിശദീകരിച്ച് മാർ അപ്രേം വി. ത്രിത്വത്തിലെ ആളത്തങ്ങൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

കൂടാതെ, പുത്രൻ പിതാവിൽ നിന്നും ജനിച്ചത് സമയത്തിലല്ല, നിത്യതയിലാണ് എന്നും മാർ അപ്രേം പറയുന്നു. അതിന് ആരംഭമോ അവസാനമോ ഇല്ല. ഈ നിത്യജനനത്തെ ഒരു വലിയ രഹസ്യമായി മനസിലാക്കുകയും ഉൾക്കൊള്ളുകയും വേണം.

GJI

(അവലംബം : അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന്റെ 'മാർ അപ്രേമിന്റെ വേദശാസ്ത്രം' എന്ന പ്രബന്ധം)

ഈ പഠനത്തിന് ആധാരമാക്കിയ ഗ്രന്ഥങ്ങൾ

(1) വി. കുർബാന ഒരു ലഘു പഠനം
അഭി. മാത്യൂസ് മാർ ബർന്നബാസ്

(2) മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ശുശ്രൂഷാ സംവിധാനസഹായി
അഭി. യൂഹാനോൻ മാർ സേവേറിയോസ്

(3) ഓർത്തഡോക്സ് സഭയുടെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും
അഭി. ജോസഫ് മാർ പക്കോമിയോസ്

(4) വി. കുർബാനതക്സാ (13 ക്രമങ്ങൾ)
പരിഭാഷകൻ : മലങ്കര മൽപ്പാൻ കോനാട്ട് അബ്രഹാം കത്തനാർ

(5) ആത്മാവിലും സത്യത്തിലും (പൗരസ്ത്യ ആരാധന- ഒരു പഠനം)
ഡോ. ഫാ. ബി. വർഗീസ്

(6) സ്വർഗ്ഗീയ മന്ന (വി. കുർബാന ഒരു പഠനം)
ഫാ. ജി. ജോൺ (ഡോ. യൂഹാനോൻ മാർ തേവോദോറോസ്)

(7) രക്ഷാസരണികൾ (വി. കൂദാശകളുടെ ഒരു പഠനം)
ഫാ. മാത്യു കുറ്റിക്കണ്ടത്തിൽ

(8) ജീവനുള്ള ബലി
സി.കെ. വർഗ്ഗീസ്

(9) അബ്ബാ പിതാവേ (ക്രിസ്തീയ ആരാധന ഒരു പഠനം)
ഡോ. ഡീക്കൻ ബി. വർഗ്ഗീസ്

(9) പ്രകാശത്തിലേക്ക് ഒരു തീർത്ഥയാത്ര പേജ് 289-290,
ജോയ്സ് തോട്ടയ്ക്കാട്

(10) മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഒരു പഠനം
എം.ഒ.സി. പബ്ലിക്കേഷൻസ്

GM

ക്രിസ്തു സായിപ്പിന്റെയല്ല, നമ്മുടെയാളാണ്

■ എൻ. ഗോപാലകൃഷ്ണൻ

പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം വരെയുള്ള കാലയളവിനുള്ളിൽ പൗരസ്ത്യദേശങ്ങളുടെ വലിയൊരു ശതമാനം പാശ്ചാത്യരുടെ കാൽക്കീഴിലായിക്കഴിഞ്ഞിരുന്നു. ആക്രമണത്തിലൂടെയാണ് രാജ്യങ്ങൾ അവരുടെ വരുതിയിലായത്. ഈ ആക്രമണങ്ങളുടെയും കൈയേറ്റങ്ങളുടെയും പിന്നിലുള്ള പ്രധാന ഉദ്ദേശ്യം കൊള്ളതന്നെയായിരുന്നു. ഹിന്ദിയിലും ഉറുദുവിലും കൊള്ളയ്ക്ക് 'ലൂട്ട്' എന്നാണ് പറയുന്നത്. ഇംഗ്ലീഷുകാർ ഇന്ത്യയെ കൊള്ളയടിച്ചു എന്നു മാത്രമല്ല, ലൂട്ട് (Loot) എന്ന വാക്കുപോലും കൊള്ളയടിച്ച് അവരുടെ ഭാഷയുടെ പെട്ടിയിലാക്കി കൊണ്ടുപോയി. ഇതിന് മുൻപുള്ള കാലങ്ങളിൽ കുരിശുയുദ്ധത്തിന്റെയും മറ്റും പേരിൽ യുദ്ധങ്ങൾക്ക് ഒരു ആദർശപരിവേഷം നല്കപ്പെട്ടിരുന്നുവെങ്കിലും ആ യുദ്ധങ്ങളുടെയും അടിസ്ഥാനപരമായ ഉദ്ദേശ്യം കൊള്ളതന്നെയായിരുന്നെന്ന് അക്കാലത്തെ എഴുത്തുകളുടെ അടിസ്ഥാനത്തിൽ ചരിത്രകാരന്മാർ വെളിപ്പെടുത്തിയിട്ടുണ്ട്. യുദ്ധത്തിനു പോയത് ഇംഗ്ലണ്ടിലെ സേനാനികളായിരുന്നില്ല; ഇംഗ്ലണ്ടിലെയും ഫ്രാൻസിലെയും ഇടത്തരം പ്രഭുക്കൾ സ്വന്തമായി സംഘടിപ്പിച്ച സംഘങ്ങളായിരുന്നു. തിരിച്ചു വന്ന ശേഷം കൊള്ള മുതൽ ഭാഗിക്കുന്നതിനിടയിലുണ്ടായ തർക്കങ്ങളെയും തട്ടിപ്പുകളെയും പറ്റി അനേകം കഥകളുണ്ട്. യുദ്ധത്തിനു പുറപ്പെടുന്നതിനു മുൻപുള്ള സംഭാഷണങ്ങളും എഴുത്തുകുത്തുകളും സുവിശേഷത്തെപ്പറ്റിയായിരുന്നില്ല; അവിടെ നിന്ന് കിട്ടാവുന്ന ധനത്തെക്കുറിച്ചായിരുന്നു.

ലോകത്തിലെ എല്ലാ മതങ്ങളും ജന്മമെടുത്തത് പൗരസ്ത്യ ദേശത്താണ്

പാശ്ചാത്യശക്തികൾ പൗരസ്ത്യദേശങ്ങളെ കീഴടക്കിയതിൽ അദ്ഭുതമില്ലെന്നും അതങ്ങനെയല്ലാതെ വരാൻ സാധ്യതയില്ലെന്നും അങ്ങനെ സംഭവിച്ചതിൽ യുക്തിഭദ്രതയുണ്ടെന്നും പറയുന്ന അനേകം ലേഖനങ്ങളും ചില പുസ്തകങ്ങളും വായിക്കാനിടവന്നിട്ടുണ്ട്. പാശ്ചാത്യസംസ്കാരം ബഹിർമുഖമാണ്. ഇതിൽ സത്യമുണ്ടെന്നു തോന്നുന്നു. **ആഗ്രഹങ്ങൾ സാധിച്ച് അതിൽനിന്ന് ആനന്ദം നേടുക എന്നതാണല്ലോ ഉപഭോഗസംസ്കാരത്തിന്റെ രീതി.**

അമേരിക്കൻ ഭരണഘടന പൗരന്മാർക്ക് നല്കുന്ന മൗലികാവകാശങ്ങളിലൊന്ന് ആനന്ദത്തെ പിൻതുടരാൻ (Pursuit of happiness) ഉള്ള അവകാശമാണല്ലോ. ആഗ്രഹങ്ങൾ സാധിച്ചു കഴിഞ്ഞാൽ പിന്നെയും എങ്ങനെ കൂടുതൽ ആനന്ദമുണ്ടാക്കാം? കൂടുതൽ ആഗ്രഹങ്ങൾ ഉണ്ടാക്കുക. അവ സാധിക്കുക. ആനന്ദമടയുക. അത്രതന്നെ. അതാണല്ലോ പരസ്യങ്ങൾകൊണ്ടും, അനേകായിരം സാധനങ്ങൾ നിരത്തിവെച്ച് ആൾക്കാരെ പ്രലോഭിപ്പിക്കുന്ന വലിയ വലിയ ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾകൊണ്ടും ഉദ്ദേശിക്കുന്നത്.

ഈ സംസ്കാരം പൗരസ്ത്യദേശങ്ങളിലേക്കും വ്യാപിച്ചിട്ടുണ്ട്. എങ്കിലും ഇന്ത്യയിലും മറ്റും വളരെക്കാലമായി നിലവിലിരുന്ന തത്ത്വശാസ്ത്രം പഠിപ്പിക്കുന്നത് ആഗ്രഹങ്ങളെ നിയന്ത്രിക്കാനാണ്. പ്രായോഗികജീവിതത്തിൽ അധികമാരും ഇത് നടപ്പാക്കാറില്ല. എങ്കിലും ആഗ്രഹങ്ങളുടെ പിന്നാലെ ആവേശത്തോടെ പറക്കുമ്പോൾ മനസ്സിലെവിടെയോ ചെറിയ കുറ്റബോധമുണ്ടാക്കാൻ രക്തത്തിലലിഞ്ഞു കിടക്കുന്ന പഴയ തത്ത്വശാസ്ത്രം കാരണമാകുന്നു. ആഗ്രഹങ്ങളുടെ പിന്നാലെ പോകുന്ന പാശ്ചാത്യൻ അവൻ ചെയ്യുന്നത് തന്നെയാണ് ശരിയെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു.

ഒന്നാലോചിക്കുമ്പോൾ ഇത് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഹിന്ദുമതം, ഇസ്‌ലാംമതം, ബുദ്ധമതം, ജൈനമതം, താവോയിസം തുടങ്ങിയ എല്ലാ ആത്മീയധാരകളുടെയും ഉറവിടം സൂയസ് കനാലിനു കിഴക്കാണ്. പശ്ചിമലോകത്ത് ഡെമോക്രസി, കമ്യൂണിസം തുടങ്ങിയ ഭൗതികവീക്ഷണങ്ങളാണ് ജന്മമെടുത്തത്.

ഭൗതിക വീക്ഷണങ്ങളായ ഡെമോക്രസി, കാപ്പിറ്റലിസം, കമ്മ്യൂണിസം എന്നിവ ഉണ്ടായത് പാശ്ചാത്യ ലോകത്താണ്

ഇതിന് ഒരു തരം പ്രതിവിധി കണ്ടെത്തിയതാണ് സായിപ്പിന്റെ ഏറ്റവും വലിയ വിജയം. ദൈവം വെള്ളക്കാരനാണോ, അതോ കറുത്തവർഗക്കാരനാണോ എന്നറിയാൻ വ്യഗ്രതപ്പെട്ടു നടക്കുന്ന ഒരു സായിപ്പ് ഹിമാലയത്തിൽ തപസ്സിലിരുന്ന ഒരു മുനിയോട് ചോദിച്ചു:

'നിങ്ങൾ ദൈവത്തെ കണ്ടിട്ടുണ്ടോ?

'ഉണ്ട്'

'ആളെക്കണ്ടാൽ എങ്ങനെയിരിക്കും'? സായിപ്പിന്റെ ഉള്ളിരിപ്പ് മനസ്സിലാക്കിയ മുനി പറഞ്ഞു: 'അവൾ കറുത്തവളാണ്.'

ഇങ്ങനെയൊക്കെയാണെങ്കിലും ക്രിസ്തു വെള്ളക്കാരനായിരുന്നു എന്നൊരു ചിന്ത നമ്മുടെ ഉപബോധമനസ്സിൽ നട്ടുവളർത്താൻ സായിപ്പിന് കഴിഞ്ഞിട്ടുണ്ട്. **കേരളം തുടങ്ങി ചുരുക്കം സ്ഥലങ്ങളിൽ ക്രിസ്തുവർഷങ്ങളുടെ ആദ്യശതാബ്ദങ്ങളിൽത്തന്നെ ക്രൈസ്തവവിശ്വാസം വിത്തുപാകി. അന്നുതുടങ്ങിയ പുരാതനസഭകളുടെ ആചാരങ്ങളിലും മറ്റും ഭാരതീയതത്വവും കേരളത്തനിമയും ഇന്നും കാണാം.** എന്നാൽ ക്രിസ്തുമതം കുറെയൊക്കെ വ്യാപകമായത് പാശ്ചാത്യരുടെ വരവോടെയാണ്. അവരുടെ ഭാഷ ഇംഗ്ലീഷാണല്ലോ. അവർ ഇംഗ്ലീഷ് സ്കൂളുകൾ തുടങ്ങി. പ്രാർത്ഥനയിലും ആചാരങ്ങളിലും, ലത്തീൻ ഭാഷയും ഇംഗ്ലീഷും കടന്നുകൂടി. മിഷണറിമാർ ഇംഗ്ലീഷുകാരായിരുന്നു. അതുകൊണ്ട് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ആളുകൾ ക്രിസ്തുവിനെ സായിപ്പിന്റെ ദൈവമായി കരുതാൻ തുടങ്ങി. എന്റെ ഓർമയിൽത്തന്നെ ഇംഗ്ലീഷുകാരായ മിഷണറിമാർ കോട്ടയത്തു വന്ന് ഇംഗ്ലീഷിൽ സംസാരിക്കുന്നതും അത് മറ്റൊരാൾ മലയാളത്തിലേക്ക പരിഭാഷപ്പെടുത്തുന്നതുമായ അനേകം സംഭവങ്ങൾ ഉണ്ട്. അങ്ങനെ നമ്മുടെ അബോധമനസ്സിൽ ക്രിസ്തു പാശ്ചാത്യരുടെ ആളായി.

ക്രിസ്തു ജീവിച്ചിരുന്ന കാലത്ത് വരച്ച അദ്ദേഹത്തിന്റെ ചിത്രങ്ങളൊന്നുമില്ല. ഒൻപതാം നൂറ്റാണ്ടിലോ മറ്റോ ആണ് ക്രിസ്തുവിന്റെ ആദ്യചിത്രം ആരോ 'പെയിന്റ്' ചെയ്തത്. വെനീസിലാണ് അതുണ്ടായതെന്ന് മനസ്സിലാക്കുന്നു. സായിപ്പിന്റെ ഭാവനയിൽ നിന്നുണ്ടായ ക്രിസ്തു വെളുത്തതായിരുന്നു. മുഖവടിവാണെങ്കിൽ തനി റോമൻ രീതിയിലുള്ളതും. പിന്നെയുണ്ടായിട്ടുള്ള ചിത്രങ്ങളെല്ലാം ഏതാണ്ട് അതേ രീതിയിൽ ഉള്ളവ തന്നെയായിരുന്നു. അങ്ങനെ അറിഞ്ഞോ, അറിയാതെയോ ബെത്‌ലഹേമിൽ ജനിച്ച ക്രിസ്തുവിനെസായിപ്പ് സ്വന്തമാക്കി.

കുറേക്കാലം കഴിഞ്ഞപ്പോൾ സായിപ്പ് തന്നെ അത് വിശ്വസിച്ചു തുടങ്ങിയെന്നു തോന്നു. പെസഹവ്യാഴാഴ്ചയ്ക്ക് ഇംഗ്ലീഷിൽ മോണ്ടി തേഴ്സ്ഡേ എന്നാണല്ലോ പറയുന്നത്. ശതാബ്ദങ്ങൾക്ക് മുൻപ് ആ ദിവസം യേശുക്രിസ്തു ശിഷ്യരുടെ കാലുകൾ കഴുകുകയും അവർക്ക് ഭക്ഷണം നല്കുകയും അങ്ങനെ തന്റെ അതിരില്ലാത്ത വിനയത്തിന്റെ മാതൃക കാണിക്കുകയും ചെയ്തു. വിനയവും ഔദാര്യവും ആത്മീയതയുടെ അവിഭാജ്യഘടകങ്ങളാണെന്ന് അദ്ദേഹം പഠിപ്പിച്ചു. ഒന്നാം എലിസബത്ത് രാജ്ഞിയുടെ കാലം മുതലുള്ള വിശ്വാസമനുസരിച്ച് ഒരു ദിവസം അദ്ദേഹം ശിഷ്യരോട് 'ഞാൻ നിങ്ങൾക്ക് പുതിയ ഒരു നിയമം തന്നിരിക്കുന്നു' എന്ന് പറഞ്ഞു. ലത്തീൻ ഭാഷയിൽ 'മോൺഡിറ്റം നോവം ദേവോബിസ്' എന്നു പറഞ്ഞത്രേ. അതിലെ മോൺഡിറ്റം എന്ന ആദ്യവാക്കിൽനിന്നാണ് മോണ്ടി തേഴ്സ്ഡേ എന്ന വാക്കുണ്ടായത്.

ക്രിസ്തു അങ്ങനെ പറഞ്ഞു എന്ന് സായിപ്പ് വിശ്വസിച്ചുകൊള്ളട്ടെ. പക്ഷെ, ക്രിസ്തു ഒരിക്കലും ലത്തീൻ ഭാഷ സംസാരിച്ചിരുന്നില്ല. പലസ്തീൻകാരനായ അദ്ദേഹം അരമായയോ, ഒരുപക്ഷേ, ഹീബ്രു ഭാഷയോ സംസാരിച്ചിരിക്കാനാണ് സാധ്യത.

അതുകൊണ്ട് സായിപ്പേ, ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക. മുഹമ്മദ് നബിയെപ്പോലെ, ശ്രീകൃഷ്ണനെപ്പോലെ ക്രിസ്തുവും ഞങ്ങളുടെ ആളാണ്; പൗരസ്ത്യരുടെ. ഇത് നമ്മളും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

(ചന്ദ്രിക 2011 ഒക്ടോബർ 23)

വന്നവഴിയിൽ കണ്ടതും തോന്നിയതും
© മാതൃഭൂമി ബുക്സ് 2012

ക്രിസ്തു കഥകൾ: ഒരു പുനർവ്യാഖ്യാനം

■ ഫാ. ഡോ. തോംസൺ റോബി

"എല്ലാവർക്കും അവരവരുടേതായ കഥകൾ പറയാൻ ഉണ്ടാകും. എന്നാൽ അത്തരം കഥകൾക്ക് ഒരു അവസാനം ഉണ്ട്. പക്ഷേ ഒരാളുടെ ചരിത്രത്തിൽ മാത്രം കഥയ്ക്ക് അവസാനമില്ല. അത് യേശുക്രിസ്തുവാകുന്നു" എന്ന അഭിപ്രായം അംഗീകരിക്കുമ്പോൾ നാം ക്രിസ്തുവാകുന്ന കഥാഖ്യായകനെ അംഗീകരിക്കുകയാണ്. ക്രിസ്തുവിന്റെ കഥാഖ്യാനത്തിന്റെ പ്രത്യേകത ഇന്നും ആ കഥകൾ സജീവമായിരിക്കുന്നു എന്നതാണ്. വളരെ ലളിതമായി അനുവാചകർക്ക് ജീവിത പശ്ചാത്തലവുമായി ബന്ധപ്പെടുത്തി കഥ പറയുന്ന ക്രിസ്തുവിന്റെ കഥ തലമുറ തലമുറകളെ ജ്ഞാനസമ്പാദനത്തിനും നല്ല ജീവിത സാഹചര്യത്തിൽ മുന്നേറുവാനും സഹായിക്കുന്നു എന്നത് ക്രിസ്തുവിന്റെ കഥകളെ വേറിട്ടുനിർത്തുന്ന പ്രത്യേകതയാണ്. കഥകളിലൂടെ വെളിപാടും പാരമ്പര്യങ്ങളും, സാമൂഹ്യ മൂല്യങ്ങളും, ജീവിതവിജയങ്ങളും പറഞ്ഞു പഠിപ്പിക്കുമ്പോൾ അതു പ്രാപഞ്ചിക സത്യമെന്ന ഉൾവിളിയിലേക്ക് ശ്രോതാക്കളെ കൊണ്ടെത്തിക്കുകയായിരുന്നു. തന്റെ ആഖ്യാനശൈലിയായി ക്രിസ്തു സ്വീകരിച്ചത് കഥകളേയും ഉപമകളേയും ആയിരുന്നു. 2000 വർഷമായിട്ടും ഇന്നും ആ കഥകളും ഉപമകളും പുനർവായനകളിലൂടെ സജീവമായി നിലനിൽക്കുന്നു. എന്തായിരുന്നു ക്രിസ്തുകഥയുടെ പ്രത്യേകത (uniqueness)? അതിനുള്ള ഉത്തരം കണ്ടെത്തുവാൻ നമുക്കൊന്നു ശ്രമിക്കാം.

1. യേശു, സമാനതകളില്ലാത്ത ഒരു കഥാകാരൻ (Jesus, a unique story teller)

യേശുക്രിസ്തു "റാബി" അഥവാ 'ടീച്ചർ' എന്നാണ് അറിയപ്പെട്ടിരുന്നത്. കൂടാതെ പ്രവാചകൻ, മശിഹാ (അയയ്ക്കപ്പെട്ടവൻ) എന്നും അറിയപ്പെട്ടിരുന്നു. ഈ പേരുകളെല്ലാം ക്രിസ്തുവിന് അർത്ഥവത്താണ്. എന്നാൽ തന്റെ മിഷൻ പ്രവർത്തനവുമായി ബന്ധപ്പെടുത്തുമ്പോൾ ഈ പേരുകൾ പൂർണ്ണമായി എന്നു പറയുവാനും കഴിയില്ല. ക്രിസ്തു അതിനു മുൻപോ പിൻപോ കണ്ട റാബിമാരെ പോലെയായിരുന്നില്ല. റാബിമാർ പ്രത്യേക ശൈലിയിൽ പ്രത്യേക സ്ഥലത്തുവച്ച് പാരമ്പര്യമായ നിബന്ധനകളിൽ പഠിപ്പിച്ചപ്പോൾ ക്രിസ്തു പ്രത്യേക പഠനരീതിയോ, പ്രത്യേക സ്ഥലമോ അല്ല പഠിപ്പിക്കുവാൻ തെരഞ്ഞെടുത്തത്. സിനഗോഗ് മാത്രമല്ല ശിമോന്റെ ഭവനവും, സക്കായിയുടെ ഭവനവും, ബഥാന്യയിലെ ഭവനവും, മരുഭൂമിയും, വിജന പ്രദേശവും കടൽതീരവും പടകുകളും എല്ലാം തന്റെ അദ്ധ്യാപനവേദിയായിരുന്നു.

നിക്കോദേമോസും ക്രിസ്തുവും തമ്മിലുള്ള കൂടിക്കാഴ്ച

യേശുവിനെ കേട്ടവരും വ്യത്യസ്തരായിരുന്നു. സമൂഹത്തിലെ വ്യത്യസ്ത തുറയിൽപ്പെട്ടവർ, തന്റെ ശ്രോതാക്കളായിരുന്നു. അവിടെ മുക്കുവർ, കൃഷിക്കാർ, ബുദ്ധിയുള്ളവർ, നിയമജ്ഞർ, അറിവില്ലാത്തവർ, ബുദ്ധിയുള്ളവരും അറിവുള്ളവരുമായ പരീശന്മാർ, സാദൂക്യർ, പാവപ്പെട്ടവരായ രോഗികൾ, ചുങ്കം പിരിവുകാർ, വേശ്യകൾ തുടങ്ങിയവർ തന്റെ പഠിപ്പിക്കലുകൾ കേൾക്കുവാൻ എത്തി. ഇവരുടെയെല്ലാം ആവശ്യാനുസരണമായിരുന്നു തന്റെ ചിന്തകളും പഠിപ്പിക്കലുകളും. ക്രിസ്തുവിന്റെ കഥകൾ വേറിട്ടവയായതിനാൽ അവർ അദ്ദേഹത്തെ ശ്രദ്ധിച്ച് കേട്ടു. ഈ കഥകൾ വിനോദം മാത്രമല്ല അർത്ഥവത്തായ ആശയങ്ങൾ നിറഞ്ഞതുമായിരുന്നു. ഈ കഥകളിൽ ഒളിഞ്ഞുകിടക്കുന്ന ചിന്തോദ്ദീപകങ്ങളായ മുത്തുകൾ പെറുക്കി എടുക്കാൻ ശ്രോതാക്കളെ പ്രേരിപ്പിച്ചു. ദൈവത്തിന്റെ അദൃശ്യകൃപ, മനുഷ്യന്റെ നിഗൂഢതകൾ, ലോകത്തിന്റെ രഹസ്യങ്ങൾ, ദൈവത്തിന്റെ പദ്ധതികൾ, തുടങ്ങിയവയെ തിരിച്ചറിയാൻ ഈ കഥകൾ അവരെ സഹായിച്ചു. ആന്തരിക നയനങ്ങളിലൂടെ ഇവകളിലെ വാസ്തവം അവർ തിരിച്ചറിഞ്ഞു.

കഥ പറഞ്ഞ ക്രിസ്തു മനുഷ്യജീവിത സാഹചര്യങ്ങളിലൂടെയുള്ള കഥകൾ പറഞ്ഞപ്പോൾ ശ്രോതാക്കൾ കേട്ടു മുഴുകിയിരുന്നു. ഈ കഥകളിൽ ദൈവരാജ്യ മർമ്മങ്ങളും മറ്റും വെളിപ്പെടുത്താൻ കടുകുമണി, മുന്തിരിത്തോട്ടം, കളയും വിതയും, പറവകൾ, വയലിലെ താമര, ഊഷരഭൂമി, സർപ്പം, തേൾ തുടങ്ങി സുന്ദരങ്ങളായ ഉപമാനങ്ങൾ ക്രിസ്തു ഉപയോഗിച്ചത് എത്ര തന്മയത്വത്തോടുകൂടിയാണ് എന്ന് നാം മനസ്സിലാക്കണം.

ക്രിസ്തുവിന്റെ കഥയും കഥാഖ്യാനവും അമാനുഷികമായിരുന്നില്ല, മറിച്ച് സാധാരണ ജീവിതത്തിലെ ചിന്തകളുമായി കൂടിചേർന്നതായിരുന്നു. സമൂഹത്തിന്റെ തന്നെ ചിന്തകളായിരുന്നു. അയൽക്കാരും, സുഹൃത്തുക്കളുമായി ദിനംപ്രതി കണ്ടുമുട്ടുന്നവരെ നിത്യസംഭവങ്ങൾ കൂട്ടിച്ചേർത്ത് വായിക്കാൻ ക്രിസ്തു പഠിപ്പിച്ചു. വിവാഹത്തിന് ക്ഷണിക്കുന്നത്, വിശ്വസ്തനായ കാര്യവിചാരകൻ, വിളവ് ഇറക്കിയപ്പോൾ കള കാണുന്ന ഭൂമിയും അതിനോടുള്ള കർഷകന്റെ പ്രതികരണവും, നല്ല ശമര്യാക്കാരൻ, നീതിയുള്ള ന്യായാധിപൻ, കുറ്റം ക്ഷമിക്കുന്ന യജമാനൻ, നാണയം നഷ്ടപ്പെടുന്ന സ്ത്രീ, കാണാതെ പോയ ആട്, ക്ഷമ നശിച്ച് അയൽക്കാരനെ സഹായിക്കുന്നവൻ, തുടങ്ങി എത്രയോ കഥകളും ഉപമകളും നിത്യജീവിതുമായി ബന്ധപ്പെടുത്തി വിശദീകരിച്ചത് അനുവാചകർക്ക് വേറിട്ട ചിന്തകളുടെ അനുഭവം നൽകി. കഥകൾ കേട്ടവർക്ക് തന്നെപ്പറ്റിയാണ് പറയുന്നത് എന്ന് ഉൾക്കൊള്ളുവാൻ കഴിഞ്ഞു. ഇത് അവരെ സ്വസ്ഥമായ അവസ്ഥയിൽനിന്ന് വിമർശനാത്മകമായും ചലനാത്മകമായും ജീവിതത്തെ കാണുവാൻ പ്രേരിപ്പിച്ചു. ക്രിസ്തു തന്റെ ഉപമയിലൂടെ നഷ്ടപ്പെട്ടുപോയ പരീശന്മാരുടെയും മറ്റു യഹൂദരുടേയും ചിത്രം വരച്ചുകാട്ടുന്നതിൽ വിജയിച്ചു. തിരികെ വരുവാൻ അവരെ ആഹ്വാനം ചെയ്തു.

ക്രിസ്തുവിന്റെ ഉപമകളും കഥകളും കണ്ണുതുറക്കേണ്ടവരെ കണ്ണുതുറപ്പിക്കുവാനും ജീവിതത്തിലേക്കു തിരികെ നോക്കുവാനും തകർന്നവരെ ഉറപ്പിക്കുവാനും വിളിയെ ധിക്കരിക്കുന്നവരെ അതിലേക്ക് ശ്രദ്ധിപ്പിക്കുവാനും പര്യാപ്തമായിരുന്നു. കേട്ടവർ ഒരു തീരുമാനത്തോടെ മടങ്ങിപ്പോകാൻ കർത്താവിന്റെ പഠിപ്പിക്കലുകൾക്ക് സാധിച്ചു. (The listener is terribly challenged. He or she cannot go home from the scene without making a decision). ഈ സമാനതകളില്ലാത്ത കഥാകാരനായ ക്രിസ്തുവിന്റെ പഠിപ്പിക്കലുകളും ചിന്തകളും ഇന്നും പുനർവായനനടത്തി, പുനരാഖ്യാനം ചെയ്തുവരുന്നു എന്നതു കഥാകാരന്റെ മഹത്വവും കഥകളുടെ സ്വാധീനവും വെളിവാക്കുന്നു.

2. ക്രിസ്തുവിന്റെ ഉപമകളുടെയും കഥകളുടെയും ഉറവിടം എന്തായിരുന്നു? (The Source of Jesus Stories)

ക്രിസ്തുകഥകളിലെ കഥാപാത്രങ്ങൾ അമാനുഷികരോ ഉയർന്ന ബൗദ്ധികതലത്തിൽ നിൽക്കുന്നവരോ ആയിരുന്നില്ല. എന്നാൽ കേൾക്കുന്നവർക്ക് അത് ഹൃദയ പരിവർത്തനത്തിന് സഹായകമായി. ഇതിനു കാരണം തന്റെ പഠിപ്പിക്കലിന്റെ രീതിയായിരുന്നു. കേൾവിക്കാർ അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളിലുള്ള അന്തസത്ത തിരിച്ചറിഞ്ഞു. "അവന്റെ ഉപദേശത്തിൽ അവർ വിസ്മയിച്ചു. അവൻ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരമുള്ളവനായിട്ടത്രേ അവരെ ഉപദേശിച്ചത്." (മർക്കോ. 1:22). ഈ ഉപമകളും കഥകളും തന്റെ നിത്യജീവിത സാഹചര്യങ്ങളിൽനിന്നും അതിലുപരി തന്റെ പിതാവുമായുള്ള ബന്ധത്തിൽനിന്നും പഠിച്ചവയായിരുന്നു. (His stories had their immediate source in his Abba - Experience).

തന്റെ പിതാവാം ദൈവം നൽകിയ ജ്ഞാനമാണ് തനിക്കുള്ളത് എന്നാണ് ക്രിസ്തു വെളിപ്പെടുത്തിയത്. (യോഹ. 7:16). തന്റെ വാക്കുകളിൽ കൂടി സാധാരണജനങ്ങൾക്ക്, അറിയപ്പെടാത്തവനും കാണപ്പെടാത്തവനുമായ തന്റെ പിതാവിനെ പരിചയപ്പെടുത്തുകയായിരുന്നു ക്രിസ്തു ചെയ്തത്. ക്രിസ്തു തന്റെ ആശയവിനിമയത്തിനായി കഥകൾ, പ്രതീകങ്ങൾ, അന്നു നിലവിലിരുന്ന മിത്തുകൾ മുതലായവ ഉപയോഗിച്ചത് പിതാവായ ദൈവത്തെ ഉദ്ഘോഷിക്കുവാനാണ്. പുതിയനിയമത്തിൽ നാം കാണുന്നത് ക്രിസ്തു ഈ അബ്ബാ അനുഭവത്തിൽ വളരുന്നതായിട്ടാണ്. യോർദ്ദാനിലെ സ്നാനവേളയിൽ തന്റെ പിതാവുമായുള്ള ബന്ധം സകലരും തിരിച്ചറിയുന്നു. (യോഹ. 1:31–34). ക്രിസ്തുവിന്റെ അസ്തിത്വം വെളിപ്പെടുകയാണിവിടെ. (He broke the boundaries of his own self-identification, the boundaries of His family, and the boundaries of His society to tell this story to set all

humans free). തന്നെയുമല്ല, പിതാവിനെ അനുഭവവേദ്യമാക്കുന്നതിന് പരിശുദ്ധാത്മാവ് ശക്തീകരിക്കുക കൂടി ചെയ്യുന്നു. (Empowered him by the Spirit to communicate this experience). അതുകൊണ്ട് ക്രിസ്തു മനുഷ്യകുലത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള കഥ യാണ് പറയുന്നത്. (ഒലിവ് മലയിലെ ഉപദേശം, ശാബതിനെപ്പറ്റിയുള്ള വെളിപ്പെടുത്തലുകൾ, പുറജാതികളെപ്പറ്റിയുള്ള ചിന്തകൾ, പരീശന്മാ രെയും മത നേതാക്കന്മാരെയും പറ്റിയുള്ള പഠിപ്പിക്കലുകൾ തുടങ്ങി യവ ഈ ആശയങ്ങളെ ഉദ്ദീപിപ്പിക്കുന്നതായി കാണാം).

പിതാവിൽനിന്നുള്ള ഊർജ്ജമാണ് ക്രിസ്തുവിനെ ശക്തനാക്കിയ ത്. എല്ലാവരേയും തുല്യരായി കാണുന്ന ദൈവനീതി നടപ്പിലാക്കാ നുള്ള ആശയമായിരുന്നു തന്റെ മിഷൻ ചിന്തയിലുണ്ടായിരുന്നത്. ഇതി നായിട്ടായിരുന്നു തന്റെ കഥകളിലൂടെ ക്രിസ്തു ശ്രമിച്ചത്. ഇതിനുള്ള ശക്തിസ്രോതസ് തന്റെ പിതാവായിരുന്നു (He had told his story with authority flowing from his intimate union with his Father). തന്റെ ഈ ലോക ജീവിത സാഹചര്യങ്ങളിൽ നിന്ന് ആർജിച്ചതും, തന്റെ കുടുംബത്തിൽനിന്ന് പഠിച്ചതും ആയ ജ്ഞാനമാണ് ക്രിസ്തുവിന്റെ കഥാഖ്യാനത്തിന്റെ ഉറവിടങ്ങൾ.

3. ക്രിസ്തുകഥകളുടെ അതുല്യത (The uniqueness of Jesus' stories)

തന്റെ പിതാവിന്റെ മഹത്വം വെളിപ്പെടുത്തുന്നതും, തന്റെ ശ്രോതാ ക്കളുടെ ഹൃദയപരിപ്രവർത്തനത്തിന് ഉതകുന്നതുമായ തരത്തിലുള്ള ലളിതമായ കഥകളാണ് ക്രിസ്തു പഠിപ്പിച്ചത്. മൂന്നു സുവിശേഷങ്ങളി ലാണ് (സമവീക്ഷണ സുവിശേഷങ്ങൾ) കൂടുതൽ ഉപമകൾ നാം കാണുന്നത്. വി. മത്തായിയുടെ സുവിശേഷത്തിൽ താരതമ്യേന കൂടു തൽ ഉപമകളും കഥകളും കാണുന്നുണ്ടെങ്കിലും വി. ലൂക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന ഉപകൾ പ്രായോഗിക തലത്തിൽ കൂടു തൽ ജീവനുള്ളതും, ജീവിത മൂല്യങ്ങളെ ശക്തമായി വരച്ചുകാട്ടു ന്നതും ആണ്. വി. ലൂക്കോസ് 12 ൽ കാണുന്ന ധനവാനും ക്ഷണിക തയും (13–21), തെറ്റിപ്പോകുന്ന ആടും തേടിപ്പോകുന്ന ഇടയനും, (ലൂ ക്കോ. 15:1–10) മനം തിരിഞ്ഞ് മടങ്ങിവരുന്ന ധൂർത്തപുത്രനും (ലൂക്കോ. 15:11–32) മറ്റും അനുവാചകരെ അസ്വസ്ഥതകളുടെ തലത്തിലേക്ക് നയി ക്കുന്നു. ഓരോ കഥയും കേൾക്കുന്നവർക്ക് ഇതിനോട് ഇഴുകിച്ചേരു വാനും അതിൻപ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാനും ഉള്ള അവ സരം ലഭിക്കുന്നു. (He shares his Joy. In the Kingdom what matters is sharing and communion with a self-emptying love). ക്രിസ്തുകഥക ളുടെ അതുല്യത കഥകളുടെ തെരഞ്ഞെടുക്കലും അത് ശ്രോതാവിൽ ഉണ്ടാക്കുന്ന പരിവർത്തനവും ആയിരുന്നു. മനുഷ്യന്റെ ജീവിത പശ്ചാ ത്തലത്തിൽ ഏതൊരാൾക്കും മനസ്സിലാകുന്ന പ്രതീകങ്ങളിലൂടെയും, ഉപമകളിലൂടെയും തന്റെ വചനം കേട്ടവരെ ചിന്തിപ്പിക്കുവാൻ കഴി ഞ്ഞതും, ചെറിയ ആശയങ്ങളിലൂടെ വലിയ പാഠങ്ങൾ നൽകുവാൻ കഴിഞ്ഞതും ക്രിസ്തു കഥകളുടെ പ്രത്യേകത ആയിരുന്നു.

ഇതു കേൾക്കുന്നവർ അവയുടെ അർത്ഥം മനസ്സിലാക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതായിരുന്നു ക്രിസ്തു വിന്റെ ഉപദേശ രീതി. ഇങ്ങനെയാണ് സക്കായിയേയും മഗ്ദലനമറിയാ മിനേയും വലതുഭാഗത്തെ കള്ളനേയും മറ്റും പുതിയ വഴിയിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിച്ചത്. ക്രിസ്തുകഥകൾ സാധാരണക്കാരുടെ ജീവിതവുമായി ബന്ധപ്പെട്ടതായിരുന്നു. തന്റെ ഉപമ, അഥവാ കഥ കേട്ട വർക്ക് നിഷ്പ്രയാസം കാര്യങ്ങൾ മനസ്സിലാക്കുവാൻ ഇതു സഹായക മായി. ഇതുതന്നെയാണ് ക്രിസ്തുകഥയുടെ അതുല്യത.

4. യേശുവിന്റെ കഥകൾ ശ്രോതാക്കളിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി (Jesus Stories Creates a Crisis for the Listener)

ക്രിസ്തു കഥകളിൽ വൈരുദ്ധ്യാത്മകമായ സാഹചര്യങ്ങളും സ്വഭാവ സവിശേഷതകളുള്ള കഥാപാത്രങ്ങളുടെ വിവരണവും അനു വാചകരെ ഒരു തിരഞ്ഞെടുപ്പിന് (choice) നിർബന്ധിതരാക്കുന്നു. കേൾക്കുന്ന വ്യക്തി ആ കഥയിലെ കഥാപാത്രങ്ങൾ 'ഞാനാണ്' എന്നു ചിന്തിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു ക്രിസ്തു കഥകൾ. വി. മത്താ യിയുടെ സുവിശേഷത്തിൽ കാണുന്ന ബുദ്ധിമതികളും ബുദ്ധിഹീനക ളുമായ കന്യകമാരുടെ ഉപമയും, ക്ഷമിക്കുന്ന രാജാവും ക്ഷമിക്കാത്ത ദാസനും, ചെയ്ത ജോലിസമയം പരിഗണിക്കാതെ ഒരേ വേതനം നൽകുന്ന യജമാനന്റെ ചിത്രമുള്ള ഉപമയും, കളയും വിതയും വരച്ചു കാട്ടുന്ന ഉപമയും, നല്ല മത്സ്യവും ചീത്ത മത്സ്യവുമുള്ള വലയുടെ ഉപമ യും, വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന നല്ല ശമ ര്യാക്കാരന്റെ ഉപമയും, അനുതപിക്കുന്ന മകന്റെയും സ്വയത്തിൽ ചിന്തിക്കുന്ന മകന്റെയും ഉപമയും, ധനവാൻ – ലാസർ ഉപമയും, സ്വയം നീതീകരിക്കുന്ന പരീശന്റെയും നീതീകരിക്കപ്പെടുന്ന ചുങ്കക്കാ രന്റെയും ഉപമയും, മറ്റും അനുവാചകരിൽ ഒരു പ്രതിസന്ധി സൃഷ്ടി ക്കുന്നു, "ഇതിൽ ഏതു വിഭാഗത്തിൽ ഞാൻ ഉൾപ്പെടും" എന്ന പ്രതിസന്ധി ശ്രോതാക്കളിൽ സൃഷ്ടിക്കുവാൻ ക്രിസ്തുകഥകൾ ഇടയാക്കുന്നു.

അനുവാചകരേയും കഥകളിലേക്ക് ഇഴുകിച്ചേർക്കുന്ന രീതിയാ യിരുന്നു ക്രിസ്തുവിനുള്ളത്. നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു സ്ത്രീക്ക് പത്ത് ദ്രഹ്മ ഉണ്ടെന്നിരിക്കട്ടെ? ആരാണ് പിതാവിന്റെ ഇഷ്ടം ചെയ്തത്? തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ച് ക്രിസ്തു ഉപമ അവതരി പ്പിക്കുന്ന രീതി ശ്രോതാക്കളിൽ ഉണ്ടാക്കിയിരുന്ന ആശയക്കുഴപ്പം ഊഹിക്കാവുന്നതേയുള്ളൂ. ഇങ്ങനെ ശ്രോതാവിനെ തന്റെ ജീവിത ത്തിൽ ഏതു തിരഞ്ഞെടുക്കണം എന്ന് ആലോചിക്കുവാൻ ക്രിസ്തു കഥകൾ ഇടയാക്കി. ദൈവരാജ്യത്തിന്റെ നീതിക്കുവേണ്ടി നില്ക്കണോ ദൈവരാജ്യത്തിനെതിരായി ഉള്ള തിന്മയുടെ ഭാഗത്തു നിൽക്കണോ എന്നതാണ് അനുവാചകരിൽ സൃഷ്ടിക്കപ്പെടുന്ന സന്ദി ഗ്ധാവസ്ഥ! (It is a choice between accepting God's invitation to experience his love and became authentic humans or reject his invitation and choose the path of destruction. It is a choice between life and death).

5. ക്രിസ്തുകഥകൾ പലതിനെയും തകിടംമറിക്കാൻ പര്യാപ്ത മായിരുന്നു ('Jesus Stories' Subverts)

ക്രിസ്തുവിന്റെ പഠിപ്പിക്കലുകളും കഥകളും അന്നത്തെ സമൂഹ ത്തിൽ നിലനിന്നിരുന്ന പല അനീതികളെയും ചോദ്യം ചെയ്യുന്ന വയും പല മതസങ്കല്പങ്ങളെയും മാറ്റി മറിക്കാൻ മതിയായവയും ആയിരുന്നു. മനുഷ്യത്വത്തെയും അവന്റെ സ്വാതന്ത്ര്യത്തെയും ഹനി ക്കുന്ന ഒന്നിനേയും ക്രിസ്തു അംഗീകരിച്ചിരുന്നില്ല. സമൂഹത്തിലെ പല ദുഷ്പ്രവണതകളേയും പൊയ്മുഖങ്ങളേയും തുറന്നുകാട്ടി തന്റെ കഥകളിലൂടെ അത് അനാവരണം ചെയ്തു എന്നത് തികച്ചും വിപ്ലവകരമായ ശൈലിയായിരുന്നു. തന്റെ മിഷന്റെ ഉദ്ദേശ്യം അഥവാ ലക്ഷ്യം 'നസ്രേത്ത് മാനിഫെസ്റ്റോ'യിൽ പറയുന്നുണ്ട്. "ദരിദ്രന്മാ രോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടു തലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതരെ വിടുവി ച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (വി. ലൂക്കോസ് 4:18, 19). എല്ലാവരും ദൈവത്തിങ്ക ലേക്ക് തിരിയണം എന്നാണ് ക്രിസ്തുകഥ പഠിപ്പിക്കുന്നത്. കുഷ്ഠരോ ഗികളെയും, ഊമരെയും കുരുടരെയും, തളർവാതരോഗികളെയും ദൈവത്തിങ്കലേക്ക് കൊണ്ടുവരാൻ ക്രിസ്തു കാട്ടിയ പ്രവർത്തനം ഒരു വലിയ സാമൂഹ്യ പരിഷ്കരണം ആയിരുന്നു. ഇത്തരത്തിൽ ഉള്ള വരെ അന്ന് സമൂഹത്തിൽനിന്നു മാറ്റിനിർത്തിയിരുന്നു. ഇവരെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാൻ ക്രിസ്തു ശ്രമിച്ചത് അന്നത്തെ സാമൂഹ്യ നേതാക്കന്മാരെ ഒട്ടൊന്നുമല്ല അലോരസപ്പെടുത്തിയത്. ഭൂതം ബാധിച്ചവർ, കുഷ്ഠരോഗികൾ തുടങ്ങിയവർ, നിരാശ്രയരും അധികാരമില്ലാത്തവരും ഇരയായിട്ടുള്ളവരും ആയിരുന്നു എങ്കിൽ അവരെ ദൈവത്തിന്റെ ഉപാധികളില്ലാത്ത സ്നേഹത്തിലേക്കും പാപ ക്ഷമയിലേക്കും കൊണ്ടുവന്നു. സമൂഹത്തിൽ തള്ളപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പാപികളോടും, ക്രിസ്തു കാണിച്ച കാരുണ്യവും സ്നേഹവും തന്റെ കഥകളിലൂടെ പഠിപ്പിച്ച മൂല്യത്തിൽ അധിഷ്ഠിതമായിരുന്നു. എമ്മാവുസിലേക്ക് പോയ ശിഷ്യന്മാർ പറയു ന്നത് "ദൈവത്തിനും സകലജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന നസറായനായ യേശു ക്രിസ്തു" എന്നാണ് (വി. ലൂക്കോസ് 24:19).

പിൽക്കാലത്ത് യേശുവിന്റെ കഥകൾ ആത്മീയവൽക്കരിക്കപ്പെടു വാൻ സുവിശേഷ പ്രഘോഷണങ്ങൾ വഴിയായി പലരും ശ്രമിച്ചു എങ്കിലും തന്റെ കഥകളുടെ മാനങ്ങൾ വികാസം പ്രാപിക്കുകയാണ് ഉണ്ടായത്. വിതയ്ക്കുന്നവന്റെ ഉപമയും മറ്റും ശ്രോതാക്കളുടെ കണ്ണു തുറക്കാൻ പര്യാപ്തമായിരുന്നു. അദ്ദേഹത്തിന്റെ കഥകളിൽ ദൈവരാ ജ്യത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തുക മാത്രമല്ല എങ്ങനെ അടിച്ച മർത്തപ്പെട്ടവരുടെ വികാരം ഭരണവർഗ്ഗത്തെ സ്വാധീനിക്കും എന്നുകൂടി വെളിപ്പെടുത്തുന്നവയായിരുന്നു. അതുകൊണ്ട് സാമൂഹ്യ വിശകലനത്തോടൊപ്പം ദൈവശാസ്ത്രം വെളിപ്പെടുത്തുന്നവയുമാ യിരുന്നു ക്രിസ്തുവിന്റെ കഥകൾ. (Therefore the parables of Jesus were forms of social analysis just as much as they were forms of theological reflection).

വി.മത്തായി 20:1–16 ൽ പറയുന്ന ഉപമയിൽ ഉടമസ്ഥൻ വ്യത്യ സ്ത സമയങ്ങളിൽ വന്നവർക്ക് ഒരേ വേതനം നൽകുന്നത് ദൈവനീ തിയുടെ കാണാപ്പുറങ്ങൾ വിശദമാക്കുന്നു. ദൈവരാജ്യത്തിൽ മനു ഷ്യന്റെ നീതിയല്ല മറിച്ച് ദൈവനീതിയാണ് നടപ്പിലാകുന്നത്. അപ്പോ ഴാണ് "the last will be first and the first will be last" (മത്താ. 20:16) എന്ന ചിന്തയുടെ പ്രസക്തി. 'ജോലി ചെയ്യുന്നവർക്ക് തുല്യവേതനം'

എന്ന ഒരു പൊതു തത്വം തന്റെ കഥകളിലൂടെ പഠിപ്പിക്കുകയായിരുന്നു ക്രിസ്തു ചെയ്തത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ 'എല്ലാവർക്കും ജോലി' എന്ന സാമൂഹ്യനീതി.

അതിൻപ്രകാരം പരിശോധിച്ചാൽ ക്രിസ്തുകഥകൾ അന്നത്തെ സമൂഹത്തിൽ നിലനിന്നിരുന്ന സാമ്പത്തിക, സാമൂഹ്യ, മതപരമായ നിലപാടുകളെ ചോദ്യം ചെയ്യുന്നവയായിരുന്നു. അശരണരെയും പാവങ്ങളെയും പുറന്തള്ളപ്പെടുവാൻ ഇടയാകാതെ ചേർത്തുകൊള്ളണം എന്ന് ക്രിസ്തു ചുങ്കക്കാരന്റെയും പരീശന്മാരുടെയും ഉപമ, നല്ല ശമര്യാക്കാരന്റെ ഉപമ, തുടങ്ങിയ ചിത്രങ്ങളിലൂടെ വരച്ചുകാട്ടുന്നു. പാപികളായി മാറ്റിനിർത്തേണ്ടത് അവരെയല്ല, മറിച്ച് ആ വിധത്തിൽ പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്ന മത, സാമൂഹ്യ, രാഷ്ട്രീയ നേതാക്കന്മാരെയാണ് എന്ന് ക്രിസ്തു സധൈര്യം ഈ കഥകളിലൂടെ പ്രകടമാക്കുകയാണ്. ജാതി വ്യവസ്ഥയും, ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന സമൂഹത്തിൽ ക്രിസ്തുകഥകൾ ഒരു വെള്ളിടിയായി ഭവിച്ചു എന്നതാണ് ക്രിസ്തുകഥകളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. ("Jesus lived and died for the values of the Kingdom of God, where all are brothers and sisters and the law is only the Law of Love'')

6. ക്രിസ്തുവിന്റെ കഥകളുടെ പ്രസക്തി അവസാനിക്കുന്നില്ല. (Jesus Stories are Open-ended)

പൗരാണികമായ ഗ്രീക്കോ-റോമൻ കഥകളെക്കാളും, റാബിമാരുടെ കഥകളെക്കാളും വ്യത്യസ്തത പുലർത്തുന്നതാണ് ക്രിസ്തുകഥകൾ. ക്രിസ്തു കഥകളെപ്പറ്റി ഗവേഷണം നടത്തിയ ജെ. ബ്രീച്ച് പറയുന്നത് ക്രിസ്തുവിന് മുമ്പ് 300 വർഷവും, ക്രിസ്തുവിന്റെ മരണശേഷം മുന്നൂറു വർഷം കഴിഞ്ഞും ക്രിസ്തുവിന്റെ ഉപമയെ വെല്ലുന്ന ഒന്നും ഉണ്ടായിട്ടില്ല എന്നാണ്. കാരണം "ക്രിസ്തു കഥയുടെ പ്രസക്തി അവസാനിക്കുന്നില്ല; അത് ഒരു നിശ്ചിത കാലത്തേക്കുവേണ്ടി ഉള്ളതല്ല". ക്രിസ്തുകഥ ഇന്നും ഉത്തരം കിട്ടാത്തതാണ്. ഉദാഹരണമായി നല്ല ശമര്യാക്കാരന്റെ കഥയിൽ അവന് പ്രതിഫലം കിട്ടിയോ? തിരികെ സത്രത്തിൽ എത്തിയോ? അവനെ സ്വീകരിച്ചോ? മുടിയനായ പുത്രന്റെ കഥയിൽ മൂത്തമകൻ ഇളയമകനോട് അനുരഞ്ജനപ്പെട്ടോ? ഇതിനൊന്നും ഉത്തരമില്ല. ഇന്നും ചോദ്യം പ്രസക്തമായി നിലനിൽക്കുന്നു.

"So Jesus stories do not end. So like the character of Jesus parables, Jesus lives in a story without end.'' ക്രിസ്തു തന്റെ മരണവും ഉയിർപ്പും, തന്റെ ജീവിതം തന്നെയും ഉപമകളിലൂടെ വിവരിച്ചു എന്നതു തന്നെ തന്റെ കഥയുടെ മഹത്വം വിളിച്ചറിയിക്കുന്നു. ക്രിസ്തു ഉപമകൾ "വിമർശനാത്മകവും ദൈവത്തിന്റെ തുറക്കപ്പെടാത്ത വാതിലുകൾ തുറന്നു ലഭിക്കുന്നതിന് എക്കാലത്തും മനുഷ്യനെ സഹായിക്കുന്നവയുമാണ്". ക്രിസ്തു കഥകളുടെ പ്രസക്തിയും അന്തസത്തയും എന്നും എക്കാലത്തും തുടർന്നുകൊണ്ടിരിക്കും. "So his story would continue to subvert till the end of time.''

ഉപസംഹാരം

ക്രിസ്തുവിന്റെ കഥകളും ഉപമകളും ലോകശ്രദ്ധ ആകർഷിക്കുവാൻ കാരണം എല്ലാ സൃഷ്ടിയേയും, മനുഷ്യനേയും ഉൾപ്പെടുത്തി അവർക്കുള്ള സ്ഥാനം തന്റെ കഥകളിലൂടെ വെളിപ്പെടുത്തി എന്നതാണ്. ഇതിൽ ദൈവത്തിന്റെ പദ്ധതികൾ, മനുഷ്യനും ലോകബന്ധവും, ചരിത്രത്തിന്റെ വെളിപ്പെടുത്തലുകൾ, മനുഷ്യന്റെ ദൈവിക വിളികൾ തുടങ്ങിയ വിവരണങ്ങൾ മനുഷ്യന്റെ നിലനിൽപിന്റെ പൊരുൾ തിരിച്ചറിയുവാൻ അവനെ സഹായിക്കുന്നു. ക്രിസ്തുവിന്റെ പിതാവിനോടുള്ള ബന്ധവും തന്നെ കേട്ടവർക്ക് ദൈവിക പദ്ധതികളെ കുറിച്ചുള്ള ചിന്തകളും തന്റെ കഥകളിലൂടെ ആവിഷ്കരിച്ചു. അന്നത്തെ സാഹചര്യങ്ങളിലെ കുറവുകളും തെറ്റുകളും ക്രിസ്തു ചൂണ്ടിക്കാട്ടിയത് വിപ്ലവാത്മകമായിരുന്നു. ക്രിസ്തുവിന്റെ കഥകളും അവയുടെ പ്രസക്തിയും ഇന്നലെയും ഇന്നും നാളെയും തുടരുക തന്നെ ചെയ്യും. പുറന്തള്ളപ്പെട്ടവരേയും മറ്റും സ്നേഹിച്ച ക്രിസ്തു അവരുടെ ഉന്നമനം തന്റെ സുവിശേഷമായി സ്വീകരിച്ചത് ഈ കഥകളിലൂടെ വരച്ചു കാട്ടുന്നു. ഈ കഥകൾ അനേകരെ സ്വാധീനിക്കുകയും ക്രിസ്ത്വാനുഭവത്തിലേക്കു വരുവാൻ ഇടയാക്കുകയും ചെയ്തു. മനുഷ്യന്റെ എല്ലാ പ്രതിസന്ധികളിലും ജീവിതത്തെ കരുപ്പിടിപ്പിക്കുവാൻ സഹായിക്കുന്ന ചില സനാതനമൂല്യങ്ങൾ ഈ കഥകളിൽ നാം കാണുന്നു. അവ ഇന്നും എന്നും പ്രസക്തമാണ്. **GM**

(ലേഖകൻ കോട്ടയം ബസേലിയോസ് കോളേജ് ചരിത്രവിഭാഗം അദ്ധ്യാപകനാണ്.)

ജോർജിയൻ മിറർ

മലങ്കരയുടെ സത്യദർശനം

പിതാക്കന്മാർ പറയുന്നു ...

കാലിക പ്രാധാന്യമുള്ള വാർത്തകളും പ്രബന്ധങ്ങളും സഭയുടെ ആചാരാനുഷ്ഠാനങ്ങൾ ബോധ്യപ്പെടുത്തുന്ന ലേഖനങ്ങളും സഭാംഗങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ ജോർജിയൻ മിറർ എടുക്കുന്ന ശുഷ്കാന്തി പ്രശംസനീയമാണ്. സർവ്വമംഗളങ്ങളും നേരുന്നു.

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത
പരി. സുന്നഹദോസ് സെക്രട്ടറി

സഭയെ സംബന്ധിച്ചിടത്തോളം സർവ്വമേഖലയിലും - വിശ്വാസം, പ്രാർത്ഥന, ആരാധന, വി. കുർബ്ബാന, സേവനം, ചരിത്രം - വിശദമായ പഠനങ്ങൾ കാഴ്ചവെക്കുന്ന ജോർജിയൻ മിറർ മലങ്കര ഓർത്ത ഡോക്സ് സഭയിലെ ഉത്തമ ത്രൈമാസികയാണ്. ഇത് കാഴ്ചവെക്കുന്ന ജോർജിയൻ മിറർ പ്രവർത്തകരെ ദൈവം അനുഗ്രഹിക്കട്ടെ

യൂഹാനോൻ മാർ പോളികാർപ്പോസ്
അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത

വായനക്കാർ പറയുന്നു ...

കാമ്പുള്ള ലേഖനങ്ങൾ, ഗവേഷണ പഠനങ്ങൾ എന്നിവ മനോഹരമായ ലേ ഔട്ടോടുകൂടി പ്രസിദ്ധീകരിക്കുന്ന ജോർജിയൻ മിറർ ഓർത്തഡോക്സ് സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

ജോസഫ് എം. പുതുശ്ശേരി



മലങ്കരയിൽ ഇറങ്ങുന്ന ഏറ്റവും നല്ല ആനുകാലിക പ്രസിദ്ധീകരണം ഇതാണെന്ന് പറയുന്നതിൽ ഒരു സംശയവുമില്ല. പ്രവർത്തകരെ അഭിനന്ദിക്കുന്നു.

തോമസ് ജേക്കബ്
സീനിയർ അസിസ്റ്റന്റ് എഡിറ്റർ
"The Hindu', തിരുവനന്തപുരം

ജോർജിയൻ മിറർ എല്ലാ ഇടവകകളിലും എത്തുന്നതിന് വായനക്കാരുടെ സഹായം അഭ്യർത്ഥിക്കുന്നു. ദയവായി നിങ്ങളുടെ ഇടവകാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും ജോർജിയൻ മിറർ പരിചയപ്പെടുത്തുക.

കൂടുതൽ വിവരങ്ങൾക്ക്

പി.എം. പീറ്റർ
സർക്കുലേഷൻ മാനേജർ
94478 19048, gmirror2009@yahoo.com

പെന്തക്കോസ്തുകാർ ക്രിസ്തുവിന്റെ ഉടമ്പടിയിൽ നിലനിൽക്കുന്നില്ല.

■ ^m. tUm. Ipcymt ¡mk X®nt ¡m«

ചോദ്യം : പെന്തിക്കോസ്തുകാർ ക്രിസ്ത്യാനികളാണോ? ഓർത്തഡോക്സ് സഭയുടെ കാഴ്ചപ്പാട് എന്ത്?

റേച്ചൽ ജോൺ, ആലപ്പുഴ

ഉത്തരം: ഈ ചോദ്യം വളരെ ഗൗരവതരമായി കാണേണ്ടതാകയാൽ ഉത്തരം ശ്രദ്ധയോടെ വായിക്കുമല്ലോ? **സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം ഉടമ്പടി ചെയ്യപ്പെട്ടതാകുന്നു.** യിസ്രയേലും യഹോവയുമായും, ഒരു ഉടമ്പടി മോശ മുഖാന്തരം ഉണ്ടായതുപോലെ, ക്രിസ്തു മുഖാന്തരം ഒരു പുതിയ ഉടമ്പടിയും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് മോശ പഴയനിയമ മദ്ധ്യസ്ഥനും (യോഹ. 1:17) ക്രിസ്തു പുതിയനിയമ മദ്ധ്യസ്ഥനുമാകുന്നുയെന്നു വചനം പഠിപ്പിക്കുന്നു. (എബ്രാ. 9:15). ഒരു പുതിയ ഉടമ്പടി ഉണ്ടാകണമെന്നുള്ളത് പ്രവചിക്കപ്പെട്ടിട്ടുള്ളതാകുന്നു. (യിര. 31:31). നിയമം ഉറപ്പാകുന്നത് രക്തംകൊണ്ടാണെന്ന് (എബ്രാ. 9:16–19) വ്യക്തമാകയാൽ പുതിയ നിയമ(ഉടമ്പടി)ത്തിനും ഒരു രക്തം ഉണ്ടായിരിക്കും. അല്ല ഉണ്ട്. (മത്താ. 26:27–28) ഈ ഭാഗം പുറ. 24:8 നോട് ചേർത്തു പഠിക്കുക. ആകയാൽ പുതിയ ഉടമ്പടിക്കും ഒരു രക്തം ഉണ്ട്. ഇത് നമ്മുടെ കർത്താവ് സത്യം ചെയ്ത് ഉറപ്പാക്കിയിട്ടുള്ള പാപപരിഹാര രക്തം തന്നെയാണ്. ക്രിസ്തുവിനോടു കൂടെയിരിക്കുന്നതിന് അവന്റെ കൽപനകളിൽ നിലനിൽക്കണം. ക്രിസ്തുവിന്റെ ഉടമ്പടി വിശ്വസിച്ച് അതിൽ നിലനിൽക്കണം. (യോഹ. 6:52–57) **ഈ ഉടമ്പടിയിൽ നിലനിൽക്കാതെ പിരിഞ്ഞു പോയവർ (യോഹ.6:64) ക്രിസ്തുവിനുള്ളവർ അല്ല.** ക്രിസ്തു അവരെ അറിയുന്നുമില്ല (മത്താ.7:23). പെന്തിക്കോസ്തുപോലുള്ള സഭകൾ ക്രിസ്തുവിന്റെ പുതിയ ഉടമ്പടിയിൽ നിലനിൽക്കുന്നവരല്ല.

സഭ ഒരുവനെ ക്രിസ്ത്യാനിയാക്കുന്നത് മാമോദീസാ (സ്നാനം) യിലൂടെയാകുന്നു. പെന്തിക്കോസ്തു സഭയിലുള്ളവരെ മാമോദീസ നടത്തി സഭയിലേക്ക് സ്വീകരിക്കേണ്ടിയിരിക്കുന്നു. എന്നുവച്ചാൽ അവരെ ക്രിസ്ത്യാനിയായി സഭ സ്വീകരിച്ചിട്ടില്ലായെന്നു തന്നെ സാരം. ഈ കൂട്ടർ ക്രിസ്ത്യാനിയായി നമ്മളേയും സ്വീകരിച്ചിട്ടില്ലായെന്നും അറിഞ്ഞാലും.

ജനിക്കുന്നത് പാപമാണോ?

ചോദ്യം : ഉദ്ഭവ പാപം എന്ന ആശയം ഓർത്തഡോക്സ് സഭയിൽ ഉണ്ടോ? നാം ഉദ്ഭവിച്ചത് പാപം ആണെങ്കിൽ പാപി ദൈവം അല്ലെ?

ജോളി, അയിരൂർ

ഉത്തരം: ഉദ്ഭവ പാപം (ജന്മപാപം) എന്ന ഒരു ആശയം ഓർത്തഡോക്സ് വിശ്വാസത്തിൽ ഇല്ല. എന്നാൽ ആദാമ്യ പാപം സകല മനുഷ്യരിലും ഉണ്ടെന്നു സഭ വിശ്വസിക്കുന്നു. (റോമർ 5:12)

ആദാമ്യ പാപം: ആദം ദൈവ കൽപന ലംഘിച്ചതിനാൽ മരണം ലോകത്തിലേക്ക് വന്നു.

ദൈവസ്വരൂപവും മനുഷ്യശരീരവും

ചോദ്യം: മനുഷ്യനെ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിച്ചു എന്നതുകൊണ്ട് ദൈവം മനുഷ്യനെപ്പോലെ (രൂപം) കാണപ്പെടുന്നു എന്നു ചിന്തിക്കാമോ?

ദൈവത്തെ ചിത്രീകരിക്കുന്നത് കൽപ്പന ലംഘനം

പിതാവായ ദൈവത്തിന്റെ ചിത്രം എറണാകുളത്ത് ഒരു കത്തോലിക്കാ ചർച്ചിൽ ഒരു അപ്പച്ചനെപ്പോലെ ചിത്രീകരിച്ചിരിക്കുന്നു. ഇതെങ്ങനെ!

കെ.ജെ. തരകൻ, കോഴിക്കോട്

ഉത്തരം: ഈ ചോദ്യം കത്തോലിക്കാ സഭയോടാണ് ചോദിക്കേണ്ടത്. അവർ ചെയ്യുന്നതിന് മറുപടി പറയേണ്ടത് ഞാനല്ലല്ലോ? ദൈവത്തെ ഏതെങ്കിലും രൂപത്തിൽ ചിത്രീകരിക്കുന്നത് ഒന്നാം കൽപനയുടെ ലംഘനമാണെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

ദൈവസ്വരൂപം എന്നത് ശരീരത്തെ കുറിക്കുന്നതല്ല. എന്തെന്നാൽ ദൈവം ആത്മാവാണ് (യോഹ. 4:24) **മനുഷ്യനിലുള്ള ദൈവസ്വരൂപം അവന്റെ ആത്മ സംബന്ധിയാകുന്നു, ബാഹ്യരൂപമല്ല** (എഫേസ്യർ 4:22–24).

GM

അമ്മമാരുടെ ചർച്ചയ്ക്ക്

കുഞ്ഞുങ്ങൾക്ക് ശിക്ഷണം

കുട്ടി അനുസരിക്കാത്തവനും ബഹുമാനമില്ലാത്തവനുമാണെങ്കിലും അമ്മ ശാന്തയും മൃദുല സ്നേഹത്തിന്റെ ഉടമയുമായി അവനെ തിരുത്തണം. കുട്ടികളുടെ തന്നിഷ്ടത്തിന് കീഴടങ്ങിക്കൂടാ. കുട്ടികളെ തിരുത്തുമ്പോൾ കുട്ടികൾ അവരുടെ ബുദ്ധിവൈഭവവും തന്ത്രവും സൂത്രവുമൊക്കെ പുറത്തെടുക്കുമെന്ന് മാതാപിതാക്കൾ തിരിച്ചറിയണം. കരച്ചിലാണ് കുഞ്ഞുങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട തന്ത്രം. അവരുടെ വഴിക്കുതന്നെ പോകാൻ അവർ കരഞ്ഞുകൊണ്ടേയിരിക്കും.

"അയ്യയ്യോ.. എന്റെ കുഞ്ഞു കരഞ്ഞാൽ അതിന് ഏങ്ങൽ ഉണ്ടാകും. വായ് പിന്നെ അടയ്ക്കില്ല. നെറ്റി ചുളിക്കും. തുറിച്ചുനോക്കും. ശരീരം ഇളക്കും... ചുഴലിപോലെ കാണിക്കും." അമ്മയെ ഭീഷണിപ്പെടുത്തുന്ന കുഞ്ഞുങ്ങളുടെ ഈ അടവുകളെ അമ്മമാർ ആരോഗ്യകരമായി മനസ്സിലാക്കേണ്ടതുണ്ട്.

കുഞ്ഞുങ്ങൾ കരയുന്നത് നല്ലതാണ്. കരയുന്നതുവഴി ശ്വാസകോശത്തിന്റെ ശക്തി കൂടുകയേയുള്ളൂ. കരഞ്ഞുകരഞ്ഞു കുഞ്ഞ് മനസ്സിലാക്കാൻ തുടങ്ങും ആദരിക്കാനും അനുസരിക്കാനും തനിക്ക് ചില നിയമങ്ങൾ ഉണ്ടെന്ന്. താൻ പിടിക്കുന്നിടം ജയിക്കാൻ പോകുന്നില്ലെന്നും അനുഭവത്തിൽ നിന്ന് മനസ്സിലാക്കും.

സ്വന്തംകാര്യം കാണാൻ കരയുന്ന കുട്ടി, അതിലൂടെ ജയിച്ചാൽ അവരെ നേർവഴിക്ക് കൊണ്ടുവരാൻ പ്രയാസമായിരിക്കും.

തക്കസമയത്ത് സമുചിതമായി മാത്രം നൽകേണ്ട ഒന്നാണ് ശിക്ഷണം. കുഞ്ഞുങ്ങളെ ശാസിക്കേണ്ട, പഠിപ്പിക്കേണ്ട, പരീക്ഷയും വേണ്ട എന്നൊക്കെയുള്ള പുതിയ പരിഷ്കാരം ആണ് സ്കൂളുകളിൽ കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ പരിണതഫലം ഇപ്പോൾതന്നെ കാണുന്നുണ്ട്.

സി. മേരി ജെയിൻ, എസ്.ഡി.
പുറപ്പാട് സമയം

tUm. KohÀKo k amÀ Cuhm\ntbmk sa{Xmt¸meo¯

kÂ¸mXbnÂ P\s¯ \bn¨]pWym-ßmh

■ കെ.എം. വർഗ്ഗീസ്

2013 ഏപ്രിൽ 12ന് കാലം ചെയ്ത കോട്ടയം ഇടവകയുടെ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനി പൗരസ്ത്യസഭകളുടെ വിശ്വാസാചാരസാഗരത്തിൽ മുങ്ങി ആദ്ധ്യാത്മീക ജീവിതത്തെ സദാ പ്രകാശിപ്പിക്കുന്ന നിത്യജീവൻ നൽകുന്ന സ്വർഗ്ഗീയ അമൃത് കണ്ടെടുത്ത് സഭാംഗങ്ങൾക്ക് നൽകിയ ഒരു ദിവ്യപുരുഷനായിരുന്നു. പ്രാർത്ഥന, ധ്യാനം, കാരുണ്യപ്രവർത്തനങ്ങൾ എന്നീ സനാതമൂല്യങ്ങളായിരുന്നു ആത്മീയമേരുവിൽ അധിവസിച്ചിരുന്നത്. സഭാംഗങ്ങളുടെയും ഇടവകകളുടെയും വഴിതെറ്റിയ നടപടികളുടെ ദുരാചാര പ്രധാനമായ പ്രവർത്തനങ്ങളും അദ്ദേഹത്തെ ദുഃഖിപ്പിച്ചു. പലപ്പോഴും വൈദികരെയും ഇടവകകളെയും അദ്ദേഹം സദുദ്ദേശ്യത്തോടെ ശാസിച്ചിട്ടുണ്ട്. ഇതിന്റെ പേരിൽ ചിലരൊക്കെ അദ്ദേഹത്തെ വിമർശിക്കുകയും പ്രതികാരബുദ്ധിയോടെ പെരുമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടിയുറച്ച ദൈവവിശ്വാസത്തിന്റെ ശൃംഗങ്ങളിൽനില കൊണ്ട അദ്ദേഹം വിമർശനങ്ങളോട് കോപാവേശത്തോടെ പ്രതികരിച്ചിട്ടില്ല. അറിവില്ലായ്മയിൽ നിന്നുള്ള വിമർശനങ്ങൾക്കു മറുപടി നൽകാതെ അവരെ വിശ്വാസാചാരങ്ങൾ പഠിപ്പിക്കാനാണ് തിരുമേനി ശ്രമിച്ചിട്ടുള്ളത്. അദ്ദേഹം പാമ്പാടിത്തിരുമേനിയെപ്പോലെ ഭദ്രാസനത്തെ ഭരിച്ചില്ല; ശരിക്കു നയിക്കുകയായിരുന്നു. **തെറ്റുകണ്ടാൽ സ്ഥല കാല പരിഗണനകൂടാതെ സ്നേഹപൂർവ്വം ശാസിക്കുന്നത് അധ്യാത്മീക ജീവിതത്തിന്റെ ഉന്നതിയിൽ കഴിയുന്നവരുടെ ഒരു സ്വഭാവമാണ്.** പ. ഗീവറുഗ്ഗീസ് രണ്ടാമൻ കാതോലിക്കാ ബാവായും തെറ്റുകണ്ടാൽ ഉടൻ ശാസിച്ചിരുന്നു. തെറ്റുതിരുത്താൻ അവകാശ അവധി നൽകുന്ന രീതി ദൈവത്തോടുകൂടെ നടക്കുന്നവർക്ക് സാധ്യമല്ല. ദൈവാലയത്തിൽ നാണയം വിൽക്കുന്നവരെയും പള്ളികളെ ചന്തകളാക്കി മാറ്റുന്നവരെയും ബഹുമാനിക്കാനും അവരിൽ നിന്നു കാശു വാങ്ങാനും സനാതനധർമ്മത്തിനും മൂല്യങ്ങൾക്കും വേണ്ടി എന്നും നിലകൊള്ളുന്ന സിദ്ധന്മാർക്കു സാധ്യമല്ലെന്നു തിരുമേനി ജീവിതത്തിലൂടെ കാണിച്ചുകൊടുത്തു.

ആരാധന, പഠനം, സേവനം, ആഹ്വാനങ്ങൾ, കൃഷി, ദാനധർമ്മങ്ങൾ എന്നിവയിൽ കൂടുതൽ ശ്രദ്ധിച്ച ഒരു മേൽപ്പട്ടക്കാരനായിരുന്നു അദ്ദേഹം. ഒരു മൊട്ടക്കുന്നുപോലെ കിടന്ന ദയറായുടെ വക സ്ഥലത്തെ കാർഷിക വിളകളുടെയും കേരതരുനികരങ്ങളുടെയും കേദാരമാക്കി. ജലസേചനത്തിനു വേണ്ട കുളവും പൈപ്പുകളും ശരീരത്തിലെ ധമനികളെപ്പോലെ കുന്നിന്റെ നെറുകയിൽ നെടുകയും കുറുകെയും വിരിച്ചപ്പോൾ മരുഭൂമിപോലെ കിടന്ന സ്ഥലങ്ങൾ മലർവാടിയായി മാറി. ശാസ്ത്രം പഠിക്കാത്ത നമ്മുടെ പൂർവ്വികരെപ്പോലെ ഭൂമി തട്ടു തിരിച്ചപ്പോൾ ഒരു തുള്ളിവെള്ളംപോലും കുന്നിന്റെ അടിവാരത്തിലൂടെ പാഴായിപ്പോയില്ല. കപ്പയും വാഴയും കൈതയും ചേനയും കാച്ചിലും ചേമ്പും എല്ലാം തഴച്ചുവളർന്നപ്പോൾ അയൽവാസികളും അർഹരുമായ ജനങ്ങളുടെ വീട്ടിൽ ഓണസദ്യയുടെ പ്രതീതി.

ഈ സ്ഥലത്ത് റബ്ബർ വയ്ക്കാൻ ആരോ തിരുമേനിയെ പ്രേരിപ്പിച്ചപ്പോൾ 'റബ്ബർ തിന്നാൻ കൊള്ളുമോ' എന്നാണു തിരുമേനി പ്രതിവചിച്ചത്. "നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്ന തങ്കവാക്യം എപ്പോഴും മുമ്പിൽ വച്ചിരുന്ന അദ്ദേഹം കുറച്ചു ഭക്ഷിക്കുകയും മറ്റുള്ളവർക്കു കൂടുതൽ നൽകുകയും ചെയ്തുവന്നു.

തിരുമേനിയുടെ സഹായം ലഭിക്കുന്ന പാവപ്പെട്ട കുട്ടികളുടെ ശരിയായ ലിസ്റ്റ് തിരുമേനിയുടെ പക്കൽ ഉണ്ടോ എന്നു നിശ്ചയമില്ല. കൈമുത്തും ഭദ്രാസനവരുമാനവും തികഞ്ഞില്ലെങ്കിൽ കടം വാങ്ങി സഹായിക്കും. എത്രയോ അർഹരായ യുവാക്കളും യുവതികളും തിരുമേനിയുടെ 'കൈമുത്ത്' കൊണ്ട് പഠിച്ചു നഴ്സുമാരായും മറ്റും വിവിധ ഭാഗങ്ങളിൽ ഉന്നതസേവനം നടത്തുന്നു.

വൃക്ഷലതാദികളുടെയും പക്ഷിജാലങ്ങളുടെയും പശുക്കളുടെയും സ്നേഹിതനായിരുന്ന തിരുമേനി വർഷങ്ങൾക്കുമുമ്പ് നല്ലയിനം പശുക്കളെ ഗുജറാത്തിൽ നിന്നും ലോറിയിൽ കൊണ്ടുവന്നത് ഓർക്കുന്നു. വാകത്താനത്ത് അന്ന് പാൽവിപ്ലവം തന്നെ സൃഷ്ടിച്ചു. ചാണകം പറമ്പിൽ വിതറിയപ്പോൾ അവിടെ ഒരു ഏദൻതോട്ടം ഉണ്ടായി.

"പെരുന്നാൾ അതിഗംഭീരം, പത്തുലക്ഷം കിട്ടി"

ഇത്രയധികം നല്ല പുസ്തകങ്ങൾ വായിക്കുകയും ആത്മീയ ജ്ഞാനം അതിരില്ലാതെ വളർത്തുകയും ചെയ്ത മറ്റൊരു ഭദ്രാസന മെത്രാപ്പോലീത്തായെയും കഴിഞ്ഞ ദശകങ്ങളിൽ മലങ്കരസഭയ്ക്കു കാണാൻ കഴിഞ്ഞിട്ടില്ല. പെരുന്നാൾ എന്നു പറഞ്ഞാൽ കൊടിമരജാഥ, കൊടിപൊക്കൽ, വിറകിടൽ, മാങ്ങാ അവിയൽ, സദ്യ, ആകാശത്തിലുള്ള ബാവായെ അകറ്റുന്ന വെടിപടഹധ്വനികൾ, മദ്യസേവ എന്നിവയാണെന്നു ധരിച്ചു വച്ചിരിക്കുന്ന പല സഭാംഗങ്ങളും ചില പള്ളികളും മലങ്കരയിൽ ഇന്നും ഉണ്ട്. ഇത്തരം ചില അനാവശ്യ പരിപാടികൾക്കു സഭയുടെ ആധ്യാത്മികജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ സാധിക്കുകയില്ലെന്നു സ്ഥാപിക്കാൻ ഗവേഷണം ഒന്നും ആവശ്യമില്ല. "ഇക്കൊല്ലത്തെ പെരുന്നാൾ ഗംഭീരമായിരുന്നു. പത്തു ലക്ഷം ഇങ്ങുപോന്നു. വെടിക്കെട്ടും ശിങ്കാരിമേളയും ഉണ്ടായതുകൊണ്ടാണു ലക്ഷങ്ങൾ ഇങ്ങോട്ടു വന്നത്" എന്നും ഒരു പള്ളിക്കമ്മിറ്റി അംഗം പറഞ്ഞു. അദ്ദേഹം തുടർന്നു: "പെരുന്നാൾ ദിവസം മേൽപട്ടക്കാർ നടത്തിയ വി. മൂന്നുമ്മേൽ കുർബാനയിലും ധൂപപ്രാർത്ഥനയിലും മാത്രം ആളുകൾ വളരെ കുറവായിരുന്നു. രാത്രി ഒരു മണിവരെ നടന്ന ഊരുചുറ്റുറാസയിൽ സംബന്ധിച്ചവർക്ക് എങ്ങനെ രാവിലെ പള്ളിയിൽ എത്താൻ കഴിയും. അതെല്ലാം നമ്മുടെ സഹദാ ക്ഷമിക്കും! പിന്നെ ഉച്ചയ്ക്കുനടന്ന വെച്ചൂട്ടിൽ ആയിരങ്ങൾ പങ്കെടുത്തു."

ഇത്തരം നടപടികളോട് മാർ ഈവാനിയോസ് തിരുമേനി എതിരായിരുന്നു. ഏതാനും വർഷം മുമ്പ് അദ്ദേഹം ഒരു പള്ളിയിൽ വെടിക്കെട്ടിനേയും മറ്റും എതിർത്ത് ഒരു പ്രസംഗം ചെയ്തു. പള്ളിയിൽ ഉണ്ടായിരുന്ന ചില കമ്മിറ്റിക്കാരും മറ്റും പ്രതിഷേധിച്ചു. തിരുമേനിയോടുള്ള അവരുടെ രോഷം തീർത്തത് തിരുമേനിയുടെ കാറിൽ ഉച്ചത്തിൽ തട്ടി അപശബ്ദമുണ്ടാക്കിയും ഡ്രൈവറെ നിഘണ്ടുവിൽ ഇല്ലാത്ത വാക്കുകൾ കൊണ്ടു പൂശിയുമാണ്.

മറ്റൊരുപള്ളിയിൽ ആയിരങ്ങൾ ചെലവഴിച്ചു കഥാപ്രസംഗവും ചെണ്ടമേളവും ശിങ്കാരിമേളവും നടത്തുന്നതിനെ തിരുമേനിയുടെ കല്പനപ്രകാരം എതിർത്ത വൈദികനെ ഇടവകക്കാരിൽ ചിലർ പള്ളിയിൽ നിന്ന് ഓടിക്കുകയും തല്ലുകൊള്ളാതെ വൈദികൻ സമീപഭവനത്തിൽ അഭയം തേടുകയും ചെയ്തകാര്യം മറക്കാൻ കാലമായിട്ടില്ല.

പെരുന്നാളിനോടനുബന്ധിച്ചു പണം പാഴാക്കി വെടിക്കെട്ടു നടത്തരുതെന്നു സഭാധ്യക്ഷനായിരുന്ന പരി. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവ കല്പന ഇറക്കിയിട്ടുണ്ട്. സുറിയാനിക്കാരുടെ ഇടയിൽ നിന്ന് ഈ 'കമ്പം' മാറാത്ത കാലത്തോളം സഭ നന്നാകുകയില്ലെന്ന് 'കാതോലിക്കേറ്റിന്റെ രത്നദീപ'സ്ഥാനം ഈയിടെ ലഭിച്ച പുത്തൻകാവു കൊച്ചു തിരുമേനി പണ്ട് കല്പനയിലൂടെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ഈ മാതൃക തന്നെയാണു മാർ ഈവാനിയോസും സ്വീകരിച്ചത്. അദ്ദേഹം പുതുതായി ഒന്നും ഇക്കാര്യത്തിൽ കണ്ടുപിടിച്ചതല്ല. ശതക്കണക്കിനാളുകൾ പട്ടിണി കൊണ്ടും കഷ്ടപ്പാടുകൾ കൊണ്ടും രോഗങ്ങൾ കൊണ്ടും കിടപ്പാടവും മരുന്നും ഉടുതുണിയുമില്ലാതെ വിഷമിക്കുമ്പോൾ വെടിക്കെട്ടിനും പെരുന്നാളിന്റെ പേരിലുള്ള ദുർനടപടികൾക്കും ദുർചെലവുകൾക്കുംവേണ്ടി വിശ്വാസികൾ നേർച്ചയായി നൽകുന്ന പണം നശിപ്പിക്കുന്നതു കൊടുംപാപമല്ലെങ്കിൽ മറ്റെന്താണ്!

വ്യാപാരശാലകൾ ആരംഭിക്കുമ്പോഴും സ്വർണ്ണം വാങ്ങാൻ ആളുകളെ ആകർഷിക്കാൻ ശ്രമിക്കുമ്പോഴും നടത്തിവരുന്ന ശിങ്കാരിമേളത്തിന് പരിശുദ്ധന്മാരുടെ ഓർമ്മ കഴിക്കുമ്പോൾ ഒരു പ്രസക്തിയും ഇല്ലെന്നു അതു നടത്തിക്കുന്നവർക്ക് ഇനിയും മനസിലാക്കാൻ കഴിഞ്ഞിട്ടില്ല." ദൈവം രക്ഷിക്കട്ടെ!!

നേർച്ചയായും മറ്റും ലഭിക്കുന്ന പണം ദൈവത്തിനു വിരോധമായി ചെലവാക്കുന്നതുമൂലം പെരുന്നാളുകൾ അനുഗ്രഹങ്ങൾക്കു പകരം ശാപമാണ് നല്കുന്നത്. ഇക്കാര്യങ്ങൾ മാർ ഇവാനിയോസ് തിരുമേനി അനുസ്മരിച്ചത് അദ്ദേഹത്തിന്റെ ദൈവികദർശനം കൊണ്ടാണ്; സഭാസ്നേഹം കൊണ്ടാണ്; ആളുകളുടെ രക്ഷയ്ക്കു വേണ്ടിയാണ്. ഇതൊക്കെ ഒന്നും പഠിക്കാതെയും വായിക്കാതെയും ആത്മീയതത്വങ്ങൾ മനസിലാക്കാതെയും സഭയിൽ ആളുകളിച്ച് കഴിയുന്നവർക്കു പന്നിയുടെ മുമ്പിൽ ഇടുന്ന രത്നം മാത്രമാണ്. ധർമ്മച്യുതി നടമാടുമ്പോൾ ജനങ്ങളെ സൽപാതയിൽ നയിക്കാൻ ദൈവം ചില മഹാത്മാരെ ഭൂമിയിലേക്കു വിടും. അതിൽ ഒരാൾ മാത്രമാണ് മാർ ഈവാനിയോസ്.

GM

പുത്തൻകാവ് കൊച്ചുതിരുമേനി

കാതോലിക്കേറ്റിന്റെ 'രത്നദീപം'

■ കെ.വി. മാമ്മൻ കോട്ടയ്ക്കൽ

1951 ൽ കുന്നംകുളത്തുവച്ച് 54-ാം വയസ്സിൽ കർമ്മരംഗത്തുതന്നെ കാലംചെയ്ത പുത്തൻകാവ് മാർ പീലക്സിനോസ് തിരുമേനിയെ ഏപ്രിൽ 17 ന് അർഹിക്കുന്നവിധം പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് "കാതോലിക്കേറ്റിന്റെ രത്ന ദീപം" എന്ന ബഹുമതി നൽകി ആദരിച്ചപ്പോൾ സഭ ചെയ്യേണ്ട ഒരു വലിയ ചുമതല വൈകിയെങ്കിലും നിറവേറ്റുകയായിരുന്നു. തുമ്പമൺ ഭദ്രാസനത്തിനും സഭയ്ക്കും കുന്നംകുളം മുതൽ തിരുവിതാംകോട് വരെയുള്ള ഇടവകകൾക്കും തിരുമേനി ചെയ്ത സേവനങ്ങൾ എന്നാളും നിലനിൽക്കും. സഭയുടെ സ്വാതന്ത്ര്യം, കാതോലിക്കേറ്റിന്റെ കെട്ടുറപ്പ്, എന്നിവയുടെ സംരക്ഷകൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സഭയിൽ കടന്ന നവീകരണ രീത്ത് പ്രസ്ഥാനങ്ങളെയും അന്ത്യോക്യൻ കടന്നാക്രമണങ്ങളെയും തടഞ്ഞുനിർത്തിയ ദുർഗ്ഗം മുതലായ നിലകളിൽ തിരുമേനി ചെയ്ത പ്രവർത്തനങ്ങളെ

പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവായും മെത്രാപ്പോലീത്താമാരും അനുസ്മരിച്ചപ്പോൾ അക്കാര്യങ്ങൾ ശ്രവിച്ച ജനസഹസ്രങ്ങൾ ആഹ്ലാദപ്രകടനം നടത്തി. ചെങ്ങന്നൂർ ഭദ്രാസനവും, പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലും യു.എ.ഇയിലെ 'മാർഫ്' എന്ന സംഘടനയും ഈ ബഹുമതി ദാനത്തിന്റെ പിന്നിൽനിന്നു പ്രവർത്തിച്ച് സഭയുടെ അഭിമാനം വളർത്തി.

"കാതോലിക്കേറ്റ് രത്നദീപം" ബഹുമതി ദാനസമ്മേളനത്തിൽ വച്ചുതന്നെ ആചാര്യന്മാരുടെ ആചാര്യനായ റവ. ഡോ. ടി.ജെ. ജോഷ്വയ്ക്ക് പുത്തൻകാവിൽ കബറടങ്ങിയിരിക്കുന്ന മലങ്കര മെത്രാപ്പോലീത്ത ആറാം മാർത്തോമ്മാ അവാർഡായ കാൽ ലക്ഷം രൂപ സുപ്രീംകോടതി മുൻ ജഡ്ജി കെ.ടി. തോമസ് നൽകി ആദരിച്ചു.

മലങ്കരസഭ ഇരുപതാം നൂറ്റാണ്ടിൽ അതിന്റെ ചരിത്രത്തിലെ ചില കടുത്ത പ്രതിസന്ധികളെ, കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനത്തിലൂടെ വിജയപ്രദമായി തരണം ചെയ്തുകൊണ്ടിരിക്കുന്ന കാലഘട്ടം. സഭയെ ക്ഷീണിപ്പിക്കുന്നതിനും ഒരളവിൽ ശിഥിലമാക്കുന്നതിനും കീഴടക്കുന്നതിനും നവീകരണ സഭാ വിഭാഗങ്ങളും റീത്ത് പ്രസ്ഥാനവും അന്ത്യോക്യൻ സഭാ മേധാവികളും കരുനീക്കങ്ങൾ നടത്തുന്നു. വൈദേശിക-പ്രാദേശിക ശക്തികളെ ഒരു കോട്ട കണക്കെ നേരിട്ട മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസും കർമ്മേൽ മലപോലെ ഉന്നതനായ ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായും സഭയുടെ നഷ്ടപ്പെട്ട ആദ്ധ്യാത്മിക സ്വാതന്ത്ര്യം വീണ്ടെടുത്തുകഴിഞ്ഞു. ഒരിക്കലും ആർക്കും കൈയടക്കാൻ കഴിയാത്ത സഭയുടെ ഭൗതിക സ്വാതന്ത്ര്യവും കോടതികൾ മുഖേന അന്യൂനം നിലനിർത്തി. ഈ ചുറ്റുപാടിൽ മലങ്കരസഭയുടെ നവോത്ഥാനനായകനെന്നോ ഒരളവിൽ അക്കാലത്തെ രക്ഷകനെന്നോ വിശേഷിപ്പിക്കത്തക്കവിധം സഭയുടെ ബഹുമുഖ വികാസചക്രവാളത്തിൽ ഉദയം ചെയ്തു പ്രകാശം പരത്തിയ ഒരു സമുന്നത മേൽപ്പട്ടക്കാരനായിരുന്നു പുത്തൻകാവ് കൊച്ചുതിരുമേനി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത. **ഒരേസമയം തുമ്പമൺ ഭദ്രാസനാധിപനും, സഭയുടെ സമുന്നത മാർഗ്ഗദർശിയും, പ്രഭാഷണതിലകനും, പ്രചോദനകേന്ദ്രവും, വിദ്യാഭ്യാസ പ്രവർത്തകനും ഒട്ടധികം പള്ളികളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും സ്ഥാപകനുമായിരുന്നു കൊച്ചുതിരുമേനി.** ഉന്നത വിദ്യാഭ്യാസം നേടി അധ്യാപക രംഗത്തു കടന്ന തിരുമേനി പല സ്കൂളുകളും ദയറകളും സ്ഥാപിച്ച് സഭയുടെയും സഭാംഗങ്ങളുടെയും ദിശാബോധത്തെയും ആദ്ധ്യാത്മിക ചിത്തപ്രകാശത്തെയും പ്രോജ്ജ്വലിപ്പിച്ചു.

കെ.ടി. ഗീവറുഗീസ് ശെമ്മാശനെ സഭയ്ക്കു വേണ്ടി ലഭ്യമാക്കുന്നതിനു 1929 ൽ ആരും അറിയാതെ വട്ടശ്ശേരിൽ തിരുമേനി സെക്രട്ടറിയായിരുന്ന മണലിൽ യാക്കോബ് കത്തനാരുമൊന്നിച്ചു പുത്തൻകാവിലെത്തി. ശെമ്മാശ്ശന്റെ പിതാവായിരുന്ന കിഴക്കേത്തലയ്ക്കൽ തോമ്മാ കത്തനാരെ കണ്ടതും റീത്ത് പ്രസ്ഥാനം സൃഷ്ടിച്ച വിപത്തിനെപ്പറ്റി സംസാരിച്ചതും ഉരുക്കുപോലെയുള്ള ഹൃദയത്തിന്റെ ഉടമയായ വട്ടശ്ശേരിൽ തിരുമേനി മഞ്ഞുപോലെ ഉരുകി സഭയ്ക്കുവേണ്ടി കണ്ണുനീർ വാർത്തതും തോമ്മാ കത്തനാരും കരഞ്ഞതും ശെമ്മാശനെ സഭയ്ക്കു വേണ്ടി സമ്മാനിച്ചതുമായ രംഗങ്ങൾ ഏതു ശിലാഹൃദയത്തെയും അലിയിപ്പിക്കുവാൻ പോരുന്നവയായിരുന്നു. ഈ രഹസ്യ സമാഗമവും കണ്ണീരിൽ കുതിർന്ന സംഭാഷണങ്ങളും കൈവന്ന നേട്ടങ്ങളും കൊച്ചു തിരുമേനിയുടെ സഹോദരനായിരുന്ന കെ.ടി. ജോസഫ് അനുസ്മരിച്ചപ്പോൾ ഞങ്ങളുടെ നേത്രങ്ങളും സജലങ്ങളായി.

മേല്പട്ട സ്ഥാനം സ്വീകരിച്ച ശേഷം രണ്ടു ദശാബ്ദങ്ങൾക്കിടയിൽ ഉജ്ജ്വലഭരണം മൂലം തുമ്പമൺ ഭദ്രാസനത്തെ സഭയിലെ ഏറ്റവും മുന്നിൽ കൊണ്ടുവരാൻ മാർ പീലക്സിനോസിനു സാധിച്ചു. കാലാനുസൃതമായ പല ഭരണ പരിഷ്കാരങ്ങളും തുമ്പമണ്ണിൽ നിന്നാണ് ആരംഭിച്ചത്. ഭദ്രാസനകേന്ദ്രവും ഭരണവും ഓഫീസും ഒന്നും ഇല്ലാതിരുന്ന ഭദ്രാസനത്തിന് അതെല്ലാം ഉണ്ടാക്കി. കായികാദ്ധ്വാനം ചെയ്താണു ഭദ്രാസനത്തിനും കാതോലിക്കേറ്റ് ഹൈസ്കൂളിനും വേണ്ടതായ കെട്ടിടങ്ങൾ നിർമ്മിച്ചത്.

ലളിത ജീവിതവും കർമ്മകുശലതയും സമയനിഷ്ഠയും എല്ലാം തിരുമേനിയുടെ മുഖമുദ്രയായിരുന്നു. ലൈൻ ബസിൽ സഞ്ചരിക്കുന്നതിനോ സൈക്കിളിൽ സഞ്ചരിക്കുന്നതിനോ തിരുമേനി ഒട്ടും വിമുഖത കാണിച്ചിട്ടില്ല. എല്ലാ കാര്യങ്ങളും വേഗത്തിൽ നടത്തണമെന്നുള്ള നിർബന്ധംകൊണ്ടാണ് വേണ്ടത്ര പണം ഇല്ലാതിരുന്നിട്ടും ആവശ്യാനുസരണം ഉന്നതവിദ്യാലയങ്ങളും ആശ്രമങ്ങളും ദയറാകളും പള്ളികളും സ്ഥാപിച്ചത്. ഓതറ ദയറയും പത്തനംതിട്ടയിലെ ബേസിൽ ദയറയും ചെങ്ങന്നൂർ ടൗണിൽ ചെളി നിറഞ്ഞു പതാൽ പോലെ കിടന്ന സ്ഥലത്തു രൂപംകൊണ്ട മനോഹരമായ ബഥേൽ അരമനയും ഇരവിപേരൂർ ആശുപത്രിയും എല്ലാം പള്ളിക്കൂടങ്ങളോടൊപ്പം തിരുമേനി പടുത്തുയർത്തിയതാണ്. ഈ പ്രവർത്തനങ്ങൾക്കിടയിൽ തിരുമേനിയുടെ തീൻമേശയിലെ മുഖ്യവിഭവങ്ങൾ പുഴുങ്ങിയ കപ്പയും കട്ടൻകാപ്പിയുമായിരുന്നു. ചെറിയ പള്ളി മുറികളിലെ പഴഞ്ചൻ കട്ടിലുകളിലും പള്ളിക്കൂടങ്ങളിലെ ഇളകുന്ന കാലുള്ള ബഞ്ചുകളിലുമായിരുന്നു തലയണ കൂടാതെ തിരുമേനി പലപ്പോഴും തലചായിച്ചിരുന്നത്. വിദ്യാലയങ്ങൾക്ക് അംഗീകാരം കിട്ടാനുള്ള ശ്രമത്തിനിടയിൽ പലതവണ തിരുവനന്തപുരത്തെത്തി ദിവാന്റെയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയും ഒരു നോട്ടം കിട്ടാൻ വേണ്ടി എത്രയോ അവസരങ്ങളിൽ കാത്തുനിന്നിട്ടുണ്ട്. എൺപത്തിനാലു വർഷം മുമ്പ് കാതോലിക്കേറ്റ് ഹൈസ്കൂൾ ആരംഭിക്കുമ്പോൾ ഓടെടുത്തു കൊടുക്കുക, പുരപ്പുറത്തു കയറി ഓടിടുക തുടങ്ങിയ ജോലികൾ ഉത്സാഹപൂർവ്വം തിരുമേനി ചെയ്ത കാര്യം ആദ്യകാല വിദ്യാർത്ഥികൾ ഇന്നും അയവിറക്കുന്നുണ്ട്.

ഇങ്ങനെ വിദ്യാലയങ്ങളുടെ സുഹൃത്തായിരുന്ന തിരുമേനി വിദ്യാലയങ്ങൾ കൊണ്ടു സഭാംഗങ്ങളെയും ജനസമൂഹത്തെയും ഒരു പുത്തൻ യുഗത്തിലേക്ക് ആനയിച്ചു. അതുകൊണ്ടു കൂടിയാണ് മലങ്കരസഭയുടെ വിദ്യാലയങ്ങൾ, റീത്തിലേക്കു പോകുമ്പോൾ കൂടെക്കൊണ്ടുപോയ മാർ ഈവാനിയോസിനോടും പിൻഗാമികളോടും കോടതികളിലൂടെ സമരം നടത്തി പിടിച്ചുവാങ്ങിയത്. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളും പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളുമാണ് ഇരു പ്രദേശങ്ങളുടെയും ഐശ്വര്യത്തിനും ജനങ്ങളുടെ വൻ പുരോഗതിക്കും വഴിതെളിയിച്ചത്. പത്തനംതിട്ടയിൽ ഒരു കോളജിനു വേണ്ടി ആഗ്രഹിച്ചു ചില പ്രാരംഭ നടപടികൾ സ്വീകരിച്ചു എങ്കിലും അകാലമരണം മൂലം ഈ സ്വപ്നം കാലം ചെയ്ത ശേഷമേ പൂർത്തീകരിക്കപ്പെട്ടുള്ളൂ. പഴയസെമിനാരിയിൽ സഭയ്ക്ക് ഒരു നവീനസെക്രട്ടറിയേറ്റ് സ്ഥാപിക്കാൻ സഭാ സെക്രട്ടറിയായിരുന്ന

സാഹോദര്യം സഭയിൽ

▪ ഫാ. ഡോ. ഒ. തോമസ്

ചോദ്യം: ബലവാൻ അശക്തനെ അടിച്ചമർത്തുന്നു, എവിടെയും. ആയുധങ്ങൾ ഓരോ കാലത്തും വ്യത്യാസപ്പെടുത്തുമെന്നു മാത്രം! സഭയിലെങ്കിലും നമുക്ക് സാഹോദര്യം പരീക്ഷിച്ചുകൂടെ?

- ടോം മാർക്കോസ്, ന്യൂഡൽഹി

ഉത്തരം: ഈ ചോദ്യത്തിന്റെ പശ്ചാത്തലം സഭാവഴക്കാണെന്ന് തോന്നുന്നു. നീണ്ടുപോകുന്ന തർക്കം ദൗർഭാഗ്യകരമാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. എന്നാൽ ബലവാൻ ആശക്തനെ അടിച്ചമർത്തുന്നു എന്നു പറയുന്നതിൽ യാതൊരു ന്യായവും കാണുന്നില്ല. അഥവാ ഉണ്ടെങ്കിൽ അത് ഓർത്തഡോക്സ് സഭയാണെന്നു പറയാൻ സാധിക്കുകയില്ല. കാരണം കോടതി വിധികളെ മാനിക്കാതെ കായികശക്തികൊണ്ട് അതിനെ മറിക്കടക്കുന്നരീതി ഓർത്തഡോക്സ് സഭ സ്വീകരിച്ചിട്ടില്ല. സഭാനേതൃത്വത്തിനും അങ്ങനെ ഒരു അജണ്ട ഇതുവരെ ഉണ്ടായിട്ടില്ല. നിർഭാഗ്യവശാൽ വിഘടിതവിഭാഗം ഇത്തരം വഴികൾ ധാരാളമായി സ്വീകരിച്ചിട്ടുണ്ട്. കോടതിവിധി അനുകൂലമെങ്കിൽ അവർ സ്വാഗതം ചെയ്യും. എന്നാൽ അവർക്ക് എതിരായി ഉണ്ടായിട്ടുള്ള യാതൊരുവിധിയും നടപ്പാക്കാൻ അവർ സമ്മതിച്ചിട്ടില്ല. ചില സന്ദർഭങ്ങളിൽ ആയുധമെടുത്തും പോരാടിയിട്ടുണ്ട്. എതിർത്തവരുടെ ജീവൻ വരെ അപഹരിച്ചിട്ടുണ്ട്. കുറവുകൾ ഉണ്ടാകാമെങ്കിലും ഓർത്തഡോക്സ് സഭ അത്തരം ഒരു നിലപാടു സ്വീകരിക്കുകയോ അത്തരം അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല. ഏതെങ്കിലും വ്യക്തികൾ അതിരുകൾ ലംഘിച്ചിട്ടുണ്ടെങ്കിൽ അത് അവരുടെ വൈകാരിക അപക്വത അല്ലാതെ സഭയുടെ നിലപാടായി അതിനെ വ്യാഖ്യാനിക്കാനാവില്ല.



ബലപ്രയോഗം കൊണ്ട് കോടതി വിധി മറികടക്കാൻ ഓർത്തഡോക്സ് സഭ ശ്രമിച്ചിട്ടില്ല

സഭയിൽ സാഹോദര്യം പാലിക്കണമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. പക്ഷേ അതെങ്ങനെ പ്രാവർത്തികമാക്കാം എന്നതാണ് പ്രശ്നം. വ്യക്തികൾ തമ്മിലുള്ള തർക്കമല്ല നമ്മുടെ മുൻപിലുള്ളത്. രണ്ടുസമൂഹങ്ങൾ തമ്മിലാണ്. **ജനാധിപത്യസമൂഹത്തിൽ അത്തരം തർക്കങ്ങൾ പരിഹരിക്കാനാണ് ജുഡിഷ്യറിയുള്ളത്.** കോടതി വിധികൾ ദൈവഇഷ്ടത്തിന്റെ പ്രതിഫലനമാണോ എന്ന് നിശ്ചയിക്കുവാൻ വഴിയില്ല. എന്നാൽ തർക്കത്തിലുള്ള സമൂഹങ്ങൾ കോടതിവിധിയെ മാനിച്ചാൽ തൽക്കാലം പ്രശ്നം പരിഹരിക്കാമായിരുന്നു. അതു മാനിക്കാത്തവരാണ് തീർച്ചയായും ശക്തി പ്രയോഗിക്കുന്നത്. കോടതി വിധിയേക്കൂടി മാനിക്കാത്തവർ സാഹോദര്യത്തിൽകൂടി എത്തിച്ചേരുന്ന തീരുമാനങ്ങളെ അംഗീകരിക്കുമെന്ന് വല്ല ഉറപ്പുമുണ്ടോ? എന്നിരുന്നാലും ദൈവമക്കൾ ആ വഴിക്കുള്ള പരിശ്രമം തുടരുക തന്നെ വേണം. ദൈവസ്നേഹത്തിലും സാഹോദര്യത്തിലും ചില ഇടവകകളിലെ പ്രശ്നംപോലും പരിഹരിക്കാനാവാത്ത പരിതസ്ഥിതിയിൽ രണ്ടു സമൂഹങ്ങൾ തമ്മിലുള്ള തർക്കം എങ്ങനെ പരിഹരിക്കാമെന്ന് നിർദ്ദേശങ്ങൾ വെച്ചാൽ കൂട്ടായി അതും ചർച്ചയ്ക്ക് വിധേയമാക്കാമായിരുന്നു. **GM**

എം.സി. കുറിയാക്കോസ് റമ്പാച്ചനും ചേർന്ന് തിരുമേനി ചില ശ്രമങ്ങൾ നടത്തി എങ്കിലും വിജയിച്ചില്ല. അന്നു സഭാധ്യക്ഷനായിരുന്ന കാതോലിക്കാ ബാവായ്ക്ക് കാലാനുസൃതമായ ഈ ആശയം അംഗീകരിച്ചു കൊടുക്കാനുള്ള മനസ്സൊരുക്കം ഉണ്ടായിരുന്നില്ല. അതിന്റെ പ്രാധാന്യത്തെപ്പറ്റി അന്നത്തെ അന്തരീക്ഷത്തിൽ ചിന്തിക്കാൻ സാധിക്കാഞ്ഞത് അദ്ദേഹത്തിന്റെ ഒരു കുറ്റവുമായിരുന്നില്ല.

സഭാ സംബന്ധമായ തർക്കങ്ങൾക്കിടയിൽ വൈദിക വിദ്യാഭ്യാസം പഴയസെമിനാരിയിൽ നിലച്ചപ്പോൾ പത്തനംതിട്ടയിലെ ബേസിൽ ദയറായിൽ പഠിച്ച ഒട്ടധികം ഉന്നത വൈദികരിൽ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായും ഉൾപ്പെടുന്നു. കഴിവുള്ള യുവാക്കളെ കണ്ടുപിടിച്ചു സഭാ സേവനരംഗത്തേക്കു ആകർഷിക്കുവാനും അവരിലൂടെ സഭയെ വളർത്തിയെടുക്കുവാനും പുത്തൻകാവ് കൊച്ചുതിരുമേനിക്കുണ്ടായിരുന്ന സാമർത്ഥ്യം ഒന്നു വേറെയായിരുന്നു.

കൊച്ചുതിരുമേനിയുടെ സഭാ സേവനങ്ങളിൽ ഏറ്റവും പ്രധാനം അന്ത്യോക്യൻ കടന്നാക്രമണങ്ങളിൽനിന്നും റീത്തു പ്രസ്ഥാനത്തിന്റെ നീരാളിപ്പിടിത്തത്തിൽനിന്നും മലങ്കര സഭയെ വലിയൊരളവിൽ പ്രതിരോധിക്കാൻ സാധിച്ചു എന്നതായിരുന്നു. ഇതിനുവേണ്ടി തിരുമേനി മാക്കാംകുന്ന്, കല്ലൂപ്പാറ, നിലയ്ക്കൽ മുതലായ പ്രധാനപ്പെട്ട കൺവൻഷനുകളിലും തിരുവനന്തപുരം മുതൽ കുന്നംകുളം വരെയുള്ള നിരവധി പള്ളികളിലും ചെയ്ത പ്രസംഗങ്ങൾ എതിർ പ്രവാഹങ്ങളെ തടഞ്ഞുനിർത്തിയ തടയണകളായിരുന്നു. പൂർണ്ണതയ്ക്കു വേണ്ടിയെന്ന വ്യാജേന സ്ഥാനമാനങ്ങളും പണവും പ്രതാപവും മുന്നിൽ കണ്ടുകൊണ്ടു മാർ ഈവാനിയോസ് ആരംഭിച്ച റീത്തു പ്രസ്ഥാനം പ്രതീക്ഷാനുസരണം വളരാതിരുന്നതുകൊണ്ടാണ് മലങ്കര സഭയിലെ പ്രമുഖരായിരുന്ന തോമ്മാ മാർ ദീവന്നാസിയോസിനെയും പുത്തൻകാവ് മാർ പീലക്സിനോസിനെയും എങ്ങനെയെങ്കിലും വലയിലാക്കാൻ മാർ ഈവാനിയോസ് ചതുരുപായങ്ങളും സ്വീകരിച്ചത്. അദ്ദേഹം വാളക്കുഴി മാർ സേവേറിയോസ്, കളപ്പുരയ്ക്കൽ യാക്കോബ് മാർ തെയോഫിലോസ്, പുലിക്കോട്ടിൽ ജോസഫ് റമ്പാൻ, ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ എന്നിവരെ റീത്തിലേക്ക് ആവാഹിച്ചു എങ്കിലും ശക്തരായ തോമ്മാ മാർ ദിവന്നാസിയോസിനേയും, പുത്തൻകാവിൽ മാർ പീലക്സിനോസിനെയും കൈയിലെടുക്കാൻ മാർ ഈവാനിയോസിനു സാധിച്ചില്ല. സഭയുടെ സത്യവിശ്വാസത്തെ ത്യജിച്ചുകൊണ്ടും **മാർ ഈവാനിയോസ് തന്നെ പഠിപ്പിച്ച ദൈവശാസ്ത്രത്തെ നിരാകരിച്ചുകൊണ്ടും നീങ്ങാനാവില്ലെന്നും സഭയെ ഒറ്റിക്കൊടുക്കുകയില്ലെന്നും ഒരു രാത്രിയിൽ ബഥേൽ അരമനയിൽ എത്തിയ തന്റെ ഗുരുവായ മാർ ഈവാനിയോസിന്റെ മുഖത്തു നോക്കി യുക്തിഭദ്രമായി പുത്തൻകാവ് തിരുമേനി പറഞ്ഞപ്പോൾ മാർ ഈവാനിയോസ് നിരാശനായി തിരിച്ചുപോകുകയായിരുന്നു.** മലങ്കരസഭയുടെ വിശ്വാസം പത്തരമാറ്റുള്ളതാണെന്നു മാർ ഈവാനിയോസ് 1907 ൽ എഴുതിയ ‘സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നുവോ’ എന്ന പുസ്തകത്തിൽ അർത്ഥശങ്കയ്ക്കിടയില്ലാതെ പറഞ്ഞിട്ടുള്ള കാര്യം ശിഷ്യൻ അനുസ്മരിപ്പിച്ചപ്പോൾ മാർ ഈവാനിയോസിനു മറുപടി പറയാൻ സാധിച്ചില്ല.

സഭാംഗങ്ങളെ തന്റെ ആദ്ധ്യാത്മിക പ്രഭാഷണ പ്രവാഹത്താൽ താഴ്ത്തി പ്രബുദ്ധരാക്കുന്നതിനും എതിർശക്തികളെ തടയുന്നതിനും പുത്തൻകാവ് തിരുമേനിക്കു സാധിച്ചു. റീത്ത് പ്രസ്ഥാനനേതാക്കളുടെ കള്ളക്കേസുകളെ പ്രതിരോധിക്കുന്നതിനും സഭയ്ക്കു നഷ്ടപ്പെട്ട പല പള്ളികളും പള്ളിക്കൂടങ്ങളും വീണ്ടെടുക്കുന്നതിനും കഴിഞ്ഞതുകൊണ്ടാണ് മലങ്കരസഭ ഇന്നു കൂടുതൽ സേവനമേഖലകളിൽ പ്രവേശിച്ച് അനുദിനം വളരുന്നതും പ്രശോഭിക്കുന്നതും. കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കിടയിൽ മലങ്കരസഭ നേരിട്ട എല്ലാ പ്രയാസങ്ങളെയും അതിജീവിക്കാൻ വേണ്ട സുശക്ത ആത്മീയ നേതൃത്വം നൽകിയ ധിഷണാശാലികളുടെ മുൻനിരയിൽ നിലകൊള്ളുന്ന നിത്യസ്മരണാർഹനായ പുത്തൻകാവ് കൊച്ചു തിരുമേനിയുടെ മഹത്വം ഇന്നു സഭ കൂടുതൽ മനസ്സിലാക്കി പ്രത്യേകം ആദരിക്കുന്നതിൽ നമുക്കു ദൈവത്തെ മഹത്വപ്പെടുത്താം. **GM**

മലയാള മനോരമ, മലങ്കരസഭ മാസിക, ചർച്ച് വീക്കിലി, ഓർത്തഡോക്സ യൂത്ത് എന്നിവയുടെ മുൻപത്രാധിപ സമിതിഅംഗവും സഭാചരിത്ര - ജീവചരിത്ര ഗ്രന്ഥങ്ങളുടെ രചയിതാവും പ്രസാധകനും കോട്ടയ്ക്കൽ പബ്ലിഷേഴ്സിന്റെ പ്രൊപ്രൈറ്ററും ആണ് ലേഖകൻ.



അരമനയും ആറടി മണ്ണും ചെങ്കോലും ഇല്ലാതിരുന്ന ഒന്നാം കാതോലിക്കായുടെ ചരമശതാബ്ദി

▪ കെ.എം. വറുഗീസ്, കോട്ടയം

പ്രായാധിക്യം, സഭയിലെ കലുഷമായ അന്തരീക്ഷം, എന്നിവയെ മുൻനിർത്തി ഉന്നതവും ഉത്തരവാദിത്വ നിർഭരവുമായ കാതോലിക്കാ സ്ഥാനം സ്വീകരിക്കാൻ ഒട്ടും മനസ്സില്ലാതിരുന്ന കണ്ടനാട് ഇടവകയുടെ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ്, ഒന്നാം കാതോലിക്കായായിത്തീർന്നത് പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസിന്റെ പരിശുദ്ധാത്മ പ്രേരിതവും ചിന്താർഹവുമായ ഒരു കത്തുമൂലമാണെന്നത് സഭയിലെ ഭൂരിപക്ഷം അംഗങ്ങൾക്കും ഒരുപക്ഷേ അജ്ഞാതമായിരിക്കും. സുന്നഹദോസിന്റെ തീരുമാനം മാർ ഇവാനിയോസ് അംഗീകരിക്കണമെന്നും കാതോലിക്കാ സ്ഥാനം സ്വീകരിക്കാത്ത പക്ഷം അതു മലങ്കരസഭയോടും ഭാവിതലമുറയോടും ചെയ്യുന്ന മഹാപരാധമാണെന്നും വട്ടശ്ശേരിൽ തിരുമേനി കത്തിൽ അനുസ്മരിപ്പിച്ചപ്പോൾ മാർ ഇവാനിയോസിന്റെ വിമലഹൃദയത്തിൽ അനിർവചനീയമായ സംഘർഷവും വടംവലിയും പോരാട്ടവും എല്ലാം നിലയ്ക്കാത്ത തിരമാലകൾ ഉയർത്തി. വൈകാതെ അദ്ദേഹം കോലഞ്ചേരി പള്ളിയിൽ എത്തി അവിടത്തെ വൈദികർ, ഉറ്റസുഹൃത്തുക്കൾ എന്നിവരുമായി സംസാരിച്ച് അവരുടെ അഭിപ്രായം ആരാഞ്ഞപ്പോൾ മനസ്സിന്റെ പിരിമുറുക്കം അയയുകയും ഹൃദയസാഗരം ശാന്തമാകുകയും സഭയുടെ നല്ല ഭാവിക്ക് അടിസ്ഥാനമിടുന്ന കാതോലിക്കാ സ്ഥാനം ദൈവഹിതാനുസരണം സ്വീകരിക്കാൻ തീരുമാനിക്കുകയും വട്ടശ്ശേരിൽ തിരുമേനി കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് നിരണത്തിനടുത്തുള്ള പരുമല സെമിനാരിപ്പള്ളിയിൽ എത്തുകയുമാണുണ്ടായത്.

മുറിമറ്റത്തിൽ ഗീവറുഗീസ് കത്തനാർ, മല്പാൻ തേനുങ്കൽ ഗീവറുഗീസ് കത്തനാർ, മത്തായി ആശാൻ എന്നിവരാൽ അനുഗതനായിട്ടാണ് മാർ ഈവാനിയോസ് തെക്കൻ പറവൂർ - കോട്ടയം പഴയസെമിനാരി വഴി പരുമലയിലും നിരണത്തും എത്തിയത്.

മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനെ 1912 സെപ്റ്റംബർ 17 നു മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പ്രസിദ്ധമായ നിരണം പള്ളിയിൽ വച്ച് പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ, പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെയും, കല്ലാശ്ശേരി ഗീവറുഗീസ് മാർ ഗ്രീഗോറിയോസിന്റെയും സാന്നിദ്ധ്യത്തിൽ ബസേലിയോസ് പൗലൂസ് പ്രഥമൻ എന്ന പേരിൽ വാഴിച്ചപ്പോൾ ആധുനിക മലങ്കരസഭ ഇടക്കാലത്തു കൈവിട്ട ആധ്യാത്മിക സ്വാതന്ത്ര്യവും ഒരിക്കലും നഷ്ടപ്പെടാത്ത ഭൗതിക സ്വാതന്ത്ര്യവും കൂടുതൽ ശക്തി ആർജ്ജിച്ച് അംബരത്തോളം ഉയർന്നു.

കാതോലിക്കാ സ്ഥാനം സ്വീകരിക്കുന്നതു സംബന്ധിച്ച സൽപ്രേരണകൾ നൽകിയ പ്രമുഖ അവൈദിക നേതാക്കളിൽ കെ.സി. മാമ്മൻ മാപ്പിള, കുറിച്ചി തോപ്പിൽ പുന്നൂസ് വക്കീൽ മുതലായവർ ചെയ്ത സേവനങ്ങൾ വിസ്തരഭയത്താൽ വിടുകയാണ്.

വെറും 240 ദിവസം മാത്രം ഭരണം നടത്തിയ ഒന്നാം കാതോലിക്കാ 1913 മേയ് രണ്ടിന് കാലം ചെയ്തപ്പോൾ സ്വന്തം ഇടവകപ്പള്ളിയായ കോലഞ്ചേരിയിൽ കബറടക്കുന്നതിനു കക്ഷിഭിന്നത തടസ്സംനിന്നു. നേരത്തെ അരമന ഇല്ലാതിരുന്നതിനാൽ മെത്രാപ്പോലീത്ത എന്ന നിലയിൽ വടക്കുള്ള പല പള്ളികളിലും അദ്ദേഹം താമസിച്ചു. **ഒരു അരമന ഉണ്ടാക്കാനായി ഇന്നു മൂവാറ്റുപുഴ ടൗണിൽ അരമന നിൽക്കുന്ന സ്ഥലം മുറിമറ്റത്തിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ടിൽ ദീവന്നാസിയോസ് അഞ്ചാമനെ അറിയിച്ച ശേഷം 300 രൂപയ്ക്ക് പ്രോമിസറി നോട്ട് കൊടുത്തു വാങ്ങിയതാണ്. ഈ അരമന സ്ഥിതി ചെയ്യുന്ന സ്ഥലം തങ്ങളുടേതാണെന്നു സഭയിൽനിന്നു വേറിട്ടുപോയ വിഘടിതവിഭാഗം അവകാശപ്പെടുന്നതിന്റെ പൊള്ളത്തരം പകൽപോലെ വ്യക്തമാണ്.** തങ്ങളുടേതാണെങ്കിൽ തീറാധാരമോ രേഖയോ കോടതിയിൽ കൊടുത്തു കേസ് ജയിച്ചാൽ മതിയല്ലോ. **പിറവം സെമിനാരി ഇരിക്കുന്ന സ്ഥലം 120 ചക്രം കൊടുത്തു തിരുമേനി വാങ്ങിയതാണ്.** സ്ഥലം വാങ്ങാൻ പോലും പണം ഇല്ലാതിരുന്ന തിരുമേനി എങ്ങനെ അരമന പണിയും!

കാതോലിക്കായായി കോട്ടയം പഴയ സെമിനാരിയിൽ താമസിച്ച കാലത്ത് അംശവടി മാത്രം ഉപയോഗിച്ചിട്ടുണ്ട്. അത് ചെങ്കോൽ അല്ലല്ലോ. അങ്ങനെ അരമനയും കാറും ചെങ്കോലും ഇല്ലാതിരുന്ന ഒന്നാം കാതോലിക്കായ്ക്ക് അന്ത്യവിശ്രമം കൊള്ളാൻ ആറടി മണ്ണുപോലും സ്വന്തം പള്ളിക്കാരും നൽകിയില്ല. അതേസമയം വടക്കൻ പ്രദേശത്തെ ഒരു പള്ളിയിൽ അന്ത്യവിശ്രമംകൊള്ളണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ സ്വന്തം ഇടവകയായ കോട്ടൂർ പള്ളിയിൽ കബറടങ്ങണമെന്ന ആഗ്രഹവും സാധിച്ചില്ല. ഈ പശ്ചാത്തലത്തിൽ ബാവായെ രോഗാവസ്ഥയിൽ സമുദായ വൈദിക ട്രസ്റ്റിയായ പാലപ്പിള്ളിൽ പൗലൂസ് കത്തനാർ പഴയ സെമിനാരിയിൽ വന്നു സന്ദർശിക്കുകയും തിരുമേനിക്കു സമ്മതമെങ്കിൽ തന്റെ സ്വന്തം പള്ളിയായ പാമ്പാക്കുട ചെറിയപള്ളിയിൽ താമസിപ്പിച്ച് കാലം ചെയ്യുമ്പോൾ അവിടെ കബറടക്കാമെന്നു നിർദ്ദേശിക്കുകയും വടക്കുള്ള ഒരു പള്ളിയാകയാൽ അതു ബാവാ സസന്തോഷം അംഗീകരിക്കുകയും ചെയ്യുകയാണുണ്ടായത്. എന്നാൽ ഒരു വ്യവസ്ഥ അച്ചൻ പാലിക്കണമെന്നും ബാവാ ആവശ്യപ്പെട്ടു. രോഗിയായ തന്നെ വള്ളം വഴി കൊട്ടയത്തുനിന്നു പാമ്പാക്കുടയ്ക്കു കൊണ്ടുപോകുന്നതു പിറവം വഴി ആകയാൽ പിറവത്ത് വള്ളം അടുക്കുമ്പോൾ തന്റെ പാദങ്ങൾ പിറവത്തെ മണ്ണിൽ സ്പർശിക്കാൻ ഇടയാകാതെ സൂക്ഷിക്കണമെന്ന ബാവായുടെ ആഗ്രഹം നേരത്തെ കടവിൽ സജ്ജമാക്കിയിരുന്ന മഞ്ചലിൽ ബാവായെ കയറ്റി പാമ്പാക്കുടയ്ക്കു കൊണ്ടുപോകുകയാൽ നിറവേറ്റാനായി.

പിറവം പള്ളിയോടുള്ള ബാവായുടെ നീരസത്തിന് ഒരു ചരിത്രമുണ്ട്. മാർ ഈവാനിയോസ് പിറവം പള്ളിയിൽ വൈദികരുടെ ദുഷ്ഭരണം നടന്നുകൊണ്ടിരുന്ന 1911 ൽ ഒരു പുതിയ കപ്യാരെ നിയമിച്ചതു സംബന്ധിച്ചുണ്ടായ തർക്കം മൂലം ചില വൈദികരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അബ്ദുള്ളാ പാത്രിയർക്കീസ്, മെത്രാച്ചനെഭരണത്തിൽനിന്നു നീക്കം ചെയ്തുകൊണ്ട് രഹസ്യമായി ഒരു കൽപനഇറക്കി. മെത്രാപ്പോലീത്ത ഒരു ദിവസം പിറവം പള്ളിയിൽ വി. കുർബാനചൊല്ലിയ ശേഷമാണ് ഈ കൽപനപള്ളിയിൽ വായിച്ചത്. കൽപനയുടെ ഉള്ളടക്കം എന്തെന്നറിയാതെ പാത്രിയർക്കീസിന്റെ കൽപനവായിക്കാൻ മെത്രാപ്പോലീത്ത വൈദികരോടാവശ്യപ്പെട്ടു. എങ്കിലും അവർ ഒഴിഞ്ഞുമാറി. ഒടുവിൽ ഒരു ശെമ്മാശനാണു കല്പന ശ്രവണശക്തി കുറഞ്ഞ മെത്രാച്ചൻ കേൾക്കത്തക്ക വിധം ഉറക്കെ വായിച്ചത്. മെത്രാപ്പോലീത്തായെ പദവിയിൽനിന്നു മാറ്റിയെന്നുള്ള ഭാഗം വായിച്ചു കേട്ടപ്പോൾ തിരുമേനി വളരെ ദുഃഖിതനായി. അതൊരു വൻചതിയായിരുന്നു. "എന്റെ ദൈവമേ എന്റെ ദൈവമേ" എന്നു വിളിച്ചുകൊണ്ട് ആ താപസവര്യൻ ഉരുവിട്ട ദുഃഖകരമായ വാക്കുകൾ കേൾവിക്കാരുടെ ഹൃദയത്തിൽ തുളച്ചുകയറുന്നതായിരുന്നു. ദൈവപുരുഷനായ മെത്രാച്ചന്റെ ശാപം അക്ഷരംപ്രതി നിറവേറി. ഈ ഋഷിവര്യന്റെ ശാപം നിലനിൽക്കുമ്പോഴാണ് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ കാപ്പിവടികൊണ്ട് അടിച്ചിറക്കിയത്. അദ്ദേഹം ശപിച്ച് ഒന്നും പറഞ്ഞില്ലെങ്കിലും ശാപം ഇന്നും പള്ളിയിൽ കുടിയിരിക്കുന്നു എന്ന് വിശ്വസിക്കുന്നവരുണ്ട്. അതുകൊണ്ടാണ് പിറവം പള്ളി ഇന്നും കലാപത്തിന്റെയും സാത്താന്റെയും അധഃപതനത്തിന്റെയും കേളീരംഗമായി തുടരുന്നതെന്നു ചിന്തിക്കുന്ന ഒട്ടധികം വിശ്വാസികളുണ്ട്. വാക്കിന്റെ അർത്ഥം അറിയാതെ കത്തീഡ്രലിന്റെ പേരിൽ അടുത്തിട നടന്ന കടിപിടിയും മറ്റും ഇതിന്റെ ബാഹ്യരൂപമായി അവർ കാണുന്നു. സഭയേയും പരമഭക്തരും ഉന്നതരും ഉത്തമരും ദൈവത്തിന്റെ അഭിഷിക്തരുമായ വൈദികരെയും ബോധപൂർവ്വം നശിപ്പിക്കാൻ ശ്രമിക്കുന്നവർ സ്വയം നരകത്തിലേക്കുള്ള പാത ഒരുക്കുകയാണ് എന്നു പറഞ്ഞാൽ എതിർക്കാൻ അധികം ആരും ഉണ്ടാവില്ല.

ചരമ ശതാബ്ദി ആചരണം സഭയുടെ വലിയ നന്ദിപ്രകടനവും ദൈവഹിതവുമാണ്. GM

“പിതാക്കന്മാരുടെ മോചനത്തിനായി പ്രാർത്ഥിക്കുക”

ഇക്കഴിഞ്ഞ ഏപ്രിൽ മാസം 22-ാം തീയതി രണ്ട് ഓർത്തഡോക്സ് മെത്രാപ്പോലീത്താമാരെ സിറിയൻ പ്രദേശത്ത് ഏതോ തീവ്രവാദി ഗ്രൂപ്പുകൾ തട്ടിക്കൊണ്ടുപോയി എന്ന വാർത്ത മാധ്യമങ്ങളിലൂടെ നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്. സിറിയയും സമീപപ്രദേശങ്ങളും കുറെ നാളായി തീവ്രവാദി പ്രസ്ഥാനങ്ങളുടെ വിഘടിത പ്രവർത്തനങ്ങളാൽ കഠിനമായ ബുദ്ധിമുട്ടുകളിൽ കഴിയുകയാണ്. സുറിയാനി ഓർത്തഡോക്സ് സഭയുടെ ആലപ്പോ ഭദ്രാസനാധിപനും ആർച്ച് ബിഷപ്പുമായ അഭിവന്ദ്യ ഇബ്രാഹിം യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയാണ് ഇവരിൽ ഒരാൾ. രണ്ടാമത്തേത് ആലപ്പോയിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭാ അധിപനായ ബിഷപ് പൗലോസ് യാസാജ് മെത്രാപ്പോലീത്തയാണ്. ഇദ്ദേഹമാകട്ടെ, ഇപ്പോഴത്തെ ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസിന്റെ സഹോദരനുമാണ്. **ഇവർ രണ്ടു പേരുടെയും മോചനത്തിനായി പ്രാർത്ഥിക്കുവാൻ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ തന്റെ ശ്ലൈഹിക കൽപനയിലൂടെ നമ്മെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്.** നമ്മുടെ പള്ളികളിൽ ഇതിനായി പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നുമുണ്ട്.

മേൽപ്പറഞ്ഞ രണ്ടു പിതാക്കന്മാരിൽ ഇബ്രാഹിം യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത മലങ്കരസഭയുമായി ബന്ധം പുലർത്തുന്ന ഒരു ശ്രേഷ്ഠ പിതാവാണ്. അദ്ദേഹം ഇപ്പോഴത്തെ അന്ത്യോഖ്യൻ പാത്രിയർക്കീസായ പരിശുദ്ധ സക്കാ ഇഗ്നാത്തിയോസ് ഇവാസ് പ്രഥമൻ ബാവായുടെ പിൻഗാമിയാകുവാൻ ഏറ്റവും അധികം സാധ്യത കൽപ്പിക്കപ്പെട്ടിരിക്കുന്ന മെത്രാപ്പോലീത്ത കൂടിയാണ്. തന്നെയുമല്ല, മലങ്കരസഭയിൽ ശാശ്വതമായ യോജിപ്പും സമാധാനവും പുനഃസ്ഥാപിക്കപ്പെടണം എന്നു തീവ്രമായി അഭിലഷിക്കുകയും തന്നാൽ കഴിയുംവിധം പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. 1995 ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് രണ്ടു തവണ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിയായി അദ്ദേഹം മലങ്കരയിലെത്തുകയും ദേവലോകത്ത് സമാധാനശ്രമങ്ങൾക്കായി ചർച്ചകളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സുറിയാനി പണ്ഡിതന്മാരെ ഉൾപ്പെടുത്തി തന്റെ ഭദ്രാസനാസ്ഥാനമായ **ആലപ്പോയിൽ നടത്താറുള്ള ആഗോള സമ്മേളനങ്ങളിൽ നമ്മുടെ കോട്ടയം പഴയസെമിനാരിയിൽനിന്നുള്ള പണ്ഡിതരെ അദ്ദേഹം എപ്പോഴും ക്ഷണിക്കുന്നുണ്ട്. അന്ത്യോഖ്യൻ സുറിയാനി സഭയിലെ മറ്റു മെത്രാപ്പോലീത്താമാരെ അപേക്ഷിച്ച് ഈ ശ്രേഷ്ഠപിതാവ് മലങ്കര ഓർത്തഡോക്സ് സഭയെ ഏറ്റവും സൗഹൃദ മനോഭാവത്തോടെയാണ് ഉൾക്കൊള്ളുന്നത്.** മലങ്കരയിൽ ശാശ്വത സമാധാനം സാധിച്ചു കിട്ടണം എന്ന തീവ്രമായ അഭിലാഷം അദ്ദേഹത്തിൽ വളരെയധികം പ്രകടമാണ്.

അഭി. ഇബ്രാഹിം യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത

അഭിവന്ദ്യ യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത കറകളഞ്ഞ ധീരതയുടെയും സത്യസന്ധതയുടെയും പ്രതീകമാണ്. കഴിഞ്ഞ കുറെ നാളുകളായി ആലപ്പോ അരമനയുടെ നേർക്കും അതിന്റെ പരിസര പ്രദേശങ്ങൾക്കും ശക്തമായ തീവ്രവാദ ഭീഷണി നിലനിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തോട് സിറിയ വിട്ട് മറ്റേതെങ്കിലും രാജ്യത്തേക്കു താമസം മാറ്റുവാൻ സിറിയൻ ഭരണകൂടവും അന്ത്യോഖ്യൻ സഭാ നേതൃത്വവും അഭ്യർത്ഥിച്ചിരുന്നെങ്കിലും താൻ കൂട്ടാക്കിയില്ല. കാരണം ആടുകളെ ഉപേക്ഷിച്ച് സുരക്ഷയിലേക്ക് ഓടിപ്പോകാൻ ഇടയൻ എന്ന നിലയ്ക്ക് ഈ പിതാവിന് ഒരിക്കലും കഴിയുകയില്ല. തന്റെ ഇടയശുശ്രൂഷയെ അത്രയേറെ ശുഷ്കാന്തിയോടെയാണു തിരുമേനി നോക്കിക്കൊണ്ടിരിക്കുന്നത്. വി. യോഹന്നാൻ 10-ാം അധ്യായത്തിലെ 'ഇടയൻ' ആണ് തിരുമേനിക്ക് മാതൃക. **ഇടയന്റെ ശബ്ദത്തിനായി കാതോർത്തിരിക്കുന്ന ആടുകളെ ചെന്നായ്ക്കൾക്കു വിട്ടുകൊടുത്ത് ഓടിപ്പോകുവാൻ അദ്ദേഹത്തിന് ആവില്ല.** അതുകൊണ്ടുതന്നെയാണ് അരമനയ്ക്കു നേരെ പലതവണ ആക്രമണങ്ങൾ ഉണ്ടായെങ്കിലും അദ്ദേഹം അവിടെത്തന്നെ തുടരുവാൻ നിശ്ചയിച്ചത്. ഒരിക്കൽ സംഭവിച്ച ബോംബിങ്ങിന്റെ ഫലമായി തന്റെ അമൂല്യമായ പുരാതനസുറിയാനി ഗ്രന്ഥശേഖരം മുഴുവനായി കത്തിനശിച്ചു. പക്ഷേ അദ്ദേഹം ഒട്ടും പതറിയില്ല. **തന്റെ സഭാ നേതൃത്വം അപ്പാടെ സിറിയയിലെ ഡമാസ്കസ് വിട്ട് ലെബനോനിൽ അഭയം തേടിയപ്പോഴും യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത തന്റെ ആസ്ഥാനമോ തന്റെ ആടുകളെയോ വിട്ടുപോയില്ല.** ആ ധീരത ഏറ്റവും അനുകരണീയ മാതൃകയാണെന്ന കാര്യത്തിൽ ഒട്ടും സംശയമില്ല. ആ സമാധാനവാഞ്ഛ ഫലപ്രാപ്തിയിലെത്തുകതന്നെ ചെയ്യും.

അഭി. പൗലോസ് യാസാജ് മെത്രാപ്പോലീത്ത

കഴിഞ്ഞകാല വിധ്വംസക പ്രവർത്തനങ്ങളുടെ ഭാഗമായി സിറിയയിലും വിശേഷിച്ച് ആലപ്പോയിലും ഒട്ടേറെ വൈദികരും വിശ്വാസികളും കൊല്ലപ്പെടുകയും ക്രൂരമായ പീഡനങ്ങൾക്ക് വിധേയരാകുകയും ചെയ്തിട്ടുണ്ട്. അങ്ങനെ വേദന അനുഭവിക്കുന്നവർക്കും സങ്കടപ്പെടുന്നവർക്കും അത്താണിയായി, ആശ്വാസമായി, സാന്ത്വനമായി ഈ പിതാവ് ആലപ്പോയിൽ തന്നെ താമസം തുടർന്നു. സിറിയയിൽ ക്രിസ്തീയ വിശ്വാസികൾ ഏറ്റവും അധികം ഉള്ള പ്രദേശം ആലപ്പോയാണ്. അതുകൊണ്ടുതന്നെയാകണം, വിധ്വംസക പ്രവർത്തനങ്ങൾ ഇവിടെ വളരെയേറെയുണ്ട്.

ഏതാണ്ട് നാലു മാസം മുൻപാണ് ഗ്രീക്ക് കത്തോലിക്കാ സഭയിലെ രണ്ടു വൈദികർ തീവ്രവാദികളാൽ ബന്ധനസ്ഥരാക്കപ്പെട്ടത്. ഇന്നും അവർ മോചിക്കപ്പെട്ടിട്ടില്ല. ഗ്രീഗോറിയോസ് തിരുമേനിയും യാസാജ് തിരുമേനിയും ഒരു മദ്ധ്യസ്ഥനോടൊപ്പം തീവ്രവാദികളുടെ ഒരു സംഘവുമായി ഈ രണ്ട് കത്തോലിക്കാ വൈദികരുടെ മോചനത്തിനുവേണ്ടി ഒരു വട്ടം നടത്തിയ ചർച്ച പൂർത്തിയാക്കിയിട്ട്, തുർക്കിയിൽനിന്ന് ആലപ്പോയിലേക്കുള്ള യാത്രാമധ്യേയാണ് വിഘടിതരുടെ പിടിയിൽ പെട്ടത്. വാഹനം ഓടിച്ചിരുന്ന ഡീക്കൻ ഫാത്തുഹ് തൽക്ഷണം വെടിവച്ചുകൊല്ലപ്പെട്ടു. മധ്യസ്ഥൻ രക്ഷപ്പെടുകയും ചെയ്തു. ഈ മധ്യസ്ഥൻ നൽകുന്ന സൂചനപ്രകാരം തിരുമേനിമാർ ചെച്നിയൻ വിമതരുടെ ബന്ധനത്തിലാണത്രെ.

ഇതേവരെയുള്ള അറിവനുസരിച്ച് തിരുമേനിമാരുടെ ജീവന് ഭീഷണിയില്ല. എന്നാൽ ഇവർ ബന്ധനസ്ഥരാക്കപ്പെട്ടതിന്റെ ഉദ്ദേശ്യം വ്യക്തമാക്കപ്പെട്ടിട്ടുമില്ല. ഇവരുടെ മോചനത്തിനായി സിറിയയിൽ കക്ഷി, മത, രാഷ്ട്രീയഭേദമെന്യേ സംഘടിതവും ഒറ്റപ്പെട്ടതുമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. അവ എത്രയും വേഗം ഫലം കാണട്ടെ എന്ന് ആശിക്കുന്നു. നമുക്ക് ആയതിന് ഒന്നിച്ച് പ്രാർത്ഥിക്കാം. ഒപ്പം ഒരു കാര്യം കൂടി ഓർക്കാം. 'അങ്ങനെ എല്ലാംകൂടി ഒരു ഒറ്റആട്ടിൻകൂട്ടവും ഒരു ഇടയനും ആയിരിക്കും” (വി. യോഹന്നാൻ 10:16) അഭിവന്ദ്യ ഇബ്രാഹിം യൂഹാനോൻ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിതദർശനം ഈ തിരുവചനമല്ലാതെ മറ്റൊന്നുമല്ല. GM

കോട്ടയം പഴയ സെമിനാരിയിൽ 2013 മേയ് 31നു കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി പാസ്സാക്കിയ പ്രമേയം

സിറിയായിലും ഈജിപ്തിലും പീഡയനുഭവിക്കുന്ന ക്രൈസ്തവസമൂഹത്തോട് ഈ യോഗം ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ആലപ്പോയിലെ സുറിയാനി - ഗ്രീക്ക് ഓർത്തഡോക്സ് മെത്രാപ്പോലീത്താമാരായ മാർ ഗ്രീഗോറിയോസ് യോഹന്ന ഇബ്രാഹിം, പൗലോസ് അൽയാസാജ് എന്നിവരെയും ഏതാനും വൈദികരെയും തീവ്രവാദികൾ തട്ടിക്കൊണ്ടുപോയി തടവിലാക്കി വച്ചിരിക്കുന്നതിലും ഈ യോഗം ഉത്കണ്ഠ പ്രകടിപ്പിക്കുന്നു. സിറിയായിലെ ആഭ്യന്തരയുദ്ധത്തിനു ശമനമുണ്ടാക്കുന്നതിന് ഐക്യരാഷ്ട്രസഭയും സഭകളുടെ ലോകകൗൺസിലും അടിയന്തിരമായി ഇടപെടണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു. ബന്ദികളായ പിതാക്കന്മാരുടെ ആശ്വാസത്തിനും സത്വര മോചനത്തിനും വേണ്ടിയും മേഖലയിലെ സമാധാനത്തിനും വേണ്ടിയും പ്രാർത്ഥിക്കുന്നു.

സ്നേഹത്തണലിൽ ഈ സായാഹ്നം

■ ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

"കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്, ഇതു നിമിത്തം ദരിദ്രരോട് സുവിശേഷിപ്പാൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു, ഹൃദയം തകർന്നിരിക്കുന്നവരെ സൗഖ്യമാക്കുവാനും അടിമകൾക്കു മോചനവും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിക്കുവാനും, മനം തകർന്നവരെ മോചിച്ചയപ്പാനും കർത്താവിന്റെ സ്വീകാര്യവർഷം പ്രസംഗിപ്പാനുമായി അവൻ എന്നെ അയച്ചിരിക്കുന്നു." (വി. ലൂക്കോസ് 4:18, 19).

വളരെ പ്രസിദ്ധമായ ഈ വേദഭാഗം യെശയ്യാ പ്രവാചകനിലൂടെ ലഭിച്ച ഒരു അരുളപ്പാടാണ്. (യെശയ്യാവ് 61:1-3). ഇതിനെ 'നസ്രത്ത് മാനിഫെസ്റ്റോ' എന്ന് ഇന്ന് നമ്മൾ വിളിച്ച് അഭിമാനിക്കുന്നു. കാരണം ദൈവം ജഡമെടുത്ത് മനുഷ്യരൂപത്തിൽ ഈ ഭൂമിയിൽ വന്നതിന്റെ ഉദ്ദേശ്യമാണ് ഇവിടെ സ്പഷ്ടമാക്കപ്പെടുന്നത്. ഇതിനോടു ചേർത്തു വായിക്കേണ്ടതായ രണ്ടുമൂന്നു വേദഭാഗങ്ങൾകൂടെ ഉദ്ധരിക്കട്ടെ. "യരൂശലേമിലും, യഹൂദിയ മുഴുവനിലും, ശമര്യക്കാരുടെ സ്ഥലത്തും, ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളാകും." (അ. പ്ര. 1:8); "എന്റെ പിതാവ് എന്നെ അയച്ചതുപോലെ തന്നെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (വി. യോഹന്നാൻ 20:21); "ഞാൻ നിങ്ങളോട് കൽപ്പിച്ചതെല്ലാം പ്രമാണിപ്പാൻ അവരെ പഠിപ്പിക്കുകയും ചെയ്‌വീൻ" (വി. മത്തായി 28:20). നസ്രത്ത് മാനിഫെസ്റ്റോയോടു ചേർന്ന് ഈ വേദഭാഗങ്ങൾ കൂടി വായിക്കുമ്പോൾ മാമോദീസ മുങ്ങി പരിശുദ്ധാത്മാവിനെ പ്രാപിച്ച് ക്രിസ്തുഗാത്രത്തോടു ചേർക്കപ്പെട്ടിരിക്കുന്ന നമ്മുടെ 'വിളി' എന്താണെന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഇത്രയും കാര്യങ്ങൾ പശ്ചാത്തലമായി വെച്ചുകൊണ്ട് 'സ്നേഹത്തണലിൽ ഈ സായാഹ്നം' എന്ന കർമ്മപരിപാടി എന്താണ് എന്നു മനസിലാക്കുവാൻ ശ്രമിക്കാം.

മാനവശാക്തീകരണ വിഭാഗം

നമ്മുടെ സഭയുടെ 'മാനവ വിഭവശേഷി' ക്രിയാത്മകമായ രീതികളിലൂടെ പ്രവർത്തനോന്മുഖമാക്കുക എന്ന ലക്ഷ്യമാണ് സഭ മാനവശാക്തീകരണ വിഭാഗം രൂപീകരിച്ചതിനു പിന്നിലുള്ളത്. 2009 ഒക്ടോബർ മാസത്തിൽ 'കുടുംബ ഭദ്രത'യെക്കുറിച്ച് ബോധവൽക്കരണം നടത്തുവാനുള്ള പദ്ധതികൾക്കു രൂപം കൊടുത്തു. 2010-ൽ 'ലഹരിയിൽ നിന്നുള്ള വിമോചനം', 2011ൽ 'പതിരാകരുത് ഈ കതിരുകൾ' അഥവാ 'ക്രിസ്തീയ രക്ഷാകർതൃത്വം' എന്നീ വിഷയങ്ങളായിരുന്നു ബോധവൽക്കരണത്തിനും പ്രവർത്തനങ്ങൾക്കുമായി തെരഞ്ഞെടുത്തത്. ലഹരിയിൽനിന്നുള്ള വിമോചനം ലക്ഷ്യമിട്ട് 'യൂ ടേൺ' എന്ന ഒരു ഹ്രസ്വ ചലച്ചിത്രം നിർമ്മിക്കുകയുമുണ്ടായി. ഇതു പ്രേക്ഷകരുടെ മാത്രമല്ല, നിരൂപകരുടെയും മുക്തകണ്ഠം പ്രശംസയ്ക്ക് പാത്രീഭൂതമായി. മാനവ ശാക്തീകരണ വിഭാഗത്തിന്റെ നാലാമത്തെ കർമ്മ പദ്ധതിയാണ് 'സ്നേഹത്തണലിൽ ഈ സായാഹ്നം'.

ഇതിന്റെ ഉദ്ദേശ്യം

ഒരിക്കൽ നമ്മുടെ സഭയിലെ ഒരു വൈദികൻ തന്റെ ഇടവകയിൽനിന്ന് വളരെ അകലെയുള്ള ഒരു പള്ളിയിലെ സുവിശേഷ യോഗത്തിലേക്ക് ക്ഷണിക്കപ്പെട്ടു. അച്ചൻ പ്രസ്തുത പള്ളിയിൽ എത്തി, കാര്യങ്ങളൊക്കെ പൂർത്തീകരിച്ചു. പിറ്റേന്ന് നാട്ടിലേക്കു മടങ്ങുന്നതിനു മുമ്പ് അച്ചന് ഓർമ്മ വന്നു, ഈ സ്ഥലത്തുനിന്ന് നാലോ അഞ്ചോ കിലോമീറ്ററുകൾക്കപ്പുറത്ത് തന്റെ ഒരു അകന്ന ബന്ധു, ഒരു അമ്മച്ചി ഒറ്റയ്ക്ക് താമസിക്കുന്നുണ്ടല്ലോ എന്ന്. ഇവിടം വരെ വന്ന സ്ഥിതിക്ക് ഈ അമ്മച്ചിയെ കൂടി കണ്ടിട്ടാവാം മടക്കയാത്ര എന്നു നിശ്ചയിച്ച് അച്ചൻ ആ വീട്ടിൽ എത്തി. അമ്മച്ചി വളരെ സന്തോഷത്തോടെ അച്ചനെ സ്വീകരിച്ചു. വർത്തമാനങ്ങൾക്കിടയിൽ അമ്മച്ചി അച്ചനോട് ചോദിച്ചു, "അച്ചാ, ആ ഇരിക്കുന്ന സാധനം കണ്ടോ?" അച്ചൻ നോക്കി. അത് ഒരു ടെലിഫോണായിരുന്നു. "എന്റച്ചാ, ഈ സാധനത്തിൽ ഒരു റോംഗ് നമ്പർ എങ്കിലും വന്നിരുന്നെങ്കിൽ എന്ന് ഞാനാശിച്ചുപോകുവാ." സത്യത്തിൽ അച്ചന്റെ കണ്ണു നിറഞ്ഞുപോയി.

ഒന്നോർത്തുനോക്കിയാൽ നമ്മുടെ ഇടയിൽ, ഇടവകയിലും സമൂഹത്തിലും ഇതേപോലെ വിങ്ങിപ്പൊട്ടി സമയം കഴിച്ചുകൂട്ടുന്ന എത്രയോ അപ്പച്ചൻമാരും അമ്മച്ചിമാരും ഉണ്ട്! അവരെപ്പറ്റി നമുക്ക് എന്തെങ്കിലും കരുതലോ സഹാനുഭൂതിയോ ഉണ്ടോ? ഉണ്ടാവണ്ടേ? സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപ് യേശുതമ്പുരാൻ നമുക്കു തന്ന നിർദ്ദേശങ്ങൾ അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണെങ്കിൽ ഇത്തരം അപ്പച്ചന്മാരോടും അമ്മച്ചിമാരോടും അവരുടെ നിസ്സഹായാവസ്ഥയോടും നിസംഗത പാടില്ല.

'സ്നേഹത്തണലിൽ ഈ സായാഹ്നം' എന്ന കർമ്മപരിപാടി ആവിഷ്കരിച്ചതിനു പ്രധാനകാരണം, ഇങ്ങനെഏകാന്തത അനുഭവിച്ച് സ്വന്തം ഭവനങ്ങളിൽ കഴിഞ്ഞുകൂടുന്ന, ഒരു വാക്ക് സംസാരിക്കാൻ ആരെയെങ്കിലും കണ്ണിൽ എണ്ണയൊഴിച്ച് കാത്തുകാത്തിരിക്കുന്ന അപ്പച്ചന്മാരുടെയും അമ്മച്ചിമാരുടെയും ശിഷ്ടായുസ്സിൽ ആവുന്നത്ര സന്തോഷം പകർന്നുകൊടുക്കുവാൻ കൂട്ടായ ശ്രമം നടത്തുക എന്ന ഒരു 'വിളി' ആണ്. പ്രധാനമായും രണ്ടു തരത്തിലുള്ള പ്രവർത്തനമാണ് ഇവിടെ വിഭാവനം ചെയ്യപ്പെടുന്നത്. ഒന്ന്, കാര്യമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ലാത്ത പ്രായമുള്ളവർ ഭവനങ്ങളിൽ ഒറ്റയ്ക്കാണെങ്കിൽ അവരുടെ പകൽ സമയം കൂടുതൽ ആസ്വാദ്യകരവും ആനന്ദകരവും ആക്കത്തക്കവണ്ണം ഇടവകതലത്തിൽ 'പകൽവീടുകൾ' അഥവാ 'പള്ളിവീടുകൾ' ആരംഭിക്കുക. രണ്ട്, ഭവനങ്ങളിൽ രോഗബാധിതരായി കഴിയുന്നവർക്ക്, പ്രത്യേകിച്ച് അവശനിലയിൽ ഉള്ള കിടപ്പുരോഗികൾക്ക് സഹായകരമാകത്തക്കവണ്ണം 'സാന്ത്വന ശുശ്രൂഷ' യൂണിറ്റുകൾ അഥവാ 'പാലിയേറ്റീവ് കെയർ' യൂണിറ്റുകൾക്ക് രൂപം കൊടുക്കുക. നവംബർ മാസം 25-ാം തീയതി എറണാകുളത്തു വച്ചു നടന്ന കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനത്തിൽ ഈ പദ്ധതിക്ക് സഭ കൊടുക്കുന്ന മുന്തിയ പരിഗണന പരിശുദ്ധ ബാവാ തിരുമേനി ഊന്നിപ്പറഞ്ഞിരുന്നു.

പകൽവീടുകൾ അഥവാ പള്ളിവീടുകൾ

പ്രായംചെന്നവർക്കായുള്ള 'ഡേ കെയർ' കേന്ദ്രങ്ങൾ ഇന്ന് അത്ര അസാധാരണമൊന്നുമല്ല. ഇതുതന്നെയാണ് 'പകൽവീടുകൾ'. ഒരു ഇടവക പള്ളിയുടെ ആഭിമുഖ്യത്തിൽ അത്തരം ഒരു കേന്ദ്രം രൂപീകരിക്കുമ്പോൾ ആത്മീയതയ്ക്കു കൂടി പ്രാധാന്യം ഉള്ളതിനാലും പള്ളിയുമായുള്ള ബന്ധം കണക്കിലെടുത്തും 'പള്ളിവീടുകൾ' എന്ന ഒരു സംജ്ഞ വന്നു എന്നു മാത്രം.

എന്താണ് ഇവിടെ നമുക്കു ചെയ്യുവാൻ സാധിക്കുക? ഇത്തരം ഒരു 'പള്ളിവീടിന്' രൂപം കൊടുക്കണമെങ്കിൽ എന്തൊക്കെ ഗൃഹപാഠങ്ങൾ ആണ് ചെയ്യേണ്ടത്? 2012 സെപ്റ്റംബർ മാസം 29-ാം തീയതി ശനിയാഴ്ച കോട്ടയം ദേവലോകം അരമനയിൽ സഭാ നേതൃത്വം ഒരു ഏകദിനശിൽപശാല സംഘടിപ്പിച്ചിരുന്നു. അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെയും (മാനവശാക്തീകരണ വിഭാഗം അദ്ധ്യക്ഷൻ) ബഹു. പി.എ. ഫിലിപ്പച്ചന്റെയും (സെക്രട്ടറി) നേതൃത്വത്തിൽ നടന്ന ഈ ശിൽപശാലയിൽ പകൽവീടുകൾ നടത്തി അനുഭവസമ്പത്താർജ്ജിച്ച പടിപ്പുരക്കൽ ഗോപാലകൃഷ്ണൻ, ടിറ്റോ തോമസ് എന്നിവർ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. വൃദ്ധജനസംരക്ഷണത്തിലും സാന്ത്വനശുശ്രൂഷയിലും വൈദഗ്ധ്യം നേടിയിട്ടുള്ള ഡോ. വർഗീസ് പുന്നൂസ്, ഡോ. കോയക്കുട്ടി എന്നിവർ ക്ലാസുകൾ എടുത്തു. ഈ വിധ സംവേദനങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് എങ്ങനെ ചെയ്യാം എന്ന് ചില ആശയങ്ങൾ രൂപീകൃതമാവുകയും ചെയ്തു. 'പള്ളിവീടുകളെ' സംബന്ധിച്ചിടത്തോളം അവ ഇങ്ങനെ സംഗ്രഹിക്കാമെന്നു തോന്നുന്നു.

(1) **ആവശ്യത്തിനുള്ള സ്ഥലസൗകര്യങ്ങൾ**: ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പള്ളിവീടിന് ഉപയുക്തമായ സ്ഥലം വേണം. ഇതു പള്ളിയിൽനിന്ന് അധികം അകലെ ആവാതെയിരിക്കുന്നത് നല്ലത്. നമ്മുടെ ചില ഇടവകകൾക്ക് ധാരാളം ഭൂമി പള്ളിയോടു ചേർന്ന് ഉണ്ട്. ചില പള്ളികൾക്ക് സൺഡേസ്കൂൾ നടത്തുവാൻ പ്രത്യേക ഹാൾ ഉണ്ട്. ഇനി ചില പള്ളികൾക്കാകട്ടെ, വിശാലമായ വരാന്തകൾ വടക്കുഭാഗത്തോ തെക്കുഭാഗത്തോ പടിഞ്ഞാറുഭാഗത്തോ ഒക്കെയുണ്ട്. ഇത്തരം സ്ഥലങ്ങൾ യുക്തമായ രീതിയിൽ കണ്ടെത്താവുന്നതേയുള്ളൂ. വേണമെങ്കിൽ ഒരു വീട് വാടകയ്ക്ക് എടുക്കുകയും ചെയ്യാം. ഒരുപക്ഷേ ഇതിന്റെ ഗുണഭോക്താക്കളിൽ ഒരാൾ തന്റെ വീടിന്റെ ഒന്നോ രണ്ടോ മുറികൾ ഇതിനായി തരാൻ തയ്യാറാണെങ്കിൽ അതും പ്രയോജനപ്പെടുത്താം. ആവശ്യത്തിന് കസേരകൾ, മൂന്നോ നാലോ കട്ടിലുകൾ, മേശകൾ ഒക്കെ വേണ്ടിവരും.

(2) **പ്രതിദിനം എത്രനേരം:** പകൽവീടുകളുടെ സമയം പകൽനേരത്തു മാത്രമാണല്ലോ. അതുകൊണ്ട് രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെയെന്നോ, മറ്റോ നിശ്ചയിക്കാം. ആഴ്ചയിൽ ആറു ദിവസം പ്രവർത്തിക്കാം. എന്നാൽ ആരംഭദശയിൽ രണ്ടോ മൂന്നോ ദിവസം എന്നു പരിമിതപ്പെടുത്തുകയും ചെയ്യാവുന്നതേയുള്ളൂ.

(3) **യാത്രാസൗകര്യം, ഭക്ഷണം, മരുന്ന്:** പള്ളിവീട്ടിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന അപ്പച്ചന്മാരെയും അമ്മച്ചിമാരെയും കൃത്യസമയത്തു തന്നെ എത്തിക്കുകയും തിരികെ കൊണ്ടെത്തിക്കുകയും വേണം. ഇതിനു സ്വന്തമായി ഒരു വാഹനം വാങ്ങുകയോ ഏതെങ്കിലും ട്രാൻസ്പോർട്ട് കോൺട്രാക്ടറെ ഏർപ്പാടാക്കുകയോ വേണ്ടിവരും. ഉച്ചഭക്ഷണം കൊടുക്കേണ്ടതുണ്ട്. അതുപോലെ, നാലു മണിക്ക് ചായ, പലഹാരം ഇവയും കൊടുക്കണം. ഇതിൽ സംബന്ധിക്കുന്നവർ രോഗികളല്ല എന്നോർക്കണം, മറിച്ച് പകൽസമയത്ത് ഒറ്റയ്ക്ക് കഴിയുവാൻ വിധിക്കപ്പെട്ടവരാണ്; ചിലപ്പോൾ 24 മണിക്കൂറും. എങ്കിലും വാർദ്ധക്യത്തിൽ പിടികൂടുന്ന വലിയ ശല്യങ്ങൾ ചെയ്യാത്ത അസുഖങ്ങൾ കണ്ടേക്കാം. അങ്ങനെയുള്ളവർക്ക് പകൽസമയത്തു കഴിക്കേണ്ട മരുന്നുകൾ കൃത്യമായി കൊടുക്കേണ്ട ഉത്തരവാദിത്വവും ഉണ്ട് എന്ന് ഓർക്കണം.

(4) **സമയം ചെലവഴിക്കുന്നത്:** രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ എന്നു പറയുമ്പോൾ 6 മണിക്കൂർ സമയം ഉണ്ട്. ഈ 6 മണിക്കൂർ സമയം പ്രയോജനകരമായി ചെലവഴിക്കുവാൻ സാധിക്കുന്നതിലാണ് പകൽവീടുകളുടെ വിജയം. പ്രാർത്ഥന, വേദപുസ്തകവായന, ചെറിയ ആത്മീയ സന്ദേശങ്ങൾ തുടങ്ങി പത്രവായനയും ചർച്ചയും, ആനുകാലിക സംഭവങ്ങളെപ്പറ്റിയുള്ള ചർച്ചകൾ, അപ്പച്ചൻമാർക്കും അമ്മച്ചിമാർക്കും ചേർന്ന് അവതരിപ്പിക്കാവുന്ന സ്കിറ്റുകൾ, യുക്തമായ പാർട്ടി ഗെയിംസ്, സ്വാനുഭവങ്ങളുടെ അവതരണം, ലഘുഗ്രന്ഥങ്ങൾ വായിച്ച് നടത്താവുന്ന ചർച്ചകൾ അങ്ങനെസംഘാടകരുടെ ഭാവനയ്ക്കനുസരിച്ച് എന്തൊക്കെ വേണമെങ്കിലും ഉൾപ്പെടുത്താം. ടെലിവിഷൻ കാണുക, ചീട്ടുകളിക്കുക തുടങ്ങിയവ അത്ര അഭികാമ്യമല്ല എന്നു തോന്നുന്നു.

(5) **പണം കണ്ടെത്തൽ:** വിവിധ ശ്രോതസ്സുകളാണ് ഈ വിഷയത്തിൽ നമുക്കു മുൻപിലുള്ളത്. ഈ പള്ളിവീടിനെ താങ്ങി നിർത്താൻ തക്കവണ്ണം സുമനസ്സുകളുടെ സംഭാവനകൾ സ്വീകരിക്കാം. ഇടവകയ്ക്കു തന്നെ ഇതിന്റെ നടത്തിപ്പിനായി ഒരു തുക മാസം തോറും നീക്കിവയ്ക്കാം. കൂടാതെ ഇതിൽ സംബന്ധിക്കുന്നവരിൽ നിന്ന് ഒരു നിശ്ചിത ഫീസ് വാങ്ങുകയും ചെയ്യാം. സാമ്പത്തിക മുട്ടുള്ളവർക്ക് കിഴിവു കൊടുക്കുകയുമാവാം.

(6) **പലവക:** മേൽപറഞ്ഞ സംഗതികൾ അതേപോലെ നടപ്പിലാക്കണമെന്നു നിർബന്ധം പിടിക്കരുത്. ഓരോ ഇടവകയുടെയും സാഹചര്യങ്ങൾ വ്യത്യസ്തമാണല്ലോ. അതുകൊണ്ട് ഇവിടെ സൂചിപ്പിച്ചിരിക്കുന്ന ആശയങ്ങളെ വെറും സൂചനകൾ മാത്രമായി കണ്ടുകൊണ്ട് ഓരോ സ്ഥലത്തെ പ്രത്യേകതകൾക്ക് അനുയോജ്യമായ ആശയങ്ങൾക്കു രൂപം കൊടുക്കേണ്ടതുണ്ട്. ലക്ഷ്യം മാത്രം മാറരുത്. കൂടാതെ വിളിച്ചാൽ വിളിപ്പുറത്ത് ഒരു ഡോക്ടറും നഴ്സും ആവശ്യമായിരിക്കും. ഒരു കോ-ഓർഡിനേറ്ററും അദ്ദേഹത്തിന് സഹായികളും വേണ്ടിവരും. സാമൂഹ്യശാസ്ത്രത്തിൽ ബിരുദം ഉള്ള ഒരാൾ കോ-ഓർഡിനേറ്റർ ആവുന്നത് നന്നായിരിക്കും.

കോട്ടയത്ത് 'സ്മൈൽ' എന്ന ചാരിറ്റബിൾ സൊസൈറ്റി നാലോ അഞ്ചോ പകൽവീടുകൾ ഭംഗിയായി നടത്തുന്നുണ്ട്. മാങ്ങാനം, കുറിച്ചി, ആർപ്പൂക്കര എന്നിവിടങ്ങളിലാണ് ഈ പകൽവീടുകൾ. ശ്രീ ടിറ്റോ തോമസ് എന്ന ഒരു ചെറുപ്പക്കാരനാണ് ഇതിന്റെ മുഖ്യ സംഘാടകൻ. ഉദ്ദേശം പത്തു വർഷങ്ങൾക്കു മുൻപ് മുളന്തുരുത്തിയിൽ പടിപ്പുരയ്ക്കൽ ഗോപാലകൃഷ്ണൻ എന്ന ഒരു പൊതുമരാമത്ത് കോൺട്രാക്ടർ 'വയസൻസ് ക്ലബ്' എന്നൊരു പ്രസ്ഥാനം ആരംഭിച്ചു. ഇന്ന് അത് ഒരു വലിയ പകൽവീടായി രൂപാന്തരപ്പെട്ടിരിക്കുകയാണ്. നൂറിലധികം പേർ അവരുടെ പകൽസമയം സന്തോഷത്തോടെ ചെലവഴിക്കുന്നു. കൂടാതെ എറണാകുളത്ത് കച്ചേരിപ്പടിയിൽ ഗാന്ധിസ്മൃതിയുടെ ആഭിമുഖ്യത്തിൽ ഒരു പകൽവീട് വളരെ നന്നായി നടക്കുന്നുണ്ട്. ഇതുപോലെ ധാരാളം പകൽവീടുകൾ കേരളത്തിൽ പല ഭാഗങ്ങളിലും സജീവമാണ്. ഇവയൊന്നും ഏതെങ്കിലും സഭയുടെയോ മതസംഘടനയുടെയോ പിൻബലത്തിൽ രൂപംകൊണ്ടവയല്ല. മുൻ തലമുറയോടുള്ള കടപ്പാടു മാത്രം കണ്ട് നല്ലവരായ ചിലർ താൽപര്യം എടുത്ത് ആരംഭിച്ചവയാണ്. ഇവരാരും 'നസ്രത്ത് മാനിഫെസ്റ്റോ'യെപ്പറ്റി പ്രസംഗിക്കാറില്ല. ഒരുപക്ഷേ അതിനെപ്പറ്റി ചിന്തിക്കാറുപോലുമില്ല. എന്നാൽ അതിനുപകരം അവർ 'നസ്രത്ത് മാനിഫെസ്റ്റോ'യെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നു. നമ്മളോ, പ്രസംഗിച്ചു പ്രസംഗിച്ച് കോരിത്തരിക്കുകയും മറ്റുള്ളവരെ കോരിത്തരിപ്പിക്കുകയും ചെയ്യുന്നു. അതിൽ അഭിരമിച്ച് ആത്മനിർവൃതി നേടുന്നു, ഊറ്റംകൊള്ളുന്നു.

സാന്ത്വനശുശ്രൂഷ: പകൽവീടുകളെ അപേക്ഷിച്ച് കൂടുതൽ സാങ്കേതികത ആവശ്യമായ ഒന്ന് എന്ന നിലയിൽ ഇതിന് മികച്ച തോതിലുള്ള ഒരുക്കങ്ങൾ ആവശ്യമാണ്. ഇവിടത്തെ ടാർഗറ്റ് ഗ്രൂപ്പ് എന്നത് അടിസ്ഥാനപരമായി ചിന്തിക്കുമ്പോൾ ചികിത്സകൊണ്ട് പൂർണ്ണ സൗഖ്യം കിട്ടാൻ സാധ്യതയില്ലാത്ത രോഗികളാണ്. അവരെ കാലാകാലങ്ങളിൽ അതായത് സാഹചര്യം അനുസരിച്ച് ആഴ്ചയിൽ ഒന്നോ രണ്ടോ മൂന്നോ തവണ സന്ദർശിച്ച് ആവശ്യമായ ശുശ്രൂഷകൾ ചെയ്തുകൊടുക്കുക എന്നതാണ് ഉദ്ദേശ്യം.

പൊതുവെ ഇവരൊക്കെ ശാരീരികമായും മാനസികമായും സാമ്പത്തികമായും വേദനിക്കുന്നവരാകും. അവർക്ക് എല്ലാവിധ ആശ്വാസവും പകരുവാൻ നമുക്കു സാധിക്കണം. വീടുകളിൽ മരുന്ന് എത്തിക്കണം, പരിചരിക്കണം, ആവശ്യമെങ്കിൽ ഭക്ഷണം കൊടുക്കണം. എല്ലാറ്റിലും ഉപരി ആത്മവിശ്വാസം പകർന്നുകൊടുക്കണം. പ്രത്യേക പരിശീലനം സിദ്ധിച്ചവർക്കു മാത്രമേ ഇതു സാധിക്കൂ.

ഇത്രയും പറഞ്ഞതിൽനിന്നും വളരെ ബുദ്ധിമുട്ടുള്ള ഒരു പ്രവർത്തനമേഖലയാണ് ഇതെന്നു പറഞ്ഞ് പിൻമാറരുത്. ഇത്തരം ശുശ്രൂഷകൾ ചെയ്യുന്ന 200 ലധികം സ്വതന്ത്ര സന്നദ്ധ കൂട്ടായ്മകൾ കേരളത്തിൽ ഇന്നുണ്ട്. പരിശീലനം നേടിയ 30000 വോളണ്ടിയർമാർ ഈ മേഖലയിൽ ഇന്നു സജീവരാണ്. ഒരു ലക്ഷത്തിനുമേൽ ചെറുപ്പക്കാർ 'ഹെൽപേഴ്സ്' ആയി പ്രവർത്തിക്കുന്നു. മൂന്നു ലക്ഷത്തിലധികം കിടപ്പുരോഗികൾ ഇത്തരം സാന്ത്വനശുശ്രൂഷാ യൂണിറ്റുകളുടെ സേവനം അനുഭവിക്കുന്നുണ്ട്. ഒരു യൂണിറ്റിൽ ഒരു അംഗീകൃത നഴ്സും രണ്ടോ മൂന്നോ സഹായികളും ആവശ്യമുണ്ട്. ഒരു ഡോക്ടർ ആവശ്യമുള്ള സന്ദർഭങ്ങളിൽ ടീമിൽ ചേരുവാൻ സന്നദ്ധനായിരിക്കുകയും വേണം.

ഈദൃശ ശുശ്രൂഷകൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന ബോധ്യത്തിൽ ധാരാളം പേർ അതിനു തയ്യാറായി മുൻപോട്ടു വരുമ്പോൾ സഭാതലത്തിൽ ഇതിനെചില ആശുപത്രികളിലായി പരിമിതപ്പെടുത്തിയിരിക്കുകയാണ് ഇപ്പോൾ. അത് ജനങ്ങളുടെ ശുശ്രൂഷയാണെന്ന ബോധവൽക്കരണമാണ് സഭയുടെ മാനവശാക്തീകരണ വിഭാഗം ലക്ഷ്യമിടുന്നത്. ആ പ്രക്രിയയിൽ ഭാഗഭാക്കാകുവാൻ ഇടവകകൾ മുന്നോട്ടു വരേണ്ടത് ആവശ്യമാണെന്ന കാര്യത്തിൽ യാതൊരു സന്ദേഹവും പാടില്ല.

ഈ ലേഖനത്തിന്റെ ആരംഭത്തിൽ കൊടുത്തിരിക്കുന്ന വേദപുസ്തക ഭാഗങ്ങൾ ഒരിക്കൽക്കൂടി വായിക്കുക. ക്രിസ്തു മനുഷ്യരൂപമെടുത്ത് ഇവിടെ വന്നതിന്റെ ഉദ്ദേശ്യം എന്തായിരുന്നു? ഹൃദയം തകർന്നിരിക്കുന്നവർക്ക് സൗഖ്യം, അടിമകൾക്കു മോചനം, മനം തകർന്നവർക്ക് വിടുതൽ... സ്വർഗ്ഗാരോഹണത്തിനു മുൻപ് യേശുതമ്പുരാൻ നമ്മളെ ഭരമേൽപ്പിച്ച ദൗത്യമോ? നാം ക്രിസ്തുവിന് സാക്ഷികളാകുക; അതായത് ക്രിസ്തു ചെയ്തതു തന്നെ നമ്മളും ചെയ്യുക. കൽപ്പിച്ചത് പ്രമാണിക്കുക; അതിന്റെയർത്ഥം ജീവിതത്തിൽ കാണിച്ചുതന്നത് ഉദ്ബോധിപ്പിച്ചത് അനുകരിക്കുക. പിതാവ് പുത്രനെഅയച്ചതുപോലെ പുത്രൻ നമ്മളെ അയയ്ക്കുന്നു; എന്നുവച്ചാൽ 'യെശയ്യാവ് 61:1-3' യേശുവിന് എത്രകണ്ട് ബാധകമായിരുന്നോ അതേ അളവിൽ നമുക്കും ബാധകമാകുന്നു.

അങ്ങനെയെങ്കിൽ മാനവശാക്തീകരണ വിഭാഗം രൂപംകൊടുത്ത 'സ്നേഹത്തണലിൽ ഈ സായാഹ്നം' ഏറ്റെടുക്കുവാൻ നാം ഓരോരുത്തരും ബാദ്ധ്യസ്ഥരല്ലേ? ആണോ? ഓരോരുത്തരും സ്വയം ചിന്തിക്കുക, തീരുമാനിക്കുക. **GM**

hmÀ² Iyw Ibt]m?a[pctam?

■ tUm. hÀKok]p¶qk

ആധുനികലോകത്തിന്റെ ദ്രുതഗതിയിലുള്ള മാറ്റങ്ങളിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ഒരു ശ്രേണിയാണ് വൃദ്ധജനങ്ങൾ. വാർദ്ധക്യത്തിലെത്തിയതോടെ സമൂഹത്തിൽനിന്നും ബന്ധുക്കളിൽനിന്നും അവഗണനയും ഒറ്റപ്പെടലും അനുഭവിക്കാൻ വിധിക്കപ്പെട്ടവരായി മാറുകയാണ് പലരും. രോഗികളാവുകയും കിടപ്പിലാവുകയും ചെയ്യുന്നതോടെ ദുരിതക്കടലിൽ മുങ്ങിത്താഴുകയാണവർ. സ്വന്തം കാര്യങ്ങൾ സാധിക്കാൻ പരസഹായം ആവശ്യമുള്ള വൃദ്ധജനങ്ങൾ അഥവാ രോഗമുള്ളവർ പ്രതീക്ഷയോടെയാണ് മറ്റുള്ളവരെ നോക്കുന്നത്. പല വയോധിക രോഗികളുടെ ജീവിത പങ്കാളികളും രോഗികളും ദുർബലരും ആയിരിക്കും. ചിലരുടെ പങ്കാളികൾ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കാം. വൃദ്ധരുടെ വേദനപങ്കുവയ്ക്കാനും കാര്യങ്ങൾ തുറന്നു സംസാരിക്കാനും പലപ്പോഴും ആരുമുണ്ടാകില്ല. ബന്ധുക്കളുടെ അസാന്നിദ്ധ്യം മൂലം ഒറ്റപ്പെടൽ ധാരാളം. സാമ്പത്തിക ബുദ്ധിമുട്ട്, ഭക്ഷണം, മരുന്ന്, മറ്റാവശ്യങ്ങൾക്കുള്ള പ്രയാസം എന്നിവ മാനസികമായി വൃദ്ധരെ തളർത്തിക്കളയും.

വൃദ്ധരുടെ സംരക്ഷണം, സാന്ത്വനശുശ്രൂഷ എന്നിവയ്ക്കായി മലങ്കരസഭയിലെ മാനവ ശാക്തീകരണ വിഭാഗം നടപ്പാക്കിവരുന്ന 'സ്നേഹത്തണലിൽ ഈ സായാഹ്നം' പദ്ധതി നല്ലതാണ്. ഇടവകകൾതോറും എൽഡേഴ്സ് ഫോറം രൂപീകരിച്ച് 'പള്ളിവീടുകൾ' സ്ഥാപിച്ച് കുറേ പ്രശ്നപരിഹാരങ്ങൾ ഉണ്ടാക്കാനുള്ള ശ്രമം വളരെ നല്ലതാണ്. ഇങ്ങനെയൊക്കെയുണ്ടെങ്കിലും വൃദ്ധജനങ്ങൾ അമ്പത് വയസിനുമേൽ വ്യക്തിഗതമായി ചില കാര്യങ്ങൾ ചെയ്താൽ ജീവിതസായാഹ്നം മനോഹരമാക്കാം. വാർധക്യത്തെ ആരോഗ്യകരമാക്കാൻ യൗവനത്തിലും മധ്യവയസിലും തന്നെ തയ്യാറെടുക്കണമെന്നതാണ് ഏറ്റവും പ്രാഥമികമായ കാര്യം.

പഴയനിയമത്തിൽ ഹിസ്കിയാവ് രാജാവിന്റെ കഥയിൽ ദൈവം അവന് 15 വയസ് ആയുസ്സ് നീട്ടിക്കൊടുക്കുന്നു. "മരണത്തിനു മുമ്പ് നീ നിന്റെ സ്വന്തം കാര്യങ്ങൾ ക്രമപ്പെടുത്തിക്കൊള്ളുക" എന്ന കൽപനയോടെയാണ് ഈ സൗജന്യം ദൈവം അനുവദിക്കുന്നത്. 50 കളിലും, 60 കളിലും എത്തിനിൽക്കുന്ന ഏവർക്കും ഉള്ള സാർവത്രിക നിയമമായി വേണം ഈ ദൈവകൽപനയെ നാം കണക്കാക്കേണ്ടത്. "വാർധക്യം സമാഗതമായിരിക്കുന്നു, അതിനായി ഞാൻ എന്റെ കാര്യങ്ങൾ ക്രമപ്പെടുത്തേണ്ടിയിരിക്കുന്നുവെന്നു സ്വയം ചിന്തിക്കണം." വാർധക്യത്തെ അഭിമുഖീകരിക്കാനുള്ള ക്രമീകരണങ്ങൾ ആരംഭിക്കേണ്ടത് അമ്പതുകളിലും അറുപതുകളിലുമാണ്. അതു കഴിഞ്ഞവർക്ക് സമൂഹം പള്ളിവീടുകൾ പോലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ബുദ്ധിയുള്ള കന്യകമാരെപ്പോലെ വിളക്ക് തെളിയിക്കാനുള്ള എണ്ണ മുൻകൂർ കരുതേണ്ട സമയവും ജീവിതത്തിലെ ഈ കാലയളവാണ്.

'സായാഹ്നത്തിന്റെ പോക്കുവെയിൽ മങ്ങുമ്പോൾ, ഇതേവരെ കണ്ണിനു മറഞ്ഞിരുന്ന താരങ്ങൾ മാനത്ത് പ്രത്യക്ഷമാകുന്നു.' സുന്ദരമായ ഈ അനുഭവം H.W. Longfellow hർണ്ണിക്കുമ്പോൾ ആസ്വാദകന്റെ മുന്നിൽ തെളിയുന്നത് മനുഷ്യജീവിത സായാഹ്നത്തിന്റെ മനോഹാരിത തന്നെയെന്ന് പറയാം. ബാല്യത്തിലും യൗവനത്തിലും, മധ്യവയസിലും കാണാനും അനുഭവിക്കാനും കഴിയാത്ത ആശ്ചര്യങ്ങളും വിസ്മയങ്ങളും പ്രായം നമുക്ക് നൽകുന്ന അനുഗ്രഹമാണെന്ന പ്രപഞ്ച സത്യം ലോങ് ഫെലോയുടെ ഈ വരികളിലുണ്ട്. എന്നാൽ വാർധക്യങ്ങളിലെ സന്താപങ്ങൾക്ക് യൗവനത്തിലെ ദുഃഖങ്ങളേക്കാൾ കയ്പേറും എന്ന് ഒ. ഹെന്റി നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. "പങ്കുവയ്ക്കാൻ ഒരാളുണ്ടെങ്കിൽ യുവാവിന്റെ ഭാരങ്ങൾ കുറയുന്നു. എന്നാൽ പേറാൻ അനേകരുള്ള വൃദ്ധന്റെ ദുരിതങ്ങൾ അല്പംപോലും കുറയുന്നില്ല." സുഖദുഃഖസമ്മിശ്രമാണ് ജീവിതത്തിലെ മറ്റേതു ഘട്ടവും പോലെ വാർധക്യവും എന്ന ലളിതമായ സത്യമാണ് ലോങ് ഫെലോയും ഒ. ഹെന്റിയും ചേർന്ന് സാക്ഷ്യപ്പെടുത്തുന്നത്.

ഉറപ്പായി സംഭവിക്കുന്ന കാര്യങ്ങൾക്ക് വേണ്ടി തയ്യാറാകാതിരിക്കുന്ന പ്രതിഭാസത്തെ 'മനുഷ്യ പ്രകൃതത്തിന്റെ വൈരുദ്ധ്യം' എന്നാണ് ജ്ഞാനികൾ വിശേഷിപ്പിക്കുന്നത്. മരണവും വാർദ്ധക്യവും ഈ വൈരുദ്ധ്യത്തിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണെന്ന് പറയാം.

മനുഷ്യജീവിതത്തിലെ ഏറ്റവും ഉറപ്പായ സംഗതിയായ വാർദ്ധക്യത്തെപ്പറ്റി മനുഷ്യന്റെ കരുതലില്ലായ്മ പരിഹാസ്യമാണെന്ന് ട്രോട്സ്കി പറയുന്നുണ്ട്. ഭയപ്പെടുന്ന ഏതിനെയും 'ഇല്ല' എന്നു വിശ്വസിച്ച് ആശ്വസിക്കയും മാറ്റിവച്ച് രക്ഷപ്പെടുകയും ചെയ്യുന്ന 'നിഷേധം' എന്ന ഫ്രോയിഡിയൻ മാനസിക പ്രതിരോധ തന്ത്രമാകാം ഇവിടെ പ്രവർത്തിക്കുന്നത്.

ജനസംഖ്യാ പഠനശാസ്ത്രവും നമുക്ക് ചുറ്റും ഉള്ള സാമൂഹിക യാഥാർത്ഥ്യവും വിരൽചൂണ്ടുന്നത് വാർദ്ധക്യം എന്ന ജീവിതാവസ്ഥയ്ക്കു വേണ്ടി വ്യക്തിഗതമായ നിലയിലും സമൂഹം എന്ന നിലയിലും മതിയായ ഒരുക്കവും തയ്യാറെടുപ്പും വേണം എന്നതിലേക്കാണ്.

ജനസംഖ്യാ പഠനപ്രകാരം 65 വയസ്സിന് മുകളിൽ ഉള്ളവരുടെ എണ്ണം 5 വയസ്സിൽ താഴെയുള്ളവരേക്കാൾ കൂടിയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ ജനസംഖ്യാ സംക്രമണം 2000 മുതൽ 2010 വരെയുള്ള ദശകത്തിന്റെ മദ്ധ്യഭാഗത്ത് വച്ചാണെന്നു പറയാം. 1910 ൽ ലോകജനസംഖ്യയിൽ ഒന്നരക്കോടിയിൽ താഴെയായിരുന്ന മുതിർന്ന പൗരന്മാർ 2010 ൽ 53 കോടിയായി. യുദ്ധങ്ങളും, കെടുതികളും ഉണ്ടായിരുന്ന കാലയളവായിരുന്നു അത്. 2050 ആകുമ്പോഴേക്കും വൃദ്ധജനസംഖ്യ 150 കോടിയായി ഉയരുമെന്നാണ് പ്രതീക്ഷ. കൃത്യമായി പറഞ്ഞാൽ ഇന്നത്തെ ഇളം തലമുറ മദ്ധ്യവയസ്സെത്തുമ്പോൾ ജനസംഖ്യയുടെ 16% വൃദ്ധജനങ്ങളായിരിക്കും ഭൂമുഖത്തുണ്ടാവുക. ഇന്ത്യയിലെ സ്ഥിതി നോക്കിയാൽ 2010 ൽ 6 കോടിയായിരുന്ന മുതിർന്ന പൗരന്മാർ 2050 ൽ 23 കോടിയായി ഉയരും. ക്രമാനുഗതമായി ഉയരുന്ന ആയുർദൈർഘ്യം, കുറഞ്ഞുവരുന്ന ജനനനിരക്ക്, ഏറിവരുന്ന അവിവാഹിതരുടെ എണ്ണം, കയറിപ്പോകുന്ന വിവാഹപ്രായം എന്നിങ്ങനെയുള്ള ഘടകങ്ങളുടെ ഫലമായി കുട്ടികളുടെ എണ്ണം കുറയുകയും പ്രായമായവരുടെ എണ്ണം കൂടുകയും ചെയ്യുന്നു. ജോലിയിൽനിന്നു വിരമിച്ചശേഷം ജീവിക്കുന്ന കാലഘട്ടത്തിന്റെ ദൈർഘ്യവർധനയും മേൽപ്പറഞ്ഞ കണക്കുകളോടു ചേർത്തു വായിക്കണം. വിരമിക്കൽ പ്രായം ഉയർന്നുനിൽക്കുന്ന പാശ്ചാത്യനാടുകളിൽ പോലും ഇപ്പോൾ ഈ കാലയളവിന്റെ ദൈർഘ്യം ശരാശരി 18 വർഷമാണ്. വിരമിക്കൽ പ്രായം കുറഞ്ഞുനിൽക്കയും ആയുർദൈർഘ്യം ക്രമാനുഗതമായി കൂടിവരുകയും ചെയ്യുന്ന കേരളത്തിലെ സാഹചര്യത്തിൽ ഈ കാലയളവ് ഇപ്പോൾ തന്നെ 25 വർഷത്തിനോടടുത്താകും. ജോലിയിലിരുന്ന് ശമ്പളം വാങ്ങിയതിനേക്കാൾ കൂടുതൽ വർഷം റിട്ടയർ ചെയ്ത് പെൻഷൻ വാങ്ങേണ്ട അവസ്ഥയാണിന്നെന്നോർക്കുക.

ആരോഗ്യപ്രശ്നം

ശരാശരി ആയുർദൈർഘ്യം കൂടുന്നതും, അനാരോഗ്യകരമായ ജീവിതശൈലി അവലംബിക്കുന്നതും കൂടിച്ചേർന്ന് ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ നിരവധിയാണ്. പ്രായം ഉയർന്ന് പോകുമ്പോൾ പ്രമേഹം, ഹൃദ്രോഗം, പ്രഷർ, മസ്തിഷ്കാഘാതം, കാൻസർ, അസ്ഥിരോഗങ്ങൾ, വിഷാദം എന്നിവയുണ്ടാകും. വയസ് കൂടുന്തോറും രോഗങ്ങൾ ക്ഷണിക്കപ്പെടാത്ത അതിഥികളാവും. കടന്നുവരുന്ന രോഗങ്ങൾക്കെല്ലാം ഉള്ള ചികിത്സ, അവമൂലം ഉണ്ടാകുന്ന ചെലവുകൾ, രോഗീപരിചരണ സഹായികളുടെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ ജീവിതത്തെ ബുദ്ധിമുട്ടിലാക്കുന്നു. ഈ സമയത്തുള്ള ചെലവുകൾ നിർവഹിക്കാൻ പണം ഇല്ലാതെ വരുന്നതും കൈത്താങ്ങാവാൻ ആരും ഇല്ലാത്തതും പ്രശ്നങ്ങൾ കൂനിന്മേൽ കുരുപോലെയാക്കിത്തീർക്കും.

മേധാക്ഷയം അഥവാ ഡെമൻഷ്യാ

65 വയസ്സിനു മുകളിൽ (ഏകദേശം 5% പേർ) വയസ്സ് കൂടുന്നതിനനുസരിച്ച് ക്രമാനുഗതമായി വർധിച്ച് 80 വയസ്സിനു മുകളിൽ 20% പേരെ ബാധിക്കുന്ന തകരാറാണ് മേധാക്ഷയം. അൽഷെയ്മർ രോഗവും, മസ്തിഷ്കാഘാതത്തെ തുടർന്നുണ്ടാകുന്ന വാസ്കുലാർ ഡെമൻഷ്യായും ആണ് സാധാരണയായി കാണുന്നത്.

ഓർമ്മക്കുറവും, പെരുമാറ്റ വൈകല്യങ്ങളും ആണ് ഡെമൻഷ്യാ രോഗത്തിന്റെ ലക്ഷണങ്ങൾ. ഇവ ക്രമാതീതമായി വർധിച്ചുവരുമ്പോൾ ഇവയുടെ പരിചരണം കുടുംബാംഗങ്ങൾക്ക് ബുദ്ധിമുട്ടാവും. പരിചരിക്കാൻ മക്കൾ നാട്ടിൽ ഇല്ലാതെ പോകുന്നതും, സഹായികളെ കിട്ടാനില്ലാതെ വരുന്നതും എല്ലാ ഇടത്തരം കുടുംബങ്ങളിലെയും നിത്യപ്രശ്നങ്ങളാവും. ഇത്തരം രോഗങ്ങൾക്ക് പൂർണ ചികിത്സയോ പരിഹാരമോ ഇല്ല. നല്ലൊരു വിഭാഗം പ്രായമായവർക്ക് 'പാർക്കിൻസൻ' രോഗവും ഇപ്പോൾ കാണുന്നുണ്ട്. അതും മേധാക്ഷയം പോലെ അപകടകാരിയാണ്.

മേധാക്ഷയമോ, പാർക്കിൻസനോ ഉള്ള ആളെ പരിചരിക്കാൻ നിർബന്ധിതയാകുന്നത് മിക്കപ്പോഴും മദ്ധ്യവയസ്കയായ ഒരു മരുമ

കൾ ആകാം. വീട്ടുജോലികളും ഭർത്താവിന്റെയും മക്കളുടെയും ഉത്തരവാദിത്വവും കുടുംബഭാരവും തുടങ്ങി എല്ലാത്തിന്റെയും ഇടയിൽ വേണം ശ്രമകരമായ പരിചരണം നടത്താൻ. ഇതിനിടയ്ക്ക് വല്ലപ്പോഴും വന്നുപോകുന്ന ബന്ധുക്കളുടെ വിമർശനവും പരിചരണം സ്വീകരിച്ചു കൊണ്ടിരിക്കുന്ന വ്യക്തിയിൽനിന്നുണ്ടാകുന്ന 'നന്ദികെട്ട' പ്രതികരണങ്ങളും മിക്കപ്പോഴും പരിചരിക്കുന്നവർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കും. മാനസികമായി നിരാശയിലും, പ്രയാസങ്ങളിലുമാണ് ഡെമൻഷ്യാ, പാർക്കിൻസൻ രോഗമുള്ള വ്യക്തിയെ പരിചരിക്കുന്നവർ കടന്നുപോകുന്നത്. രോഗീപരിചരണം വീട്ടിൽ തന്നെ നൽകുന്നതാണ് നല്ലതെങ്കിലും അതിനു പറ്റാതെ വരുന്ന സാഹചര്യത്തിൽ മെച്ചപ്പെട്ട പരിചരണം ലഭിക്കാനായി ഇത്തരം രോഗികളെ 'വാർധക്യകാല പരിചരണ കേന്ദ്രങ്ങളിൽ താമസിപ്പിക്കുന്നതാവും നല്ലത്. പക്ഷേ അങ്ങനെചെയ്താൽ വൃദ്ധമാതാവിനെ/പിതാവിനെവൃദ്ധസദനത്തിൽ കൊണ്ടുതള്ളി എന്ന പഴിയും കേൾക്കേണ്ടിവരും. ബന്ധുക്കളാവും കൂടുതൽ പറയുക. ഈ പഴികേൾക്കൽ രോഗികളെ നോക്കുന്നവരുടെ മനസ്സ് തളർത്തിക്കളയും. ശരിയായ പരിചരണം ഇല്ലാതെ വീട്ടിൽ കിടന്ന് നരകിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണ് കൃത്യമായ പരിചരണവും ശുശ്രൂഷയും നൽകുന്ന പരിചരണ കേന്ദ്രങ്ങളിൽ ആക്കുന്നത്.

പ്രശ്നം എങ്ങനെപരിഹരിക്കാം?

വാർധക്യകാല പ്രശ്നങ്ങൾ നിരവധി സാമൂഹിക സാമ്പത്തിക ചോദ്യങ്ങളുണ്ടാക്കുന്നുണ്ട്. വാർധക്യത്തെ ആരോഗ്യകരമാക്കാൻ യൗവനത്തിലും മധ്യവയസ്സിലും തന്നെ തയ്യാറാകണം. അതു പ്രാഥമികമായ ഒരു കാര്യം തന്നെ.

പരിഹാരങ്ങൾ - തയ്യാറെടുപ്പുകൾ

പുകവലി, മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം ഇവ ഏതെങ്കിലും ഉണ്ടെങ്കിൽ അവയോട് വിടപറയാൻ അമാന്തിക്കരുത്. "കുറേശ്ശെ കുറയ്ക്കാം" എന്നു കരുതുന്നത് ഭോഷത്തമാണ്. ദൃഢനിശ്ചയത്തോടും, ദൈവാശ്രയത്തോടും തീരുമാനം എടുത്ത് ശക്തിയായി നടപ്പിലാക്കണം. ശ്രമങ്ങൾ പരാജയപ്പെട്ടാൽ ശാസ്ത്രീയ ചികിത്സാ സമ്പ്രദായം അവലംബിക്കേണ്ടിവരും.

ഭക്ഷണക്രമം

അമിതാഹാരം ഒഴിവാക്കണം. മധുരം, എണ്ണ, കൊഴുപ്പ് ഇവ ചേർന്ന ഭക്ഷണങ്ങൾ പരമാവധി കുറയ്ക്കുകയും നാരുള്ള ഭക്ഷണങ്ങൾ വർധിപ്പിക്കയും വേണം. ഇലക്കറികൾ, തവിടുകളയാത്ത ധാന്യങ്ങൾ എന്നിവയിൽ ധാരാളം നാരുണ്ട്. മത്തി, അയല, നെത്തോലി, തുടങ്ങിയ ചെറുമത്സ്യങ്ങൾ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തണം. സ്വന്തമായി കൃഷി ചെയ്ത പച്ചക്കറികളും, പഴവർഗ്ഗങ്ങളും ഉൽപാദിപ്പിച്ചെടുക്കാൻ പരിശ്രമിക്കണം. കീടനാശിനികളും, രാസവസ്തുക്കളും ചേരാത്ത ഭക്ഷണം കഴിക്കാൻ സ്വയമായി കൃഷിരീതി ഉണ്ടാക്കണം. സ്വയം പ്രയത്നിക്കുന്നത് മാനസിക സംതൃപ്തിയും ഉണ്ടാക്കും. നിശ്ചിത സമയങ്ങളിൽ തന്നെ ഭക്ഷണം കഴിക്കണം.

വ്യായാമം

ജീവിതത്തിൽ ചിട്ടയും, വ്യായാമവും ഉണ്ടാകണം. ഒരു ദിവസം തുടങ്ങുന്നത് മുതൽ അവസാനിക്കുന്നതുവരെ ഒരു ടൈം ടേബിൾ ഉണ്ടാവണം. പതിവായ വ്യായാമക്രമം ഇല്ലെങ്കിൽ വ്യായാമം തുടങ്ങുന്നതിനു മുമ്പ് ഒരു ഡോക്ടറുടെ ഉപദേശം സ്വീകരിച്ചിരിക്കണം. കൃഷിപ്പണി, വീട്ടുപണി എല്ലാം ഒന്നാന്തരം വ്യായാമങ്ങളാണ്. അത് ചെയ്യുന്നതിൽ ഒരു നാണക്കേടും ഇല്ല.'അധ്വാനം അഭിമാനകരം' എന്ന മുദ്രാവാക്യം ജീവിതത്തിൽ പ്രാവർത്തികമാക്കണം. നടപ്പ്, ഷട്ടിൽ കളി, നീന്തൽ എന്നിവ ഉചിതമാണ്. ഔട്ട്ഡോർ വ്യായാമങ്ങളാണ് മാനസികമായി കൂടുതൽ ഊർജ്ജം പകരുന്നത്. മദ്ധ്യവയസ്സിൽ കൂടുതൽ ഉള്ളവർ അമിതമായി വ്യായാമം ചെയ്യരുത്. നടപ്പ് വ്യായാമമുറയായി സ്വീകരിച്ചാൽ അത് 10 മിനിട്ടിൽ തുടങ്ങി ക്രമാനുഗതമായി വേഗവും ദൂരവും വർധിപ്പിച്ച് 45 മിനിട്ട് വരെയാകാം. ഗതാഗതം കൂടിയ ഇന്നത്തെ അവസ്ഥയിൽ 4-5 പേർ കൂടി ഒന്നുചേർന്ന് തുറസ്സായ സ്ഥലങ്ങളിൽ നടക്കുന്നതും കളിക്കുന്നതുമാണ് നല്ലത്. ഒറ്റയ്ക്ക് ഒരു റോഡിൽ കൂടി നടക്കുന്നതോ, ഓടുന്നതോ ഇന്നത്തെ അവസ്ഥയ്ക്ക് അത്രകണ്ട് യോജിക്കുന്നില്ല.

ആരോഗ്യപരിചരണം

പ്രായത്തിനൊപ്പം കൂട്ടുവരുന്ന രോഗങ്ങളെ അവഗണിക്കരുത്. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം എന്നിവയെല്ലാം നോക്കാൻ ഒരു കുടുംബ ഡോക്ടറോ, ജനറൽ ഫിസിഷ്യനോ വേണം. കൃത്യമായി അവരെ കണ്ട് ചാർട്ടുണ്ടാക്കി പോകണം. സ്പെഷലിസ്റ്റുകൾ ആവശ്യമുണ്ടെങ്കിൽ കുടുംബ ഡോക്ടർ പറയും. നോക്കുന്ന ഡോക്ടർ പറയുന്ന മരുന്നും, ചര്യകളും കൃത്യമായി ചിട്ടയോടെ ചെയ്യാൻ മടിക്കരുത്. പരസ്യങ്ങൾ കണ്ടോ മറ്റുള്ളവർ പറഞ്ഞോ ചികിത്സ ചെയ്യരുത്. അത്ഭുതരോഗശാന്തിയുടെ പിറകെയും ഓടരുത്. അങ്ങനെയൊക്കെ പോയാൽ അബദ്ധങ്ങളിലേക്കായിരിക്കും ചാടുക. ശാസ്ത്രീയമായ ചികിത്സ ചെയ്ത് പ്രാർത്ഥനയിൽ ആശ്രയിക്കണം. ശാസ്ത്രീയമായ ചികിത്സ മുടക്കി അത്ഭുതം പ്രതീക്ഷിക്കുന്നത് ദൈവത്തെ പരീക്ഷിക്കലായിരിക്കും. രോഗചികിത്സയുടെ പണം ഒരു സെന്ററിലേക്ക് ആകർഷിക്കുക എന്ന തന്ത്രമാണ് അത്ഭുതരോഗചികിത്സക്കാർ ലക്ഷ്യമിടുന്നത്.

കുടുംബബന്ധം

മുതിർന്ന പൗരത്വത്തിന്റെ പടിവാതിലിൽ നിൽക്കുമ്പോൾ ഏറ്റവും അധികം ശ്രദ്ധിക്കപ്പെടേണ്ടത് കുടുംബബന്ധങ്ങളിലാണ്. അതിൽ മുറിവുകളോ, അകൽച്ചയോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഉണക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മക്കളുടെയും കൊച്ചുമക്കളുടെയും, ബന്ധുക്കളുടെയും, അയൽപക്കക്കാരുടെയും സാന്നിദ്ധ്യം അനിവാര്യമായ കാലഘട്ടമാണ് വാർധക്യം. മരുമക്കളുമായും, കൊച്ചുമക്കളുമായും ഒക്കെ വാർധക്യകാലത്ത് ഉണ്ടാകുന്ന വൈകാരിക ഇഴയടുപ്പം ആണ് ഒറ്റപ്പെടുത്തലിൽനിന്ന് മുതിർന്നവരെ മാറ്റിയെടുക്കുന്നത്. ഇത്തരം അടുപ്പങ്ങൾ ഫലപ്രദമായ വാക്സിനേഷൻ ആയിരിക്കും.

ജീവിത സായാഹ്നത്തിലെ അനിവാര്യമായ ഏകാന്തതയെ ഇഷ്ടപ്പെടുവാനും ആസ്വദിക്കാനും പരിശീലനം അത്യന്താപേക്ഷിതമാണ്. ഇത് അമ്പത് വയസു മുതലെങ്കിലും ശീലിച്ച് തുടങ്ങണം. 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' എന്ന വിഖ്യാത നോവലിൽ ഗബ്രിയേൽ ഗാർഷ്യേ മർക്കോസിന്റെ കഥാപാത്രം പറയുന്ന കാര്യങ്ങൾ വാർധക്യകാലത്തെ പറ്റിയാണ്. മറ്റുള്ളവരുടെ അവഗണന മൂലം ഉണ്ടാകുന്ന ഒറ്റപ്പെടൽ അസഹ്യമാണ്. പക്ഷേ, സ്വയം വിരമിക്കുന്ന solitude, ശാന്തിയും സമാധാനവും നിറഞ്ഞ വാനപ്രസ്ഥത്തിന്റെയോ സന്യാസത്തിന്റെയോ ഭാവം നിറഞ്ഞതാകണം.

മക്കൾ പറക്കമുറ്റുമ്പോൾ പറന്നുപോകേണ്ടവരാണെന്ന ചിന്ത എപ്പോഴും വേണം. അങ്ങനെ വിചാരിച്ചാൽ "empty nest syndrome" എന്ന കിളിയൊഴിഞ്ഞ കൂടിന്റെ അവസ്ഥ വരാതിരിക്കും.

തന്റെ സുഹൃത്തുക്കളുടെയും കർമ്മ മേഖലയുടെയും സ്വാധീനത്തിൽപെട്ട് ഭർത്താവും തന്റേതായ താൽപര്യങ്ങളുടെയും കൊച്ചുമക്കളുടെയും ലോകത്തിലേക്ക് ഭാര്യയും അകന്നുപോയിട്ടുണ്ടെങ്കിൽ ആ അകൽച്ച പരിഹരിച്ചെടുക്കേണ്ടതും ഈ കാലയളവിന്റെ ആവശ്യമാണ്. പ്രണയത്തിന്റെ വൈകാരികതയും, ഊഷ്മളതയും 'എല്ലാ അർത്ഥത്തിലും' ആസ്വദിക്കാൻ ദമ്പതികൾക്കു കഴിയണം. "Old age has its pleasures, which though different are not less than the pleasures of youth" എന്ന് സോമർസെറ്റ് മോം പറയുന്നത് മേൽപ്പറഞ്ഞ രഹസ്യങ്ങളാണ്. ഉള്ളിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന സ്നേഹവും വാത്സല്യവും കരുതലുമൊക്കെ ജീവിതപങ്കാളിയോടും, മക്കളോടും, മരുമക്കളോടും ഒക്കെ പ്രകടിപ്പിക്കാൻ വാർധക്യകാലത്ത് കഴിഞ്ഞാൽ ജീവിതം അർത്ഥപൂർണ്ണവും സന്തോഷപ്രദവുമാവും.

കർമ്മോന്മുഖ ബൗദ്ധിക പ്രവർത്തനം

വാർദ്ധക്യത്തെ, പ്രത്യേകിച്ച് മേധാക്ഷയങ്ങളെ തടഞ്ഞു നിർത്താൻ ഒരു വ്യക്തിയുടെ പ്രവർത്തനോന്മുഖത ഒരു പരിധി വരെ സഹായിക്കും എന്നുള്ളതിന് ശാസ്ത്രീയ തെളിവുകൾ ഇന്നുണ്ട്. ഇത്തരം രോഗങ്ങൾ വന്നുകഴിഞ്ഞാൽ ഔഷധ ചികിത്സകൊണ്ട് ഭാഗികമായ പ്രയോജനം മാത്രമേ കിട്ടൂ. അതിനാൽ ഇവയുടെ തുടക്കത്തെ തടയാനും, താമസിപ്പിക്കാനും, മറവി രൂക്ഷമാകാതിരിക്കാനും ഒക്കെയുള്ള പ്രതിരോധ മാർഗ്ഗങ്ങളാണ് 50 കളിലും 60 കളിലും തുടങ്ങിവയ്ക്കേണ്ടത്.

തങ്ങളുടെ പ്രവർത്തനമേഖലകളിൽ 70 കളിലും 80 കളിലും മുഴുകിയിരിക്കുന്നവർക്ക് ശാരീരികവും മാനസികവുമായി മെച്ചപ്പെട്ട ആരോഗ്യം ഉണ്ട് എന്നതിന്റെ ജീവിക്കുന്ന അനേകം ഉദാഹരണങ്ങൾ നമ്മുടെ രാഷ്ട്രീയ, ആത്മീയ നേതൃത്വങ്ങളിൽ ഉണ്ട്. അതേസമയം തങ്ങളുടെ ഔദ്യോഗിക ജീവിതകാലത്ത് തിളങ്ങിനിന്ന പല വ്യക്തികളും റിട്ടയർമെൻരിനു ശേഷം ബുദ്ധിപരവും, ശാരീരികവുമായ പ്രവർത്തനങ്ങളിൽ നിന്നൊക്കെ പിൻവലിഞ്ഞ് വേഗം രോഗികളും മറവിക്കാരുമായി മാറിയതിന്റെ ഉദാഹരണങ്ങളും ധാരാളം ഉണ്ട്. 55-ാം വയസ്സിൽ പെൻഷൻ, ഇ.സി. ചെയറിൽ കിടന്നുള്ള വിശ്രമം, കൈയിൽ ഒരു പത്രം, താഴെയൊരു കോളാമ്പി, ഉച്ച ഊണ് കഴിഞ്ഞൊരുറക്കം, 60-ാം വയസ്സിൽ ശയ്യ, 70-ാം വയസ്സിൽ പെട്ടി എന്നതിലേക്ക് വേഗം എത്തുന്ന സ്ഥിതിയെപ്പറ്റി ഒന്ന് ആലോചിച്ചാട്ടെ.

ഔദ്യോഗികമായി വിരമിച്ചാലും, താൻ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തനമേഖലയിൽ പൊതുജനസേവനം, സന്നദ്ധ സേവകന്റെ മനോഭാവത്തോടെ തുടരുന്ന സംസ്കാരം നമ്മുടെയിടയിൽ വളരണം. 'വോളന്റിയറിസം' എന്ന പേരിൽ പാശ്ചാത്യനാടുകളിൽ നിലവിലുള്ള രീതിയുടെ ഏറ്റവും വലിയ ഗുണഭോക്താവ് ആ വ്യക്തി തന്നെയാണ്. 55 ലോ, 58 ലോ, 60 ലോ റിട്ടയർ ചെയ്യുന്നവരുടെ മനുഷ്യ വിഭവശേഷിയും സേവനതൽപരതയും ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള അവസരങ്ങൾ ഇടവകയിലെ ആത്മീയ സംഘടനകൾക്കുണ്ടാവണം. റിട്ടയർ ചെയ്ത ഒരധ്യാപകന്റെയോ, പത്രപ്രവർത്തകന്റെയോ, ഡോക്ടറുടെയോ, നഴ്സിന്റെയോ, റവന്യു വകുപ്പുദ്യോഗസ്ഥന്റെയോ, പോലീസ് സൂപ്രണ്ടിന്റെയോ, കലക്ടറുടെയോ സേവനസാധ്യതകൾ അതിവിപുലമാണ്. അതു പ്രയോജനപ്പെടുത്താൻ ഇടവകയിലെ ആത്മീയ സംഘടനകൾക്കും, പള്ളി മാനേജിങ്

കമ്മിറ്റികൾക്കും, വികാരിമാർക്കും കഴിയണം. പ്രവർത്തിക്കാതെ മാറി നിൽക്കുന്നവരെ സംഘടനാ ഭാരവാഹികളാക്കി പ്രവർത്തിക്കാൻ അവസരം കൊടുക്കണം. അവസരം കിട്ടിയാൽ പ്രവർത്തിക്കാത്തവരാരും ഉണ്ടാകില്ല.

വായന, എഴുത്ത്, ബുദ്ധിപരമായ ഗെയിമുകൾ എന്നിവയിൽ ഏർപ്പെടുന്നത് ഡെമൻഷ്യാ രോഗത്തെ തടയാൻ സഹായിക്കും എന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതേവരെ ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ചെയ്ത് ശീലിക്കുന്നത് (ഉദാ: വലംകൈ ഉള്ളവർ ഇടത്തേ കൈകൊണ്ട് സ്പൂൺ ഉപയോഗിച്ച് ഭക്ഷണം കഴിക്കുക, പടം വരച്ച് ശീലം ഇല്ലാത്തവർ പടം വരയ്ക്കുക, പദപ്രശ്നം പൂരിപ്പിക്കുക) തുടങ്ങിയവ തലച്ചോറിലെ കോശങ്ങളെ വികസിപ്പിക്കുകയും ഉത്തേജിപ്പിക്കയും ചെയ്യുന്നത് പ്രായമാകുമ്പോഴുള്ള മേധാശക്തി വർധിപ്പിക്കുമെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

പഴയ സൗഹൃദങ്ങൾ നിലനിർത്താനായി പഠിച്ച കാലത്തെ കൂട്ടുകാരെയും ബന്ധുക്കളെയും സ്നേഹിതരെയും ഫോണിൽ ബന്ധപ്പെടുകയും സൗഹൃദം പുതുക്കുകും ചെയ്യണം. ചെറുപ്പക്കാരുടെ പരിചയവും കൂട്ടായ്മയും വർധിപ്പിക്കുക, ഇതൊക്കെ തലച്ചോറിന്റെ യൗവനത്തെ നിലനിർത്തും. പൂർവ്വകാല ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകൾ നിലനിർത്താനും, പങ്കുവയ്ക്കാനും ഉതകുന്ന സൗഹൃദ കൂട്ടയ്മകൾ വളർത്തുന്നത് ആസ്വാദ്യകരമായിരിക്കും. പഴയ ആൽബങ്ങൾ, ഫോട്ടോകൾ, രേഖകൾ എന്നിവ സൂക്ഷിച്ചു വയ്ക്കുകയും അവയൊക്കെ ഇടയ്ക്ക് നോക്കി ആസ്വദിക്കുകയും ഓർമ്മകളെ മായാതെ സൂക്ഷിക്കുകയും ചെയ്യുന്നത് പുതുജീവൻ നൽകും. മുമ്പു ജോലി ചെയ്യുകയും, താമസിക്കുകയും ചെയ്ത സ്ഥലങ്ങളിൽ പോയി അവിടെയുള്ളവരെ കാണുന്നതും മുതിർന്നവരുടെ ചിന്താശക്തിയെയും തലച്ചോറിനെയും പോഷിപ്പിക്കും.

സമകാലീനസംഭവങ്ങളെപ്പറ്റിയും പ്രശ്നങ്ങളെപ്പറ്റിയും സംഭാഷണങ്ങളിലും ചർച്ചകളിലും പങ്കെടുക്കുന്നത് സമീപസ്ഥ സ്മരണയെ സജീവമാക്കും.

നിഷ്ഠകൾ ശീലിക്കണം

മനുഷ്യശരീരം പ്രവർത്തിക്കുന്നത് 24 മണിക്കൂറിന്റെ ഒരു ചാക്രിക വ്യവസ്ഥയിലാണ്. 7 ദിവസം, 30 ദിവസം, 12 മാസം, 365 ദിവസം എന്നിവയെല്ലാം ചാക്രികമായി ആവർത്തിക്കപ്പെടുന്നത് മസ്തിഷ്ക പ്രവർത്തനങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. പ്രകൃതി നിശ്ചയിച്ചിരിക്കുന്ന ഈ താളക്രമത്തിനു ഭംഗം വരാതെ നോക്കണം. താളക്രമത്തിന് ഭംഗം സംഭവിച്ചിട്ടുണ്ടെങ്കിൽ താളത്തിനൊപ്പിച്ച് ആക്കി എടുക്കാൻ ഈ പ്രായത്തിൽ കഴിയണം.

നിശ്ചിതസമയത്ത് ഉറങ്ങുക, നിശ്ചിത സമയത്ത് ഉണരുക, 6 മണിക്കൂറെങ്കിലും ഇടയ്ക്കുണരാതെ ഉറങ്ങുക എന്നിങ്ങനെയുള്ള നിദ്രാശുചിത്വം പാലിക്കാൻ ശ്രദ്ധിക്കണം. പ്രഭാതസൂര്യന്റെ രശ്മികൾ ശരീരത്തിൽ പതിയുന്നത് തലച്ചോറിനെഉദ്ദീപിപ്പിക്കും. ഉച്ചയുറക്കം ഒഴിവാക്കണം. രാത്രിയിൽ കട്ടിലിൽ കിടന്ന് ടി.വി. കാണരുത്. നിശ്ചിത സമയത്തുള്ളകുളി, ശൗചം, ഭക്ഷണം, പ്രാർത്ഥന, കർമ്മാനുഷ്ഠാനങ്ങൾ എന്നിവ ശീലിക്കുന്നത് വാർധക്യത്തിൽ നല്ലതു തന്നെ.

ലൗകിക ക്രമപ്പെടുത്തൽ

60 വയസ്സാകുമ്പോൾ ഭാവിയിലേക്കുള്ള സാമ്പത്തിക ക്രമീകരണങ്ങളെപ്പറ്റി ചിന്തിക്കണം. അതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കണം. വസ്തുവിഭജനം, വിൽപത്രം, ആരോഗ്യപരിചരണം ഇതേപ്പറ്റിയൊക്കെ ചിന്തിച്ച് പരിഹാരമാർഗ്ഗങ്ങളുണ്ടാക്കണം. അപ്പനും, അമ്മയും ആരോഗ്യത്തോടെ ഇരിക്കുന്ന കാലത്തു തന്നെ ഇക്കാര്യത്തെപ്പറ്റി ആരോഗ്യകരമായ തുറന്ന ചർച്ചകൾ നടത്തി തീരുമാനത്തിലെത്തണം. അപ്പനെയും അമ്മയെയും പരിചരിക്കുന്ന കാര്യം വരെ മക്കളുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു തീരുമാനിക്കണം. മക്കൾ നോക്കുമോ എന്നു കരുതി അവസാനം വരെ കാത്തിരിക്കാൻ അപ്പനും അമ്മയും തയ്യാറാകരുത്. ഉണ്ടാകേണ്ട നിബന്ധനകളെപ്പറ്റി മക്കളുടെയും, മരുമക്കളുടെയും, കൊച്ചുമക്കളുടെയും സാന്നിദ്ധ്യത്തിൽ സുതാര്യമായ ആശയവിനിമയവും, വ്യക്തമായ തീരുമാനങ്ങളും ഉണ്ടാകണം. അതിനു വേണ്ട മുൻകൈ അപ്പനും അമ്മയും ചേർന്നെടുക്കണം. അപ്പൻ ഉള്ളകാലത്ത് കഴിഞ്ഞില്ലെങ്കിൽ അമ്മതന്നെ മുൻകൈയെടുക്കണം. അവസാനനിമിഷംവരെ എല്ലാം കെട്ടിപ്പിടിച്ചുവച്ച് മക്കൾക്ക് സ്വാതന്ത്ര്യം കൊടുക്കാതെ കുടുംബാന്തരീക്ഷത്തിൽ അശാന്തിയും കാർമേഘവും ഉണ്ടാക്കരുത്. ഇളംതലമുറയെ ഒരിക്കലും വെറുപ്പിക്കരുത്. ഇക്കാര്യത്തിന് ആവശ്യത്തിനു നിയമബോധവും, നിയമസഹായവും ലഭ്യമാക്കാൻ നടപടികളെടുത്തിരിക്കണം.

വിവാഹിതരായ മക്കൾ കൂടെ താമസിക്കുമ്പോൾ സന്തോഷത്തിനു പകരം പ്രയാസം ഉണ്ടാകുന്ന അവസ്ഥയുണ്ടായാൽ അവർക്ക് മാറിത്താമസിക്കാനുള്ള അനുവാദവും പിന്തുണയും കൊടുക്കാനുള്ള വിവേകം മാതാപിതാക്കൾക്കുണ്ടാവണം. ഒരു മേൽക്കൂരയ്ക്കു താഴെ നീരസപ്പെട്ടു കഴിയുന്നതിലും എത്രയോ ഭേദമാണ് അൽപം വേറിട്ട് സന്തോഷത്തോടെ ജീവിക്കുന്നത്. മാറിയ കാലത്ത് പണ്ടത്തേതിലും സ്വാർത്ഥത ഏറിയിട്ടുണ്ടെന്നും കൂടുതൽ സ്വകാര്യത മക്കൾ ആഗ്രഹിക്കുന്നുവെന്നും ഉള്ള യാഥാർത്ഥ്യം മുതിർന്നവർ മനസ്സിലാക്കണം.

ആത്മീയ ഒരുക്കം

ജീവിതാന്ത്യത്തിനായി ഏതു നിമിഷവും ഒരു വിശ്വാസി ഒരുങ്ങിയിരിക്കണമെന്നുണ്ടെങ്കിലും ഒരുക്കം ഏറ്റവും ജാഗ്രതയോടെ ചെയ്യേണ്ടത് ജീവിതസായാഹ്നത്തിലാണ്. ഗാർഹസ്ഥ്യം കഴിഞ്ഞ് വാനപ്രസ്ഥവും പിന്നീട് സന്യാസവും എന്ന ഭാരതീയ സങ്കല്പം അർത്ഥസമ്പുഷ്ടമാണ്. ജീവിതത്തിൽ സജീവമായിരിക്കുകയും അതേസമയം അതിനോടു നിഷ്കാമമായ മനോഭാവം വളർത്തിയെടുക്കുകയും ചെയ്യുക എന്ന ഉന്നതമായ അവസ്ഥയിൽ എത്തിച്ചേരാൻ കഴിയണം. ഉദാത്തമായ ഈ ആത്മീയ ഔന്നത്യം പ്രാപിക്കണമെങ്കിൽ അചഞ്ചലമായ ദൈവാശ്രയം വേണം. ആധ്യാത്മികതയിൽ അടിസ്ഥാനമിട്ട ഒരു ജീവിത തത്വശാസ്ത്രം ഓരോ വ്യക്തിയും തന്റെ ജീവിത സായാഹ്നകാലത്ത് രൂപപ്പെടുത്തി എടുക്കേണ്ടതാണ്. ജീവിതത്തിന്റെ നശ്വരതയും, ആത്മാവിന്റെ അനശ്വരതയും ഈ ലോകത്തിലെ മദമാത്സര്യങ്ങളുടെ അർത്ഥശൂന്യതയും, ഈ ലോകത്തിനപ്പുറമുള്ള ദൈവികതയിലേക്ക് എത്തിച്ചേരാനുള്ള അഭിവാഞ്ചയും എല്ലാ മനുഷ്യരെയും തന്റെ സ്രഷ്ടാവിനോട് അടുപ്പിക്കുന്നു. നിശ്ചിത ക്രമമനുസരിച്ചുള്ള പ്രാർത്ഥനയും പള്ളിയിൽ പോക്കും, കൺവൻഷനിൽ പങ്കെടുക്കലും, പള്ളിയുടെ പ്രവർത്തനങ്ങളിൽ മുഴുകുന്നതും ദശാംശം കൃത്യമായി കൊടുക്കുന്നതും പള്ളിക്കു പണം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങളുമെല്ലാം മുതിർന്നർക്കു മനഃസന്തോഷം നൽകും. എൽഡേഴ്സ് ഫോറത്തിന്റെ പ്രവർത്തനം വിപുലമാക്കി സമാധാനജീവിതവും പള്ളിവീടുണ്ടാക്കലും, അവിടത്തെ ഒന്നിച്ചുകൂടലുമെല്ലാം മുതിർന്നവർക്കു നല്ലതാണ്.

മുൻനിർദ്ദേശങ്ങൾ

സ്വന്തം ജീവിതാന്ത്യവും മറ്റു കർമ്മങ്ങളും സംബന്ധിച്ചും ചികിത്സയെപ്പറ്റിയും മുതിർന്നവർ വീട്ടിലെ യുവസമൂഹവുമായി ചർച്ചകൾ നടത്തി തീരുമാനങ്ങളെടുത്ത് അവ ആവശ്യമെങ്കിൽ രേഖപ്പെടുത്തണം. അവരുടെ തീരുമാനങ്ങൾ കഴിയുന്നിടത്തോളം പാലിക്കാൻ മക്കൾക്കു കഴിയണം. തീരുമാനങ്ങൾ ധാർമികതയുടെയും പ്രായോഗികതയുടെയും അതിർവരമ്പുകൾ ലംഘിക്കാതിരിക്കാൻ മുതിർന്നവരും മക്കളും ശ്രദ്ധിക്കണം.

ജീവിതസായാഹ്നത്തിലെ മാനസികാവസ്ഥകളെപ്പറ്റി ഗൗരവപൂർണ്ണമായ പഠനത്തിന് ആദ്യമായി വിധേയമാക്കിയത് എറിക് എറിക്സൺ എന്ന മനഃസാസ്ത്രജ്ഞനാണ്. മനുഷ്യായുസ്സിനെഎട്ടായി തിരിച്ച് ജനനം മുതൽ മരണം വരെ മനുഷ്യന് മാനസികമായ ഔന്നത്യം പ്രാപിക്കാൻ പ്രാപ്തിയും സാധ്യതയും ഉണ്ടെന്ന് അദ്ദേഹം നിരീക്ഷിച്ചു. മനുഷ്യ ആയുസിനെഎട്ടു ഘട്ടങ്ങളായി എറിക് എറിക്സൺ വിഭജിച്ചു. കൗമാരപ്രായത്തിന്റെ അവസാനത്തോടെ മനുഷ്യന്റെ വ്യക്തിത്വ വികാസം അവസാനിക്കും എന്ന ഫ്രോയിഡിന്റെ തത്വത്തെ എറിക്സൺ കാറ്റിൽ പറത്തി. അഷ്ടഘട്ടത്തിൽ അവസാനത്തേത് 60-ാം വയസ്സിൽ തുടങ്ങുകയും മരണത്തോടെ സമാപിക്കുകയും ചെയ്യുമെന്നാണ് എറിക് എറിക്സന്റെ തിയറി പഠിപ്പിച്ചത്. ചുരം കയറിപ്പോയി മലമുകളിൽ എത്തിയ ഒരു വാഹനം നിർത്തിയിട്ട് സഞ്ചാരി പുറത്തിറങ്ങി നാടുകാണിയിൽനിന്ന് താഴേക്കു നോക്കുന്നു. ആത്മീയ ഔന്നത്യം പ്രാപിക്കാനുള്ള ധ്യാനങ്ങളും നോമ്പുകളും വായനകളും ഈ ജീവിതകാലഘട്ടത്തിൽ വ്യക്തികൾക്കു വലിയ വളർച്ച പ്രദാനം ചെയ്യും. ഈ വളർച്ച ഉണ്ടാകാത്തപക്ഷം ജീവിതം അർത്ഥശൂന്യമായും നിരാശാജനകമായും ഒരുവന് അനുഭവപ്പെട്ടേക്കാം.

'എന്തുകൊണ്ട്' എന്ന ചോദ്യത്തിന് ഉത്തരം പറയാൻ യുക്തിക്കോ ശാസ്ത്രത്തിനോ പലപ്പോഴും കഴിയാറില്ല. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ "എന്തുകൊണ്ട്" എന്ന് നാം ചോദിക്കുന്നു. അതിനുള്ള സമാധാനം ദൈവാശ്രയത്തിൽനിന്ന് മാത്രമേ ലഭിക്കൂ. ആ ഉത്തരം കിട്ടുന്നവന് മാത്രമേ ജീവിതത്തിലെ 'എങ്ങനെ'കളെ അഭിമുഖീകരിക്കാൻ കഴിയൂ എന്നാണ് വിക്ടർ ഫ്രാങ്കൽ പറയുന്നത്.

തിരുവചനങ്ങളിലും, കൂദാശകളിലും ജീവിതത്തെ അടിസ്ഥാനപ്പെടുത്തി മുമ്പോട്ടുപോകാൻ ജീവിതസന്ധ്യയോടടുക്കുന്ന കാലഘട്ടത്തിൽ ശീലിച്ചാൽ ആരോഗ്യകരമായ വാർദ്ധക്യകാല പ്രവേശനത്തിന് സഹായകമാകുന്ന ഏറ്റവും നല്ല വഴിയൊരുക്കവും മുന്നൊരുക്കവും ആയിരിക്കും എന്നത് സത്യമാണ്. അതിനു മാറ്റം ഇല്ല.

റോബർട്ട് ബ്രൗണിങ് ഇങ്ങനെ പറയുന്നു. "പ്രായമെനിക്കേറിടുന്നതറിയുന്നു ഞാൻ, ഇനി വരാനിരിക്കുന്നതേറെ മെച്ചം" ഇതോടൊപ്പം ചേർന്ന് പാടി ജീവിത സായാഹ്നത്തെ ഹാർദ്ദവമായി സ്വാഗതം ചെയ്യാം. മറക്കാതിരിക്കാം. "The last of life for which the first was made''

ജീവിതസായാഹ്നം തളിരിട്ട് പച്ചപിടിപ്പിക്കാനുള്ള ശ്രമമാണ് ഓരോ മുതിർന്ന പൗരനിൽനിന്നുണ്ടാകേണ്ടത്. പിൻതലമുറക്കാർ മുതിർന്നവർക്ക് താങ്ങും തണലുമാകാൻ ശ്രമിക്കണം. GM

IDEAL PARENTING- AN ORTHODOX CHRISTIAN PERSPECTIVE

▪ Metropolitan Dr. Abraham Mar Seraphim

Problem in the parent-child relationship

Our Children are lacking the presence of parents because of the busy life and the demands of work on both parents. A typical day for these parents starts before the children rise, with a hurried breakfast followed by a tedious trip to the office, either by commuter train or bus or by a tense and frustrating drive on a crowded road. They may arrive home, work from work and a tiresome commute, so late. They are not in mood for family prayer and a leisurely family dinner of sharing daily experiences. It limits the quality time spent with children and the guidance of that parents are expected to provide. The impact of this phenomenon on the parent-child relationship is huge and negative. This affects the personality development of the child.

Those who become successful in life have come from homes where parental attitudes towards them were favorable and where a wholesome relationship existed between them and their parents. A wholesome relationship between parents and children produce happy, friendly children who are constructive and affectionate members of the group.

The word parenthood implies its heavy obligations as well as its rich joys because it involves their participation in the continuing creative work of God. The couple by using God-given powers of creation brings a child into the world. The mission of parents is not ended with the generation of life but is prolonged in the care given to the child. The transmission of human life in a way adequate to its dignity demands the prolonged love and protection of the family.

> "Children are more important than our careers and salary packages"

Both parents are responsible to God to properly expose their children to spiritual training. The father and mother should help ground the child in firm understanding of God's character and also in the relationship God wants to have with his people in general, the church and society.

Through the family, children are introduced into the Church. A truly Christian family is therefore vital for the life and development of God's people. By praying with their children, by reading the word of God with them, and by introducing them deeply through Christian initiation into the Body of Christ, both the Eucharistic and ecclesiastical body, the parents fulfill the responsibility as the workers of God.

Parents are the most powerful force in a child's life, in every way. Genetics determines the child's physical characteristics, of course, but what the parents do and how the parents do it, the parents attitudes and viewpoints, will influence how the child views people, events and the world as it is and can be. What the parent does or does not do will leave an impression. How much the parents are there or not there will be remembered. The interaction will serve as a framework for how the child goes about the business of living.

What the children of the Diaspora[1] lack is the presence of their parents. Children do not get their parents love through hugging, smiling and talking.

The Focal Theological Issues

According to the Bible and the Tradition of the Church, marriage and the family are ordered to the good of the spouses and to the procreation and formation of children. Family is an institution instituted by God. A man and a woman united in marriage, together with their children, form a family.

The foundational theological understanding of the family and parenting can be titled in the following ways:

1. Family – A Reflection of Holy Trinity

An ideal family, like the blessed Trinity, is a unity in trinity and a trinity in unity. There is neither selfishness nor jealousy in any member of perfect home as all live for others and all resources are shared for the common benefit and the benefit of each other. The Triune God is a sharing God. When sharing is perfect, it leads to unity.

Trinitarian theology says that Father is perfect love, the Son is perfect love and the Holy Spirit is perfect love and yet there are no three loves, but only one love. So perfection is, when every family on earth is brought to the family of God, the Holy Trinity. Human nature mirrors divine nature. A family is made to reflect not only the unity of the trinity but also the union o f the three persons. Microdiakonia of a family is the best example of Trinitarian diakonia.[2] The father and the mother serve each without any sense of superiority of inferiority. Both serve and minister to the need of the child without any payment.

The nature and being of God is love. Love is the self-communication of the good. It is the power of good to go out of itself, to enter into the being, to participate in other being, and to give itself for the other being. Love wants to live and to give life. It wants to open up the freedom to live. That is why love is self-communication of the good without self-renunciation, and the self-giving of the good without self-dissolution. The loving person enters entirely into the other who he loves, but in that other he is entirely himself. In this way, the perfection of love is more deeply experienced in the best family. Our heavenly Father's perfection is in Himself as He has the Son to love and to be loved and the Holy Spirit to share the love of the Father and the Son as the bond of love. The perfection of His love is also in the Trinitarian existence. In a happy family there is happiness in totality and in each of the three units (i.e. Father, Mother and Child).

The absence of the parents in the family damages the Trinitarian aspect of love and sharing and that damages the parent-child relationship.

2. Procreation: Participation in God's Creativity:

The purpose and meaning of the union of man and woman is not limited to the reciprocal and mutual completion. The

1. *A community settled far from their permanent home.*
2. *call to serve the poor and oppressed / social christianity*

aim of their bond goes beyond this. It is to bring forth children like themselves and so carry the flow of life on further. God blessed the first man and woman saying, be fruitful and multiply and fill the earth. Here the purpose of man and woman is expressed, to be fruitful and to multiply, which is given as a blessing not a command. The words express a mandate and a blessing. God charges man and woman to multiply, for by this means the plan of the Creator is to be continued and the work of the creation unfolded.

The word parenthood implies its heavy obligations as well as its rich joys because it involves their participation in the continuing creative work of God. The couple by using God-given powers of creation brings a child into the world.

3. Parenting: Extension of Divine Caring

The orientation of marriage to the good of children is a truth taught by the Holy Scripture. It confers on the spouse the honor of becoming co-operation with God and embraces a twofold aspect: the procreation and caring of children. The mission of parents is not ended with the generation of life but is prolonged in the care given to the child. The transmission of human life in a way adequate to its dignity demands the prolonged love and protection of the family.

Parents need to prioritize their family time into their idea of success

Parenting is an important part of the on-going creation of the world. Two cultural emphases positively assist a deeper realization of Christian Parenting today. First, there is a greater valuing of interpersonal life, and second, increased attention directed towards the developmental stages of life. The parent-child relationship is clearly both interpersonal and developmental.

4. Family: Miniature of the Society

The family is the original cell of social life. It is the natural society in which husband and wife are called to give themselves in love and in the gift of life. Authority, stability, and a life of relationship within the family constitute the foundations for freedom, security, and fraternity within society. The family is the community in which, from childhood, one can learn moral values, begin to honor God, and make good use of freedom. Family life is an initiation into life in society. The relationship within the family brings an affinity of feelings, affections and interests, arising above all from the member respect for one another. The family is a privileged community called to achieve a sharing of thoughts and common deliberation by the spouses as well as their eager cooperation as parents in the children's upbringing. People from this kind of families will make the society better.

Suggestions

Some families definitely lack the resources to cope with many of the crisis situations they face. For many it involves considerable turmoil and personal crisis. What is desired is to be able to know what to do about them.

Parents are responsible for the spiritual upbringing of their children

In order to develop healthy and happy children in the context of Diaspora, there is the need to integrate the family life, the work/social life, and the spiritual life into one. To accomplish this goal, all aspects of the individual's life must be considered and brought into line with this idea. To start on this journey, please consider the following points as they relate, or can be made to relate, to your life:

1. Healthy food on time
2. Positive and steady emotional care, that is of unconditional love and its expression
3. Disciplined lifestyle.
4. Enabling the child to relate to her/his siblings with love, cooperation and forgiveness and extending such a relationship to society at large.
5. Exercise, play and relaxation-involvement of parents is important.
6. Sex education, as much as a child can understand positively. If this is not done, the child may get wrong information from outside.
7. Daily family prayer and practice of spirituality.
8. Teaching the value system of respect for elders, especially to parents and grandparents.
9. Building self-identity, with a strong sense of right and wrong, justice and injustice, so that a child can say no to any kind of negative demand from anyone.
10. Teach social skills to deal with different kinds of persons.
11. Quality time with children.

In order to achieve these goals, certain important changes can be suggested.

Firstly, there must be a change in the parents' view of life. Keralites currently view life in terms of material possessions, big houses, expensive cars, gold ornaments, and costly clothing. This in itself is not a problem until it interferes with the parent-child relationship. When parents sacrifice their family time to pursue the accumulation of wealth beyond a basic level, it becomes a problem. The parents need to prioritize their family time into their idea of success.

Secondly, there must be a change in the parents view of work. In the Kerala culture, men do not help with domestic responsibilities. If they can share the domestic responsibilities with their wives, there can be more quality time at home between the parents and children. Also, for husbands with low wages, if they could take on an even larger share of the household work, this would allow the women to work more to provide for the family and still allow for more quality time at home when the wife returns. I am not going so far to suggest that men stay home in some cases, however, because this may be emotionally unacceptable in the individual's personal sense of responsibility to the family, and the psychological consequences of this action need further investigation.

Thirdly when choosing a job, all parents should consider the distance of the workplace from home. After a long commute home, parents would be tired and frustrated from a long travel and have less energy at home with their family. By working closer to home (or even from home occasionally if possible), the parent saves 2-3 hours a day in travel time and makes the time they have at home better quality time.

Finally, an important resource that Keralite parents in Diaspora are not taking advantage of are their parents. Involvement of the grandparents in the lives of the children makes tremendous changes in the attitude and behavior of the children. These children are more active in the church, there is stronger family prayer in these houses, and the children are more respectful to others, to name a few of the evident benefits. GM

Dr. Abraham Mar Seraphim is the Metropolitan of the Bangalore Diocese of Orthodox Church.

പഞ്ചായത്തു മെമ്പർ ഉമ്മട്ടി പണിക്കരും മലങ്കര സഭാ സമാധാനവും

■ ഡോ. എം. കുര്യൻ തോമസ്

മലബാറിലുള്ള കോറോം പള്ളിയുടെ ഭൂമി വീതം വെച്ച് അവിടെ സമാധാനമുണ്ടാക്കി എന്നൊരു പത്രവാർത്തയും അതിനു പിന്നാലെയുള്ള പ്രതികരണങ്ങളുമാണ് ഇത്തരമൊരു കുറിപ്പെഴുതാൻ പ്രേരണയായത്. ഏതാനും വ്യക്തികൾ കുറച്ചു വർഷങ്ങളായി മലങ്കര സഭാ സമാധാനത്തിന് ഏറ്റവും മികച്ച (ഏക) മാർഗ്ഗം എന്ന നിലയിൽ പ്രചരിപ്പിക്കുന്ന വിഭജനത്തിന്റെ *മലബാർ മോഡലി*ന്റെ അവസാനവിജയമാണ് കോറോം എന്ന രീതിയിലാണ് മാധ്യമശ്രദ്ധ കിട്ടുന്ന ഈ പ്രചരണ കോലാഹലം നടക്കുന്നത്. കോറോം വിഭജനത്തിന്റെ നിയമ സാധുതതന്നെ സംശയാസ്പദമായ സാഹചര്യത്തിലാണ് ഇതെന്നു കൂടി ചിന്തിക്കണം.

വിഭജനംകൊണ്ടു സമാധാനം ഉണ്ടാകുമോ?

വിഭജനം ലോകത്തെവിടെയെങ്കിലും സമാധാനം കൊണ്ടുവന്നിട്ടുണ്ടോ എന്ന ചോദ്യത്തിന് ഒറ്റവാക്കിൽ *ഇല്ല* എന്നുത്തരം പറയാം. ഗഹനമായ ചരിത്ര ഗവേഷണം നടത്തിയാലും *ഇല്ല* എന്ന ഉത്തരത്തിന് മാറ്റമുണ്ടാകയില്ല. എത്ര ഉദാഹരണം വേണമെങ്കിലും ഇതിനു തെളിവായി ചൂണ്ടിക്കാട്ടാം.

ലോകം ഭീതിയുടെ മുൾമുനയിൽ നിൽക്കുന്ന അവസരത്തിലാണ് ഈ കുറിപ്പ് എഴുതുന്നത്. ചരിത്ര - ഭൂമിശാസ്ത്ര - നരവംശപരമായി ഒന്നായിരുന്ന ഉത്തര - ദക്ഷിണ കൊറിയകൾ ഇന്ന് ആണവ പോർമുനകൾ തൊടുത്ത് പരസ്പരം പല്ലിളിച്ചുകാട്ടി നിൽക്കുകയാണ്. സഹോദരന്മാർ തമ്മിലുള്ള ഈ പോരാട്ടം യാഥാർത്ഥ്യമായാൽ നാശം അവർക്കു മാത്രമല്ല ലോകത്തിനു മുഴുവനാണെന്ന് ഇന്നു ലോകം തിരിച്ചറിയുന്നു. കൊറിയയെ വിഭജിച്ചതിലെ പങ്കുകാർ ഒന്നുമറിയാത്ത ഭാവത്തിൽ പുറം തിരിഞ്ഞു നിൽക്കുന്നു.

സമീപകാല ലോക ചരിത്രത്തിൽ പ്രശസ്തമായ വിഭജനങ്ങളിൽ ഒന്നെങ്കിലും സമാധാനമൊ സമൃദ്ധിയോ പ്രദാനം ചെയ്തിട്ടുണ്ടോ? ജർമ്മനി, യമൻ, വിയറ്റ്നാം എന്നിങ്ങനെ രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം വിഭജിക്കപ്പെട്ട ഒരൊറ്റ രാജ്യമെങ്കിലും യഥാർത്ഥ സമാധാനമോ വികസനമോ അനുഭവിച്ചിട്ടുണ്ടോ? ഇവയൊക്കെ പുനഃസംയോജനം എന്ന പ്രക്രിയക്കു ശേഷമല്ലേ യഥാർത്ഥ സമാധാനവും വികസനവും അനുഭവിച്ചത്? പരസഹായം കൂടാതെ ആർക്കും പരിശോധിക്കാവുന്ന വസ്തുതകളാണിവ.

ഇരു വിഭാഗത്തെയും യോജിപ്പിച്ച് സമാധാനമുണ്ടാക്കാനാണ് ശ്രമിക്കേണ്ടത്

ആഭ്യന്തര യുദ്ധത്തിൽ മുഴുകിയപ്പോൾ വിഭജനത്തിലൂടെ സമാധാനം കൈവരും എന്നു ലോകം കരുതിയ ഇന്തോനേഷ്യ - കിഴക്കൻ ടിമൂർ, സുഡാൻ - ദക്ഷിണ സുഡാൻ വിഭജനങ്ങൾ എന്തു നേടി എന്നു ചിന്തിക്കണം. ഒന്നും നേടിയില്ല എന്നതാണ് വാസ്തവം. കമ്യൂണിസത്തിൽ നിന്നും മോചിതമായ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ അമീബ പോലെ വിഭജിച്ചുപിരിഞ്ഞ് തമ്മിൽ തല്ലി നശിക്കുമ്പോൾ സോവ്യറ്റ് യൂണിയന്റെ തകർച്ചയോടെ സ്വാതന്ത്ര്യം പ്രാപിച്ച അതിലെ ഘടക രാജ്യങ്ങൾ *റഷ്യൻ ഫെഡറേഷൻ* രൂപീകരിച്ച് തങ്ങളുടെ പഴയ ശക്തി ഒരു പരിധിവരെയെങ്കിലും നിലനിർത്തുന്നു.

***വിഭജിച്ചു ഭരിക്കുക* എന്നത് അധിനിവേശ ശക്തികളുടെ എക്കാലത്തേയും മികച്ച ആയുധമാണ്. ലോകത്തിലെ വിഭജനങ്ങൾ എല്ലാം തന്നെ അധിനിവേശ ശക്തികളുടെ സൃഷ്ടിയുമാണ്.** അത്തരം വിഭജനങ്ങൾ ഭൂമിശാസ്ത്രപരമോ, മതപരമോ, വംശീയമോ ആകാം. ബ്രിട്ടീഷുകാർ ബംഗാൾ വിഭജിച്ചത് രാഷ്ട്രീയമായാണ്. പക്ഷേ അത് ആത്യന്തികമായി മതപരമായി. ഫലം ഭീകരവും. പക്ഷേ ബ്രിട്ടീഷുകാർ ലക്ഷ്യം നേടി. ഇന്ത്യാക്കാരെ മതത്തിന്റെ പേരിൽ തമ്മിൽ തല്ലിക്കുന്നതിൽ അവർ വിജയിച്ചു. 1947-ലെ ഇന്ത്യാ വിഭജനത്തിന്റെ പോലും അടിസ്ഥാനകാരണം അതിന് ഏതാനും ദശാബ്ദങ്ങൾക്കുമുമ്പ് നടന്ന ബംഗാൾ വിഭജനമാണെന്നു ചിന്തിക്കുന്നവരുണ്ട്.

1956-ൽ ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചപ്പോൾ കന്യാകുമാരി ജില്ല തിരു-കൊച്ചിയിൽ നിന്നും വേർപെടുത്തി തമിഴ്നാട്ടിൽ ചേർത്തു. നൂറ്റാണ്ടുകളായി വൈജാത്യങ്ങളില്ലാതെ സഹവാസം ചെയ്ത നാഞ്ചിനാട്ടിലെ തമിഴ്-മലയാളം വംശജരെ ഭാഷാപരമായി വേർതിരിച്ചു എന്നതായിരുന്നു ഇതിന്റെ ഫലം. ഈ പിളർപ്പ് കന്യാകുമാരി ജില്ലയിൽ പിന്നീട് രാഷ്ട്രീയ-മത-ജാതി മേഖലകളിലും വ്യാപിച്ചു എന്നത് അതിന്റെ വർത്തമാനകാല യാഥാർത്ഥ്യവും.

1947-ലെ ഇന്ത്യാ വിഭജനമാണ് പിന്നീടുണ്ടായ പാകിസ്ഥാന്റെ ആക്രമണത്തിനും കാഷ്മീരിന്റെ വിഭജനത്തിനും കാരണമായത്. *അധിനിവേശ കാഷ്മീർ* ഇന്ന് ഇരു രാജ്യങ്ങളുടെയും ചോരയും നീരുമൂറ്റുന്ന പ്രശ്നമായി നിലനിൽക്കുന്നു. അസംഭവ്യമെങ്കിലും അധിനിവേശ കാഷ്മീർ പാകിസ്ഥാന് ഇന്ത്യ വിട്ടുകൊടുത്താൽപോലും ഇന്ത്യാ-പാക് പ്രശ്നം അവസാനിക്കില്ല. കാരണം 1947-ലെ വിഭജനം ഉണ്ടാക്കിയ മുറിവ് അത്ര അഗാധമാണ്.

1947-ൽ ഇന്ത്യ വിഭജിച്ചത് മത അടിസ്ഥാനത്തിലാണെങ്കിൽ ആ വിഭജനത്തിനു മുൻകൈയ്യെടുത്ത പാകിസ്ഥാന് പിന്നീട് സ്വന്തം വിഭജനപ്രക്രിയയ്ക്ക് തടയിടാനായില്ല. വംശീയ അടിസ്ഥാനത്തിൽ 1972-ൽ പാകിസ്ഥാനിൽനിന്ന് ബംഗ്ലാദേശ് സ്വതന്ത്രമായി. അവശിഷ്ട പാകിസ്ഥാൻ ഇന്ന് രാഷ്ട്രീയ കെട്ടുറപ്പില്ലാത്ത ഒരു ഭൂവിഭാഗമാണെന്നത് പരസ്യമായ രഹസ്യമാണ്. രാജ്യത്തിന്റെ പല ഭാഗങ്ങളിലും പാകിസ്ഥാന് നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു. **ഒരിക്കൽ ആരംഭിക്കുന്ന വിഭജനം - അത് എന്തു കാരണത്താലും മാനദണ്ഡത്തിലുമായാലും - അവസ്ഥാന്തരം വന്ന് പിന്നീടൊരിക്കലും അവസാനിക്കാതെ തുടർന്നുകൊണ്ടിരിക്കും** എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് പാകിസ്ഥാൻ.

എന്നാൽ ബലം പ്രയോഗിച്ചാണെങ്കിലും വിഭജനത്തിനു തടയിട്ടാൽ ഉണ്ടാകുന്ന പ്രയോജനത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് അമേരിക്ക. അടിമത്വ പ്രശ്നത്തിൽ പിളർന്നുമാറി സ്വാതന്ത്ര്യം പ്രഖ്യാപിച്ച തെക്കൻ സ്റ്റേറ്റുകളെ രക്തരൂക്ഷിതമായ ആഭ്യന്തര യുദ്ധത്തിൽ പരാജയപ്പെടുത്തി യൂണിയനിൽ നിലനിർത്തിയത് ജനാധിപത്യത്തിന്റെ ശക്തനായ വക്താവായ ഏബ്രഹാം ലിങ്കനാണ്. ഇന്ന് അമേരിക്ക ലോക ശക്തിയായി വികസനത്തിന്റെ പാതയിൽ ചരിക്കുന്നതും ബലം പ്രയോഗിച്ചുണ്ടാക്കിയ അന്നത്തെ ഐക്യം മൂലമാണ്. പഞ്ചാബിലെ ഖാലിസ്ഥാൻവാദികളോട് ഇന്ത്യ അനുവർത്തിച്ച നയവും മറ്റൊന്നല്ല. ഫലവും സമാനമാണ്.

മലങ്കര സഭയിൽ ഐക്യം അസാദ്ധ്യമല്ല. നസ്രാണിയുടെ *ഒരേ രക്തവും മാംസവുമായ* തൃശൂരിലെ പൗരസ്ത്യ കൽദായ സഭ അത് തെളിയിച്ചതാണ്. അര നൂറ്റാണ്ടുകാലം *ബാവാ-മെത്രാൻ* കക്ഷികളായി പിളർന്നു പോരാടിയ കൽദായക്കാർ യോജിച്ചിട്ട് രണ്ടു പതിറ്റാണ്ടാകുന്നു. അവരെ പാഠമാക്കാം.

മലങ്കര സഭാ ഐക്യത്തിനു സഭയ്ക്കുള്ളിൽ തടസം നിൽക്കുന്നത് സ്ഥാനമോഹികൾ മാത്രമാണെന്നത് യാഥാർത്ഥ്യമാണ്. പക്ഷേ അവർ മാത്രമല്ല യോജിപ്പിനു തടയിടുന്നത്. മലങ്കര സഭ ഒന്നിച്ചു നിന്നാൽ തങ്ങളുടെ പ്രാമാണ്യം നഷ്ടപ്പെടുമെന്നും, സ്വാർത്ഥ താല്പര്യ സംരക്ഷണം അസാദ്ധ്യമാകുമെന്നും ഭയക്കുന്ന ചില ബാഹ്യശക്തികളും ഇതിനു പിന്നിലുണ്ട്. വിഘടനവാദികളേയും വിഭജനവാദികളേയും ആളും അർത്ഥവും നൽകി പ്രോൽസാഹിപ്പിക്കുന്നതും ഇവരാണ്. *ജോർജിയൻ മിറർ* 2011 ഏപ്രിൽ ലക്കത്തിൽ ഈ ലേഖകനെഴുതിയ *അടിയിലെ ആസാമി* എന്ന ലേഖനത്തിൽ ഈ വിവരം വ്യക്തമാക്കിയിട്ടുണ്ട്.

ജനാധിപത്യത്തിന്റെ അവിഭാജ്യ ഘടകമാണ് നീതിന്യായ വ്യവസ്ഥയും കോടതികളും. തർക്കങ്ങൾ പരിഹരിക്കാൻ നിയമപരമായ മാർഗ്ഗമാണ് കോടതി വിധി നടപ്പാക്കുക എന്നത്. മലങ്കര സഭാ പ്രശ്നം തീർക്കാൻ *യോജിക്കുക* എന്ന് ഇന്ത്യയിലെ പരമോന്നത നീതിപീഠം വിധികൽപ്പിച്ചിട്ട് ഒരു പന്തീരാണ്ടു കഴിഞ്ഞു. അതിനുള്ള മാർഗ്ഗവും സുപ്രീംകോടതി നിർദ്ദേശിച്ചു. യഥാർത്ഥത്തിൽ സ്വൽപ്പം ബലം പ്രയോഗിച്ചാണെങ്കിലും ഇരു വിഭാഗത്തേയും യോജിപ്പിച്ചു മലങ്കര സഭാ സമാധാനം യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്. *ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ* എന്നു ജനാധിപത്യത്തിനു വ്യാഖ്യാനം നൽകിയ മഹാനായ മനുഷ്യസ്നേഹിയും ജനാധിപത്യ വാദിയുമായ ഏബ്രഹാം ലിങ്കൻ കാണിച്ചുതന്ന മാർഗ്ഗം അതാണ്. ബലം പ്രയോഗിച്ചാണെങ്കിലും ഒന്നിപ്പിച്ച് സമാധാനം ഉണ്ടാക്കുക. അതു വിജയിക്കുമെന്ന് കാലം തെളിയിച്ചു കഴിഞ്ഞു.

എന്റെ നേരാങ്ങളയുടെ മകനെക്കൊന്നാൽ....

■ ഡോ. എം. കുര്യൻ തോമസ്

ഒരു നൂറ്റാണ്ടു മുമ്പെങ്കിലും നടന്ന സംഭവമാണ്. കേരളത്തിലെ ഒരു ഭഗവതി ക്ഷേത്രത്തിൽ ദുർനിമിത്തങ്ങൾ കണ്ടതിനെത്തുടർന്ന് ദേവപ്രശ്നം വച്ചു. പ്രശ്നവശാൽ അപ്പോൾ ക്ഷേത്രത്തിൽ ഭഗവതിയുടെ സാന്നിദ്ധ്യം ഇല്ലാ എന്നാണ് കണ്ടത്. ഇതിനു വിധിപ്രകാരമുള്ള പരിഹാര ക്രിയകൾ ആരംഭിച്ചു. പരിഹാരക്രിയകൾ പൂർത്തീകരിച്ചിട്ടും ദേവീസാന്നിദ്ധ്യം ഉണ്ടായില്ല. അവസാനം ക്ഷേത്രത്തിലെ വെളിച്ചപ്പാട് തുള്ളി ദേവിയുടെ അരുളപ്പാട് അറിയിച്ചു. *എന്റെ നേരാങ്ങളയുടെ മകനെക്കൊന്ന മണ്ണിൽ ഞാൻ ഇരിക്കുകേല.* തുടർന്നു നടത്തിയ അന്വേഷണത്തിൽ സമീപസ്ഥമായ ഗീവർഗീസ് സഹദായുടെ പള്ളിയിലെ അംഗമായ ഒരാളെ ക്ഷേത്ര സംബന്ധികളിലൊരാൾ സമീപകാലത്തു വെട്ടിക്കൊന്നുവെന്നും, അതേ തുടർന്നാണ് ക്ഷേത്രത്തിൽ അനർത്ഥങ്ങൾ ആരംഭിച്ചതെന്നും മനസിലായി. അവസാനം കേസിലെ പ്രതി ഗീവർഗീസ് സഹദായുടെ പള്ളിയിൽ ഉചിതമായ പരിഹാരക്രിയ ചെയ്ത ശേഷമാണ് ഭഗവതി ക്ഷേത്രത്തിൽ തിരിച്ചെത്തിയത്.

ഇത് ഒരു വായ്മൊഴിവഴക്കമാണ്. യുക്തിവാദികൾ ദേവപ്രശ്നം, വെളിച്ചപ്പാട് ഇവയൊക്കെ അന്ധ വിശ്വാസമാണന്ന് വിധിയെഴുതും. ക്രൈസ്തവ ചിന്തകർ ഹിന്ദു ദേവതകളേയും ക്രൈസ്തവ പരിശുദ്ധരേയും സഹോദരി സഹോദരങ്ങളാക്കുന്നതിനെതിരെ പ്രതികരിക്കും. വർഗ്ഗീയ വാദികൾ പാശ്ചാത്യ മിഷിനറിമാരുടെ മതപരിവർത്തനഉപാധിയായി ഈ കഥയെ മുദ്രകുത്തും. മതേതരവാദികൾ മതസൗഹാർദ്ദം നിലനിർത്താൻ രൂപംകൊടുത്ത ഒരൈതീഹ്യമായി ഇതിനെ ചിത്രീകരിക്കും. എന്നാൽ ഇവയൊന്നുമല്ല ഇതിന്റെ യാഥാർത്ഥ്യം. അത് നസ്രാണിയുടെ പവിത്രതാ സങ്കല്പവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ പവിത്രതാ സങ്കല്പം രൂപപ്പെട്ടതാകട്ടെ കേരളത്തിൽ നമ്പൂതിരി മതത്തിന്റെ വികസനത്തിന് അനുസൃതമായും.

ക്ഷേത്രങ്ങളോ വിഗ്രഹങ്ങളോ ഇല്ലാത്ത, ചതുർവേദങ്ങളിൽ അധിഷ്ഠിതമായ ഒരു മതമായിരുന്നു ആര്യന്മാർക്കുണ്ടായിരുന്നത്. അതിനെ ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളും അവരുടെ ദേവതാ സങ്കല്പങ്ങളുമായി സങ്കലനം ചെയ്താണ് ഇന്നു കാണുന്ന ക്ഷേത്രാധിഷ്ഠിതമായ വിഗ്രഹാരാധനയുള്ള *ബ്രാഹ്മണ മതം* ഇന്ത്യയിൽ രൂപമെടുക്കുന്നത്. ആ മതത്തിലെ വർത്തമാനകാല ദേവതാ ബാഹുല്യത്തിന്റെ മൂലഹേതുവും ഈ സ്വാംശീകരണമാണ്. ഈ ജനകീയ മതരൂപത്തിനപ്പുറം പൗരാണികമായ മറ്റൊരു തലവും ബ്രാഹ്മണ മതത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്. പക്ഷേ സാധാരണ ജനങ്ങൾക്ക് അത് ഉൾക്കൊള്ളാനാവാത്ത ആ തലം സ്വാദ്ധികൾക്കുമാത്രം അനുഭവവേദ്യമായ ഒന്നാണത്.

ബ്രാഹ്മണ മതം കേരളത്തിൽ നമ്പൂതിരി മതമായി പരിവർത്തനം ചെയ്ത് ശക്തിയാർജ്ജിച്ചതും ഇതേരീതിയിൽ തന്നെയാണ്. കേരള സമൂഹത്തെ സമൂലം ഉൾക്കൊണ്ട നമ്പൂതിരി മതത്തിന്റെ അടിസ്ഥാനം ശൈവ സമ്പ്രദായമായിരുന്നു. കേരളത്തിലെ 32 ഗ്രാമക്ഷേത്രങ്ങളിൽ ഒന്നൊഴികെ എല്ലാം ശിവക്ഷേത്രങ്ങളാണെന്നതു തന്നെയാണ് ഇതിനുള്ള ഏറ്റവും വലിയ തെളിവ്.

നമ്പൂതിരി കേന്ദ്രീകൃതമായ, ചാതുർവർണ്യ സിദ്ധാന്തത്തിൽ അധിഷ്ഠിതമായ, ജാതി വ്യവസ്ഥ കേരളത്തിൽ കരുപ്പിടിപ്പിച്ചപ്പോൾ വിവിധ ജനവർഗ്ഗങ്ങളെ തങ്ങളുടെ സാമൂഹിക സംവിധാനത്തിലേയ്ക്ക് ഉൾക്കൊള്ളേണ്ട ആവശ്യം നമ്പൂതിരിമാർക്ക് നേരിട്ടു. അതോടൊപ്പം അവരുടെ വ്യത്യസ്തങ്ങളായ ദേവതകളേയും ആരാധനാ രീതികളേയും ഉൾക്കൊള്ളേണ്ട അവസ്ഥ അവർക്ക് സംജാതമായി. ഇവിടെ സിദ്ധാന്തപരമായ കടുംപിടിത്തത്തിനു പകരം തന്ത്രപരമായ ഒരു നിലപാടാണ് നമ്പൂതിരിമാർ സ്വീകരിച്ചത്. പ്രാദേശിക സമൂഹങ്ങളുടെ ദേവതകൾക്ക് ശൈവാംശം, വൈഷ്ണവാംശം, ഭഗവതിയംശം ഇവയൊക്കെ കല്പിച്ചുകൊടുത്ത് നമ്പൂതിരി മതത്തിന്റെ ഭാഗമാക്കി. ഇവരിൽ ഭൂരിപക്ഷവും നമ്പൂതിരി ക്ഷേത്രങ്ങളിൽ ഉപദേവതകളായപ്പോൾ അപൂർവമായി ചിലത് മുഖ്യ ദേവതയായിത്തന്നെ പ്രതിഷ്ഠിക്കപ്പെട്ടു. മൂർത്തവും അമൂർത്തവുമായ ആരാധനാ ബിംബങ്ങളും അവയ്ക്ക് വിവിധതരം ആരാധനാലയങ്ങളും ഉണ്ടായി. ശ്രീബുദ്ധനും ജൈനതീർത്ഥങ്കരന്മാരും ഇവിടെ ആരാധനാ മൂർത്തികളായി. പലപ്പോഴും പ്രബല പ്രാദേശിക മത പുരോഹിതന്മാർക്ക് നിലവാരം കുറഞ്ഞ *നമ്പൂതിരിത്വം* നൽകി പുരോഹിതരുമാക്കി. ഏതാനും നൂറ്റാണ്ടുകൊണ്ട് കേരളം പൂർണ്ണമായും നമ്പൂതിരി-കേന്ദ്രീകൃത സാമൂഹ്യ വ്യവസ്ഥയ്ക്കു വിധേയമായി.

എന്നാൽ പൊതുവായ ഈ ഒത്തുതീർപ്പിൽ - അതിനെ മതപരം എന്നതിനേക്കാൾ സാമൂഹികം എന്നു വിവക്ഷിക്കുന്നതാകും യുക്തിഭദ്രം - ഉൾപ്പെടാതെ നമ്പൂതിരി-കേന്ദ്രീകൃത ജാതി വ്യവസ്ഥയിൽ

മലങ്കര സഭാ പ്രശ്നം കോടതിക്കു പുറത്ത് ഒത്തുതീരണം - ഫലത്തിൽ വിഭജനം - എന്നു പ്രസ്താവന ഇറക്കുന്ന കേരളത്തിലെ ഇതര സമുദായ നേതാക്കൾ മറുപടി പറയേണ്ട ഒരു ചോദ്യമുണ്ട്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്കുള്ളിൽ അവരുടെ സ്വന്ത സമുദായത്തിലുണ്ടായ പ്രശ്നങ്ങൾ അവസാനിപ്പിച്ചത് കോടതി വിധിപ്രകാരമോ സമവായത്തിലൂടെയോ? കേരളത്തിലെ ഒരു സർക്കാരിന്റെ നിലനിൽപ്പുപോലും അപകടത്തിലാക്കി അവിടെ കോടതിവിധി നടപ്പിലാക്കുകയായിരുന്നു എന്ന് എല്ലാവർക്കുമറിയാം. സമുദായ ലഹള ഉണ്ടാകും എന്നു ഭയന്ന് മടിച്ചുനിന്ന സർക്കാരിന് കോടതിയുടെ ഉഗ്രശാസനം വന്നപ്പോൾ വിധി നടത്തുകയല്ലാതെ മറ്റു മാർഗ്ഗമില്ലായിരുന്നു എന്നതാണ് യാഥാർത്ഥ്യം. പിന്നീട് ഒരു ലഹളയും ഉണ്ടായില്ലന്നു മാത്രമല്ല. ആ സമുദായം കെട്ടുറപ്പുള്ളതുമായി. മലങ്കര സഭയ്ക്കും യോജിപ്പിലൂടെ - അത് ബലം പ്രയോഗിച്ചാണെങ്കിലും - കെട്ടുറപ്പുണ്ടായിക്കൂടേ? മലങ്കര സഭാ പ്രശ്നത്തിൽ പ്രസ്താവന ഇറക്കുമ്പോൾ ഈ ചോദ്യത്തിനും മറുപടി പറയാൻ ടി. നേതാക്കൾ ബാദ്ധ്യസ്ഥരാണ്.

1965-ലെ പാകിസ്ഥാന്റെ *റാൻ ഓഫ് കച്ച്* ആക്രമണത്തിന്റെയും അനന്തര സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ എൻ. പി. ചെല്ലപ്പൻ നായർ ഒരു സരസ ലേഖനം എഴുതിയിട്ടുണ്ട്. അതിന്റെ സാരാംശം താഴെ പറയുംപ്രകാരമാണ്. ലോഫർ പരമു എന്നയാളുടെ ഭാര്യ ചെല്ലമ്മയെ ഉൽസവ സ്ഥലത്തുവെച്ച് വേളോൻ പപ്പു എന്ന ഗുണ്ടാ കയറിപ്പിടിച്ചു. ഉന്തും തള്ളും അടിപിടിയുമായി. ഉൽസവ സ്ഥലമായതിനാൽ ആളും കൂടി.

ഈ സമയത്താണ് സമാധാനം പുനഃസ്ഥാപിക്കുവാൻ പഞ്ചായത്തു മെമ്പർ ഉമ്മട്ടി പണിക്കർ രംഗത്തെത്തുന്നത്. *മദ്ധ്യസ്ഥതയിലൂടെ സമാധാനം* എന്ന നിർദ്ദേശമായിരുന്നു ഉമ്മട്ടി പണിക്കരുടേയും കണ്ടുനിന്ന മറ്റു പ്രമാണിമാരുടേതും. അവസാനം ഉമ്മട്ടി പണിക്കരുടെ മദ്ധ്യസ്ഥതീരുമാനം വന്നു. നിയമദൃഷ്ട്യാ ചെല്ലമ്മ പരമുവിന്റെ ഭാര്യയും, ടിയാന്റെ കൈവശത്തിലും ആണെങ്കിലും, ഇരുഭാഗവും തമ്മിൽ സമാധാനം നിലനിൽക്കേണ്ടതിനാൽ ചെല്ലമ്മ മാസത്തിൽ ഇരുപത്തഞ്ചു ദിവസം പരമുവിന്റെയും അഞ്ചു ദിവസം പപ്പുവിന്റെയും ഭാര്യയായി കഴിഞ്ഞുകൊള്ളണം. കേട്ടതു പാതി കേൾക്കാത്തതു പാതി തന്റെ അഞ്ചു ദിവസം നിശ്ചയിച്ചു തരണമെന്ന ആവശ്യവുമായി പപ്പു രംഗത്തെത്തി. (*എൻ. പിയുടെ പത്രാസ്* എന്ന സമാഹാരത്തിലെ *മണ്ണ് മിഥ്യയാകുന്നു* എന്ന ലേഖനം)

ഈ ലേഖനത്തിലെ ഉമ്മട്ടി പണിക്കരാണ് ഇന്നത്തെ മലങ്കര സഭാ വിഭജനത്തിനായി മദ്ധ്യസ്ഥർ ചമഞ്ഞിറങ്ങിയിരിക്കുന്ന *സമാധാനസംരക്ഷകർ.* ഗുണ്ടാ പപ്പുവിന്റെ വേഷത്തിൽ വിഘടിത വിഭാഗവും. (അതോ ശലോമോനോട് കുട്ടിയുടെ പകുതിക്കു സമ്മതിച്ച കപട മാതാവിന്റെയോ?) ചേതമില്ലാത്ത മറ്റൊരാളുടെ ഭാര്യയെ വീതംവെച്ചു കൊടുത്ത ഉമ്മട്ടി പണിക്കരെയാണോ ബലം പ്രയോഗിച്ചാണെങ്കിലും രാജ്യത്തെ ഒരുമിപ്പിച്ചു നിർത്തിയ ഏബ്രഹാം ലിങ്കനെയാണോ മദ്ധ്യസ്ഥർ മാതൃകയാക്കേണ്ടത്?

കുട്ടിയെ വിഭജിക്കാൻ ശലോമോൻ കൽപ്പിച്ചപ്പോൾ യഥാർത്ഥ മാതാവിന് വേദനിച്ചു. ഭാര്യയെ വീതം വെച്ചപ്പോൾ ലോഫർ പരമുവിനും വേദനിച്ചു. വിഭജനം ഒഴിവാക്കാൻ അമേരിക്കൻ ആഭ്യന്തര യുദ്ധം നടന്നപ്പോൾ അമേരിക്കക്കാർക്കു വേദനിച്ചു. സ്വന്തം രാജ്യത്തെ പൗരന്മാർക്കു നേരേ പീരങ്കി പ്രയോഗിച്ചപ്പോൾ അമേരിക്കൻ പ്രസിഡന്റ് ഏബ്രഹാം ലിങ്കനും വേദനിച്ചു. കുട്ടിയെ വെട്ടിമുറിക്കേണ്ടി വന്നിരുന്നെങ്കിൽ ശലോമോനും വേദനിച്ചേനേ.

പക്ഷേ കപട മാതാവിനും ഗുണ്ടാ പപ്പുവിനും വേദനിക്കില്ല. കാരണം തങ്ങളുടേതല്ലാത്ത മുതലിൽ *കിട്ടുന്നതു ലാഭം* എന്നു മാത്രം അവർക്കു ചിന്തിച്ചാൽ മതി. പഞ്ചായത്തു മെമ്പർ ഉമ്മട്ടി പണിക്കർക്കും വേദനിക്കില്ല. മറ്റു തൊഴിലും അഡ്രസുമില്ലാത്തതിനാൽ അദ്ദേഹത്തിനു *മദ്ധ്യസ്ഥൻ* എന്ന പ്രശസ്തി മാത്രം കിട്ടിയാൽ മതി. തന്റേതല്ലാത്ത കുട്ടി ചത്താലെന്ത്? ജീവിച്ചാലെന്ത്?

GM

സവർണ്ണരായി പ്രവേശിച്ച ഒരു കൂട്ടർ കേരളത്തിലുണ്ടായിരുന്നു. അതു വൈശ്യധർമ്മം അനുഷ്ഠിക്കുന്ന നസ്രാണികളായിരുന്നു. ഷോഡചൗളാദി നമ്പൂതിരി സംസ്കാരങ്ങൾ അതേരൂപത്തിലോ, ക്രൈസ്തവമായ പുതിയൊരു മാനം നൽകിയോ നസ്രാണി അംഗീകരിച്ചു. ശുദ്ധാശുദ്ധം, അസ്പർശ്യത മുതലായവ അടക്കമുള്ള നമ്പൂതിരി പവിത്രതാ സങ്കല്പവും അവരുടെ സാമൂഹിക വ്യവസ്ഥയുടെ ഭാഗമാക്കി. പക്ഷേ മത വിശ്വാസത്തിൽ അത്തരമൊരു വിട്ടുവീഴ്ചയ്ക്കു നസ്രാണി തയാറായില്ല. നമ്പൂതിരി ദിഗ്വിജയത്തിനുശേഷവും നസ്രാണി കേരളത്തിൽ നിലനിന്നു എന്നതൊഴികെ മറ്റൊരു തെളിവും ഇതിനന്വേഷിച്ചു പോകേണ്ടതില്ല.

തങ്ങളോട് പൂർണ്ണമായ മതവിധേയത്വമില്ലാത്ത ഇത്തരമൊരു ഒത്തുതീർപ്പ് നമ്പൂതിരിമാർ പൂർണ്ണമനസോടെ അംഗീകരിച്ചു എന്നു കരുതാനാവില്ല. തീർച്ചയായും സമ്പൂർണ്ണ കീഴടങ്ങലിനായുള്ള സമ്മർദ്ദം നസ്രാണികളുടെമേൽ ഉണ്ടായി എന്നു പിൽക്കാലത്തു രേഖപ്പെടുത്തിയ പാരമ്പര്യങ്ങൾ സൂചനനൽകുന്നുണ്ട്. കച്ചവടത്തിൽ നസ്രാണിക്കുള്ള വൈദഗ്ദ്യവും, അത് രാജഭണ്ഡാരത്തിൽ ചൊരിയുന്ന നികുതിപ്പണവുമാണ് ഇവിടെ നസ്രാണിയുടെ രക്ഷയ്ക്കെത്തിയത്. യഹൂദർ അറബികൾ ചീനർ എന്നിവർക്കില്ലാത്ത *ദേശീയ ജനവിഭാഗം* എന്ന വസ്തുതയും നസ്രാണിക്കു രക്ഷയായി. കേരളത്തിലെ ജാതി വ്യവസ്ഥയുടെ നിയമമനുസരിച്ച് കച്ചവടം എന്ന *കുലധർമ്മം* അനുഷ്ഠിക്കാൻ ഒരു ജാതി അത്യന്താപേഷിതമായിരുന്നു. മുകളിൽ പറഞ്ഞ കാരണങ്ങളാൽ മതവിശ്വാസം വ്യത്യസ്തമായിരിക്കെത്തന്നെ നസ്രാണിയെ തങ്ങളുടെ ജാതി വ്യവസ്ഥയിൽ വൈശ്യരായി അംഗീകരിക്കാൻ നമ്പൂതിരിമാർ നിർബന്ധിതരായി. കേരളത്തിൽ മലയാളം മാതൃഭാഷയായ, കച്ചവടം കുലധർമ്മമായുള്ള മറ്റു ജാതികൾ ഇല്ലെന്നതും നമ്പൂതിരി പ്രാഭവ കാലംമുതൽ വ്യാപാരികൾ എന്ന നിലയിൽ നസ്രാണികളുമായി ബന്ധപ്പെട്ടു കാണുന്ന രേഖകളും ഇതിനു വ്യക്തമായ തെളിവുകളാണ്.

വ്യത്യസ്തമായ ദേവതാ സങ്കല്പവും സമാനമായ പവിത്രതാ സങ്കല്പവും പുലർത്തുന്ന ഒരു വിഭാഗം എന്നതിലപ്പുറം നസ്രാണികളെ വേർതിരിച്ചുകാണുവാൻ അന്നത്തെ കേരളീയ സമൂഹത്തിന് സാദ്ധ്യമല്ലായിരുന്നു. ശൈവ മാർഗ്ഗം പിന്തുടരുന്ന ശുകപുരം കൂറുകാരും, വൈഷ്ണവ മാർഗ്ഗം ആചരിക്കുന്ന പന്നിയൂർ കൂറുകാരും തമ്മിലുള്ളതിലധികം വ്യത്യാസമൊന്നും ക്രിസ്തു മാർഗ്ഗക്കാരായ നസ്രാണികൾക്ക് ഇല്ലായിരുന്നു. ദേവാലയ മാതൃകകളിൽപോലും കാര്യമായ വൈജാത്യമില്ലായിരുന്നു എന്നാണ് സമീപകാല പഠനങ്ങൾ വ്യക്തമാക്കുന്നത്.

വേദാധിഷ്ഠിതമായ ബ്രാഹ്മണമാർഗ്ഗം നമ്പൂതിരി മതമായി കേരളത്തിൽ പരിവർത്തനം ചെയ്തത് ലളിമായ ഒരു മാനുഷിക മുഖത്തോടെ ആയിരുന്നു. ഇണങ്ങുകയും പിണങ്ങുകയും കുടുംബ ബന്ധങ്ങൾ പാലിക്കുകയും അസുഖങ്ങൾ വരുകയും ചെയ്യുന്ന സാധാരണ മനുഷ്യരെപ്പോലെ ഓരോ ക്ഷേത്രത്തിലേയും ദേവതകളെ കാണാൻ മലയാളിക്കു സാധിച്ചു. ഒരു പക്ഷേ ഇന്ത്യയിലൊരിടത്തും ഇത്തരമൊരു *മാനുഷിക മുഖം* ബ്രാഹ്മണ മതത്തിലെ ദേവതകൾക്ക് ഒരിക്കലും ലഭിച്ചിട്ടുണ്ടാവില്ല. വേദവും ഇതിഹാസവുമല്ലായിരുന്നു ഈ സങ്കൽപ്പങ്ങൾക്കു പിന്നിൽ. മറിച്ച്, തങ്ങളുടെ പവിത്രതാ സങ്കല്പമായിരുന്നു ഈ കാഴ്ചപ്പാടിനു ജന്മം നൽകിയത്.

ഇതിഹാസ പ്രോക്തമായ ഭാര്യ-ഭർതൃ, പിതൃ-പുത്ര ബന്ധത്തിനപ്പുറം പ്രാദേശികമായ ക്ഷേത്ര ഭരദേവതകളുടെ വ്യക്തി ബന്ധം കേരളീയ സമൂഹത്തിൽ സർവ സാധാരണമായിരുന്നു. ശിവ-പാർവതിമാർ ഭാര്യാ ഭർത്താക്കന്മാരാണന്ന വിശ്വാസം ഇന്ത്യയിലെവിടെയുമുണ്ട്. പക്ഷേ തൃശ്ശൂർ വടക്കുംനാഥന്റെ ഭാര്യയാണ് കുമാരനല്ലൂർ കാർത്തിയായിനി എന്നും, കുമാരനല്ലൂർ ആറാട്ടിന് ഭാര്യ സർവാഭരണ ഭൂഷിതയായി കുളിച്ചു കയറിവരുന്നത് കാണാൻ വടക്കുംനാഥൻ മതിലിൽ കയറിയിരിക്കും എന്നും തങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാക്കാൻ മലയാളിക്കേ കഴിയൂ. ബലരാമനും ശ്രീകൃഷ്ണനും സഹോദരന്മാരാണങ്കിലും, മഴൂർ ബലരാമനെയും തൃച്ചമ്പരത്ത് ശ്രീകൃഷ്ണനെയും പോലെ ബാലചാപല്യത്തോടെ *കൂടിപ്പിരിയുന്നത്* ഇന്ത്യയിൽ മറ്റൊരിടത്തും കാണാനാവില്ല.

ഇതിഹാസ പ്രകാരം ശിവന്റെ പുത്രനാണ് സുബ്രമഹ്ണ്യൻ. പക്ഷേ പിതാവായ വൈക്കത്തപ്പനും പുത്രനായ ഉദയനാപുരത്തപ്പനും ചേർന്ന് പാട്ടം പിരിക്കാൻ പോകുന്നു എന്നു മലയാളിക്കല്ലാതെ മറ്റാർക്കും ചിന്തിക്കാനാവില്ല. സാധാരണ മനുഷ്യരെപ്പോലെ പുത്തരി ച്ചോറുണ്ട് അജീർണ്ണം ബാധിക്കുകയും, അതിനു പ്രതിവിധിയായി ആയുർവേദ വിധിപ്രകാരം *മുക്കുടി* സേവിക്കുകയും ചെയ്യുന്ന ദേവന്മാരെ കേരളത്തിലൊഴികെ മറ്റൊരിടത്തും കാണാനാവില്ല. അത്രയധികം മാനുഷികഭാവം കേരളത്തിലെ ദേവതാ സങ്കല്പത്തിനുണ്ടായിരുന്നു. ഇത്തരം വിശാലമായ ഒരു ദേവതാ സങ്കല്പത്തിൽ ദേവീദേവന്മാരുടെ സഹോദരബന്ധവും സർവസാധാരണമായിരുന്നു.

കേരളീയ ദേവതാ സങ്കല്പത്തിന്റെ മാനുഷിക ഭാവം മതാതീതമായിരുന്നു. തിരുവിതാംകൂർ രാജാക്കന്മാരുടെ ഏറ്റവും പ്രമുഖമായ രണ്ടു പരദേവതാ ക്ഷേത്രങ്ങളിലൊന്നാണ് തിരുവട്ടാർ ആദികേശവ പെരുമാൾ ക്ഷേത്രം. അവിടെ *അള്ളാ*വിനെ ആരാധിക്കുവാൻ ഒരു *തിരുഹള്ളാ* മണ്ഡപം തന്നെയുണ്ട്. അത്ര വിശാലമായിരുന്നു നമ്പൂതിരി മതത്തിന്റെ ദേവതാ സങ്കല്പം. ഈ പശ്ചത്തലത്തിൽ ക്രൈസ്തവ പരിശുദ്ധർ നമ്പൂതിരി മതത്തിലെ ദേവതകളുടെ സഹോദരീ സഹോദരന്മാരായി ഗണിക്കപ്പെടുന്നതിൽ യാതൊരു അസ്വാഭാവികതയുമില്ല.

ഇവിടെ മനസിലാക്കേണ്ട മറ്റൊരു വസ്തുത അന്നത്തെ നസ്രാണി ദേവാലയങ്ങളും അവയുമായി ബന്ധപ്പെട്ട ദേവതാ സങ്കല്പവുമാണ്. 1498-ൽ കേരളത്തിലെത്തിയ റോമൻ കത്തോലിക്കരും പിന്നീടു വന്ന മറ്റ് അധിനിവേശ ശക്തികളും പ്രചരിപ്പിച്ച *ശുദ്ധീകൃത ക്രിസ്തുമതം* അല്ലായിരുന്നു അന്ന് നസ്രാണിയുടെ *ക്രിസ്തുമാർഗ്ഗം*. അത് കേരളത്തിന്റെ സംസ്കാര രൂപീകരണത്തിനനുസൃതമായി വികസിച്ചുവന്ന ഒരു തനത് രീതിയായിരുന്നു. ഒറ്റപ്പെട്ട ഏതാനും അപവാദങ്ങൾ ഒഴിച്ചാൽ മാർത്തോമ്മാ ശ്ലീഹാ, ദൈവമാതാവായ വി. കന്യക മറിയാം, മാർ ഗീവർഗീസ് സഹദാ എന്നിവരുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവയായിരുന്നു എല്ലാ നസ്രാണി ദേവാലയങ്ങളും. അവർ യഥാക്രമം *മുത്തപ്പൻ, മുത്തി, പുണ്യവാളച്ചൻ* എന്നിങ്ങനെ പ്രാദേശിക സംസ്കൃതി സമ്മാനിച്ച നാമങ്ങളിൽ അറിയപ്പെട്ടു. നമ്പൂതിരി മതത്തിന്റെ ദേവതാ സങ്കല്പം പോലെ അവരും ക്ഷിപ്രപ്രസാദി, ഉഗ്രമൂർത്തി, അഭീഷ്ട വരദായിനി തുടങ്ങിയ സങ്കല്പങ്ങളാലും വിശേഷിപ്പിക്കപ്പെട്ടു. ഒരേ ദേവതാ സങ്കല്പം പങ്കവയ്ക്കുന്ന നസ്രാണിയുടെ *മുത്തപ്പ*നും, *മുത്തിയ്*ക്കും, *പുണ്യവാളച്ച*നും നമ്പൂതിരിയുടെ ദേവന്റേയോ ദേവിയുടേയോ സഹോദരനോ സഹോദരിയോ ആകാതിരിക്കാൻ സാദ്ധ്യമല്ലായിരുന്നു. ദിനംപ്രതി കുശലപ്രശ്നം നടത്തുന്ന സഹോദരന്മാരായ ത്രിപ്പൂണിത്തുറ പൂർണ്ണത്രയീശ്വരനും അയൽവാസിയായ കരിങ്ങാച്ചിറ പുണ്യവാളച്ചനും, ജേഷ്ഠസഹോദരിയുടെ ഇരിപ്പിടമായ മണർകാടു പള്ളിയിൽ വിളക്കുവെയ്പ്പില്ലാത്തതിൽ പ്രതിഷേധിക്കുന്ന കനിഷ്ഠ സഹോദരിയായ മണർകാട് ഭഗവതിയും എല്ലാം ഈ സംസ്കൃതിയുടെ ഭാഗമാണ്. സഹോദരനായ പുണ്യാളച്ചന്റെ മകനെക്കൊന്നവനോട് പ്രതികരിക്കുന്ന സഹോദരിയായ ഭഗവതിയും ഈ സംസ്കൃതിയിൽ ഉണ്ടാകാതെ തരമില്ല.

ദൈവമാതാവ്, മാർത്തോമ്മാ ശ്ലീഹാ, മാർ ഗീവർഗീസ് സഹദാ എന്നിവർ നസ്രാണികളുടെ *പരിശുദ്ധത്രയം* ആയത് യാദൃശ്ചിക സംഭവമല്ല. അവർ ഗ്രീക്കോ-റോമൻ ക്രിസ്തുമാർഗ്ഗത്തിൽനിന്നും യഥാതഥമായി പറിച്ചു നടപ്പെടുകയുമല്ലായിരുന്നു. ബ്രാഹ്മണ മത ദേവതകൾക്കു സംഭവിച്ചതുപോലെ തികച്ചും കേരളീയമായ ഭാവത്തോടെയാണ് ഇവർ നസ്രാണി മനസിലും, തദ്വാരാ കേരളത്തിലെ പൊതു സമൂഹത്തിലും സ്ഥാനം പിടിച്ചത്. ദൈവമാതാവായ വി. കന്യക മറിയാമിന് ക്രിസ്തുമതത്തിലുള്ള അത്യുന്നത സ്ഥാനവും മലയാളിക്ക് പൊതുവെയുള്ള മാതൃഭക്തിയുമാണ് ദൈവമാതാവിനെ ഏറ്റവും ബഹുമാന്യ സ്ഥാനത്തെത്തിച്ചു *മുത്തി* (വലിയമ്മ)യാക്കിയത്.

തങ്ങളുടെ മാർഗ്ഗത്തിന്റെ സ്ഥാപകനായ മാർത്തോമ്മാ ശ്ലീഹായോടുള്ള നസ്രാണിയുടെ ആദരവും ബഹുമാനവും താരതമ്യമില്ലാത്തവിധം ഉന്നതമായിരുന്നു. **1302-ൽ കേരളം സന്ദർശിച്ച ഫ്രഞ്ച് ഡൊമനിക്കൻ ഫ്രയോർ തുളോയുസിലെ ജോർഡാൻ ...*ക്രിസ്തുവി***

നേപ്പോലെ ഉന്നതനാണ് മാർത്തോമ്മാ ശ്ലീഹാ എന്നവർ വിശ്വസി ക്കുന്നു... എന്നു പറയത്തക്കവിധം ഗാഢമായിരുന്നു നസ്രാണിയുടെ തോമാവബോധം. നസ്രാണികളുടെ ആ പിതൃസ്മരണയാണ് മാർത്തോമ്മാ ശ്ലീഹായ്ക്ക് *മുത്തപ്പൻ* (പിതാമഹൻ- ഗോത്ര പിതാവ്) എന്ന ശ്രേഷ്ഠ സ്ഥാനം നേടിക്കൊടുത്തത്. ഇതര ഇന്ത്യൻ ദേവത കൾക്കു സമമായി സ്വന്തമായി ഒരു വാഹനവും- മയിൽ - മാർത്തോമ്മാ ശ്ലീഹായ്ക്ക് കല്പിച്ചു കൊടുത്തു. ക്രൈസ്തവ ലോകത്ത് മറ്റൊരി ടത്തും കേട്ടുകേഴ്‌വി പോലുമില്ലാത്ത ഈ നടപടിയെ ക്രിസ്തുമാർഗ്ഗ ത്തിന്റെ ദേശീയവൽക്കരണമായിത്തന്നെ കണക്കാക്കണം.

മാർ ഗീവർഗീസ് സഹദായുടെ ബഹുമാന്യത മലയാളിക്കു പൊതു വായുള്ള സർപ്പഭയവുമായി ബന്ധപ്പെട്ടാണ് ഉരുത്തിരിഞ്ഞത്. മലയാളി കളുടെ പൊതുവായ ഒരു പുരാതന സ്വഭാവമാണ് സർപ്പഭയം. ധാരാളം വെള്ളക്കെട്ടുകളും വനപ്രദേശവുമടങ്ങിയ കേരളത്തിൽ പാമ്പുകളുടെ സാന്നിധ്യവും അതുവഴിയുള്ള അപകടങ്ങളും വളരെ കൂടുതലായി രുന്നു. കേരളത്തിൽ കുടിയേറിയ നമ്പൂതിരിമാർ പോലും സർപ്പഭയം മൂലം ആദ്യം പിൻമാറിയതായാണ് പാരമ്പര്യം. പിന്നീട് *പരശുരാമൻ സർപ്പങ്ങളെ ഒഴിച്ച് അവരെ വീണ്ടും കുടിയിരുത്തി* എന്ന ഐതീഹ്യം ഈ സർപ്പ ബാഹുല്യത്തിൽനിന്നുണ്ടായതാണ്.

പാമ്പുകളോടുള്ള മലയാളി സമീപനത്തിന് മതപരമായ ഒരു കാര ണവുമുണ്ട്. ജൈനമതത്തിൽ പാമ്പുകൾക്ക് ഒരു പ്രധാനസ്ഥാനമുണ്ട്. ബ്രഹ്മണ മതം കേരളത്തിലെ ജൈന-ബുദ്ധമതങ്ങളെ അടിച്ച മർത്തുകയും അവരുടെ ദൈവങ്ങളെ അസുരന്മാരും രാക്ഷസന്മാരു മാക്കി ഒതുക്കുകയും ചെയ്തതോടെ സർപ്പങ്ങളും ഭീതിജനകമായ ഒരു വിഭാഗമായി മാറി. ഇത് മലയാളി മനസ്സിൽ സ്ഥായിയായ ഒരു സർപ്പഭയ ത്തിനു രൂപം നൽകി. ചാതുർവണ്യ വ്യവസ്ഥയുടെ ഭാഗമായി നമ്പൂ തിരിമാരോടൊപ്പംനിന്ന നസ്രാണികളും ഈ ഭയത്തിൽ നിന്നും വിമു ക്തരല്ലായിരുന്നു.

നമ്പൂതിരിമതം സർപ്പകാവുകളും സർപ്പക്ഷേത്രങ്ങളുമുണ്ടാക്കി സർപ്പങ്ങളെ കുടിയിരുത്തി ആരാധിച്ചാണ് സർപ്പഭയത്തിൽ നിന്നും സർപ്പദോഷത്തിൽ നിന്നും രക്ഷ നേടിയത്. നസ്രാണിക്ക് അങ്ങെ നെയൊരാരാധന മതപരമായി സാദ്ധ്യമായിരുന്നില്ല. അവർ നേരേ മറു വശത്തേക്കുപോയി സർപ്പത്തെ ഒതുക്കാൻ പറ്റിയ ഒരു പരിശുദ്ധനെ കണ്ടെത്തി. സർപ്പങ്ങളിൽ കേമനായ വ്യാളിയെ വധിച്ച മാർ ഗീ വർഗീസ് സഹദാ. അങ്ങനെ ക്രൈസ്തവ തത്വങ്ങൾക്ക് അനുസൃതമാ യിത്തന്നെ നസ്രാണിയുടെ സർപ്പഭയം അകറ്റാനുള്ള മാർഗ്ഗമായി. *പുണ്യാളച്ചൻ* നസ്രാണി മനസിൽ ഉഗ്രമൂർത്തിയായ പരിശുദ്ധനായി ഇടംപിടിച്ചു. അശ്വാരൂഢനായതിനാൽ മാർ ഗീവർഗീസ് സഹദായ്ക്ക് മറ്റൊരു വാഹനം നൽകേണ്ടി വരുന്നില്ല.

ഇവിടെ ശ്രദ്ധേയമായ മറ്റൊരു വസ്തുതയുണ്ട്. *മുത്തപ്പൻ, മുത്തി, പുണ്യവാളച്ചൻ* എന്നി പരിശുദ്ധ ത്രയം ദേവീദേവന്മാരുമായി സഹോ ദര ബന്ധം പങ്കുവയ്ക്കുമ്പോഴും *ക്രിസ്തു* ചിത്രത്തിലൊന്നും പ്രത്യ ക്ഷപ്പെടുന്നില്ല. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി അവതാര ങ്ങൾക്ക് മാത്രമാണ് മലയാളികൾ പ്രാദേശിക മാനുഷിക ഭാവം നൽകി യത്. പരമമായ *പരബ്രഹ്മ*ത്തെ പണ്ഡിതർക്കുമാത്രമായി വിട്ടുകൊടു ത്തു. അതുപോലെ സാമാന്യവൽക്കരണത്തിൽനിന്നും *ക്രിസ്തു*വിനെ ബോധപൂർവം മാറ്റി നിർത്തിയതാവാം.

രണ്ടാമതായി, അഗാധമായ വേദശാസ്ത്ര അടിസ്ഥാനത്തിൽ അതിന്റെ സൂക്ഷ്മമായ അംശങ്ങൾ കൃത്യമായി പാലിച്ചുള്ള ഒരു ക്രിസ്തുമാർഗ്ഗമൊന്നുമല്ലായിരുന്നു നസ്രാണിയുടേത്. നിലവിലുണ്ടാ യിരുന്ന പ്രാദേശിക സംസ്കൃതി അവരെ ദേവാലയ അടിസ്ഥാനത്തി ലുള്ള ഒരു മതബന്ധത്തിൽ മാത്രമാണ് എത്തിക്കുക. അവയാകട്ടെ മുകളിൽ പറഞ്ഞ പരിശുദ്ധ ത്രയത്തിലൊന്നിന്റെ സാന്നിദ്ധ്യം കൊണ്ട് പരിപാവനമായിരുന്നു. നസ്രാണിയുടെ അടിസ്ഥാനവിശ്വാസം ക്രിസ്തുവിലാണെങ്കിലും പ്രായോഗിക തലത്തിൽ അത് അതത് പള്ളി യിലെ പരിശുദ്ധനോടായിരുന്നു. ഫ്രയോർ ജോർഡാന്റെ മാർത്തോമ്മാ ശ്ലീഹായേപ്പറ്റിയുള്ള പരാമർശനത്തെ ഈ പശ്ചാത്തലത്തിൽ വേണം കാണാൻ.

ചില ആധുനിക രചയിതാക്കൾ വ്യാഖ്യാനിക്കുന്നതുപോലെ മത സൗഹാർദ്ദം നിലനിർത്താൻ ബോധപൂർവം കെട്ടിച്ചമച്ച കഥകളല്ലിവ. കാരണം, അധിനിവേശ പൂർവകാലത്ത് *മതം* എന്നൊരു സങ്കല്പം പോലും കേരളത്തിലില്ലായിരുന്നു. പകരം വിവിധ *വിശ്വാസ മാർഗ്ഗ*ങ്ങ ളായിരുന്നു നിലനിന്നത്. അവയാകട്ടെ പരസ്പര ബന്ധിതവും പര സ്പര പൂരകവുമായിരുന്നു. *മതം* നിലവിലില്ലാത്ത സാഹചര്യത്തിൽ മതസ്പർദ്ധയ്ക്കോ മതസൗഹാർദ്ദത്തിനോ പ്രസക്തിയില്ല.

ഇത്തരം ദേവസങ്കല്പങ്ങളിൽ സാധാരണ ജനങ്ങൾ മാത്രമല്ല വിശ്വ സിച്ചിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ തിരുവിതാംകൂർ രാജകുടുംബത്തിൽ പുരുഷ പ്രജകൾ ജനിക്കാത്തത് സർപ്പദോഷം കൊണ്ടാണെന്ന് പ്രശ്നവിധിയുണ്ടായി. ഇതിനായി തിരുവിതാംകൂ റിലെ വിവിധ നാഗക്ഷേത്രങ്ങളിൽ പരിഹാരക്രിയകൾ നടത്തിയ കൂട്ട ത്തിൽ തിരുവനന്തപുരം പാളയത്തുള്ള സെന്റ് ജോർജു പള്ളിയിലും രഹസ്യമായി വഴിപാടു കഴിച്ചതായി വായ്മൊഴി വഴക്കമുണ്ട്. (തിരു വിതാംകൂർ രാജകുടുംബത്തിന്റെ പാരമ്പര്യപ്രകാരം *ശ്രീ* എന്നെ ഴുതിയ ഒരു വെള്ളിക്കുരിശ് ടി. പള്ളിയിലുണ്ട്.) അശ്വാരൂഢനായ പുണ്യാളച്ചനോടുള്ള ബഹുമാനംമൂലം ടി. പള്ളിക്കു മുമ്പിലൂടെ തിരു വിതാംകൂർ മഹാരാജാക്കന്മാർ കുതിരവണ്ടിയിൽ സഞ്ചരിക്കില്ലായിരു ന്നു. അങ്ങിനെ ചെയ്താൽ വണ്ടിക്കുതിര പിണങ്ങുമായിരുന്നത്രെ.

പാശ്ചാത്യ മിഷിനറിമാർക്ക് ഇത്തരം ദേവതാ സങ്കല്പങ്ങൾ അചിന്ത്യ മായിരുന്നു. അവരുടെ സിദ്ധാന്തപ്രകാരം ക്രിസ്തുമത സിദ്ധാന്ത ങ്ങൾക്ക് അതീതമായവയെല്ലാം അക്രൈസ്തവും പരിത്യജിക്കപ്പെടേ ണ്ടതുമായിരുന്നു. അതിനാൽ ഇത്തരം കഥകൾ മിഷിനറിമാർ സൃഷ്ടിച്ചു എന്നത് അചിന്ത്യമാണ്. പാശ്ചാത്യ മിഷിനറിമാർ നസ്രാ ണികളെ കണ്ടെത്തിയ ക്രിസ്തു വർഷം 1500 മുതൽ ഇതഃപര്യന്തം മായ്ക്കാൻ ശ്രമിച്ചിട്ടും ഈ ദേവതാ സങ്കൽപ്പങ്ങൾ ഭാഗികമായെ ങ്കിലും ഇന്നും നസ്രാണികളുടെ ഇടയിൽ നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം അത് എത്രമാത്രം രൂഢമൂലമാണ് എന്നതിന്റെ തെളി വാണ്.

സൂചക ഗ്രന്ഥങ്ങൾ

1. ഗോപാലകൃഷ്ണൻ, പി. കെ., *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം,* തിരുവനന്തപുരം, 1984
2. ഗൗരിലക്ഷ്മിഭായി, അശ്വതി തിരുനാൾ, *തുളസീഹാരം*, തിരുവന ന്തപുരം,1999
3. ഭാസ്ക്കരനുണ്ണി, പി. *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*, തൃശൂർ, 1988
4. തോമസ്, ഡോ. പി.ജെ. മലയാള സാഹിത്യവും ക്രിസ്തുമതവും, കോട്ടയം, 1989,
5. തോമസ്, എം കുര്യൻ, *നിരണം ഗ്രന്ഥാവരി*, കോട്ടയം, 2000
6. രാജേന്ദ്രൻ, പി. ജി., ***ക്ഷേത്ര വിജ്ഞാനകോശം,*** കോട്ടയം, 2000
7. ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, *ആര്യന്മാരുടെ കുടിയേറ്റം കേരളത്തിൽ Vols I,.II & III*, കുന്നംകുളം
8. ശങ്കുണ്ണി, കൊട്ടാരത്തിൽ, ഐതീഹ്യമാല, കോട്ടയം, 1982
9. Thomas, Meladath Kurian, *The Indian Way of Christanity*, Srbrucken, Germany, 2012
10. *The Seminary Case Book*, *Vol. III,* Case No. III of 1061 **GM**

GEORGIAN MIRROR

The Journal of Indian Orthodoxy

ജോർജിയൻ മിറർ ചീഫ് എഡിറ്റർ സ്ഥാന ത്തുനിന്നും വിരമിച്ച റവ. ഫാ. കെ.വൈ. ചാക്കോ യ്ക്ക് ആശംസകൾ

ജോർജിയൻ മിറർ ചീഫ് എഡിറ്ററായി ചുമ തലയേറ്റ റവ. ഫാ. ജെയിംസ് വർഗ്ഗീസിന് ആശംസകൾ

ജോർജിയൻ മിറർ ജനറൽ മാനേജറായി ചുമതലയേറ്റ റവ. ഫാ. തോമസ് കെ. ഏലി യാസിന് ആശംസകൾ

ഇ. ജോൺ ജേക്കബെന്ന സഭാ സ്നേഹി ജന്മശതാബ്ദിയുടെ നിറവിൽ

■ തോമസ് കുതിരവട്ടം, എക്സ്.എം.പി.



മണിമലയാറും പമ്പയാറും ചുറ്റും അതിരും അലുക്കും ഇട്ടൊഴുകുന്ന ഫലപുഷ്ടിയുള്ള അതിരമ്യ ഹരിതാഭ ഭൂമിയായ നിരണത്തെ മങ്കോട്ട ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ ഇളയ പുത്രൻ ഇ. ജോൺ ജേക്കബിന്റെ (ബേബി) ജന്മശതാബ്ദി വർഷമാണ് 2013.

ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളാണ് ഇ. ജോൺ ജേക്കബ് ഫൗണ്ടേഷൻ ആവിഷ്കരിച്ചിട്ടുള്ളത്.

നിരണത്തുനിന്നും ഏകദേശം അഞ്ചു കിലോമീറ്റർ അകലെ പടിഞ്ഞാറ് വീയപുരം ഭാഗത്ത് പമ്പാ നദിയുടെ തീരത്തായി നെൽപ്പാടം കുത്തിപ്പൊക്കി പുരയിടമാക്കി നീണ്ട വിസ്താരമേറിയ ചിറയാണ് മങ്കോട്ടച്ചിറ. ഏതാണ്ട് 10 ഏക്കർ വിസ്തീർണ്ണമുള്ള ചിറ. ഇതിൽ മുഴുവൻ ശാസ്ത്രീയമായ രീതിയിൽ തെങ്ങുവച്ചു പിടിപ്പിച്ച് അതിൽ താമസിക്കുവാൻ മനോഹരമായ ഒരു ബംഗ്ലാവും അതിന്റെ ഓരത്തായി ഒരു പള്ളിയും ഉള്ള തറവാട്ടിലാണ് ഇ. ജോൺ ജേക്കബ് ജനിച്ചത്. ചുരുക്കത്തിൽ എല്ലാംകൂടി ഒരു പുണ്യാശ്രമത്തിന്റെ പ്രതീതി തോന്നിക്കുന്ന ഹൃദയഹാരിയായ പച്ചത്തുരുത്തിലാണ് ജോൺ ജേക്കബെന്ന ബാലൻ പിച്ചവച്ചതും കളിച്ചുവളർന്നതും. അപ്പനോടും അമ്മയോടും സഹോദരങ്ങളോടും ഒപ്പം എപ്പോഴും മുറ്റത്തുള്ള പള്ളിയിൽ പോയി മെഴുകുതിരി കത്തിച്ചു പ്രാർത്ഥിക്കുന്ന സ്വഭാവം ഇലഞ്ഞിക്കൽ കുടുംബത്തിന്റെ പ്രത്യേകതയായിരുന്നു. ആ കുടുംബത്തിന്റെ ഉയർച്ചയ്ക്കു കാരണം പ്രാർത്ഥനയായിരുന്നുവെന്ന് ഇ. ജോൺ ജേക്കബ് എന്ന ബേബിച്ചായൻ എപ്പോഴും പറയുമായിരുന്നു.

1913 ഒഗസ്റ്റ് 23 ന് നിരണത്ത് ഇലഞ്ഞിക്കൽ തറവാട്ടിൽ പ്രസിദ്ധനായ ഇ. ജോൺ വക്കീലിന്റെയും അന്നാ ജോണിന്റെയും ഇളയപുത്രനായി അദ്ദേഹം ജനിച്ചു. കേരളത്തിൽ കെ. കരുണാകരന്റെയും എ.കെ. ആന്റണിയുടെയും മന്ത്രിസഭയിൽ രണ്ടു പ്രാവശ്യം ഭക്ഷ്യമന്ത്രിയായിരുന്നു ഇ. ജോൺ ജേക്കബ്. അഴിമതിയുടെ കറപുരളാത്ത ശുദ്ധമനസ്സുള്ള പക്ഷപാതം കാണിക്കാത്ത സഭാ സ്നേഹിയായിരുന്നു അദ്ദേഹം. അഴിമതിക്കാരായ രാഷ്ട്രീയക്കാരിൽനിന്നും മന്ത്രിമാരിൽനിന്നും വേറിട്ടുനിന്ന ഒരു മാതൃകാ പുരുഷനെന്ന് ഇ. ജോൺ ജേക്കബിനെ നമുക്കു വിശേഷിപ്പിക്കാം. പ്രതിപക്ഷത്തായാലും, ഭരണപക്ഷത്തായാലും ഇന്നു ധാരാളം അഴിമതി രാഷ്ട്രീയക്കാരെയാണല്ലോ നാം കാണുന്നത്.

കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. ജേക്കബ് മദനംചേരി ആന്റോ ആന്റണി എം.പി, ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് , ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത, ജോൺ ജേക്കബ് വള്ളക്കാലി, തോമസ് കുതിരവട്ടം എക്സ് എം.പി. (ഫൗണ്ടേഷൻ ചെയർമാൻ), കരുപ്പക്കുഴി സുകുമാരൻ (എസ്.എൻ.ഡി.പി. തിരുവല്ല യൂണിയൻ പ്രസിഡന്റ്), നിരണം തോമസ് (ഫൗണ്ടേഷൻ വൈസ് പ്രസിഡന്റ്) എന്നിവർ സമീപം.

മന്ത്രിയായിരിക്കുമ്പോൾ മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാനും ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാനും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഇന്നത്തെപ്പോലെതന്നെ അന്നും പാത്രിയർക്കീസ് വിഭാഗം ചില പള്ളികൾ കൈക്കലാക്കാൻ ശ്രമിച്ചപ്പോൾ മുഖ്യമന്ത്രിമാരായ ആന്റണിയോടും കരുണാകരനോടും അദ്ദേഹം ഇങ്ങനെപറഞ്ഞു. "എനിക്ക് സഭയാണ് വലുത്" ഒരു മന്ത്രിസഭാ യോഗത്തിലും അദ്ദേഹം ഇക്കാര്യം തീർത്തു പറഞ്ഞിരുന്നു. ഒരിക്കലും ഓർത്തഡോക്സ് സഭയുടെ നീതി നിഷേധിക്കാൻ പാടില്ലെന്നു പറഞ്ഞ് മുഖ്യമന്ത്രിമാർക്ക് മൂക്കുകയറിടാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഇന്നുള്ള മന്ത്രിമാർക്കതിന് തന്റേടമില്ലല്ലൊ? പല മന്ത്രിസഭാ യോഗങ്ങളിലും അദ്ദേഹം എടുത്ത നിലപാടുകൾ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായിരുന്നു. അദ്ദേഹത്തിന്റെ നിലപാടുകൾ സർക്കാരും അംഗീകരിച്ചുപോന്നുവെന്നത് എടുത്തുപറയണം.

അദ്ദേഹം ജനിച്ചുവളർന്ന ഓർത്തഡോക്സ് സഭയ്ക്ക് നിരവധി സേവനങ്ങൾ ചെയ്തിട്ടുണ്ട്. ഇന്നു സഭയ്ക്ക് നിരവധി പ്രശ്നങ്ങൾ ഉള്ളപ്പോൾ അദ്ദേഹത്തെപ്പോലെയുള്ള മന്ത്രിമാരോ എം.എൽ.എമാരോ നമുക്കില്ലെന്നത് ദുഃഖകരം തന്നെ.

തിരുവനന്തപുരം മോഡൽ സ്കൂളിലാണദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1927 ൽ എസ്.എസ്. ഡഫറിൻ കേഡറ്റായി. 1931 ൽ മർച്ചന്റ് നേവി ഓഫീസറായും 1933 ൽ ഡഫറിനിൽ ഓഫീസറായും 1939 ൽ ഓഫീസേഴ്സ് ട്രെയിനിങ് ഓഫീസറായും 1940 ൽ ടാങ്ക് റെജിമെന്റിൽ ഉയർന്ന നിലയിലും പ്രവർത്തിച്ചു.

1943 ൽ രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷ് ആർമിയിൽ ആയിരുന്ന സമയം മഹാത്മാഗാന്ധിയെ അറസ്റ്റ് ചെയ്ത വാർത്ത റേഡിയോയിൽ കേട്ടപ്പോൾ ഒരു ബ്രിട്ടീഷ് ഓഫീസർ സന്തോഷപ്രകടനം നടത്തിയത് സഹിക്കാതെ പ്രകോപിതനായി അദ്ദേഹം കരണത്തടിച്ചശേഷം സേവനം മതിയാക്കി നാട്ടിലേക്കു പോന്നു. ഇദ്ദേഹത്തിന്റെ സഹോദരൻ ഇ. ജോൺ ഫിലിപ്പോസ് തിരുകൊച്ചി മന്ത്രിസഭയിൽ (പറവൂർ ടി.കെയുടെ മന്ത്രിസഭയിൽ) മിടുമിടുക്കനായ മന്ത്രിയായിരുന്നപ്പോൾ കോൺഗ്രസിലെ ആനി മസ്ക്രീനും മറ്റും ചേർന്ന് അദ്ദേഹത്തിനെതിരെ അഴിമതി ആരോപണം ഉന്നയിച്ചതിനെത്തുടർന്ന് രാജിവച്ച് അപകീർത്തിക്കേസ് കൊടുത്ത് വിജയിച്ചകാര്യം ഈ സമയത്ത് ഓർക്കണം. അവർ കുടുംബത്തോടെ സത്യസന്ധരായിരുന്നു.

അദ്ദേഹത്തിന്റെ സ്യാലൻ (സഹോദരീഭർത്താവ്) ജോൺ മത്തായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്നു. ഇലഞ്ഞിക്കൽ കുടുംബം ദൈവാശ്രയമുള്ളവരും, സത്യസന്ധരും സഭാ സ്നേഹികളുമായിരുന്നതിനാലായിരുന്നു കുടുംബത്തിന്റെ ഉയർച്ചയെന്നു 'മങ്കോട്ടയിലെ മഹർഷി' എന്ന പുസ്തകത്തിൽ കെ.വി. മാമ്മൻ പറഞ്ഞിട്ടുള്ളത് എത്ര സത്യമായിരുന്നു.

അദ്ദേഹം നാട്ടിൽ വന്നപ്പോൾ അപ്പർ കുട്ടനാട്ടിലും, കുട്ടനാട്ടിലും കർഷകർ നിരവധി പ്രശ്നങ്ങളുടെ നടുവിൽ നട്ടംതിരിയുകയായിരുന്നു. കമ്യൂണിസ്റ്റ് പോഷകസംഘടനകൾ, ആവശ്യമില്ലാത്ത നിരവധി പ്രശ്നങ്ങൾ ഉയർത്തി സമരനിരയും ആക്രമണവും അഴിച്ചുവിട്ടിരുന്നു. 1957 ലെ കമ്യൂണിസ്റ്റ് ഭരണകാലത്തും പിന്നീടുള്ള കമ്യൂണിസ്റ്റ് മന്ത്രിസഭകളുടെ കാലത്തും കർഷകരുടെ നെഞ്ചിൽ നെരിപ്പോടുകളായിരുന്നു. ഇതിൽ മനംനൊന്ത ഇ. ജോൺ ജേക്കബ് കർഷകരെ സംഘടിപ്പിച്ച് 'തൊപ്പിപ്പാള' ജാഥകളും മറ്റും നടത്തി ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്. ശക്തമായ കർഷക സമരങ്ങളും അക്കാലത്തുണ്ടായി. അദ്ദേഹം തുടങ്ങിവച്ച സമരങ്ങൾ കേരളത്തിൽ വൻ സമരങ്ങളായി. ഐതിഹാസികമായ വിമോചനസമരത്തിന്റെ തീജ്വാലയിൽ ഇ.എം.എസ്. മന്ത്രിസഭയ്ക്ക് രാജിവയ്ക്കേണ്ടിവന്നു.

വിമോചനസമരത്തിനു ശേഷം അദ്ദേഹം കേരള കോൺഗ്രസിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായി. (1965-67 കാലം കേരളത്തിൽ പ്രസിഡന്റ് ഭരണമായിരുന്നു. 1965 ൽ അദ്ദേഹം ജയിച്ചെങ്കിലും എം.എൽ.എ. ആയില്ല. കാരണം അസംബ്ലി കൂടിയില്ല. 1967 ൽ കേരള കോൺഗ്രസിന് 5 എം.എൽ.എമാർ മാത്രം. കോൺഗ്രസിന് 9 ഉം. ഈ 5 ൽ ഇദ്ദേഹം ഉണ്ടായിരുന്നു.) 1967 മുതൽ 1977 വരെ എതിരാളികൾ ഭയപ്പെടുന്ന ജനസമ്മതനായ എം.എൽ.എ. ആയി തിരുവല്ലയെ പ്രതിനിധീകരിച്ചിരുന്നു.

ഇ.എം.എസിന്റെ രണ്ടാം ഭരണ കാലയളവിൽ കോൺഗ്രസും, കേരള കോൺഗ്രസും കൂടി പ്രതിപക്ഷത്ത് വെറും 11 പേരായിരുന്ന കാലത്ത് നിയമസഭയിൽ കർഷക ദ്രോഹങ്ങൾക്കെതിരെ അസംബ്ലിയിൽ ഷർട്ടിടാതെയും, മീശവടിക്കാതെയും അദ്ദേഹം ഹാജരായി. ഇ.എം.എസ്. മന്ത്രിസഭ രണ്ടാം പ്രാവശ്യം പോയശേഷമാണദ്ദേഹം താടി വടിച്ചതും ഷർട്ടിട്ടതും.

കരുണാകരൻ മന്ത്രിസഭയിലും ആന്റണി മന്ത്രിസഭയിലും രണ്ടു പ്രാവശ്യം അദ്ദേഹം ശക്തനായ ഭക്ഷ്യമന്ത്രിയായിരുന്നു. അരിക്ക്ഷാമം ഉണ്ടായ ഒരു സമയത്ത് പാവപ്പെട്ടവർക്ക് റേഷൻ കാർഡ് വഴി അരിയും മറ്റു നിത്യോപയോഗസാധനങ്ങളും ന്യായവിലയ്ക്കു കൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയോടും അതിന്റെ അദ്ധ്യക്ഷനോടും അദ്ദേഹത്തിനുണ്ടായിരുന്ന അതിരറ്റ സ്നേഹം അനുപമമായിരുന്നു. മലങ്കരസഭയുടെ സ്വതസിദ്ധമായ സ്വാതന്ത്ര്യത്തിനും അന്യൂനമായ നിലനിൽപ്പിനും കനത്ത സംഭാവനകളാണദ്ദേഹം നൽകിയിട്ടുള്ളത്.

അദ്ദേഹം മന്ത്രിയായിരിക്കുമ്പോൾ ഇന്നത്തെപ്പോലെ കാട്ടാളരീതിയിൽ പിടിച്ചെടുക്കാൻ വിഘടിതർക്ക് അരുനിൽക്കാൻ ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കന്മാരും ചില കോൺഗ്രസ് എം.എൽ.എമാരും ശ്രമിച്ചപ്പോൾ ആ നസ്രാണി സിംഹം സടകുടഞ്ഞെഴുന്നേറ്റ് മന്ത്രിക്കസേര പോലും വലിച്ചെറിയാൻ തയ്യാറായ ഘട്ടങ്ങളുണ്ടായിട്ടുണ്ട്. അന്നത്തെ മുഖ്യമന്ത്രിമാരും സഹമന്ത്രിമാരും പോൾ പി. മാണിയും മറ്റും അദ്ദേഹത്തെ സാന്ത്വനിപ്പിച്ച് പിൻമാറ്റുകയും അദ്ദേഹത്തിന്റെ ഹൃദയമുറിവുകൾ ഉണക്കാൻ ശ്രമിക്കയും ചെയ്തിരുന്ന നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഓർത്തഡോക്സ് സഭയുടെ ന്യായമായ അവകാശങ്ങൾ പിടിച്ചുവാങ്ങാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

ഒരു പ്രഭാതത്തിൽ സുൽത്താൻ ബത്തേരി പള്ളിയിൽ നടന്ന കടന്നാക്രമണവും ആലുവയിൽ ആഴ്ചകൾ നീണ്ട സമരാഭാസങ്ങളും അദ്ദേഹത്തെ വിഷമിപ്പിച്ചു. വിഘടിതരുടെ നീക്കങ്ങൾക്കെതിരെ അദ്ദേഹം ശക്തിയുക്തം നിന്ന് പടപൊരുതി ന്യായമായ തീരുമാനങ്ങൾ അന്നത്തെ ഗവൺമെന്റിനെക്കൊണ്ടെടുപ്പിച്ചു.

2002 ഡിസംബറിൽ മുളന്തുരുത്തി വെട്ടിക്കൽ ദയറായിൽ നടന്ന പരുമല തിരുമേനിയുടെ പ്ലാറ്റിനം ജൂബിലി സമ്മേളനത്തിൽ പങ്കെടുക്കാൻ മന്ത്രി ജോൺ ജേക്കബ് യാത്രതിരിച്ചപ്പോൾ തിരുവനന്തപുരത്തും കോട്ടയത്തും വച്ച് അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ പലരും ശ്രമിച്ചെങ്കിലും അദ്ദേഹം അതൊന്നും വകവയ്ക്കാതെ പരിപാടികളിൽ പങ്കെടുത്തു. മുളന്തുരുത്തിയിൽ വിഘടിതർ ധാരാളം ഉള്ളതിനാൽ അദ്ദേഹത്തെ കരിങ്കൊടി കാണിക്കുമെന്നും പ്രശ്നം ഉണ്ടാകുമെന്നും വാർത്തകൾ പരന്നിരുന്നതുകൊണ്ടാണ് ബേബിച്ചായനെപിന്തിരിപ്പിക്കാൻ ശ്രമങ്ങളുണ്ടായത്. പക്ഷേ അദ്ദേഹം തന്റെ സഭയുടെ പരിപാടികളിൽ പങ്കെടുത്തു. പരുമല തിരുമേനിയുടെ ഭക്തനായിരുന്ന അദ്ദേഹത്തിനെതിരെ ഒരു അപശബ്ദമോ, കരിങ്കൊടിയോ ഉണ്ടായില്ല. തിരുമേനിയുടെ അത്ഭുത പ്രവർത്തിയാണതെന്നു ബേബിച്ചായൻ എന്നും വിശ്വസിച്ചിരുന്നു.

കുന്നംകുളത്ത് അടപ്പൂട്ടിക്കുന്നിലുള്ള ഓർത്തഡോക്സ് സഭയുടെ മേരി മഗ്ദലൻ കോൺവന്റിന്റെ ആരംഭകാലത്ത് അവിടത്തെ രണ്ട് കന്യാസ്ത്രീമാർ ടി.ടി.സിക്കാരായ രണ്ടദ്ധ്യാപകരായിരുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന അടപ്പൂട്ടി പ്രദേശത്ത് ഒരു യു.പി. സ്കൂൾ അനുവദിച്ചുകിട്ടാൻ ശ്രമിച്ചെങ്കിലും അതു നടന്നില്ല. പല തവണ കന്യാസ്ത്രീമാർ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ അവർ ഇ. ജോൺ ജേക്കബിനെ സമീപിച്ചു. അദ്ദേഹം അന്ന് ദീക്ഷ വളർത്തി ഷർട്ടിടാതെ എം.എൽ.എ. ആയിരുന്ന കാലം. കൊച്ചി ഭദ്രാസനത്തിലെ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ശുപാർശക്കത്തുമായിട്ടാണ് അവർ ചെന്നത്. തിരുമേനിയുടെ കത്ത് വായിച്ച ശേഷം അദ്ദേഹം കന്യാസ്ത്രീമാരെയും കൂട്ടി വിദ്യാഭ്യാസമന്ത്രി ചാക്കീരി അഹമ്മദ്കുട്ടിയെക്കണ്ട് "ഇതെന്റെ സഭയുടെ കാര്യമാണ്, എന്റെ സഭയിലെ കന്യാസ്ത്രീമാരുടെയും എന്റെ മെത്രാപ്പോലീത്തയുടെയും ആവശ്യമാണ്, ഇതു നടത്തിക്കൊടുക്കണം. ഞങ്ങളുടെ സഭയിൽ അധികം കന്യാസ്ത്രീമഠങ്ങളില്ല" അദ്ദേഹത്തിന്റെ വാക്ക് തട്ടിക്കളയാൻ മന്ത്രിക്ക് കഴിഞ്ഞില്ല. കന്യാസ്ത്രീമാർക്ക് ഓർഡറും വാങ്ങിക്കൊടുത്താണ് ബേബിച്ചായൻ അവരെ വിട്ടത്. ഇന്നതൊരു ഹൈസ്കൂളാണ്. അതിനോടനുബന്ധിച്ച് ഒരു ബോർഡിങ്ങും ഉണ്ട്. അതാണ് ഇ. ജോൺ ജേക്കബെന്നു പറയാതെവയ്യ!

മന്ത്രിയായിരിക്കുമ്പോൾ 1978 ൽ അമേരിക്കയിൽ ഒരു ഹൃദയ ശസ്ത്രക്രിയയെത്തുടർന്ന് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു.

യാദൃച്ഛികമായി രാഷ്ട്രീയത്തിൽ സമ്മർദ്ദം മൂലം കടന്നുവന്ന അദ്ദേഹം മന്ത്രിയായിട്ടും അഴിമതി തൊട്ടു തീണ്ടിയിരുന്നില്ല. കൈയിൽനിന്ന് കാശ് മുടക്കി ജനസേവനം നടത്തിപ്പോന്നു. ഒരു മാതൃകാ രാഷ്ട്രീയക്കാരനും, മന്ത്രിയും, സാമൂഹ്യ പ്രവർത്തകനുമായിരുന്നു അദ്ദേഹം. അഴിമതിക്കെതിരെ പടവാളുയർത്തുകയും കർക്കശക്കാരനായി പ്രവർത്തിക്കുകയും, സഭാ സ്നേഹിയായിരിക്കുകയും ചെയ്ത മഹാനായിരുന്നു ഇ. ജോൺ ജേക്കബ്. അദ്ദേഹത്തിന്റെ പാത പിൻപറ്റി സഭാ മക്കൾ മുമ്പോട്ടുപോയാൽ സഭയ്ക്കത് നേട്ടമായിരിക്കും. ഇന്ന് ഇതുപോലുള്ളവരില്ലെന്ന് തന്നെ പറയാം.

നിരണം സെന്റ് മേരീസ് പള്ളിയിലാണ് ഇ. ജോൺ ജേക്കബിന്റെ മൃതദേഹം സംസ്കരിച്ചത്. സംസ്കാര ശുശ്രൂഷയ്ക്ക് പ്രധാനകാർമികത്വം വഹിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി "ഇന്ന് ഇസ്രയേലിന്റെ ഒരു പ്രഭുവും മഹാനുമായവൻ പട്ടുപോയിരിക്കുന്നു" എന്ന് ദാവീദ് രാജാവ് അബ്നേരിനെപ്പറ്റി പറയുന്ന വേദവാക്യം ഉദ്ധരിച്ചുകൊണ്ടാണ് ചരമപ്രസംഗം നടത്തിയത്. മലങ്കര ഓർത്തഡോക്സ് സഭയുടെ അരുമസന്താനവും സത്യസന്ധനായിരുന്ന ഒരു ഭരണാധികാരിയും ഉറച്ച ദൈവവിശ്വാസിയും ഉറ്റ സഭാ സ്നേഹിയുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഭാര്യ സാറാമ്മ ജേക്കബ് രാഷ്ട്രീയരംഗത്തും സാമൂഹിക രംഗത്തും സഭാ രംഗത്തും വ്യാപൃതയായിരുന്നു. അദ്ദേഹത്തിനവർ കൈത്താങ്ങായിരുന്നു. കുറേക്കാലം അവർ സോഷ്യൽ വെൽഫെയർ ബോർഡ് ചെയർപേഴ്സനായും പ്രവർത്തിച്ചിരുന്നു.

തിരുവല്ല പി.ജി.എം. ഹാളിൽ ഇ. ജോൺ ജേക്കബ് ഫൗണ്ടേഷൻ സംഘടിപ്പിച്ച ശതാബ്ദി സമ്മേളനം കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു.

കാലത്തിനു മുമ്പേ നടന്ന് കാലഘട്ടത്തെ കീഴടക്കിയ കർമ്മയോഗിയായ കർഷക നേതാവായിരുന്നു ഇ. ജോൺ ജേക്കബെന്ന് മുഖ്യമന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ പറയുകയുണ്ടായി.

ഇരുപതാം നൂറ്റാണ്ടിൽ കുട്ടനാടൻ മണ്ണിൽ കർഷക സമരത്തിലൂടെ കേരള രാഷ്ട്രീയത്തിൽ അപ്രതീക്ഷിത ഇതിഹാസങ്ങൾ സൃഷ്ടിച്ച മഹാമനുഷ്യനാണ് ഇ. ജോൺ ജേക്കബെന്നു മന്ത്രി പി.ജെ. ജോസഫ് പ്രസ്താവിച്ചു.

സഭാ സംബന്ധമായ കാര്യങ്ങളിൽ ശുദ്ധമനസ്സോടും പക്ഷംപിടിക്കാതെയും പ്രവർത്തിച്ച ഇ. ജോൺ ജേക്കബ് തന്റേടത്തോടെ പ്രതിസന്ധിഘട്ടത്തിൽ സഭയ്ക്കു താങ്ങായിരുന്നുവെന്നു ഓർത്തഡോക്സ് സഭയിലെ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത വിശദമാക്കി.

ക്രൈസ്തവ ദർശനങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയ മനുഷ്യസ്നേഹിയായിരുന്നു നിരണം ബേബിയെന്നു ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത പറഞ്ഞു.

കർഷകരുടെ ഉന്നമനത്തിനായി വിപ്ലവം നയിച്ച നേതാവെന്നാണ് ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് ചിത്രീകരിച്ചത്.

ക്നാനായ അതിഭദ്രാസനം കല്ലിശ്ശേരി ആൻഡ് മലബാർ മേഖലാ മെത്രാപ്പോലീത്ത കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് ഇ. ജോൺ ജേക്കബിനെ നല്ലൊരു ഭരണകർത്താവെന്നു വിശേഷിപ്പിച്ചു.

വലിയ ഒരു ജനസമൂഹം സമ്മേളനത്തിൽ പങ്കെടുത്തു.

മുൻ സ്പീക്കറും മന്ത്രിയുമായിരുന്ന ടി.എസ്. ജോൺ, ആന്റോ ആന്റണി എം.പി., അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ., തോമസ് കുതിരവട്ടം, അഡ്വ. എൻ.എസ്. പ്രഭാകരൻപിള്ള, നഗരസഭാ ചെയർപേഴ്സൺ ഷീല വർഗീസ്, എബി വർഗീസ്, നിരണം തോമസ് എന്നിവർ പ്രസംഗിച്ചു. GM

MATRIMONIAL

marry2love.com

Orthodox parents from Kochi seek alliance for their daughter, 26/152/MBBS from CMC Vellore, currently working in Madurai, from parents of boys with similar professional qualification.

Mob :9747413820, 9847310802

സപ്തതിയുടെ നിറവിലും കാർഷിക പുരസ്കാരങ്ങൾ വാരിക്കൂട്ടുന്ന മുളന്തുരുത്തി കാരിക്കോടിലെ വർഗീസ് ജോർജ്

■ ജോബ് സ്രായിൽ

മലങ്കരസഭയിൽ വട്ടശ്ശേരിൽ തിരുമേനിയുടെ നാമധേയത്തിലുള്ള കാർഷിക പുരസ്കാരം നേടിയ സമർപ്പണബോധമുള്ള ഒരു കർഷകനാണ് ജോർജ് വർഗ്ഗീസ്. മുളന്തുരുത്തിക്കരാനായ ഇദ്ദേഹത്തിന്റെ ചെയ്തികൾ കാതോലിക്കാ ബാവാ തിരുമേനി ശ്ലാഘിച്ചിട്ടുണ്ട്.

"ആദ്യ പിതാവായ അബ്രാഹാമിനെപ്പോലെ ദൈവം ഭരമേൽപ്പിച്ച കാർഷികവൃത്തി ഇപ്പോഴും അതിശയകരമായി നടത്തിക്കൊണ്ടു പോവുന്ന വർഗ്ഗീസ് ജോർജ് തികച്ചും ദൈവകൃപ നിറഞ്ഞ മനുഷ്യനാണ്," മലങ്കരയുടെ പരമാദ്ധ്യക്ഷൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ വർഗ്ഗീസ് ജോർജ് എന്ന മലങ്കരസഭയുടെ 'കർഷകശ്രീയെ തലയിൽ കൈവച്ച് അനുഗ്രഹിച്ച് പറഞ്ഞു.

വട്ടശ്ശേരിൽ മാർ ദിവാന്നാസിയോസ് തിരുമേനിയുടെ നാമധേയത്തിലുള്ള "കാർഷിക പുരസ്കാരം" തിരുവനന്തപുരം ഉള്ളൂർ പള്ളിയിൽ വെച്ച് വർഗ്ഗീസ് ജോർജ്ജിന് സമ്മാനിക്കുകയായിരുന്നു പരിശുദ്ധ ബാവ. ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനം സ്പോൺസർ ചെയ്ത ഈ പുരസ്കാരം 2012 നവംബർ 29 നാണ് വർഗീസ് ജോർജിന് നൽകിയത്.

മുളന്തുരുത്തി കാരിക്കോട്ടിൽ തറയിൽ ചീരാമേലിൽ വീട്ടിൽ ജോർജ്ജിന്റെയും സാറായുടെയും മകനായി 1943 ഏപ്രിൽ 15 ന് ജനിച്ചു. കാനഡയിൽ ജോലി ചെയ്യുന്ന ജോർജ്ജ്, വിവാഹിതയായ സൈറ വിനോദ് എന്നിവരാണ് മക്കൾ. 1966 ൽ എഫ്.എ.സി.ടിയിൽ ഉദ്യോഗസ്ഥനായി. തുടർന്ന് 1968 ൽ വിവാഹിതനാകുകയും ചെയ്തു. പാമ്പാക്കുടയിലുള്ള മേരിയാണ് ഭാര്യ.

മുപ്പതാം വയസ്സിൽ തുടങ്ങിയതാണ് ഈ പ്രദേശത്ത് വർഗ്ഗീസും പാറയുമായുള്ള യുദ്ധം. വിശാലമായ പാറ നിറഞ്ഞ അഞ്ചേക്കർ പുരയിടം വെടിപൊട്ടിച്ച് ഇളക്കി, നല്ല ഫലഭൂയിഷ്ഠമായ മണ്ണു നിറച്ചു. ആദ്യമായി തെങ്ങാണ് കൃഷി ചെയ്തത്. പിന്നെ കുറച്ചു റബർ നട്ടു. 2001 ൽ എഫ്.എ.സി.ടിയിൽ നിന്ന് റിട്ടയർ ചെയ്തപ്പോൾ കാർഷിക വരുമാനമൊന്നും ആയിട്ടില്ലാത്ത വർഗ്ഗീസ് മനംനൊന്ത് പ്രാർത്ഥിച്ചു. ഒരു ദിവസം രാത്രി കർത്താവിന്റെ തിരുമുഖം ഒരു കാര്യത്തിലും പരിഭ്രമിക്കേണ്ട, പരിഭവിക്കുകയും വേണ്ട എന്ന് തന്നോട് പറയുന്നതുപോലെ അനുഭവമുണ്ടായി. തുടർന്ന് മുങ്ങാംകുഴിയിലേക്ക് താണിറങ്ങുന്നതുപോലെ രണ്ടും കൽപ്പിച്ച് കാർഷിക വൃത്തിയിലേക്ക് ആണ്ടിറങ്ങുകയായിരുന്നു. ഓണക്കൂറ് മന്മഥൻ നായരുടെ വീട്ടിൽ ചെന്ന് വാനില കൃഷി പഠിച്ചു. ആ മാസം തന്നെ 400 വാനില നട്ടു. ജെ.സി.ബി.യും ടിപ്പറും വാടകയ്ക്കെടുത്തു പറമ്പെല്ലാം തട്ടുകളാക്കി തിരിച്ചു. മഴവെള്ളം എല്ലാം അതാത് ബ്ലോക്കുകളിൽ സംഭരിക്കുന്ന നിലയിലാക്കി. പറമ്പുനിറയെ തമിഴ്നാടൻ ഞാലിപ്പൂവൻ വാഴ വച്ചു. സമൃദ്ധമായ ജലസേചനത്തിന് സൗകര്യമൊരുക്കി, ബാങ്കിൽനിന്ന് ലോൺ എടുത്തു. ജാതികൃഷി പുതിയതായി തുടങ്ങിയത് നല്ല ഫലം കായ്ക്കുന്നുണ്ട്. 13 സംസ്ഥാനങ്ങളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട കർഷരിൽനിന്ന് "കോക്കനട്ട് ഡവലപ്മെന്റ് ബോർഡ്" ദേശീയ അവാർഡ് ഏർപ്പെടുത്തിയത് വർഗ്ഗീസ് സ്വന്തമാക്കി. "മിൽമ" അവാർഡും കരസ്ഥമാക്കി. തേനീച്ച കൃഷി, മുയൽവളർത്തൽ, എന്നിങ്ങനെ വിവിധ കൃഷിയിനങ്ങളാണുള്ളത്. ഡയറി ഫാമും പരീക്ഷിച്ചിട്ടുണ്ട്. അഞ്ചേക്കർ സ്ഥലം നിറയെ പച്ചപ്പ് നിറഞ്ഞു നിൽക്കുന്ന കാഴ്ച കണ്ണിനും കരളിനും കുളിരേകുന്നുണ്ട്.

സഭൈക്യം

വർഗീസ് ജോൺ തോട്ടക്കാടിന്റെ 'കൽദായ സഭയിലെ ഐക്യം:' മലങ്കരസഭയ്ക്ക് ഒരു മാതൃക എന്ന ലേഖനം അടുത്ത ലക്കത്തിൽ വായിക്കുക.

വിലനിർണ്ണയ കമ്മീഷൻ ഡോ. രാജീവ് മേനോൻ, യു.എസ്. എ.യിലെ കൊറോണൽ യൂണിവേഴ്സിറ്റി പ്രതിനിധികൾ, കെനിയൻ ഹൈക്കമ്മീഷണറും കുടുംബവും, ഒറീസ്സ കൃഷിമന്ത്രി തുടങ്ങിയവർ വർഗ്ഗീസിന്റെ ഫാം സന്ദർശിച്ചിട്ടുണ്ട്.

ആമ്പല്ലൂർ മാന്തുരുത്തേൽ സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് പള്ളി ഇടവകക്കാരനാണ്. ഫാ. ജേക്കബ് മണലിൽ അവിടെ വികാരിയായിരുന്നു. ഈ അച്ചന്റെ ബന്ധുവാണ് വർഗ്ഗീസ് ജോർജ്. പള്ളിയുടെ പുനർനിർമ്മാണത്തിന് മുൻയ്യെടുക്കുകയും കഠിനമായി പ്രവർത്തിക്കുകയും ചെയ്ത ഇദ്ദേഹത്തെ 1978 ഏപ്രിൽ 18 ന് പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ സ്വർണ്ണമോതിരം വിരലിലണിയിച്ച് ആദരിച്ചു.

നാലാം ക്ലാസ് മുതൽ മദ്ബഹായിൽ ശുശ്രൂഷകനായ വർഗ്ഗീസിന് അനേകം പട്ടക്കാരുടെയും മേൽപട്ടക്കാരുടെയും കൂടെ വി. കുർബാനയ്ക്ക് കൂടാൻ അവസരമുണ്ടായി. 1996 ൽ കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ നടന്ന കൺവെൻഷനിൽ പങ്കെടുത്തപ്പോഴാണ് പൂർണ്ണമായും ക്രിസ്തുവിന്റെ പാതയിൽ സഞ്ചരിക്കാനുള്ള മാനസാന്തരം ഉണ്ടായത്. അവിടെ നിന്നിങ്ങോട്ട് വർഗ്ഗീസിന്റെ എല്ലാ ചെയ്തികളിലും ദൈവത്തിന്റെ അനുഗ്രഹം ധാരാളമുണ്ടായിരുന്നു.

മുളന്തുരുത്തി പള്ളിയിൽ 50 വർഷം വികാരിയായിരുന്ന ഗീവർഗീസ് കത്തനാർ വർഗ്ഗീസിന്റെ അമ്മയുടെ പിതാവാണ്. അദ്ദേഹത്തിന്റെ സഹോദരിയുടെ മകനാണ് ഭാഗ്യസ്മരണാർഹനായ യാക്കോബ് മാർ പോളികാർപ്പോസ് തിരുമേനി.

വർഗ്ഗീസിന്റെ ഫാം കാണാനും കൃഷിരീതികൾ മനസ്സിലാക്കാനും വേണ്ടി വീട്ടിൽ എത്തുന്നവർക്ക് ഭക്ഷണം നൽകുവാൻ സദാ സന്നദ്ധയായി നിൽക്കുന്ന ഭാര്യ മേരി, വർഗ്ഗീസ് ജോർജ്ജിന്റെ ജീവിതത്തിലെ പ്രചോദനശക്തിതന്നെയാണ്. ഓരോ പുരുഷന്റെയും ജീവിതത്തിൽ വിജയത്തിനും പരാജയത്തിനും പിന്നിൽ ഒരു സ്ത്രീ ഉണ്ടായിരിക്കുമെന്ന തത്വം വർഗ്ഗീസിന്റെ ജീവിതവിജയത്തിൽ മേരിയുടെ സാന്നിദ്ധ്യംകൊണ്ട് അന്വർത്ഥമാകുകയാണ്.

"ഇല്ലിമുളം കാടുകളിൽ ലല്ലലലം പാടിവരും തെന്നലേ തെന്നലേ" എന്ന പഴയ ഗാനം വർഗ്ഗീസിന്റെ ഈ ഇളംകാടിന്റെ സംഗീതമൊഴുകുന്ന കൃഷിയിടത്തിൽ അലയടിച്ചുവരുന്നതായി തോന്നും. "ദൈവകൃപയിൽ ഞാൻ ആശ്രയിച്ച് അവൻ വഴികളെ ഞാനറിഞ്ഞു." കൃപയുടെ നീർച്ചാലൊഴുകുന്ന വർഗ്ഗീസിന്റെ ജീവിത വഴിത്താരയിൽ കൂടുതൽ ധന്യമായ അനുഗ്രഹം ഉണ്ടാവാൻ പ്രാർത്ഥിക്കാം. GM

ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതാറുള്ള ലേഖകൻ കുന്നുംകുളം ഭദ്രാസനത്തിലെ കാട്ടുകാമ്പാൽ മാർ ഇഗ്നാത്തിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

പരിശുദ്ധ ഔഗേൻ ബാവയെ ഓർക്കുമ്പോൾ

ലളിതജീവിതം നയിച്ച സഭാപിതാക്കന്മാരുടെ ജീവിതം നമുക്ക് പ്രചോദനം ആകണം. സംഘർഷനിർഭരമായ 1964-75 കാലയളവിൽ സഭയെ നയിച്ച പരി. ഔഗൻ ബാവയുടെ ജീവിതം സംക്ഷിപ്തമായി വർണ്ണിച്ച കെ.വി.മാമ്മൻ അഭിനന്ദനം അർഹിക്കുന്നു.

അലക്സ് രാജൻ
ദോഹ

ഇടയശുശ്രൂഷ പൂർത്തീകരണത്തിന്

"നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ" എന്ന ആഹ്വാനത്തോടെയാണ് വൈദികൻ വിശുദ്ധ കുർബ്ബാന പൂർത്തിയാക്കുന്നത്. എന്നാൽ എത്രപേർ ഇത് ചെയ്യുന്നുണ്ട്? ഇടയശുശ്രൂഷ നിർവ്വഹണത്തിന് വൈദികന് ബലം നൽകുന്നത് ഇടവക അംഗങ്ങളുടെ പ്രാർത്ഥനയാണ്. എന്നാൽ ഇതെപ്പറ്റി മിക്കവർക്കും അറിവില്ല എന്നതാണ് സത്യം. വൈദികർക്ക് ഇന്ന് ഇടവകകളിൽ പ്രവർത്തിക്കാൻ സാധിക്കാതെ പോകുന്നതിന് കാരണം ഇടവക അംഗങ്ങളുടെ അലസമനോഭാവമാണ്. ഇത് മാറിയേ മതിയാവൂ.

കെ.പി. തോമസ്
മാവേലിക്കര

സൗകര്യങ്ങൾ ശാപമാകാതിരിക്കട്ടെ

ആരാധനയിൽ യഥാസമയത്ത് തന്നെ വന്നുചേരുകയെന്ന പഴയതലമുറയ്ക്കുണ്ടായിരുന്ന ശീലം ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. വാഹനങ്ങൾ ഇല്ലാതിരുന്ന കാലത്ത് ബഹുദൂരം നടന്ന് കുടുംബമായി വിശ്വാസികൾ സമയത്ത്തന്നെ എത്തിച്ചേർന്നിരുന്നു. സൗകര്യങ്ങളാണ് നമ്മെ നശിപ്പിക്കുന്നത് എന്നതിന്റെ ഉദാഹരണമാണിത്.

സോണി എം. ചാക്കോ
കോട്ടയം

പുത്തൻകാവ് കൊച്ചുതിരുമേനി കാതോലിക്കേറ്റിന്റെ രത്നദീപം

പ. കാതോലിക്കാ ബാവാ കല്പിച്ചു നൽകിയ "കാതോലിക്കേറ്റിന്റെ രത്നദീപം" എന്ന ശ്രേഷ്ഠ ബഹുമാന നാമാർഹനായ **പുത്തൻകാവു കൊച്ചുതിരുമേനി**യുടെ സമ്പൂർണ്ണ സചിത്രജീവചരിത്രവും പുത്തൻകാവു സ്ഥാനനാമ മഹാസമ്മേളനത്തിന്റെ കളർചിത്രങ്ങളും റിപ്പോർട്ടും മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസോസിയേഷന്റെ (മാർഫ) ചരിത്രവും ഉൾക്കൊള്ളുന്ന **"പുത്തൻകാവ് കൊച്ചുതിരുമേനി: കാതോലിക്കേറ്റിന്റെ രത്നദീപം"** 2013 ജൂണിൽ പ്രസിദ്ധീകരിച്ചു.
(പേജ് 250 വില 200 രൂപ)
ഗ്രന്ഥകർത്താക്കൾ:
കെ.വി. മാമ്മൻ, കോട്ടയ്ക്കൽ,
അഡ്വ. ഡോ. പി.സി. മാത്യു പുലിക്കോട്ടിൽ

The Saintly Shepherd of Malankara Church

പ. ബസേലിയോസ് ഗീവർഗീസ് II (കുറിച്ചി ബാവാ) ഇംഗ്ലീഷിലുള്ള ജീവചരിത്രം **"The Saintly Shepherd of Malankara Church"** വില 150 രൂപ

പണം അടയ്ക്കേണ്ട വിലാസം:

കെ.വി. മാമ്മൻ
പി.ബി. 10, മാങ്ങാനം, കോട്ടയം-18
ഫോൺ : 0481-2578936

ഫാ. സണ്ണി ചാക്കോയ്ക്ക് ഡോക്ടറേറ്റ്

"ക്രിസ്ത്യൻ ഇംപാക്ട് ഓൺ ദി സോഷ്യൽ ലൈഫ് ഓഫ് മോഡേൺ കേരള, വിത്ത് സ്പെഷ്യൽ റഫറൻസ് ടു ദി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്" എന്ന വിഷയത്തിൽ, കാലിക്കറ്റ് സർവ്വകലാശാലാ ചരിത്ര വിഭാഗത്തിൽ സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിനാണ് ഫാ. സണ്ണി ചാക്കോയ്ക്ക് ഡോക്ടറേറ്റ് ലഭിച്ചത്. ഹിസ്റ്ററി വിഭാഗം മുൻ മേധാവി പ്രൊഫ. ഡോ. കെ.ജെ. ജോണിന്റെ കീഴിലാണ് ഗവേഷണം നടത്തിയത്.



ആധുനിക കേരള സമൂഹത്തിന് കേരള ക്രൈസ്തവർ നൽകിയ അതുല്യങ്ങളായ സംഭാവനകളെയും സ്വാധീനങ്ങളെയും അനാവരണം ചെയ്യുന്ന പ്രബന്ധം, ഭാരതത്തിലെ ദേശീയ സമരങ്ങൾക്ക് മലങ്കരസഭ നൽകിയ പ്രചോദനവും കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനത്തിനും, സാംസ്കാരിക-വിദ്യാഭ്യാസ സാമ്പത്തിക പുരോഗതിക്കും നൽകിയ നേതൃത്വവും വസ്തുനിഷ്ഠമായി സപ്രമാണം സമർത്ഥിക്കുന്നുണ്ട്.

പ്രവർത്തനമികവും ചടുലമായ ഭരണനിർവ്വഹണശേഷിയും കൊണ്ട് പുരോഹിതന്മാരിൽ ഗണ്യമായ സ്ഥാനം വഹിക്കുന്ന ഫാ. സണ്ണി ചാക്കോ അക്കിക്കാവ് സെന്റ് മേരീസ് പള്ളി ഇടവകാംഗമാണ്. ചൊവ്വന്നൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയായി ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു.

കുന്നംകുളം ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ "സഭാ ജ്യോതിസ്സ്"ന്റെ മാനേജിങ് എഡിറ്റർ, "ഇടവക പത്രിക" മാസികയുടെ ചീഫ് എഡിറ്റർ, "കാതോലിക്കേറ്റ് ന്യൂസി"ന്റെ ഭദ്രാസന കോ-ഓർഡിനേറ്റർ, ഗുരുവായൂർ ആര്യഭട്ട കോളജ് പോസ്റ്റ് ഗ്രാജ്വേറ്റ് ചരിത്രവിഭാഗം മേധാവി, തൃശൂർ യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് മെംബർ, വൈദിക സംഘം എക്സിക്യൂട്ടീവ് മെംബർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ഒ.സി.വൈ.എം. കേന്ദ്ര ജോയിന്റ് സെക്രട്ടറി, മലങ്കരസഭാ മാസിക അഡ്വൈസറി ബോർഡ് മെംബർ, സഭാ മിഷൻ ബോർഡ് മെംബർ, മദ്യവർജ്ജനസമിതിയംഗം, കേരള സാക്ഷരതാ മിഷൻ കീ-റിസോഴ്സ് പേഴ്സൺ, വൈദിക സംഘം സെക്രട്ടറി, യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ സെക്രട്ടറി, "സഭാദർശൻ" സഭാചരിത്ര ഡോക്യുമെന്ററിയുടെ സംവിധായകൻ, കടവല്ലൂർ പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി ട്രഷറർ, പെയിൻ ആൻഡ് പാലിയേറ്റീവ് കൗൺസലർ, "സഭാതേജസ്സ്" ചെയർമാൻ, കുന്നംകുളം ഭദ്രാസന-മെത്രാപ്പോലീത്തൻ രജതജൂബിലി പ്രോഗ്രാം ചെയർമാൻ, അയ്യംപറമ്പ്, മാങ്ങാട്, പെങ്ങാമുക്ക് പുത്തൻപള്ളി, അയിന്നൂർ, പഴഞ്ഞി, കോട്ടോൽ എന്നീ ഇടവകകളിൽ വികാരി തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

കുന്നംകുളം ഭദ്രാസനം രൂപീകൃതമായതിനെത്തുടർന്ന് മാർ മിലിത്തിയോസ് തിരുമേനി (ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്ക ബാവ) ഭദ്രാസനമെത്രാപ്പോലീത്തയായി സ്ഥാനാരോഹണം നടത്തിയ ശേഷം 1990 മാർച്ചിൽ ആദ്യമായി പൗരോഹിത്യ പട്ടം നല്കിയത് സണ്ണി അച്ചനാണ്.

കുന്നംകുളം പുലിക്കോട്ടിൽ കുടുംബാംഗവും ബഥനി സെന്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപികയുമായ ഷേബ സഹധർമ്മിണിയാണ്. ബി.ടെക് വിദ്യാർത്ഥി ജോസഫ് ചാക്കോ, ബഥനി എട്ടാം ക്ലാസ് വിദ്യാർത്ഥി തോമസ് ചാക്കോ എന്നിവർ മക്കളാണ്. GM

ജോബ് സ്രായിൽ കുന്നംകുളം

എന്തുകൊണ്ട് അത്യാഗ്രഹിയായിരിക്കുന്നു ?

സഭാപരമോ ചരിത്രപരമോ ആയ അടിത്തറയില്ലാതെ, പാശ്ചാത്യവും പൗരസ്ത്യവുമായ സ്ഥാനമാനങ്ങളും വേഷവിധാനങ്ങളും ഒരുപോലെ വാരിയണിഞ്ഞ് ആചാര്യന്മാരുടെ മുൻനിരയിൽ എത്തുന്നതിന് ചിലർ നടത്തുന്ന ശ്രമങ്ങളെപ്പറ്റി ജോർജ്ജിയൻ മിററിൽ (അലക്സ് കുര്യൻ, 2013 ജനുവരി – മാർച്ച്) വായിച്ചു.

ഇന്ന് ഏറ്റവുമധികം മൂല്യച്യുതി ആദ്ധ്യാത്മിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത്തരം വ്യക്തികൾ (മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി) ചെയ്യുന്ന കാര്യങ്ങൾ ദോഷകരമായ ഫലം ഉണ്ടാക്കുന്നു. ഇതെപ്പറ്റി ആഴത്തിൽ പഠിച്ചിട്ടുള്ള ചിന്തകനായിരുന്നു **ജെ. കൃഷ്ണമൂർത്തി.** അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പ്രസക്തഭാഗം ഉദ്ധരിക്കുന്നു:

"ലാഭമുണ്ടാക്കാൻ, നേട്ടമുണ്ടാക്കാൻ, മറ്റൊരാളുടെ മുൻപിലെത്താൻ പോരാടുന്ന ഒരാളെ നിങ്ങൾ കാണുമ്പോൾ, അയാളുടെ ഹൃദയത്തിൽ എന്താണുള്ളതെന്ന് നിങ്ങൾ എപ്പോഴെങ്കിലും സ്വയം ചോദിച്ചിട്ടുണ്ടോ? നിങ്ങൾ അത്യാഗ്രഹിയാകുമ്പോൾ, ആദ്ധ്യാത്മികമായോ ലൗകികമായോ പ്രമുഖനാകാൻ മല്ലടിക്കുമ്പോൾ, നിങ്ങൾ സ്വന്തം ഹൃദയത്തിന്റെ ഉള്ളിലേക്ക് നോക്കുന്നപക്ഷം, ഭയത്തിന്റെ പുഴുവിനെ അവിടെ നിങ്ങൾക്കു കാണാൻ കഴിയും. മനുഷ്യരിൽ വച്ചേറ്റവുമധികം ഭയക്കുന്നവനാണ് അത്യാഗ്രഹി; കാരണം, അയാളെന്താണോ അതായിരിക്കാൻ അയാൾ ഭയപ്പെടുന്നു. അയാൾ പറയുന്നു; "ഞാനെന്താണോ അതായി നിലകൊള്ളുകയാണെങ്കിൽ ഞാനാരുമല്ല. അതിനാൽ ഞാനൊരു പ്രധാന വ്യക്തിയായിത്തീരണം; ഒരു മന്ത്രിയോ ജഡ്ജിയോ... ആയിത്തീരണം.

ഈ പ്രക്രിയയെ നിങ്ങൾ വളരെ സൂക്ഷ്മതയോടെ പരിശോധിക്കുകയാണെങ്കിൽ, വാക്കുകളുടെയും ആശയങ്ങളുടെയും തിരശ്ശീലയ്ക്കു പിന്നിലേക്കു, വിജയത്തിന്റെയും പദവിയുടെയും ഭിത്തിക്കപ്പുറത്തേക്കു നിങ്ങൾ കണ്ണോടിക്കുകയാണെങ്കിൽ അവിടെ ഭയമുണ്ടെന്നു നിങ്ങൾക്കു കാണാം. താനെന്താണോ അതായിരിക്കാൻ അത്യാഗ്രഹി ഭയപ്പെടുന്നു. താൻ തന്നിൽത്തന്നെ എന്താണോ അത് അപ്രധാനവും അസുന്ദരവും അധമവുമാണെന്ന് അയാൾ കരുതുന്നു. ഏകാന്തതയും ശൂന്യതയും അയാൾക്കനുഭവപ്പെടുന്നു. അതുകൊണ്ട് അയാൾ പറയുന്നു, "എന്തെങ്കിലും നേട്ടമുണ്ടാക്കാൻ ഞാൻ ശ്രമിക്കണം"

സി.ജെ. ഫിലിപ്പ്
വടശ്ശേരിക്കര

"സ്നേഹത്തിന്റെ തൂവൽ സ്പർശം"

ആലുവയിൽ ഒരു മീറ്റിങ്ങിൽ സംബന്ധിച്ചപ്പോൾ അവിചാരിതമായിട്ടാണ് 'ജോർജിയൻ മിറർ' കാണാൻ ഇടയായത്. ഭാഗ്യസ്മരണാർഹനായ സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഒന്നാം ചരമവാർഷിക വേളയിൽ ഫാ. കെ.ടി. ഫിലിപ്പ് ആ ജേണലിൽ എഴുതി "ഉന്നതനായ തിരുമേനിയുമായി ഒരു ഗാഢമായ ആത്മബന്ധം കാത്തുസൂക്ഷിക്കുവാൻ എളിയവനായ എനിക്കു കഴിഞ്ഞത് ഒരു സൗഭാഗ്യമായി കരുതുകയാണ്" എന്ന്. ആ ലേഖനം വായിച്ചപ്പോൾ അച്ചൻ അതിൽ സൂചിപ്പിച്ച രാജൻ കോശി (ലളിത ഈപ്പന്റെ സഹോദരൻ) മഠത്തിൽ ഹൗസ്, അങ്കമാലി സൗത്ത്, തിരുമേനിയെയും, ഫിലിപ്പ് അച്ചനെയും കുറിച്ചുള്ള പഴയ സ്മരണകൾ ഒന്നു പുതുക്കുകയാണ്.



എന്റെ അമ്മ സാറാമ്മ കോശി മാവേലിക്കര തൂമ്പുങ്കൽ കുടുംബാംഗമാണ്. ചെറുപ്പത്തിൽ അമ്മ മാവേലിക്കര സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സ്ത്രീ സമാജം സെക്രട്ടറി ആയിരുന്നു. തുമ്പമൺ തെക്കേടത്ത് താഴേതിൽ മഠത്തിൽ എം.വി. കോശിയെ വിവാഹം ചെയ്തു. ഞങ്ങൾ നരിയാപുരത്തു താമസക്കാരായിരുന്നു. ബ. എം.വി. ജോർജ് അച്ചൻ ശെമ്മാശൻ ആകുന്നതിനു മുമ്പു മുതൽക്കേ ദൈവവിളിയുള്ള ഒരു യുവാവായിരുന്നു എന്ന് എന്റെ അമ്മയും അമ്മയുടെ സഹോദരിമാരും പറയുമായിരുന്നു. അച്ചൻ അവരുടെ സ്നേഹിതനായിരുന്നു. എന്റെ ചെറുപ്പത്തിൽ അദ്ദേഹം തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ എല്ലാ വർഷവും സുവിശേഷ പ്രസംഗത്തിന് എത്തിയിരുന്നു. പ്രസംഗത്തിനു ശേഷം ഞങ്ങൾ അദ്ദേഹത്തോടു സംസാരിച്ച ശേഷം മടങ്ങും. ആ സ്നേഹബന്ധം തുടർന്നുകൊണ്ടേയിരുന്നു. തിരുമേനിയുടെ മിഷൻ പ്രവർത്തനങ്ങൾ ഏറെയാണല്ലോ. അതിനോടനുബന്ധിച്ചുള്ള സ്ഥാപനങ്ങൾ അശരണർക്ക് എത്ര ആശ്വാസപ്രദമാണ്. ധനസഹായം ചെയ്യാൻ കഴിവുള്ള എത്രയോ പേർ അതിനു കൈത്താങ്ങ് ആകുന്നു.

ഞാൻ മിലിട്ടറി എൻജിനീയർ സർവ്വീസിൽ ജോലിയായി ചണ്ഡിഗറിൽ ആയിരുന്നു. 1974 ൽ ബ. എം.വി. ജോർജ് അച്ചനും, കെ.ടി. ഫിലിപ്പ് ശെമ്മാശനും കൂടി ചണ്ഡിഗറിൽ എത്തി. കുറച്ചുദിവസം വൈകുന്നേരം സുവിശേഷ പ്രസംഗം നടത്തുന്നതിനുവേണ്ടിയാണ് വന്നത്. അവിടെ ഭൂരിപക്ഷം എയർഫോഴ്സ് ഫാമിലിക്കാരും കൈവിരലിൽ എണ്ണാവുന്ന മറ്റു മലയാളികളും ഉണ്ടായിരുന്നു. അതിഥികൾ എന്റെ ക്വാർട്ടേഴ്സിലാണ് താമസിച്ചിരുന്നത്. മേൽപ്പറഞ്ഞ ഫാമിലിക്കാർ പലരും അതിഥികളെ ഭക്ഷണത്തിനു ക്ഷണിച്ചിരുന്നു. അച്ചൻ രാവിലെ പ്രാർത്ഥനയ്ക്കു ശേഷം നടക്കാൻ ഇറങ്ങും. കുറച്ചു നടന്നിട്ട് തിരികെ വരും. ഒരു ദിവസം തിരികെ വന്നപ്പോൾ മുടി വെട്ടിച്ചും, താടി നീളം കുറച്ചു മുറിച്ചും കണ്ടു. അപ്പോൾ ഞാൻ വിചാരിച്ചത് അച്ചൻ നടപ്പിനിടയിൽ ആ സ്ഥാപനവും കണ്ടുപിടിച്ചല്ലോ എന്നാണ്. ദിവസവും കൃത്യമായി വൈകിട്ട് പ്രസംഗം ആരംഭിക്കും.

എയർഫോഴ്സ് കെ.ജി. സ്കൂളിന്റെ പുൽത്തകിടിയിൽ ആയിരുന്നു പ്രസംഗം നടത്തിയത്. എം.വി. ജോർജ് അച്ചന്റെ പ്രസംഗത്തിനു മുൻപ് 15 മിനിട്ട് സമയം ചെറു പ്രസംഗത്തിനായി ഫിലിപ്പ് ശെമ്മാശനു നൽകിയപ്പോൾ അദ്ദേഹം വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം മൂന്നാം അദ്ധ്യായം 16, 17 വാക്യങ്ങൾ വായിച്ചു. "എന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അന്ന് ഏറ്റവും കൃശഗാത്രനായ ശെമ്മാശൻ വളരെ ധൈര്യത്തിലും, സന്തോഷത്തിലും ആ വാക്യങ്ങളെ വിപുലീകരിച്ച് 20 മിനിട്ടിനുള്ളിൽ തന്നെ പ്രസംഗം ഭംഗിയായി അവസാനിപ്പിച്ചു. അപ്പോൾ ഞാൻ വിചാരിച്ചു ഗുരുവിന്റെ ചാതുര്യം ദൈവവേലയ്ക്കു വേണ്ടിയുള്ള ഗാംഭീര്യ പ്രസംഗത്തിൽ നിന്ന് ശെമ്മാശനു ലഭിച്ചു എന്ന്. ഫിലിപ്പ് ശെമ്മാശന് ആ കാലത്തു ചെറിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്ന് അച്ചൻ പറഞ്ഞിരുന്നു. അതിനാൽ ഞാൻ പ്രാർത്ഥിക്കുമ്പോൾ ശെമ്മാശന് പൂർണ്ണ ആരോഗ്യം കൊടുക്കണമെന്ന് അപേക്ഷിച്ചിരുന്നു. പ്രസംഗത്തിന്റെ സമാപനമായപ്പോൾ എം.വി. ജോർജ് അച്ചന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന നടത്തി.

അന്നത്തെ കാലത്ത് നമുക്ക് അവിടെ പള്ളിയും ചുറ്റുപാടുകളും ഇല്ലാത്ത സമയത്ത് ഇങ്ങനെ ഒരു സുവിശേഷ ഘോഷണത്തിന് ഒരുക്കം ചെയ്ത എയർഫോഴ്സിലെ ആ നല്ല ആളുകളോട് എനിക്കു വളരെ സന്തോഷം തോന്നി. കൂടാതെ ദൈവത്തിന്റെ ശക്തിയും, വേദദൂതും വിളിച്ചോതുന്നതിന് ബ. എം.വി. ജോർജ് അച്ചനെയും ഫിലിപ്പ് ശെമ്മാശനെയും ദൈവം അനുഗ്രഹിച്ച് അയച്ചതാണ് എന്നും ഓർക്കുന്നു. പ്രിയങ്കരനായ ഒസ്താത്തിയോസ് തിരുമേനി – അശരണരുടെ അജപാലകൻ ഓട്ടം തികച്ച് വിശ്വാസം കാത്ത് – നീതിയുടെ കിരീടം പ്രാപിക്കാൻ പറന്നുപോയ പുണ്യാത്മാക്കളുടെ നിരയിൽ പ്രശോഭിക്കുന്നു.

ഇത്രയും മനോഹരമായി ജോർജിയൻ മിറർ ജേണൽ പ്രസിദ്ധപ്പെടുത്തുന്നതിൽ പ്രവർത്തകരെ അഭിനന്ദിക്കുന്നു. കൂടാതെ ഒരു ചെറിയ അഭ്യർത്ഥനകൂടി, ജോർജിയൻ മിറർ എന്നതിനു താഴെയായി 'Established 2007' എന്ന വർഷം കൂടി ചേർക്കുന്നതിനെക്കുറിച്ച് ചിന്തിക്കണമേ എന്നതാണ്.

രാജൻ കോശി
അസി. ഗാരിസൺ എൻജിനീയർ (റിട്ട.) മിലിട്ടറി എൻജിനീയർ സർവ്വീസസ്

സ്ത്രീ ശാക്തീകരണത്തിന്റെ സമവാക്യം

സഭയിലും സമൂഹത്തിലും ഇത് സ്ത്രീശാക്തീകരണത്തിന്റെ യുഗമാണല്ലോ. സ്ത്രീപുരുഷ സമത്വത്തിന്റെ സമവാക്യം ഇപ്പോൾ ക്രിമിനൽ കേസുകളിലും കാണാൻ കഴിയുന്നുണ്ട്. തട്ടിപ്പ്, മോഷണം, കുലപാതകം തുടങ്ങിയ പല കേസുകളിലും പുരുഷന്മാർക്കൊപ്പം സ്ത്രീകളും ഇപ്പോൾ പോലീസ് പിടിയിലാകുന്ന വാർത്ത ഇതിന്റെ സാക്ഷാത്ക്കരണമാണ്. പുരുഷമേധാവിത്വത്തിന്റെ ഈ മേഖലകൾ എല്ലാം ഇന്ന് സ്ത്രീകളും കൈയടക്കുന്നത് മതനേതാക്കളുടെയും സാമൂഹ്യപരിഷ്കർത്താക്കളുടെയും ശ്രദ്ധയാകർഷിക്കേണ്ട വിഷയമാണ്.

ജോബ്സൺ കുരുവിള
ചെന്നൈ